৭।১৫

# സാഹിത്യദീപിക

## മൂന്നാംഭാഗം.

SRI KRISHNAVILASAM READING ... MALAYINKEEL

വിദ്വാൻ വറുഗീസ് തലക്കെട്ടി.

1936.

# പ്രസ്താവന.

ഉത്തമഗദ്യരചനയ്ക്കു സഹായകമാകത്തക്കവണ്ണം മാതൃകാപാഠങ്ങളും, അവയെ തുടൎന്ന് ആവശ്യമായ നിൎദ്ദേശങ്ങളും നല്കുക എന്നുള്ളതാണു "സാഹിത്യദീപിക" കൊണ്ടുദ്ദേശിക്കുന്നത്. ഭാഷാനിയമങ്ങളുടെ അനുവൎത്തനത്തെ സംബന്ധിച്ചേടത്തോളം ഐകരൂപ്യം ആവശ്യമാണെങ്കിലും, രീതി ബഹുധാഭിന്നമായിരിക്കുകയാണല്ലോ വേണ്ടതു്. വിഷയസ്വഭാവം, എഴുത്തുകാരന്റെ വാസന, പരിചയസാമൎത്ഥ്യം മുതലായവ രീതിഭേദങ്ങൾക്കു കാരണമാകാം. എന്നാലും ഒരാളുടെ കൃതികളിൽത്തന്നെ രീതിവ്യത്യാസങ്ങൾ വളരെയൊന്നും കാണാൻ കഴിഞ്ഞെന്നു വരികയില്ല. വിദ്യാൎത്ഥികൾക്ക് അനുകരണയോഗ്യങ്ങളായ രീതിമാതൃകകൾ നല്കേണ്ടതു് അത്യാവശ്യവുമാണ്. അതുകൊണ്ടാണു പലേ സാഹിത്യകാരന്മാരുടേയും കൃതികൾ കൂട്ടിച്ചേൎത്തിരിക്കുന്നതെന്നുള്ളതു സ്മരണീയമാകുന്നു.

ആഖ്യാനം, വിവരണം, വൎണ്ണനം, ഉപപാദനം എന്നിവയ്ക്കു് ഉദാഹരണങ്ങളും ഇതിൽ കാണാം. ഓരോ പാഠവും ഏതു വിഭാഗത്തിൽ പെട്ടതെന്നു വിദ്യാൎത്ഥികളെക്കൊണ്ടു പറയിക്കാൻ ശ്രമിക്കണം. അതിനു വേണ്ടുന്ന വിവരണങ്ങളും മററും സന്ദൎഭോചിതം നല്കേണ്ടതു് അദ്ധ്യാപകരാണല്ലോ. ഓരോ പാഠത്തിന്റെയും ഒടുവിൽ അഭ്യാസങ്ങളും ലഘുവിവരണങ്ങളും കൊടുത്തിട്ടുള്ളതായി കാണാം. പാഠവിഷയം ഗ്രഹിക്കുവാൻ

എളുപ്പംകൂട്ടുക, വിദ്യാൎത്ഥികളുടെ നിരീക്ഷണശക്തി, അനുകരണശക്തി എന്നിവയെ വികസിപ്പിക്കുക, കാവ്യരസാസ്വാദനത്തിനുള്ള അഭിരുചിയെ അങ്കുരിപ്പിക്കുക മുതലായവയാണു പാഠശേഷമുള്ള ആ കുറിപ്പുകളുടെ ഉദ്ദേശം.

അഭ്യാസം മിക്കവാറും അതാതുപാഠത്തിൻെറ സഹായത്തോടുകൂടി സാധിക്കത്തക്കവിധം നിബന്ധിച്ചിരിക്കുന്നതു്, പാഠവിഷയങ്ങൾ, പദങ്ങൾ, പ്രയോഗവിശേഷങ്ങൾ മുതലായവയിൽ പരിചയദാൎഢ്യം വരുത്തുവാൻവേണ്ടിയാകുന്നു. പദ്യപാഠങ്ങൾ ഗദ്യോപകാരികളുംകൂടിയാകണമല്ലോ. അഭ്യാസം അതിനു സഹായകമായവിധത്തിൽ ചെക്കുവാനും യത്നിച്ചിട്ടുണ്ടു്. വിദ്യാൎത്ഥികളുടെ സാമാന്യജ്ഞാനത്തെ വൎദ്ധിപ്പിക്കത്തക്കവണ്ണം ഏതേതുകാൎയ്യങ്ങൾക്കുടെ വിവരണവിഷയങ്ങളാക്കണമെന്നതിനു് ആവശ്യമായ സൂചനകളേയും പാഠാനന്തരമുള്ള കുറിപ്പുകൾ നൽകുമെന്നാണു പ്രതീക്ഷ.

വിദ്യാൎത്ഥികളുടെ നന്മയെ ഉദ്ദേശിച്ചു്, ഈ പുസ്തകത്തിൽ സ്വകൃതികളെ ചേൎത്തു പ്രസിദ്ധീകരിക്കാൻ അനുമതിനൽകിയ സാഹിത്യപ്രണയികൾക്കു സവിനയം നന്ദിപറഞ്ഞുകൊള്ളുന്നു.

വറുഗീസ് തലക്കെട്ടി.

# വിഷയവിവരം


1. നാരദൻ

   പി. കെ. നാരായണപിള്ള ബി. എ. ബി. എൽ.

2. കൈലാസം

   പൂന്തം നമ്പൂരി

3. ജീവിതസ്നേഹം

   എ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ എം. എ.

4. മദ്ധ്യാഹ്നം

   വള്ളത്തോൾ

5. വർണ്ണനവും ഭാഷാരീതിയും

   കെ. രാമകൃഷ്ണപിള്ള ബി. എ.

6. വിചാരധാര

   ഉള്ളൂർ

7. അമൃതമഥനം

   കുന്നത്തു ജനാർദ്ദനമേനോൻ

8. തത്വോപദേശം

   എഴുത്തച്ഛൻ

9. ഗ്രഹണം

   കെ. അനന്തൻ

10. പൂർവ്വസ്മരണ

    കൃഷ്ണഗാഥ

11. ഭയങ്കരശപഥം

    പള്ളത്തു രാമൻ

12. ഒരു വിലാപം

    വി. സി. ബാലകൃഷ്ണപ്പണിക്കർ

13. നാളത്തെ പരിഷ്കാരം

    ജോസഫ് മുണ്ടശ്ശേരി എം. എ.

14. ഒരു സാന്ത്വനം

കണ്ടൂർ നാരായണമേനോൻ ബി. ഏ.

15. സെൻറു ഫ്രാൻസിസ് സേവ്യർ

വി. ററി.

16. പാന്ഥവാർത്ത

കുഞ്ചൻനമ്പ്യാർ

17. തേനീച്ച

കെ. ജെ. ജോസഫ് എം. ഏ.

18. സൂര്യോദയം

കുമാരനാശാൻ

19. വിദ്യുദ്വാർത്താവിതരണം

കേരളം

20. കിരാതാർജ്ജുനന്മാർ

കുഞ്ചൻനമ്പ്യാർ

21. എഴുത്തച്ഛൻ

വിദ്വാൻ വറുഗീസ് തലക്കെട്ടി

22. സന്ധ്യാവിലാസം

കല്ലേക്കുളങ്ങര രാഘവപ്പിഷാരോടി

23. സംസ്കാരം

ററി. രാമലിംഗംപിള്ള എം. ഏ.

24. ശ്രീരാമകോപം (സേതുബന്ധം കിളിപ്പാട്ട്)

2438
2.158

# സാഹിത്യദീപിക

## മൂന്നാംഭാഗം.

### ൧. നാരദൻ.

കലഹലതയെ കൃഷിചെയ്തു സഫലമാക്കുന്നതിന് അഗ്രഗണ്യമായ കൈപ്പുണ്യം ആർക്കെന്നുള്ള ചോദ്യത്തിനു ക്ലേശലേശംകൂടാതെ പണ്ഡിതന്മാരും പാമരന്മാരും ഒരുപോലെ നാരദന്റെ നാമധേയത്തെ ഉൽഘോഷിക്കുമെന്നുള്ളതിനു തർക്കമില്ല. ഏഷണിക്കാരെന്ന പരിഷയുടെ കൂടസ്ഥനും, കുലഗുരുവുമായ പ്രസ്തുത മഹർഷിയുടെ നാമധേയം സംജ്ഞാനാമമെന്ന നിലയെവിട്ട് മിക്കവാറും സാമാന്യനാമമായി പരിണമിച്ചിട്ടുണ്ടെന്നു പറയാം. ഏഷണിക്കാരെ എല്ലാം നാരദൻ എന്നു പറയാമോ എന്നു വല്ലവർക്കും ന്യായരഹിതമായ വല്ല ശങ്കയും അങ്കുരിക്കുന്നുണ്ടെങ്കിൽ തക്കതായ പ്രമാണംകൊണ്ടു സന്ദേഹത്തിന്റെ ശിരശ്ഛേദം ചെയ്യാവുന്നതുമാകുന്നു.

"ഏഷണിക്കാരനെന്നെപ്പറയുന്നു
ശേഷമുള്ളാളുകൾ എന്നുവരികിലും
ഏഷണികൂട്ടുവാനല്ലിങ്ങുവന്നത-
ദ്ദോഷം പറഞ്ഞുകളവാൻ വരുന്നുഞാൻ

* * * * *

ഇന്നതെന്നില്ലാ കലഹങ്ങൾ കാണുവാൻ
പിന്നെയും പിന്നെയുമുണ്ടെനിക്കാഗ്രഹം
എന്നതുകാരണം നാരദൻ നാരദ-
നെന്നപേരേഷണിക്കാക്കമകപ്പെട്ടും ”

എന്നു സുന്ദോപസുന്ദാഖ്യാനം തുള്ളക്കഥയിൽ നാരദൻ തന്നെ മുക്തകണ്ഠമായി സമ്മതിച്ചിരിക്കുന്ന സ്ഥിതിക്കു സംശയാലുക്കളായ മൂഢന്മാർ മൂകീഭവിക്കുമെന്നു വിശ്വസിക്കുന്നു.

നാരദന്റെ സ്വരൂപനിരൂപണത്തിൽ പൌരാണികന്മാരും, കവികളും അദ്ദേഹത്തിൽ സഞ്ചയിച്ചിട്ടുള്ള ഗുണഗണങ്ങൾ വിസ്മരിച്ചുകൂടുന്നതല്ല. അദ്ദേഹത്തിന്റെ വംശം നോക്കുകയാണെങ്കിൽ, അതു സകല മഹർഷിവർഗ്ഗത്തിലുംവെച്ച് ശ്രേഷ്ഠമായ ദേവർഷിവർഗ്ഗമാണ്. 'നാരദാദ്യാസ്സുരർഷയഃ' എന്നു പറയുന്ന അമരസിംഹൻ, ഒരുപക്ഷേ, ആ കുലത്തിൽ നാരദനെത്തന്നെ അഗ്രഗണ്യനായി ഗണിക്കുന്നതായും തോന്നുന്നു. നാരദന്റെ പിതാവാകട്ടെ, ലോകപിതാമഹനായ ബ്രഹ്മാവാകുന്നു. നാരദന്റെ ഭഗവൽഭക്തിയും, ജ്ഞാനവൈരാഗ്യങ്ങളും അനതിശയിതമാണ്. സംഗീതസംഗതിയിൽ അദ്ദേഹത്തിന്റെ അഗ്രിമസ്ഥാനവും, വീണാവിഷയമായ പ്രവീണതയും വിസ്മയകരമത്രേ. ഇതിനൊക്കെയും പുറമേ, ദയോദയംകൊണ്ടു സദാ വികസ്വരമായ അദ്ദേഹത്തിന്റെ ഹൃദയോൽപലം ലോകാനുഗ്രഹലോലുപമായിരിക്കുന്ന സംഗതിയും പ്രസ്താവയോഗ്യമാകുന്നു. ഇങ്ങനെയുള്ള ഗുണങ്ങളുടെ കൂട്ടത്തിൽ കലഹ

രസവും, അതിനടുത്ത ചില ചപലതകളും മാത്രമേ ദോഷമായി ആരോപിപ്പാനുള്ളു. എങ്കിലും ദോഷം ഗുണമണ്ഡലത്തെ ഗ്രസിച്ചു പ്രബലീഭവിച്ചു്, നാരദശബ്ദം കൊണ്ടു ഗുണത്തേക്കാൾ ദോഷം പ്രതീയമാനമായി വന്നതാക്കുമ്പോൾ

"ഏകോഹിദോഷോ ഗുണസന്നിപാതേ
നിമജ്ജതീന്ദോഃ കിരണേഷ്വിവാംകഃ"

എന്നു പറഞ്ഞ കവിസാൎവ്വഭൗമനെക്കൂടി നാരദൻ ചെണ്ട കൊട്ടിച്ചു എന്നു പറയേണ്ടിയിരിക്കുന്നു. സൂക്ഷ്മമായി നോക്കിയാൽ നാരദൻെറ സ്വഭാവവിശേഷം അന്യാദൃശംതന്നെയാണു്. അദ്ദേഹം മഹാമഹൎഷിയാണെങ്കിലും, മഹൎഷിമാൎക്കു സഹജമായ ചില വിശേഷഭാവങ്ങൾ അദ്ദേഹത്തിൽ ഉദ്ദീപിച്ചുകാണുന്നില്ല. സാധാരണ മഹൎഷിശബ്ദത്താൽ ദ്യോതിക്കുന്ന ബോധം ആ കൂട്ടർ, തപോമയമായ വിദ്യുച്ഛക്തി സാന്ദ്രമായി ശേഖരിച്ചിരിക്കുന്ന ബാററി യന്ത്രങ്ങൾ എന്നോ, സംസാരസമുദ്രത്തിൽ ജീവധാരണരണത്തിൽ കിടന്നുഴലുന്ന ജീവജാലങ്ങളായ യാനപാത്രങ്ങൾ അറിയാതെ ചെന്നു കൂട്ടിമുട്ടിയാൽ അവററയെ പൊടിക്കുന്നതിനു നിമീലിതനേത്രങ്ങളായി വനങ്ങളിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നതും മൈൻ എന്നു് ഇംഗ്ലീഷിലും, നശീകരണയന്ത്രം എന്നു് ഈയ്യിടെ മലയാളത്തിലും പറയപ്പെടുന്നതുമായ യന്ത്രവിശേഷങ്ങൾ എന്നോ ആകുന്നു. ഏതെങ്കിലും സത്വത്തിന്മേൽ സ്വതപശ്ശക്തിയായ തപശ്ശക്തിയെ സംക്രമിപ്പിച്ചു നശിപ്പിച്ചാൽ വീണ്ടും ചിരകാലശ്രമംകൊണ്ടു

തപസ്സുചെയ്ത മഹർഷിയന്ത്രങ്ങൾ ആപൂരണം ചെയ്യപ്പെടുന്നു. പരപീഡയ്ക്കായി പ്രയോഗിക്കപ്പെടുന്ന യന്ത്രങ്ങളുടെ രന്ധ്രങ്ങൾപോലും തകർന്നുപോകുന്നതുപോലെ, അവിവേകമായി ശാപരൂപത്തിൽ തീക്കട്ടകൾ തട്ടിവിടുന്ന മഹർഷിമാർക്കും സ്വയംകൃതാനർത്ഥങ്ങൾ നേരിടാറുണ്ടു്. ഉദാഹരണത്തിന്നു്, ശാപപ്രയോഗംകൊണ്ടു താടകാദികളെ രാക്ഷസരാക്കിത്തീർത്ത അഗസ്ത്യാദികൾ അവർ തങ്ങളുടെ നേർക്കു തിരിഞ്ഞു പാഞ്ഞു ഭക്ഷിക്കാതിരിപ്പാൻ പെട്ട പാടും അംബരീഷനോടു കയർത്ത ദുർവ്വാസാവിന്നു നേരിട്ട പരുങ്ങലും എത്ര ദയനീയമായിരിക്കുന്നുവെന്നു നോക്കുക! ഇപ്രകാരമുള്ള മഹർഷിമാരിൽനിന്നു് എത്ര ഭിന്നനാണു് നാരദൻ! അദ്ദേഹം മററുള്ളവരെ ശപിക്കതന്നെ അധികം ഉണ്ടായിട്ടില്ല. നളകൂബരനേയും, മണിഗ്രീവനേയും അദ്ദേഹം ഒരിക്കൽ ശപിച്ചതായി കാണുന്നുണ്ടു്. എന്നാൽ പരോപദ്രവം ഉണ്ടാകാതെ കേവലം അവർ വൃക്ഷങ്ങളായി നിന്നു് അന്യന്മാർ കോടാലികൊണ്ടും മററും വരുത്തുന്ന സങ്കടം അവർക്കു തട്ടട്ടെ എന്നായിരുന്നു ശാപപ്രകാരം. വിശ്വാമിത്ര വസിഷ്ഠന്മാരെപ്പോലെ പരസ്പരകലഹത്തിനോ മററോ അദ്ദേഹം ഒരുങ്ങുന്ന കൂട്ടത്തിലല്ല. ഒരുത്തനെ കുടുക്കിലാക്കണമെന്നു തോന്നിയാൽ മറെറാരുത്തനെ ആയുധമാക്കി ബുദ്ധിശക്തിപ്രയോഗംകൊണ്ടാണു് നാരദൻെറ കാര്യസിദ്ധി. മാതാപിതാക്കളെ വിട്ടു് അശരണനായിക്കരഞ്ഞുകൊണ്ടു പുറപ്പെട്ട ധ്രുവനും, ദേവേന്ദ്രൻ നഗരോപരോധത്തിൽ പിടിച്ചുകൊണ്ടു തിരിച്ച കയാധുവിനെ,

അതായ്ത് പ്രഹ്ളാദമാതാവിനെ പടിവിട്ടത്തി അവൾ ക്കം ജ്ഞാനോപദേശം ചെയ്തതു മററാരുമല്ല. വാത്മീകിക്ക രാമായണോപദേശവും, വ്യാസനു ഭാഗവതോപദേശവും ചെയ്തതു് അദ്ദേഹമാകുന്നു. എന്നുതന്നെയുമല്ല, തരുണീരൂപിണിയായ ഭക്തിയേയും, പുത്രരായ ജ്ഞാനവൈരാഗ്യങ്ങളേയുംകൂടി വിഷാദത്തിൽനിന്നു് ആശ്വസിപ്പിപ്പാൻ നാരദൻ ശ്രമിച്ചതായി പത്മപുരാണത്തിൽ കാണുന്നു.

ഇത്ര വിശിഷ്ടനായ മഹർഷിപുംഗവനു കലഹം ഉണ്ടാക്കുന്നതിലും ഉണ്ടാകുന്നതിലും ഒരു രസം സംഭവിച്ചതിനു് എന്തു വ്യാഖ്യാനമാണുള്ളതു്? ബാലരാമായണം നാടകത്തിൽ രാജശേഖരകവി നാരദൻെറ കലഹലഹരിരസത്തെ വർണ്ണിക്കുന്ന കൂട്ടത്തിൽ, ബ്രഹ്മാവും വിഷ്ണുവും തമ്മിലുണ്ടായ കലിമുഖത്തിൽനിന്നു നാരദൻ ജനിച്ചതുനിമിത്തം അദ്ദേഹം യുദ്ധങ്ങളിൽ ബദ്ധരസനായിത്തീൎന്നതാണെന്നു പറയുന്നു. ജനനകാലത്തെ ഗ്രഹനക്ഷത്രാദിസ്ഥിതികളുടെ ഫലങ്ങൾപോലും ജാതനിൽ പ്രതിഫലിക്കുമെന്നു വിശ്വാസമുള്ളവൎക്കു പ്രസ്തുത വ്യാഖ്യാനം അസ്വീകാൎയ്യമായിരിക്കയില്ല.

സാധാരണ രീതിയിൽനിന്നു വിലക്ഷണങ്ങളും, ന്യൂനാതിരിക്തങ്ങളുമായ മനഃശരീരാവസ്ഥകൾ നിമിത്തം അവശമായി ജനങ്ങൾ അപഥത്തിൽ പ്രവൎത്തിക്കുന്നതാണെന്നും, അല്ലാതെ സ്വതന്ത്രബുദ്ധിയോടുകൂടിയല്ലെന്നും ലോം, ബ്രോസോ മുതലായ മഹാന്മാർ വാദിക്കുന്നു. അതു ശരിയാണെങ്കിൽ, നാരദൻെറ പൈശുന്യ

ത്തിനു കാരണമായി അദ്ദേഹത്തിന്റെ മനഃശരീരസ്ഥിതികളിൽ വല്ല വിശേഷവും ഉണ്ടോ എന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. നാരദന്റെ സ്വരൂപത്തെപ്പറ്റിയുള്ള പൂൎണ്ണവിവരണങ്ങൾ സിദ്ധിക്കുന്നതിനു മാൎഗ്ഗമില്ല. മാഘകാവ്യാരംഭത്തിലെ വൎണ്ണനകൊണ്ടു് അദ്ദേഹം നന്നേ വെളുത്ത ആളായിരുന്നു എന്നും, സ്വൎണ്ണവൎണ്ണമായ ജടകളും, അഞ്ജനവൎണ്ണമായ മാൻതോലും, പ്രകാശമുള്ള സ്ഫടികാക്ഷമാലയും, അദ്ദേഹം ധരിച്ചിരുന്നു എന്നും തന്റെ വക മഹതി എന്ന വീണ വായിക്കുന്നതിൽ അസാമാന്യമായ താല്പൎയ്യം അദ്ദേഹത്തിനുണ്ടായിരുന്നുവെന്നും മററും കാണുന്നു. പക്ഷേ മാഘകവി നാരദനെ കണ്ടിട്ടുള്ളതായി തെളിവില്ലാതെയും, കവിതാവിത്തായ മനോധൎമ്മം കൂടി മുൻപറഞ്ഞ വൎണ്ണനയിൽ കലൎന്നിരിക്കാൻ ഇടയുള്ളതായും ഇരിക്കകൊണ്ടു് ആ വിവരണം മുഴുവനും അംഗീകരിക്കാൻ നിൎവ്വാഹമില്ല. എന്നുതന്നെയുമല്ല, നാരദനെ കണ്ടിട്ടുള്ളതായി പറയുന്ന വേദവ്യാസൻ അദ്ദേഹത്തെ വൎണ്ണിച്ചിരിക്കുന്നതു് മാഘരീതിയിൽനിന്നു് അസാരം ഭിന്നമായിട്ടാണെന്നും പ്രസ്താവിക്കേണ്ടിയിരിക്കുന്നു മഹാഭാരതം ആദിപൎവ്വം സുന്ദോപസുന്ദോപാഖ്യാനാരംഭത്തിൽ നാരദനെ വൎണ്ണിച്ചിരിക്കുന്നതിൽ, മാഘൻ പറയുന്ന "അച്ഛസ്ഫടികാക്ഷമാല" ഉണ്ടായിരുന്നതായി കാണുന്നില്ലെന്നുതന്നെയല്ല, മാഘൻ പറയുന്ന ജടയ്ക്കു പകരം നാരദനു മിനുസമുള്ള കുടുമ്മയും, ഉടുക്കുന്നതിനു അഞ്ജനദ്യുതിയായ മാൻതോലിനു പകരം വെളുത്തതും, നേരിയതുമായ മനോഹര വസ്ത്രങ്ങളും, കാതിൽ ഇടുന്ന

തിനു ദീപ്രമായ കടുക്കനും, പിടിക്കുന്നതിനു വെള്ളിക്കുടയും ഉള്ളതായും അറിയുന്നു. ഇതിനുംപുറമെ, അദ്ദേഹത്തിൻെറ ദേഹം നിവന്നതും കിളുന്നതും (ഉയന്നതും) ആണെന്നും വിചാരിക്കേണ്ടിയിരിക്കുന്നു. മല്ലിനാഥൻെറ വ്യാഖ്യാനത്തിൽ കാണുന്നതുപോലെ "സ്ഫാടികോമോക്ഷദഃപരഃ" എന്ന ന്യായേന മോക്ഷാത്ഥിതപത്തെക്കാണിപ്പാൻവേണ്ടി മനോധമ്മമനുസരിച്ചു മാഘൻ മേല്പടി സ്ഫടികാക്ഷമാലകൂടി ചേത്തതായിരിക്കുമോ? ലോകത്തിൽ പ്രസിദ്ധി സിദ്ധിച്ചിട്ടുള്ളവർ പ്രായേണ പ്രാംശുക്കളോ, ഹ്രസ്വന്മാരോ ആണെന്നുള്ള കാര്യ്യവും സ്മരണീയമാകുന്നു. ശരീരരൂപാനുരൂപമായി മനസ്സു പ്രവൎത്തിക്കുന്ന പക്ഷം "ഋജ്വാരോഹവാൻ" എന്നിങ്ങനെ വൎണ്ണിതനായ മഹൎഷിപുംഗവനു ഹൃദയത്തിൽ വക്രതയില്ലാതേയും, അദ്ദേഹത്തിൽ പൈശുന്യം ശൂന്യമായും ഇരിക്കേണ്ടതായിരുന്നു. ഒരുപക്ഷേ, ശരീരവും മനസ്സും വിപരീതരീതിയിൽ കാണപ്പെടുകയില്ലെന്നു പറയാവുന്നതുമല്ല.

നാരദനു രാജ്യതന്ത്രത്തിലും, നിയമത്തിലുമുള്ള അസാമാന്യ നൈപുണ്യത്തെപ്പററിയും പറയേണ്ടതുണ്ടു്. സഭാപൎവ്വാരംഭത്തിൽ യുധിഷ്ഠിരനോടു കുശലപ്രശ്നപൂൎവ്വമായി നാരദൻ ചെയ്യുന്ന സംഭാഷണം "കച്ചിദദ്ധ്യായം" എന്നു സംജ്ഞിതമായ ഒരദ്ധ്യായത്തിൽ വിവരിച്ചിരിക്കുന്നതിൽനിന്നു് രാജ്യതന്ത്രവിഷയമായി അദ്ദേഹത്തിൻെറ ആശയങ്ങളുടെ അനതിവ്യക്തമായ ഒരു പ്രതിദ്ധ്വനി നമുക്കു ലഭിക്കുന്നുണ്ടു്. ആ ഭാഗത്തെ 'കച്ചി

ദ്ധ്യായോക്തി ചൊല്ലുവാനർത്ഥവും—നിശ്ചയിച്ചീടുവാ ൻ വേലയുണ്ടേത്രയും' എന്നുമാത്രം പറഞ്ഞു കിളിപ്പാട്ടിൽ എഴുത്തച്ഛൻ ശ്ലോകത്തിൽ കഴിച്ചുകൂട്ടിക്കളഞ്ഞു. പ്രസ്തുതാദ്ധ്യായത്തിൽ രാജാവു വിദ്വാന്മാരായ മന്ത്രിമാരേയും, വിശ്വസ്തരായ ദൂതരേയും, നിയമിക്കേണ്ടതും, അവർ ശരിയായി കാര്യങ്ങൾ നടത്തുന്നുണ്ടോ എന്നു മേലന്വേഷണം വഹിക്കേണ്ടതും, കൃഷിക്കാർക്കും മററും സങ്കടങ്ങൾ നേരിടാതെ നോക്കേണ്ടതും, തടാകാദികൾ ശരിയാക്കി കൃഷിമരാമത്തുകൾ നിർവ്വഹിക്കേണ്ടതും, രാജാലോചനകൾ ചോർന്നു പോകാതെ സഫലമാക്കേണ്ടതും, പൂർവ്വാചാരപരിപാലനം ചെയ്യേണ്ടതും മററും ഉപദേശിക്കപ്പെട്ടിരിക്കുന്നു. കോൺസ്റ്റിറ്റ്യൂഷനെ (constitution) അനാദരിച്ച രാജാക്കന്മാർ തോന്നിയവാസം കാണിക്കുന്നതിൽ നാരദൻ വിപ്രതിപത്തിയുള്ള കൂട്ടത്തിലാണ്. പുരാതന ഹിന്ദുരാജ്യത്തിൻെറ സംസ്ഥാനരീതി, ശുക്രനീതി മുതലായ ഗ്രന്ഥങ്ങളിൽനിന്ന് ഏറക്കുറെ ഗ്രഹിക്കാവുന്നതാകുന്നു. രാജ്യരക്ഷാവിഷയത്തിൽ രാജാവിനെ സഹായിക്കാനും, നിയന്ത്രണം ചെയ്വാനും സാധാരണയായി ഒരമാത്യസഭയുണ്ടായിരിക്കും. ഇതിൽ അഗ്രാസനം രാജാവിനോ, അദ്ദേഹത്തിൻെറ പ്രതിനിധിക്കോ ആയിരിക്കും. ഈ സഭയിൽ സചിവൻ (Minister of War) മന്ത്രി (Minister of Foreign Affairs) ധർമ്മാധികാരികളായ പ്രാഡ്വിപാകൻ(Chief Justice) നിയമപണ്ഡിതൻ ഇവരും ചിലപ്പോൾ പുരോഹിതനും (Ecclesiastical Head) അംഗങ്ങളാകു

ന്നു. ഇതിൽ നീതി തെററാതെ ഉപദേശിക്കേണ്ട കൃത്യ വും, കേസുകൾ തീരുമാനിക്കേണ്ട വിധവും പ്രാഡ്വിപാ കനെ സംബന്ധിച്ചതാകുന്നു. പ്രാഡ്വിപാകൻ രാജാ വിൻെറ മന്ത്രിമാരിൽ ഒരാളാകയാൽ അയാളുടെ അഭി പ്രായത്തെ നിരാകരിക്കുന്നതിന്നു രാജാവിന്നു് അധികാ രമുണ്ടെന്നു് ആക്കും തോന്നിപ്പോകും. പക്ഷേ,

"ധമ്മശാസ്ത്രം പുനസ്സ്മൃത്യ പ്രാഡ്വിപാകമതേസ്ഥിതഃ
സമാഹിതമതിഃ പശ്യേൽ വ്യവഹാരാനനുക്രമാൽ."

എന്നു നാരദൻ പറയുന്നതിൽനിന്നു രാജാവു് ചീഫ് ജ സ്റ്റീസിൻെറ അഭിപ്രായമനുസരിച്ചു മാത്രമേ വിധിക്കാ വൂ എന്നു് അദ്ദേഹം നിഷ്കർഷിക്കുന്നു. രാജാക്കന്മാരുടെ സ്വാതന്ത്ര്യ്യ്രനാട്യങ്ങൾക്കു് ഇതു് എത്ര ബലവത്തായ അങ്കുശമായിരിക്കുന്നു എന്നു നോക്കുക.

ധമ്മശാസ്ത്രം അഥവാ നിയമം സംബന്ധിച്ചു നാ രദനുള്ള ഉൽക്കഷം നാരദസ്മൃതിയുടെ പ്രാധാന്യംകൊ ണ്ടുതന്നെ കാണാവുന്നതാകുന്നു. ഇതിൽ വ്യവഹാരരീ തികളും, തെളിവും, തെളിവുഭാരവും, പീനൽകോഡും, ക്രിമിനൽനടപടിയും എല്ലാം അന്തർഭവിച്ചിരിക്കുന്നു. യാ ജ്ഞവല്ക്യസ്മൃതിയുടെ വ്യാഖ്യാനമായ മിതാക്ഷരയിൽ അസ്വാമിവിക്രയം, ദത്താപ്രദാനം, ക്രീതാനുശയം മുത ലായ വ്യവഹാരങ്ങളുടെ വിവരണങ്ങൾ എല്ലാം നാരദ സ്മൃതിയിൽനിന്നു് ഉദ്ധരിച്ചിരിക്കുന്നു.

ഇത്രമാത്രം യോഗ്യതയും, പൂജ്യതയുമുള്ള മഹർഷി എത്രയോ കലഹങ്ങൾ ഉണ്ടാക്കി രസിച്ചിട്ടും, അദ്ദേഹ ത്തിൻെറ പേരിൽ യാതൊരു കേസും ഉണ്ടായിട്ടില്ലെന്നു

തന്നെയല്ല, അദ്ദേഹത്തെ ഒരു സാക്ഷിയായിട്ടുപോലും വിസ്തരിച്ചിട്ടുള്ളതായി അറിയുന്നില്ലെന്നോക്കുമ്പോൾ സ്വല്പം വിസ്മയം ആർക്കുമുണ്ടാകാവുന്നതാണ്. എന്നാൽ അതിനും ചില സമാധാനങ്ങൾ ഉണ്ട്. ഒന്നാമതായി നാരദനെ സാക്ഷിയാക്കി വിസ്തരിക്കുവാൻ സാധിക്കയില്ല. നാരദസ്മൃതിപ്രകാരം

"ശ്രേണിഷു ശ്രേണി പുരുഷഃ
സ്വേഷു വർഗ്ഗേഷു വർഗ്ഗിണഃ
ബഹിർവ്വാസിഷു ബാഹ്യാസ്യുഃ
സ്ത്രിയഃ സ്ത്രീഷു ച സാക്ഷിണഃ"

എന്നു വിധിയുള്ള സ്ഥിതിക്കു സാക്ഷിക്കും കക്ഷിക്കും സ്ഥിതിസാമ്യം ഉണ്ടായിരിക്കേണ്ടതാകയാൽ, വേദഷിമാർ തമ്മിലുള്ള വല്ല വഴക്കിലുമല്ലാതെ നാരദനെ സാക്ഷിയാക്കാൻ തരമില്ല. പിന്നെയും "ന ശ്രോത്രിയോ ന ലിംഗസ്ഥോ ന സംഗേഭ്യോ വിനിർഗ്ഗതഃ" എന്നു മനുസ്മൃതിയുള്ള സ്ഥിതിക്കു സർവ്വസംഗമുക്തനായ നാരദനു സാക്ഷിക്കൂട്ടിൽനിന്നു മോചനം ലഭിച്ചിട്ടുള്ളതു നിയമപ്രകാരമാണെന്നും വന്നുകൂടുന്നു. നാരദൻെറ പേരിൽ കേസുകൾ ഉണ്ടാകാതിരിക്കുന്നതിലേക്കു രക്ഷയെന്തെന്നാലോചിച്ചാൽ അവിടേയും നിന്നു പിഴക്കുന്നതിനു വഴികൾ ഉണ്ട്. സ്വയം അദ്ദേഹം ഒരു കുററവും ചെയ്തിട്ടില്ല. കൂടിയാൽ പീനൽകോഡിലെ 'ഉത്സാഹിപ്പിക്ക' എന്ന കുററമല്ലാതെ അദ്ദേഹത്തിൽ ചുമത്താവുന്നതല്ല. "പ്രോത്സാഹകസ്സഹായശ്ച തഥാ മാർഗ്ഗാനുദേശകഃ

ആശ്രയഃ ശസ്ത്രദാനാ ച ഭക്തദാതാ വികൎമ്മിണാം
ഉപേക്ഷകശ്ശക്തിയാംശ്ചേൽ ദോഷവക്താനുമോദകഃ
അകാൎയ്യകാരിണസ്ത്വേഷാം പ്രായശ്ചിത്തം പ്രകല്പയേൽ”
എന്നു പൈഠീനസിയും,
“യുദ്ധോപദേശകശ്ചൈവ തദ്വിനാശപ്രവൎത്തകഃ
ഉപേക്ഷാകാൎയ്യയുക്തശ്ച ദോഷവക്താനുമോദകഃ”

എന്നു കാത്യായനനും പറഞ്ഞിരിക്കുന്നതിൽനിന്നു യുദ്ധത്തിന്നും മററും പ്രോത്സാഹിപ്പിക്കുന്നവൎക്കു കുററം ഉണ്ടെന്നു സ്പഷ്ടമാകുന്നു. അനേകം പേർ തമ്മിൽ യുദ്ധത്തിന്നും അടിപിടിക്കും നാരദൻ പ്രോത്സാഹിപ്പിച്ചിരിക്കുമെന്നും നിശ്ചയംതന്നെ. പക്ഷെ, അദ്ദേഹത്തെ ശിക്ഷിക്കുന്നതിന്നു യാതൊരു മാൎഗ്ഗവുമില്ലാത്തവിധത്തിലാണു് സ്മൃതികളുടെ നില. വിവാഹംചെയ്യാനിരിക്കുന്നവനേയും, രോഗാൎത്തനേയും, യാഗം ചെയ്വാൻ ആഗ്രഹിക്കുന്നവനേയും, വ്യസനത്തിലിരിക്കുന്നവനേയും, മറെറാരുത്തനാൽ വ്യവഹരിക്കപ്പെട്ടിരിക്കുന്നവനേയും, രാജ്യകാൎയ്യമായി പോകുന്നവനേയും, പശു മേയ്ക്കുമ്പോൾ ഇടയനേയും, കൊയ്ത്തുകാലത്തു കൃഷിക്കാരനേയും, വേല ചെയ്യുമ്പോൾ ശില്പിയേയും, യുദ്ധത്തിൽ ഏൎപ്പെട്ട യോദ്ധാവിനേയും, വ്യവഹാരപരിചയമില്ലാത്തവനേയും, ദൂതനേയും, ദാനം കൊടുക്കുവാൻ തയ്യാറായവനേയും, വ്രതമുള്ളവനേയും സ്മൃതിപ്രകാരം തടവിൽ വെക്കാൻ പാടില്ല. അവരെ കോടതിയിൽ ഹാജരാകാൻ ആജ്ഞാപിക്കുന്നതിന്നു പാടില്ലാത്തതുമാകുന്നു. വിശാലമായ ഈ വ്യത്യസ്തപരമ്പരയുടെ ഉള്ളിൽ ഒളിച്ചുനിന്നു രക്ഷപ്പെടാൻ നാരദനു ധാരാളം അവകാശമുണ്ടു്. അദ്ദേഹത്തിനു വ്രതങ്ങൾ അടി

കൂടി ഉണ്ടായിക്കൊണ്ടിരിക്കുന്നതിന്നിടയുള്ളതുകൊണ്ടു തടവിൽ പാർപ്പിക്കുന്നതിന്നുള്ള മാൎഗ്ഗം ഊഹ്യമാണെന്നു കണ്ടുകൊള്ളേണ്ടതാകുന്നു. ചാതുൎവ്വൎണ്ണ്യത്തെ ഉദ്ദേശിച്ചു രചിച്ചിട്ടുള്ള സ്മൃതികൾക്കു ദേവൎഷിയായ നാരദനെ സംബന്ധിച്ചു വ്യാപ്തിയുണ്ടോ എന്നൊരു ചോദ്യത്തിന്നും അവകാശമുണ്ടു്. തടവിന്റെ കാൎയ്യം ഇപ്രകാരം കലാശിക്കാനിടയുള്ള സ്ഥിതിക്കു്, പിഴയിട്ടു വല്ലതുമീടാക്കയോ എന്നു വിചാരിച്ചാൽ അതിന്നും വഴി കാണുന്നില്ല. നാരദന്റെ സ്വത്തായി 'മഹതി' എന്ന വീണയല്ലാതെ മറ്റു വല്ലതുമുണ്ടോ എന്നു നിശ്ചയമില്ല. അസ്ഥിസ്ഫടികാക്ഷമാലയുടെ കാൎയ്യം മുമ്പേതന്നെ പറഞ്ഞല്ലോ. മുണ്ടും കട്ടക്കനും കുടയും ഉണ്ടെന്നു മുമ്പു പറഞ്ഞതിൽ, മുണ്ടു ദേവേന്ദ്രദത്തമാണെന്നും സ്പഷ്ടമാകുന്നു. കുടയും കട്ടക്കനും മറ്റുള്ളവരുടെ പക്കൽനിന്നും തൽക്കാലത്തേക്കു വാങ്ങിയതായിരിക്കുമോ!

"വേശ്യാസ്ത്രീണാമലങ്കാരാൽ വാദ്യാതോദ്യാദിതദ്വിധാം
യസ്യ യച്ചോപകരണം യേന ജീവന്തി കാരുകാഃ
സൎവ്വസ്വഹരണേ പ്യേതൽ ന രാജാഹൎത്തുമൎഹതി"

എന്നു നാരദസ്മൃതിയുള്ള സ്ഥിതിക്കു സൎവ്വസ്വഹരണം വിധിക്കേണ്ടിടത്തുപോലും, വേശ്യാസ്ത്രീകളുടെ അലങ്കാരങ്ങളും, സംഗീതവിദ്വാന്മാരുടെ വീണാദികളായ ഉപകരണങ്ങളും മറ്റും അപഹരിക്കത്തക്കതല്ലെന്നുള്ളതിനാൽ നാരദന്റെ മഹതിയെ കൈക്കലാക്കാൻ തരമില്ല. ഇപ്രകാരം കുടുക്കുകളിൽ ഒന്നും അകപ്പെടാതെ ഭദ്രമായി നിൽക്കുന്നതിന്നു, നാരദന്നു യാതൊരു വൈഷമ്യവുമില്ല.

1. സംജ്ഞാനാമം സാമാന്യനാമമായും, സാമാന്യനാമം സൎവ്വനാമംപോലെയും വരുന്നതിനെ ഉദാഹരിച്ചു ഓരോ വാക്യം എഴുതുക.

2. നാരദന്റെ ഗുണങ്ങളെ സംഗ്രഹിച്ചെഴുതുക.

3. "ശ്ലോകത്തിൽ കഴിക്കുക" "നിന്നുപിഴയ്ക്കുക" "പൂജ്യമായി" ഇവയുടെ അൎത്ഥം വിവരിക്കുകയും ഓരോന്നും വാക്യത്തിൽ ഉപയോഗിക്കുകയും ചെയ്യുക.

4. താഴെ കാണുന്ന വാക്യത്തെ ചൂൎണ്ണികകൾമാത്രം ഉപയോഗിച്ചു ലളിതതരമാക്കുക.—"ദോഷം ഗുണമണ്ഡലത്തെ ഗ്രസിച്ചു പ്രബലീഭവിച്ച്, നാരദശബ്ദംകൊണ്ടു ഗുണത്തേക്കാൾ ദോഷം പ്രതീയമാനമായി വന്നതോൎക്കുമ്പോൾ "ഏകോഹി ദോഷോ ഗുണസന്നിപാതേ നിമജ്ജതീന്ദോഃ കിരണേഷ്വിവാങ്കഃ" എന്നു പറഞ്ഞ കവിസാൎവ്വഭൌമനെക്കൂടി നാരദൻ ചെണ്ടകൊട്ടിച്ചുവെന്നു പറയേണ്ടിയിരിക്കുന്നു"

5. (1) വൎഗ്ഗം പ്രമാണിച്ചു പ്രാധാന്യേന ഋഷികളെ എങ്ങിനെയെല്ലാം വിളിച്ചുവരുന്നു? (2) മഹൎഷിമാരുടെ തപശ്ശക്തിയെ എന്തിനോടെല്ലാം ഉപമിച്ചിരിക്കുന്നു? (3) നാരദൻ രാജ്യതന്ത്രവിദഗ്ദ്ധനായിരുന്നുവെന്നു എങ്ങനെ മനസ്സിലാക്കാം? (4) പുരാതനഭാരതത്തിലെ രാജധൎമ്മനില ഏതുവിധത്തിലായിരുന്നു? (5) സാക്ഷികളെ സംബന്ധിച്ചു സ്മൃതികളിൽ എന്താണ് വിധിയുള്ളതായി പ്രസ്താവിച്ചിരിക്കുന്നതു്? (6) സ്മൃതിപ്രകാരം ബന്ധനാൎഹന്മാരല്ലാത്തവർ ആരെല്ലാം?

6. ആകൃതിയും പ്രകൃതിയും തമ്മിൽ സാമ്യമുണ്ടാകുമോ? നിങ്ങളുടെ അഭിപ്രായം കഴിയുന്നതും ഉദാഹരണപൂൎവ്വം സ്ഥാപിക്കുക.

## ൨. കൈലാസപൎവ്വതം.

ഹിമകരമഹസാം പിണ്ഡംപോലെ
കൎപ്പൂരത്തിൻ കൂട്ടംപോലെ
പുരഹരശോഭാനിലയംപോലെ

ബിസതന്തുനാം ജാലംപോലെ
മുക്താഫലതതിമെത്തുംപോലെ
കലശാംബുധിതൻ കഠിനതപോലെ
പ്രളയഹുതാശനഭസ്മംപോലെ
ഗംഗാസലിലം പൊങ്ങുംപോലെ
വെള്ളവെളവിലസിന കാന്തിപരമ്പര-
കൊണ്ടു ജഗത്ത്രിതയത്തെ വെളുപ്പിലൊ-
ളിപ്പിച്ചുന്നതി തങ്ങിന ശൃംഗത-
ലങ്ങളിലെങ്ങുമിരുന്നുടനിന്ദ്രിയ-
തുരഗാൻ നിഭൃതമടക്കിപ്പെരിയ
സമാധിയുറച്ചുതപഃസ്ഥിതിചെയ്ത-
ക്കേവലമദ്വയ മാനന്ദമയം
ബ്രഹ്മസനാതന,മാത്മനി മേന്മേൽ
ആമ്രേഡിച്ചു സുഖിച്ചു വസിക്കും
മുനിജനനിവഹം ക്വചനഭാഗേ.
ശങ്കരവാഹന വൃഷവരകേളീ-
ഹുംകൃതിസങ്കുലമങ്ങൊരുഭാഗം,
മംഗലവീണാ വേണുനിനാദം
തിങ്ങിവിനോദമിതങ്ങൊരുഭാഗം,
ഹരിണീ കരിണീഖുരരേണുഗണൈ-
രരുണീകൃതശിലമങ്ങൊരുഭാഗം,
ഇലകളിലെല്ലാം കലപിലമങ്ങും
കലകളുമുണ്ടങ്ങൊരു ഭാഗാന്തേ,
മത്തഗജാൻ കണ്ടുദ്ധതികോലും
ദൃപ്തമൃഗാധിപനങ്ങൊരുഭാഗേ

സിംഹശിശ്ശുൻ കണ്ടാഹിതമോദം
ജൃംഹിതസിംഹികളങ്ങൊരുഭാഗേ,
കളഭകുലത്തിൻ കളികളെനോക്കി-
ത്തെളിയും കരിണികളങ്ങൊരുഭാഗേ,

ഉൽക്കട മർക്കട കർക്കട കുക്കുട
ദുർഘട വനതലമങ്ങൊരുഭാഗം;
ഭദ്രത തടവിന വിദ്രുമമണിഗണ-
മുദ്രിത തടലസിതദ്രുമമൊരിടം

മല്ലീവല്ലീ ഫുല്ലേ മെല്ലേ
ചെല്ലും വാതൈർമ്മധുരിതമൊരിടം,
കങ്കവളാദി ഭയങ്കര ഖഗവര-
സംഘനിനാദൈസ്സങ്കുലമൊരിടം,

തെണ്ടി മധുദ്രവമുണ്ടിരുൾ വണ്ടുകൾ
മങ്ങിക്കൊണ്ടൊളികൊണ്ടുടനൊരിടം,
ക്വചന നിരർഗ്ഗളകേസരിവർഗ്ഗം
ക്വചന സമുദ്ധതസൂകരസംഘവു-

മൊരിടത്തൊക്കെ മലമ്പുലിവൃന്ദം,
മറെറാരിടത്താച്ചെന്നായ്ക്കൂട്ടം,
തുംഗം പൂമരസംഘം കുഹചന,
തിങ്ങും വള്ളികളെങ്ങും കുഹചന;

ക്വചിദപി പാടിന യക്ഷസമൂഹം,
ക്വചിദപി ചാടിന മർക്കടജാലവു-
മംബരചാരികൾ യാനം കുഹചന,
തുംബുരുനാരദയാനം കുഹചന.

1. ഇന്ദ്രിയങ്ങളെ തുരഗങ്ങളാക്കി കല്പിച്ചതിന്റെ ഔചിത്യം വിശദമാക്കുക.

2. കൈലാസവിശേഷങ്ങളെ സ്വവാക്യങ്ങളിൽ കഴിയുന്നത്ര ചുരുക്കിയെഴുതുക.

3. “ഉന്നതി തിങ്ങിന ശൃംഗതലങ്ങളിലെങ്ങുമിരുന്നു” “മുനിജനനിവഹം തപസ്സു ചെയ്യുന്നു” ഈ വാക്യത്തെ വ്യാകരിക്കുക.

4. മലമ്പുലിവൃന്ദം, ജഗത്ത്രിതയം, നിരർഗ്ഗളകേസരിവർഗ്ഗം-ഈ പദങ്ങളിലെ സന്ധി സമാസങ്ങളെഴുതുക.

5. ഒരു സ്കൂളിൽ നടന്ന വിനോദവേഷമത്സരത്തെ സംബന്ധിച്ച ഒരു റിപ്പോർട്ടു തയ്യാറാക്കുക. ചിലരുടെ വസ്ത്രധാരണം, തന്മയത്വമേറിയ ഭാവം മുതലായവയെ സംബന്ധിച്ച വർണ്ണനകളും ഒടുവിൽ നിങ്ങളുടെ അഭിപ്രായവും ഉണ്ടായിരിക്കണം.

6. അനുപ്രാസം കൊണ്ടുള്ള ഭംഗി ഈ കവിതയിൽ ഒട്ടും കുറവല്ലല്ലോ. നിങ്ങൾക്കേറ്റവും രസാവഹങ്ങളായി തോന്നിയ ഏതാനും ഭാഗം പറയുക.

7. വിശേഷണങ്ങൾ സ്വന്തവാക്യങ്ങളിൽ ചേർക്കുക:—കരിണികൾ, മുനിജനനിവഹം, ശില, മൃഗാധിപൻ, വനതലം.

8. ഈ കവിയെപ്പറ്റി അറിയാവുന്നതു് എഴുതുക.

## ൯. ജീവിതസ്നേഹം.

പ്രായാധിക്യം ജീവിതത്തിലുള്ള ഭോഗങ്ങളെ ചുരുക്കുന്നെങ്കിലും, ജീവിച്ചിരിപ്പാനുള്ള ആഗ്രഹത്തെ വർദ്ധിപ്പിക്കുന്നു. യൌവനത്തിലെ ചോരത്തിളപ്പിൽ നാം അവജ്ഞയോടുകൂടി ലക്ഷ്യമാക്കാതെ പോന്നിരുന്ന അപായങ്ങളെല്ലാം നമുക്കു പ്രായം ചെല്ലുമ്പോൾ ഭയാവഹങ്ങളായി ചമയുന്നു. നമുക്കു പ്രായം കൂടുംതോറും കരുതലും

ഒടുവിൽ ഭയമൊന്നുതന്നെ മനസ്സിൻെറ പ്രധാന വികാരമായിത്തീരുന്നു; പിന്നീടു ജീവിതത്തിൻെറ സ്വല്പമായുള്ള അവശേഷം, അവസാനകാലത്തെ നീക്കിവയ്ക്കാനൊ ചിരംജീവിതയെ സമ്പാദിക്കാനൊ ഉള്ള നിഷ്ഫലയത്നങ്ങളാൽ ആക്രാന്തമായി ഭവിക്കുന്നു.

മനുഷ്യസ്വഭാവത്തിലെ ഈ വിപ്രതിഷേധം ചിത്രംതന്നെ; എന്നാൽ ഇതു പണ്ഡിതന്മാരെപ്പോലും ബാധിക്കുന്നല്ലൊ. ജീവിതത്തിൻെറ കഴിഞ്ഞ ഭാഗംകൊണ്ടു വരാനിരിക്കുന്നതിൻെറ ഗുണദോഷം ഞാൻ നിരൂപിക്കുന്നതായാൽ ആയതു് ഉഗ്രരൂപമായിരിക്കുന്നു. ഞാൻ ഇതുവരെ ഭുജിച്ച ഭോഗങ്ങൾ ഒന്നും എനിക്കു പരമാൎത്ഥകമായ ആനന്ദത്തെ നൽകീട്ടില്ലെന്നു് അനുഭവം എന്നോടു പറയുന്നു. ഇനി ഭോക്ഷ്യമാണങ്ങളെക്കാൾ ഭുക്തങ്ങളാണ് പ്രബലങ്ങൾ എന്നു് ഇന്ദ്രിയങ്ങളും അവധാരണം ചെയ്യുന്നു. എന്നാൽ അനുഭവവും ഇന്ദ്രിയങ്ങളും ചെയ്യുന്ന പ്രവൃത്തി വ്യൎത്ഥംതന്നെ; അതു രണ്ടിനേക്കാളും ബലവത്തരയായ ആശദൂരമായ ഉദൎക്കത്തെ സങ്കല്പകല്പിതമായ സൌന്ദൎയ്യത്തോടുകൂടെ പുരോഭാഗത്തിൽ സജ്ജീകരിക്കുന്നു; ഏതൊ ഒരു ആനന്ദം ഇത്രയും അതിദൂരത്തിൽനിന്നു് അങ്ങോട്ടു ചെല്ലാൻ എന്നെ സംജ്ഞാപനം ചെയ്യുന്നു. ഒരു തോൽക്കുന്ന ദ്യൂതകളിക്കാരനെപ്പോലെ ഓരോ തോൽവിയും എനിക്കു ദ്യൂതാസക്തിയെ വൎദ്ധിപ്പിക്കുകയും ചെയ്യുന്നു.

നിരൂപിച്ചു നോക്കുവിൻ ജനങ്ങളെ! വയസ്സിനോടുകൂടി വളൎന്നുവരുന്ന ഈ ജീവിതസ്നേഹത്തിൻെറ ഉത്ഭ

വമെന്തു്? എന്തിനാലാണു് കിട്ടിയാലും ഫലമില്ലാത്ത ഒരു ഘട്ടത്തിൽ നാം ആയുസ്സിനെ രക്ഷിക്കുന്നതിനു് ഈ വിധം അധികതരമായി യത്നിക്കുന്നതു്? നിയതി മനുഷ്യജാതിയെ നിലനിൎത്തുന്നതിലുള്ള ജാഗ്രതകൊണ്ടു് നമ്മുടെ ഭോഗങ്ങളെ ക്ഷയിപ്പിക്കുന്തോറും നമുക്കു് ജീവിതതൃഷ്ണയെ വൎദ്ധിപ്പിക്കുകയും, ആനന്ദങ്ങളെ എല്ലാം ഇന്ദ്രിയങ്ങളിൽ നിന്നും അപഹരിച്ചു് സങ്കല്പത്തിന്നുകൊടുത്തു് ബലപ്പെടുത്തുകയും ആണെന്നു് വരുമൊ? ജരാവൈക്ലബ്യഭാരത്താൽ ആക്രാന്തനാകുമ്പോഴും യൌവനത്തിലെ സത്വപൌഷ്കല്യത്തിൽ ഉണ്ടായിരുന്നതിലധികം മൃത്യുഭയം ഇല്ലാതിരുന്നെങ്കിൽ വൃദ്ധനു ജീവിതധാരണം അശക്യമായിരുന്നു; ക്ഷയിച്ചുകൊണ്ടുപോരുന്ന ഭൌതികപിണ്ഡത്തെ ബാധിക്കുന്ന അസംഖ്യകളായ ആപത്തുകളും, ജീവിച്ചിരുന്നാലും സുഖാനുഭവം ഒന്നും മേലാൽ ഇല്ലെന്നുള്ള ബോധവും ക്ലേശാസ്പദമായ പ്രാണനെ സ്വഹസ്തംകൊണ്ടുതന്നെ അവസാനിപ്പിക്കാൻ അവനെ പ്രോത്സാഹിപ്പിക്കുമായിരുന്നു. എന്നാൽ മരണത്തെക്കുറിച്ചുള്ള അവജ്ഞ ഏതു കാലത്തു് അവനു് ഹാനിക്കായി തീരുമൊ ആ ഘട്ടത്തിൽ അതു് അവനെ ഉപേക്ഷിക്കുന്നു. ജീവിതത്തിന്നു വാസ്തവമായ വിലകുറയുന്ന മുറയ്ക്കു് മനഃകല്പിതമായ ഒരു വില കൂടുകയും ചെയ്യുന്നു.

ചുററുമുള്ള വസ്തുക്കളിൽ നമുക്കുള്ള സക്തി സാമാന്യേന അവയുമായുള്ള പരിചയത്തിന്റെ ദൈൎഘ്യത്താൽ വൎദ്ധിക്കുന്നു. 'ഞാൻ വളരേനാൾ' കണ്ടു പരിചയി

ച്ചിട്ടുള്ള ഒരു പഴയ തൂൺ പിഴുതുകളയുന്നതു എനിക്കു സമ്മതമായി വരികയില്ലെന്നു് ഒരു പരന്ത്രീസ്സുകാരൻ വേദാന്തി പറയുന്നു. ചിരപരിചയത്താൽ ഒരുകൂട്ടം പദാൎത്ഥങ്ങളുമായിട്ടിണങ്ങിയ മനസ്സു താൻ അറിയാതെ തന്നെ ആ പദാൎത്ഥങ്ങളെ കണ്ടുകൊണ്ടിരിക്കാൻ പ്രിയപ്പെടുന്നു. കേവലം അഭ്യാസബലത്താൽ അതുകളെ ചെന്നു സന്ദൎശിക്കുകയും പണിപ്പെട്ടു് അതുകളോടു വേർപിരിയുകയും ചെയ്യുന്നു. ഇതിനാലാണു് വൃദ്ധന്മാൎക്കു എല്ലാമാതിരി വസ്തുക്കളിലും അത്യാഗ്രഹമുണ്ടാകുന്നതു്. അവർ ലോകത്തേയും അതിലുള്ള സകല വസ്തുക്കളേയും സ്നേഹിക്കുന്നു; അവർ ആയുസ്സിനേയും അതിനാലുള്ള പ്രയോജനങ്ങളേയും സ്നേഹിക്കുന്നു. എന്നാലിതു് അവക്കിതുകൾ സുഖപ്രദങ്ങളാണെന്നതിനാലല്ല. പിന്നെയൊ, ഇതുകളുമായി അവർ ചിരം പരിചയിച്ചിട്ടുണ്ടെന്നുള്ളതിനാലാകുന്നു.

ചാരിത്രശാലി എന്നു കീൎത്തിപ്പെട്ട ചീനരാജാവു സിംഹാസനാരോഹണം ചെയ്തപ്പോൾ പൂൎവ്വരാജാക്കന്മാരുടെ രാജ്യഭാരകാലത്തു് ന്യായരഹിതമായി കാരാഗൃഹത്തിൽ നിരോധിക്കപ്പെട്ടിട്ടുള്ളവരെ എല്ലാം വിട്ടുതൽ ചെയ്വാൻ കല്പന കൊടുക്കുക ഉണ്ടായി. ഈ അവസരത്തിൽ തങ്ങളുടെ സ്വാതന്ത്ര്യദാതാവിനോടു കൃതജ്ഞത പറവാൻ വന്നവരുടെ കൂട്ടത്തിൽ ഒരു തേജസ്വിയായ വൃദ്ധൻ കാണപ്പെടുകയുണ്ടായി. അയാൾ ചക്രവൎത്തിയുടെ കാൽക്കൽ വീണുംകൊണ്ടു് ഇപ്രകാരം വിജ്ഞാപനം ചെയ്തു. 'ചീനരാജ്യത്തിൻെറ പിതാവായ മഹാ

ത്മാവെ! ൨൨-ാം വയസ്സു മുതൽ കാരാഗൃഹത്തിൽ അട
ക്കപ്പെട്ടു് ഇപ്പോൾ വൃദ്ധ വയസ്സായ ഒരു മഹാപാപിയെ
നോക്കണെ. അപരാധഗന്ധാസ്പൃഷ്ടനെങ്കിലും ഞാ
ൻ എന്നെ കുററപ്പെടുത്തിയവരെ നേരിട്ടു കാണുന്നതിന്നു
പോലും ഇടതരാതെ ബന്ദീകരിക്കപ്പെട്ടു. ഞാൻ ഏകാ
ന്തത്തിലും അന്ധകാരത്തിലും വസിച്ചുതുടങ്ങീട്ടു് ഇ
പ്പോൾ ൪൦ വൎഷമായിരിക്കുന്നു. കഷ്ടസ്ഥിതി എനിക്കു
പരിചയവുമായി. ഭവാന്റെ കൃപയാൽ എനിക്കു വീ
ണ്ടുകാണുന്നതിനു സംഗതിയായ പകൽവെളിച്ചത്തി
ന്റെ ഔജ്വല്യത്താൽ മഞ്ചുന്ന കണ്ണുകളോടുകൂടിതന്നെ
എന്നെ ആശ്വസിപ്പിക്കുകയോ സഹായിക്കുകയോ ചെ
യ്യുന്ന വല്ല സ്നേഹിതരേയും കണ്ടുപിടിക്കുന്നതിന്നായി ഈ
തെരുവുകളൊക്കയും ഞാൻ ചുററിനടന്നിരിക്കുന്നു; എ
ന്നാൽ എന്റെ സ്നേഹിതരും കുടുംബവും സംബന്ധിക
ളും എല്ലാം മരിച്ചു കഴിഞ്ഞു. എന്നെ ആരും ഓൎമ്മിക്കു
ന്നില്ല. അതിനാൽ അല്ലെ ഷിവാങ്ങ്! അധന്യമായ
എന്റെ ആയുഃശ്ശേഷത്തെ എന്റെ പഴയ കാരാഗൃഹ
ത്തിൽ കഴിച്ചുകൂട്ടുന്നതിന് എനിക്കു അനുവാദമരുള
ണം. എന്റെ കാരാഗൃഹത്തിന്റെ ഭിത്തികൾ ഏററം
വിളങ്ങിക്കൊണ്ടിരിക്കുന്ന അരമനയെക്കാൾ എനിക്കു
സന്തോഷകരങ്ങളാകുന്നു. ഇനി ഏറനാൾ ഞാൻ ജീ
വിച്ചിരിക്കുന്നതല്ല. അത്രയും കാലം എന്റെ യൌവ
നം കഴിച്ചുകൂട്ടിയ ഇടത്തിൽ(അങ്ങു കൃപചെയ്തു് എന്നെ
വിടുതൽചെയ്ത ആ കാരാഗൃഹത്തിൽ) അല്ലാതെ നയി
ക്കുന്നതു് എനിക്കു സങ്കടവുമായിരിക്കുന്നു.

ഈ വൃദ്ധനു കാരാഗൃഹവാസത്തിലുള്ള സംരംഭം നമുക്കെല്ലാവൎക്കും ജീവിതത്തിലുള്ളതിനോടു സമമാകുന്നു. നിത്യപരിചയത്താൽ കാരാഗൃഹത്തോടു നാം ഇണങ്ങിപ്പോയി. ചുററുമുള്ള വസ്തുക്കളിൽ നമുക്കും അതൃപ്തിയുണ്ടു്. നമ്മുടെ വാസസ്ഥലം നമുക്കു രസിക്കുന്നില്ല. എന്നാലും ബന്ദീഭാവത്തിൻെറ ദൈൎഘ്യം നമുക്കു ബന്ധനകുടീരത്തോടുള്ള വാത്സല്യത്തെ വൎദ്ധിപ്പിക്കുന്നതേയുള്ളു. നാം നട്ടിട്ടുള്ള മരങ്ങളും, നാം പണിചെയ്യിച്ചിട്ടുള്ള വീടുകളും, നാം ഉല്ലാസിപ്പിച്ചിട്ടുള്ള പുത്രപൌത്രാദികളും, ഇതെല്ലാം നമുക്കു് ഈ ഇഹത്തിൽ ഉള്ള ബന്ധത്തെ ദൃഢീകരിക്കുകയും വേർപാടിനെ തിക്തീകരിക്കയും ചെയ്യുന്നു. ജീവിതത്തെ ചെറുപ്പക്കാർ ഒരു പുതിയ തോഴനെപ്പോലെ ഗണിക്കുന്നു. ഉപഭുക്തശിഷ്ടയല്ലാത്ത മൈത്രി അറിവിനേയും വിനോദത്തേയും ഒന്നുപോലെ ജനിപ്പിക്കുന്നു. മൈത്രീപാത്രമായ വസ്തുവിൻെറ സന്നിധാനം പ്രീതിയെ ഉളവാക്കുന്നു. എന്നാൽ ഇതൊക്കെ ഇരുന്നാലും നാം അതിനെ അത്രവളരെ ആദരിക്കുന്നില്ല. കിഴവരായ നമ്മുടെ ദൃഷ്ടിയിലാകട്ടെ ജീവിതം ഒരു പഴയ സ്നേഹിതൻെറ മട്ടിലാണ്. അതിലെ പരിഹാസകഥകളെല്ലാം പലതരം പ്രയോഗിച്ചു പഴകിപ്പോയിരിക്കുന്നു. നമ്മെ സ്മേരമുഖന്മാരാക്കത്തക്ക ഒരു പുതിയ ഉപാഖ്യാനവും ഇനി ശേഷിച്ചിട്ടില്ല. വിസ്മയം ജനിപ്പിക്കത്തക്കതായ ഒരു പുതുമോടിയാകട്ടെ ഇനി കാണുകയുമില്ല. ഇങ്ങിനെയൊക്കെ ആയാലും നാം ജീവിതത്തെ സ്നേഹിക്കുന്നു. ഇനി ഇതിൽ യാതൊരു ഭോഗവും അവശേഷിച്ചു

കിടക്കുന്നില്ല. എന്നാലും നാം അതിനെ പിന്നേയും സ്നേഹിക്കുന്നു. കുറഞ്ഞുവരുന്ന ആ മുതലിനെ കൈമുറുക്കി ചിലവുചെയ്യുന്നതിന്നു നാം കരുതുന്നു. ഒടുവിലെ വേപ്പാംടിൽ വ്യഥയുടെ തീക്ഷ്ണതയെ മുഴുവൻ അനുഭവിക്കയും ചെയ്യുന്നു.

1. ജീവിതസുഖങ്ങളെ അനുഭവിക്കാനുള്ള ശക്തി നശിച്ചാലും ജീവിതാഗ്രഹം ഏറിവരുന്നതിനു കാരണമെന്തു? ചുരുക്കത്തിൽ വിവരിക്കുക.

2. ചീനക്കാരനായ വൃദ്ധൻ കാരാഗൃഹവാസംതന്നെ ഇഷ്ടപ്പെടുന്നതെന്തുകൊണ്ട്?

3. മുക്തം, ബന്ദീഭാവം, അസ്പൃഷ്ടൻ, ക്ലേശാസ്പദം, വിഷയീഭവിക്കുക, തൃഷ്ണ—ഓരോന്നും ഓരോ സങ്കീർണ്ണവാക്യത്തിൽ ഉപയോഗപ്പെടുത്തുക.

4. ഒരേ ആശയത്തെ പലേ വാക്യരൂപത്തിൽ പ്രകാശിപ്പിക്കാവുന്നതാണല്ലോ. ഉദാ—

ഫലം അവനെ തൃപ്തിപ്പെടുത്തി.
ഫലംകൊണ്ടു അവൻ തൃപ്തിപ്പെട്ടു.
ഫലം അവന്നു തൃപ്തികരമായി.

താഴെ കാണുന്ന വാക്യത്തിലെ ആശയത്തെ നിങ്ങൾക്കു കഴിയുന്നത്ര വ്യത്യസ്തവാക്യരൂപങ്ങളിൽ എഴുതുക:—

"പുത്രദർശനത്താൽ ദേവേന്ദ്രൻ സന്തുഷ്ടനായി."

5. വിദ്യാർത്ഥിമന്ദിരത്തിൽ താമസിച്ചു പഠിക്കുന്നതിനോ, പുറമെ താമസിച്ചു പഠിക്കുന്നതിനോ നിങ്ങൾക്കിഷ്ടം? നിങ്ങളുടെ ഇഷ്ടത്തിന്നുള്ള കാരണങ്ങളെ വ്യക്തമാക്കി ഒരു ചെറുപ്രബന്ധമെഴുതുക.

...NAVILASAM READING ROOM

# ൮. മദ്ധ്യാഹ്നം.

ബാല്യത്തിലെസ്സൌമ്യതയൊക്കെവിട്ടീ-
യുവാംശുമാനത്രകഠോരനായീ!
താരുണ്യകാലത്തെ മൂഢസ്വഭാവം
തഴച്ചുകാണുന്നിതു മിക്കപേൎക്കും. 1

ത്വഷ്ടാവു പൃഷ്ഠാഭ പുലൎത്തുമാറു
കടഞ്ഞൊരീദിവ്യമണിപ്രകാണ്ഡം
നോട്ടത്തിനായിട്ടമലാംബരത്തിൻ
നടുക്കിതാ നന്മയിൽ വെച്ചിരിപ്പൂ! 2

ജഗത്തിനേകുന്നു കനത്ത താപം
വിയത്തിൽ മദ്ധ്യസ്ഥത പൂണ്ട സൂൎയ്യൻ;
അത്യുന്നതസ്ഥാനഗരന്യപീഡാ-
കൃത്യം തുടൎന്നാൽ ഗതിയെന്തുപിന്നെ? 3

ചൂടഭ്യസിക്കുന്നതിനാണു ചണ്ഡ-
കരാംശു നിത്യം നിശി പാവകങ്കൽ
ചെല്ലുന്നതെങ്കിൽ ഗ്ഗുരുദക്ഷിണയ്ക്കു
കാലം സമീപിക്കുകയല്ല വൈകി. 4

മുക്കണ്ണനായീടിന തമ്പുരാൻെറ
വലത്തുകണ്ണല്ലി ദിനേശബിംബം?
അതും ലലാടേക്ഷണമെന്നപോലെ
ക്രമേണ ചെന്തീമയമായ്ച്ചമഞ്ഞോ? 5

മാറേററിടുംമാറിനബിംബഹേമ-
ഗോളത്തിനെക്കാലകളാദനിപ്പോൾ

വാനാം നെരുപ്പോടിലുരുക്കി മന്നി-
ലൊഴിപ്പതാണോ, തപമല്ലിതെന്നോ? 6

കടുത്തവെയ്‌ലാൽ മരുഭൂവിതേറെ-
ക്കത്തിജ്ജ്വലിക്കുന്നിതു നാലുപാടും;
താനേ വിളങ്ങുന്നൊരനലാചലത്തിൻ
താഴ്വാരമീമാതിരിയായിരിക്കും. 7

ദൂരാൽജ്ജലഭ്രാന്തിയൊടോടിയെത്തും
മൃഗങ്ങൾതൻ തൃഷ്ണയെ മാററിടാതെ
വളർത്തിടുന്നു മൃഗതൃഷ്ണ മേന്മേൽ
ആർക്കും സഗോത്രാഭ്യുദയേച്ഛയുണ്ടാം. 8

ദേവാഗ്നിയാണാളിന വെയ്‌ലിതെന്നു
ധരിച്ചപോലഗ്നിസഖൻ മരുത്തും
ഇതിൻ കടുജ്വാലകൾ നാലുപാടു-
മെത്തിച്ചുകൊണ്ടങ്ങിനെ വീശിടുന്നു. 9

ആകാശദേശാർണ്ണവമാശുകാല-
പ്രചോദനത്താൽ ഭുവനം ദഹിപ്പാൻ
അക്കാതപച്ഛത്മമൊടത്യുദഗ്ര-
മൌർവ്വാനലജ്വാല വമിക്കയാണോ? 10

പരിജ്വലിക്കും പരുഷാതപത്തിൽ
പാരം ഭയപ്പാടുളവാകയാലോ
മരങ്ങൾതൻ മൂലതലത്തെവിട്ടു
മാറുന്നതില്ലാ നിഴൽപോലുമിപ്പോൾ. 11

തിളച്ചുമിപ്പല്വലനീരിൽനിന്നു
മീൻകുഞ്ഞിനെക്കൊത്തിയെടുത്തുകൊൾവാൻ

പാറാഞ്ഞിതാ, കൊററികൾ ജോലിനിൎത്തി-
ത്തിരത്തു ചൂരൽത്തണൽ ചേൎന്നിരിപ്പായ്! 12

കുലായവൃക്ഷങ്ങളണഞ്ഞുപക്ഷി-
ക്കൂട്ടങ്ങൾ കൂട്ടിന്നകമാൎന്നമന്ദം
ചൂടേററുവാഴുന്ന ശിശുക്കളെത്താൻ
പക്ഷങ്ങളാൽ സമ്പ്രതി വീശിടുന്നു. 13

പതഞ്ഞവെള്ളം പഥിവായിൽനിന്നു
തൂകുന്ന കന്നാലിയെ മുൻനടത്തി,
നുകം കരിക്കോലിവതോളിലുംവെ-
ച്ചിതാ! കൃഷിക്കാർ വയൽവിട്ടിടുന്നു. 14

പരന്നപാടത്തിഹ പഞ്ചകാക്കും
പെണ്ണുങ്ങളുഭൃണ്ണലതാഗൃഹത്തിൽ
ഗ്രാമീണവീണാക്വണിതംകലൎന്ന
ഗാനം മുതിൎക്കുന്നു വിനോദനാൎത്ഥം. 16

ക്രമേണ ശീതോഷ്ണസുഖാസുഖാദി-
ദ്വന്ദ്വങ്ങളെല്ലാമൊരുപോലെയാക്കാൻ
മനസ്സിരുത്തും മുനിമുഖ്യരിപ്പോൾ
മാദ്ധ്യാഹ്നികവ്യാപൃതരായിരിക്കും. 16

ഗ്രാമീണരുച്ചയ്ക്കെഴുമൂൺകഴിച്ചു
ഗൃഹാന്തികത്തോപ്പിലിരുന്നിദാനീം
സലീലമാം മാറയൽവക്കകാരായ്
സംഭാഷണംചെയ്യുകയായിരിക്കും. 17

ഉൾനാട്ടുതോറും വഴിയമ്പലങ്ങൾ-
ക്കുദാരതാദായകമീമുഹൂൎത്തം;

ചേരുന്നതാപാലവയെബ്ഭജിപ്പാൻ
ചെന്നീടുമല്ലോ പലപാന്ഥരിപ്പോൾ. 18

ഭാസ്വൽകരോഷ്മാർദ്ദിത ഭവ്യലോക
രക്ഷോപകാരത്തൊഴിൽചെയ്തിടാനീം
പുരങ്ങൾതോറും വിലസുന്ന പൂങ്കാ-
വാരാമശബ്ദം ചരിതാർത്ഥമാക്കും. 19

1. "ചൂടഭ്യസിക്കുന്നതിനാണ്" എന്നും, "ആകാശദേശാർണ്ണവമാം" എന്നും തുടങ്ങുന്ന പദ്യങ്ങളെ പരാവർത്തനം ചെയ്യുക.

2. ഒരേ ശബ്ദംതന്നെ സന്ദർഭവിശേഷംകൊണ്ടു മേയനാമമായും, സാമാന്യനാമമായും തീരാറുണ്ടല്ലോ. അതുപോലെ സാമാന്യനാമം ചിലപ്പോൾ ഗുണഭാവം കൈക്കൊള്ളാറുണ്ട്.

1. "മണ്ണുള്ളവനു കണ്ണില്ല, കണ്ണുള്ളവനു മണ്ണില്ല"

2. കണ്ണിൽ മണ്ണുവീണു—ഇവയിലെ മണ്ണും, കണ്ണും എങ്ങിനെയുള്ള നാമങ്ങൾ?

3. അഗ്നിപർവ്വതത്തെപ്പററി നിങ്ങൾക്കറിയാവുന്നതിനെ അടിസ്ഥാനമാക്കി ഒരു ഖണ്ഡിക എഴുതുക.

4. (1) ഉച്ചയ്ക്കു നിഴലിനു ദൈർഘ്യമില്ലാതാകുന്നതിനു കവി കാണുന്ന കാരണമെന്തു? (2) ഈ കവിതയിൽനിന്നും രണ്ടു ലോകതത്വങ്ങളുദ്ധരിച്ചു വിവരിക്കുക. (3) "മാറേററിട്ടും മററിനബിംബ"മെന്നു തുടങ്ങുന്ന പദ്യത്തിലെ അലങ്കാരമെന്തു്?

5. കവിതയിലുള്ള വിശേഷണങ്ങൾതന്നെ സ്വവാചകങ്ങളിൽ ചേർക്കുക:—മുനിമുഖ്യൻ, മുഹൂർത്തം, തൊഴിൽ, ഗാനം.

6. "പതഞ്ഞവെള്ളം പഥിവായിൽനിന്നു" എന്നു തുടങ്ങുന്ന പദ്യം നോക്കുക. പറയത്തക്ക അലങ്കാരമോടിയൊന്നും അതിൽ കണ്ടില്ലെന്നുവരാം. എന്നാലും, ഉഴവു കഴിഞ്ഞുപോകുന്ന കൃഷിക്കാരന്റേയും കന്നാലിയുടേയും ഒരൊന്നാന്തരം ചിത്രമാണതു്. വർണ്ണനകളിൽ ചിത്രീകരണമാണ് വേണ്ടതെന്ന സംഗതി വിദ്യാർത്ഥികൾ ഓർമ്മിച്ചിരിക്കേണ്ടതാണ്.

7. പട്ടണത്തിൽ ഇദംപ്രഥമമായി വരുന്ന ഒരു ഗ്രാമീണബാലന്റെ ആശ്ചര്യാനുഭവങ്ങൾ—വിനോദകരമാകുംവണ്ണം ഭാവനം ചെയ്തു വിവരിക്കുക.

## ൭. വൎണ്ണനവും ഭാഷാസരണിയും.

ഒരു അഗ്നിബാധയോ, ഉത്സവാഘോഷമോ, തീവണ്ടിവ്യാപത്തോ ഉണ്ടായാൽ, അതിനെപ്പററി വായനക്കാരുടെ ഉള്ളിൽ പതിയത്തക്കതായ ഒരു ചിത്രമെഴുതിക്കാണിപ്പാൻ സാധാരണന്മാൎക്കു സാധിക്കയില്ല. അതിലേക്കു പ്രത്യേകം ചില മനോധൎമ്മങ്ങൾ ലേഖകന്നു് ഉണ്ടായിരിക്കണം. ആ സംഭവത്തിൽ വിചിത്രമായതു കണ്ടറിക, താൻ കണ്ട കാഴ്ചകളെ ആസ്പദമാക്കിക്കൊണ്ടു പലേ സംഗതികൾ വിഭാവനം ചെയ്ക, അന്യരുടെ ഹൃദയം ഇളക്കത്തക്കവിധത്തിൽ അവരുടെ ഉള്ളിൽ കടന്നു ഹൃദയവേദനങ്ങളുടെ ഗതി അറിയുക, ഇപ്രകാരമൊക്കെ ചില മനോഗുണങ്ങൾ അവശ്യം ഉണ്ടായിരിക്കണം. ഒരു കല്യാണപ്പന്തൽ വൎണ്ണിക്കയായിരുന്നാൽ, സദിർപ്പന്തൽ തെക്കേ ഭാഗത്തു്, ആട്ടപ്പന്തൽ വടക്കേ ഭാഗത്തു്, മുല്ലപ്പന്തൽ കിഴക്കേ ഭാഗത്തു്, സദ്യപ്പന്തൽ പടിഞ്ഞാറു്, എന്നിങ്ങനെ 'ആറും നാലും പത്തു്' എന്നു പറയുന്ന കൂട്ടത്തിൽ പ്രസ്താവിച്ചാൽ അത്തരം വൎണ്ണന ആരുടേയും ഹൃദയത്തെ ആഹ്ലാദിപ്പിക്കയില്ല. ഒരു ചിത്രമെഴുത്തുകാരനു തന്റെ കയ്യിലുള്ള വൎണ്ണങ്ങളെ ചേൎത്തു്, മേല്പടി കല്യാണപ്പന്തലിനെ മനോഹരമായ വിധത്തിൽ പ്രതിഫലിപ്പിക്കാൻ കഴിയുന്നതുപോലെ, ലേഖകനും തന്റെ കൈവശമുള്ള വാക്കുകളാൽ കല്യാണപ്പന്തലിനെ പ്രതിഫലിപ്പിച്ചു കാണിക്കണമെങ്കിൽ, വൈചിത്ര്യത്തെ ഗ്രഹിപ്പാനുള്ള ശക്തി അവന്റെ ദൃ

ഷ്ടികൾക്കും, തത്തുല്യമായി കടലാസ്സിൽ പകൎത്തുവാനുള്ള ശക്തി അവൻെറ വാക്കുകൾക്കും സ്വഭാവസിദ്ധമായിരിക്കണം.

ഏതൊരു സംഗതിയും വൎണ്ണിപ്പാൻ, അതു താൻ തന്നെ കണ്ടിരിക്കയോ, അതുമായി അത്രത്തോളം അടുത്ത പരിചയമുണ്ടായിരിക്കയോ ആവശ്യമാണ്. ഒരു സവഘോഷയാത്ര കാണുമ്പോൾ അന്യരോടൊപ്പം ആഹ്ലാദിപ്പാനോ, ഒരു അഗ്നിബാധയിൽ സഹതപിപ്പാനോ, ഒരു തീവണ്ടി ആപത്തിൽ ആപന്നന്മാരെപ്പററി വ്യാകുലപ്പെടാനോ കഴിയാതെയിരിക്കുന്ന ഹൃദയത്തിനു ശരിയായ വൎണ്ണനകൾ എഴുതി ഫലിപ്പിക്കാൻ കഴിയുന്നതല്ല. ഏതൊന്നായാലും, നല്ല പ്രേക്ഷാശക്തിയും, കണ്ടറിഞ്ഞതു പറഞ്ഞു ഫലിപ്പിക്കാൻ തക്ക വാഗ്വൈഭവവുംഉണ്ടായില്ലെങ്കിൽ ശ്രമംനിഷ്പ്രയോജനമായിത്തീരും; നിശ്ചയം. സംഗതികളെ യഥാക്രമം കുറിച്ചുവെച്ചുകൊണ്ടുവേണം വൎണ്ണിപ്പാൻ. അതല്ലെങ്കിൽ വൎണ്ണനം വായിക്കുന്നവർ 'വാലും തലയും' തിരിച്ചറിയാൻ കഴിയാതെ കുഴങ്ങിപ്പോകും.

ഒരു ചിത്രമെഴുത്തുകാരൻ മനസ്സങ്കല്പത്താലോ, പ്രകൃതിവിലാസത്തിൻെറ പകൎപ്പായിട്ടോ ഒരു ചിത്രമെഴുതുവാൻ ഉദ്യമിക്കുമ്പോൾ, ആദ്യമായി ഏതു നിലയിൽനിന്നു നോക്കുമ്പോഴുള്ള രംഗവിധാനമാണ് രമണീയമായി തോന്നുന്നതെന്നു നിശ്ചയിച്ച് ആ നിലയെ ഉറപ്പിക്കുന്നു; പിന്നീടു പടത്തിൽ അടക്കേണ്ടതായ രൂപങ്ങൾ ഇന്ന ക്രമത്തിൽ വരണമെന്നു കുറിക്കുന്നു; അനന്തരം

ചേരുംപടിയുള്ള വൎണ്ണങ്ങളെ യഥാസ്ഥാനം പതിക്കുന്നു. ഒരു ആപത്സംഭവത്തേയോ, ഉത്സവാഘോഷത്തേയോ വൎണ്ണിക്കാൻ ഉദ്യമിക്കുന്നവനും ആദ്യമായി, രംഗം മുഴുവൻ നല്ല ചമൽകാരകാരകമായി തോന്നാവുന്ന നിലയിൽനിന്നു സംഗതികളെ യഥാക്രമം കുറിച്ചുകൊണ്ടു്, അവയെ വായനക്കാൎക്കു് ആകൎഷകമായി വരുംവിധത്തിൽ വൎണ്ണനം ചെയ്യുന്നതിനു തക്ക വാഗ്വിലാസത്തെ പ്രയോഗിക്കുന്നു. ഭാഷാശുദ്ധിയേയും, പദങ്ങളുടെ ശബ്ദാൎത്ഥവിഷയമായ ഭംഗിയേയും നോക്കി ബഹു ചമൽകാരമായിട്ടു എഴുതണം. എന്നാൽ ചിലർ, ഗദ്യരചനയിൽ നിപുണന്മാരല്ലാതെ, വല്ല പദങ്ങളും, വല്ലപ്രകാരവും കൂട്ടിപ്പിടിച്ചു എഴുതി, വായനക്കാൎക്കു് അരോചകം തോന്നിക്കുന്നു. അവൎക്കു പദങ്ങളുടെ അൎത്ഥനിൎണ്ണയമോ, രൂപനിൎണ്ണയമോ, പദാവലികളുടെ ഭംഗിയോ, അഭംഗിയോ, പദപ്രയോഗങ്ങളുടെ ഔചിത്യം സംബന്ധിച്ചു അറിവോ ഇല്ല. ചിലപ്പോൾ അജ്ഞതകൊണ്ടും, ചിലപ്പോൾ ശബ്ദഭണ്ഡാഗാരം തീരെ അല്പിഷ്ഠമായിരിക്കകൊണ്ടും, വല്ലേടത്തും കണ്ടിട്ടുള്ള പദങ്ങളോ, വാചകങ്ങളോ ഔചിത്യം കൂടാതെ എഴുതിപ്പോകാറുണ്ടു്. നടപ്പുള്ള ഒരു ചെറിയ പദംകൊണ്ടു് അൎത്ഥം വരുത്താവുന്നെടത്തു, പ്രചാരപ്പെടാത്ത വലിയ പദം എഴുതിയും, സുശബ്ദങ്ങൾ ഇരിക്കെ ഗ്രാമ്യപദങ്ങൾ ഉപയോഗിച്ചും, ഒരൎത്ഥത്തെ പൎയ്യായപദങ്ങളാൽ ആവൎത്തിക്കാവുന്നേടത്തു് അങ്ങനെ ചെയ്തു ശബ്ദവൈചിത്ര്യം വരുത്താതെ, ഒരേ പദം വീണ്ടും വീണ്ടും എഴുതിയും, ചിലപ്പോൾ പു

നരുക്തം ചെയ്തും പലപ്രകാരത്തിൽ ഉപന്യാസം വഷളാക്കുമാറുണ്ടു്. ചിലർ പ്രാസം ചെയ്തു ഗദ്യമെഴുതുന്നതാണു് രസമെന്നു വിചാരിക്കുന്നു. ഒരു അഗ്നിബാധയെ വൎണ്ണിപ്പാൻ "കാലാഗ്നിയുമല്ലിതു്; കാലാരിയുടെ ഫാലാഗ്നിയുമല്ലിതു്; മൂലാഗ്നിയുമല്ലിതു്" ഇത്യാദി നോക്കുക.

അനവീകൃതം, പുനരുക്തം, ച്യുതസംസ്കാരം, ദുഷ്പ്രതീതി, ഭഗ്നപ്രക്രമം, വിരുദ്ധമതികൃത്തു് എന്നിങ്ങനെ പലേ സാഹിത്യദോഷങ്ങൾ മനസ്സിലാക്കിയിരിക്കേണ്ടതാണു്. ഇതിന്നു് "ഭാഷാഭൂഷണം" എന്ന സാഹിത്യശാസ്ത്രഗ്രന്ഥം ഏറെ ഉപകാരപ്പെടുന്നതാണു്. പദസമ്പത്തു ചുരുങ്ങിയവർ ഭാഷാനിഘണ്ടുവിലെ പദങ്ങൾ ഉററു പഠിക്കുന്നതുകൊണ്ടു ഗുണമുണ്ടാകും. അതോടുകൂടി നല്ല ഗ്രന്ഥകാരന്മാരുടെ കൃതികൾ പരിചയിക്കണം. ഗദ്യഗ്രന്ഥങ്ങളിൽ, കേരളവൎമ്മ കോയിത്തമ്പുരാൻ തിരുവിതാംകൂർ സൎക്കാർ പാഠപുസ്തക സംഘാദ്ധ്യക്ഷനായിരുന്നു് എഴുതിയിട്ടുള്ള അക്ബർ, ലോകത്തിന്റെ ശൈശവാവസ്ഥ, വിജ്ഞാനമഞ്ജരി, ധനതത്വനിരൂപണം, മൂന്നാംപാഠപുസ്തകം, ഇന്ത്യാചരിത്രം, ഇംഗ്ലണ്ടുചരിത്രം, തിരുവിതാംകൂർ ചരിത്രം, മഹച്ചരിതസംഗ്രഹം, ഒ. ചന്തുമേനോന്റെ ഇന്ദുലേഖ, ശാരദ, അപ്പുനെടുങ്ങാടിയുടെ കുന്ദലത, ടി. കെ. കൃഷ്ണമേനോന്റെ പ്രാചീനാൎയ്യാവൎത്തം, ചന്ദ്രഹാസൻ, കുഞ്ഞിരാമൻ നായരുടെ കേസരി മുതലായ പലേ പുസ്തകങ്ങൾ മലയാളത്തിലുണ്ടു്. സ്ഥലകാലവൎണ്ണനകൾ പ്രശസ്തമായവിധം അടങ്ങിയിട്ടുള്ള ചില മലയാള നവ്യഗദ്യകാവ്യങ്ങൾ ഉള്ളവ വാ

യിക്കുന്നതുകൊണ്ടു്, വിഭാവനാശക്തിയെ പോഷിപ്പിക്കാൻ കഴിയും. ഇവയ്ക്കുംപുറമെ ഭാഷയിൽ നടത്തുന്ന പത്രങ്ങളിലും പത്രഗ്രന്ഥങ്ങളിലുംവെച്ചു് വാചകശുദ്ധി, പദഭംഗി, മററു സാഹിത്യഗുണങ്ങൾ ഇവയിൽ പ്രത്യേകം ശ്രദ്ധവെച്ചിട്ടുള്ളവമാത്രം നിയമേന വായിക്കുകയും വേണം. നല്ല ഗദ്യമെഴുത്തുകാരുടെ ലേഖനങ്ങളോ, മററു കൃതികളോ വായിക്കുന്നതിനാലുണ്ടാവുന്ന ഗുണം ചെറുതല്ല. ‘വാഗ്ദേവിസ്വയംവശ്യ’യാവാതെ ആ ദേവിയെ ബലാൽകാരേണ പിടിച്ചു വലിച്ചിഴച്ചു കൊണ്ടുവന്നു ക്ലേശിപ്പിക്കുന്നവരുടെ ഗദ്യം ഒരിക്കലും വായിക്കരുതു്. ഇവക്കു്, പക്ഷേ, സ്വീയപ്രാഭവംകൊണ്ടു് പ്രമാണികളായ ചിലർ കീർത്തിവെച്ചുകെട്ടിയിരുന്നാലും, ഇവരെ ഗണ്യകോടിയിൽ ചേക്കരുതു്. സ്വതസ്സിദ്ധമായ സാഹിത്യവാസനയുള്ളവർ കീർത്തിക്കായി ഇരകോത്തു ബളിശമെറിഞ്ഞിരിക്കയില്ലെങ്കിലും, അവരുടെ കൃതികൾ അന്വേഷിച്ചു പിടിച്ചു പരിചയപ്പെടണം. ഇത്തരത്തിൽ നല്ല ഗ്രന്ഥകർത്താക്കന്മാരുടേയും, ഗദ്യലേഖനകർത്താക്കന്മാരുടേയും കൃതികൾ വായിക്കുമ്പോൾ, സരസമായോ, ഫലിതമായോ, തോന്നുന്ന പദങ്ങൾ, വാചകങ്ങൾ, ചതുരോക്തികൾ മുതലായവ പ്രത്യേകം കുറിച്ചെടുത്തുവെച്ചു പഠിക്കുന്നതുകൊണ്ടു ഗുണമുണ്ടാകും. പദശുദ്ധി, ശബ്ദഭംഗി, വാചകപുഷ്ടി, ഗാംഭീര്യം ഇത്യാദി ഗുണങ്ങൾക്കു കേരളവർമ്മ വലിയ കോയിത്തമ്പുരാന്റെയും, ഊർജ്ജസ്വലത, പ്രൌഢി, പ്രസാദം ഇവയ്ക്കു സി. പി. അച്ചുതമേനോന്റെയും, മാധുര്യത്തിനു് ചന്തു

മേനോൻ, കുഞ്ഞിരാമൻ നായനാർ എന്നിത്തരക്കാരുടേയും ഗദ്യപ്രബന്ധങ്ങളേയും, വർണ്ണനാചാതുര്യം മനസ്സിലാക്കാൻ മാർത്താണ്ഡവർമ്മ, ഇന്ദുലേഖ, കുന്ദലത, പാറപ്പുറം, ദുർഗ്ഗേശനന്ദിനി, ഉദയഭാനു ഇത്യാദി നവ്യകഥാഗ്രന്ഥങ്ങളേയും വായിക്കുന്നതു ഉത്തമമാകുന്നു. വ്യാകരണജ്ഞാനം ലഭിപ്പാൻ രാജരാജവർമ്മയുടെ കേരളപാണിനീയം തുടങ്ങിയ ഗ്രന്ഥങ്ങളും, സാഹിത്യരചനാതത്വങ്ങൾക്ക് അദ്ദേഹത്തിൻെറ സാഹിത്യസാഹ്യവും വായിച്ചിരിക്കേണ്ടതാകുന്നു.

എന്നാൽ മേൽപറഞ്ഞ ഗ്രന്ഥങ്ങൾ വായിക്കുന്നതു രചനാരീതി അഥവാ ഭാഷാസരണി സമ്പാദിപ്പാനായിരിക്കരുതെന്നു പ്രത്യേകം ഉപദേശിക്കേണ്ടിയിരിക്കുന്നു. വിഖ്യാതന്മാരായ സാഹിത്യകാരന്മാരുടെ ഗ്രന്ഥങ്ങൾ വായിച്ച് അവരുടെ ഭാഷാസരണിയെ പകർത്തുകാം എന്നു വിചാരിക്കുന്നവർ ചിലരുണ്ട്; ഈ വിചാരം തിരെ അസംബന്ധം എന്നാണ് എനിക്കു പറവാനുള്ളതു്. ഒരുവൻെറ ഭാഷാസരണിയെ അനുകരിക്കുവാൻ മറെറാരുവനു കഴിയാത്തവിധത്തിൽ, ഭാഷാസരണി എന്നതു്, അതാതാളുകൾക്കു സ്വഭാവജന്യമായിട്ടുള്ളതാകുന്നു എന്നു ഓർമ്മവെയ്ക്കണം. ഒരുവൻെറ അനുഭവങ്ങളേയും, പരിചയങ്ങളേയും അവൻെറ മനോഗതിക്കനുസരിച്ചിട്ടാകുന്നു ഭാഷാരൂപമായി പ്രകാശിപ്പിക്കുന്നതു്. അതേപ്രകാരത്തിലുള്ള മനോഗതി ഉണ്ടാകുവാൻ മറെറാരുവൻ അതേപ്രകാരത്തിലുള്ള അനുഭവങ്ങളേയും പരിചയങ്ങളേയും അതേ അവസ്ഥയിൽ പ്രാപിക്കുന്നവനാ

യിരിക്കണം. ഇതു സാദ്ധ്യമല്ലതന്നെ. പ്രഖ്യാതന്മാരായ ഗ്രന്ഥകൎത്താക്കന്മാരൊക്കെ അവരവരുടെ പ്രകൃതിദത്തമായ മനോഗതിരീതിയനുസരിച്ചാകുന്നു അവരവൎക്ക പ്രത്യേകമായുള്ള ഭാഷാസരണികളിൽ എഴുതിയിട്ടുള്ളതു്. ഈ ഭാഷാസരണി എന്നാലെന്താണു്? ഇതിലെന്താണടങ്ങിയിരിക്കുന്നതെന്നു നോക്കി നിൎണ്ണയപ്പെടുത്തിപ്പറവാൻ സാധിക്കാത്തവിധത്തിൽ അതു് ക്ഷണപ്രഭാചഞ്ചലവും, അവിഭാവ്യമാനവുമായ എന്തോ ഒന്നാകുന്നു, എന്നല്ലാതെ, നിൎവ്വചിപ്പാൻ പ്രയാസമാകുന്നു. ഉപന്യാസകൎത്താവിന്റെ വിഭാവനാശക്തിയേയും, രസജ്ഞതയേയും കൂട്ടിച്ചേൎത്തു സഹൃദയഹൃദയാഹ്ലാദകമാംവണ്ണം വാക്കുകളെ ഉപയോഗിച്ചു വാക്യങ്ങൾ രചിക്കുന്ന രീതിയാണിതെന്നു പറഞ്ഞാൽ ഭാഷാസരണിയുടെ ഒരു സ്ഥൂലമായ ജ്ഞാനം കിട്ടി എന്നു വരാം. ഇതു വിലയേറിയ ഒരു വരം ആണെന്നു വിചാരിക്കണം; പഠിപ്പുകൊണ്ടോ പരിശീലനംകൊണ്ടോ ലഭിക്കാവുന്ന വരമല്ല; കേവലം പ്രകൃതിദത്തമാകുന്നു.

വിശിഷ്ടന്മാരായ സാഹിത്യകാരന്മാരുടെ കൃതികൾ വായിക്കേണ്ടതു്, അവർ ഓരോരോ ആശയങ്ങളെ എങ്ങിനെയാണു വാക്കുകൾകൊണ്ടു ചമയിച്ചു ബഹുജനങ്ങളുടെ മുമ്പിൽ പ്രദൎശിപ്പിക്കുന്നതെന്നു ഗ്രഹിപ്പാനായിട്ടുവേണം. ഇതിലേക്കു പ്രത്യേകം ശ്രദ്ധയും, അഭിരുചിയും ഉണ്ടായിരിക്കണം. പഴമ പരിചയംകൊണ്ടു് ഒരാൾക്കു ഭാഷാസരണിയെ പരിഷ്കരിക്കാമെന്നല്ലാതെ, തനിക്കില്ലാത്ത ഒരു രീതിയെ പകൎത്തെടുക്കാൻ സാധി

ക്കയില്ല. അതിനു തുനിഞ്ഞാലുണ്ടാകുന്ന ഫലം കാകൻ അന്നനട ശീലിച്ചതിന്നൊപ്പം, ചിലർ പത്രങ്ങളിൽ എഴുതിക്കൂട്ടാറുള്ളമാതിരി, ബീഭത്സങ്ങളായ വാചകങ്ങളായിരിക്കും. തനിക്കു ഒരു പ്രത്യേകാത്മാവുണ്ടെന്നും, തന്റെ പ്രത്യേകത്വം പ്രബലപ്പെടുത്തി കാണിപ്പാൻ തനിക്കും കഴിയുമെന്നും, ഉള്ള വിചാരത്തോടുകൂടി, ആത്മസ്ഥൈര്യപൂർവ്വം പരിശ്രമിച്ചാൽ, സ്വന്തമായ ഒരു ഭാഷാസരണി തനിക്കുണ്ടായിക്കൊള്ളും, അതു മററാൎക്കും അനുകരിപ്പാൻ സാധിക്കയുമില്ല. എന്റെ അനുഭവംകൊണ്ടു പറവാൻ എനിക്കു് അവകാശമുള്ളതിന്നൊപ്പം, ഉപദേശിപ്പാൻ അധികാരംകൂടെ ഉണ്ടായിരുന്നാൽ, ഞാൻ ഇപ്രകാരം പറയുമായിരുന്നു. വിഖ്യാതന്മാരായ സാഹിത്യകാരകന്മാരുടെ കൃതികളെ വായിക്കുക. എന്നാലതു് അവരുടെ ഭാഷാസരണിയെ കൈവശപ്പെടുത്താമെന്ന ഉദ്ദേശത്തോടുകൂടെയരുതു്. ഞാൻ ശബ്ദങ്ങളുടെ ശുദ്ധാശുദ്ധതയെപ്പററി നിൎണ്ണയം വരുത്തിക്കൊൾവാൻവേണ്ടി ശബ്ദാഗമബോധമുള്ള പണ്ഡിതന്മാരുടെ കൃതികൾ വായിച്ചിട്ടുണ്ടെങ്കിൽ, അവരുടെ ഭാഷാസരണിയെ സ്വീകരിപ്പാൻ കരുതിയിരുന്നിട്ടില്ല. ഇതേവിധം അനുഭവംതന്നെ പലൎക്കുമുണ്ടായിരിക്കാൻ സംഗതിയുണ്ടു്. ആകയാൽ എനിക്കു് ഉപദേശിപ്പാനുള്ളതിതാണു്. നിങ്ങൾ വായിച്ച ഗ്രന്ഥകാരന്മാരുടെ വാചകങ്ങളെ മറന്നുകളയുവിൻ; അവർ അവരുടെ ആശയങ്ങളെ പ്രകടീകരിച്ചിരിക്കുന്ന സമ്പ്രദായത്തിന്റെ ആന്തരമായ വൈഭവത്തെ മാത്രം ഓൎമ്മവെപ്പിൻ. നിങ്ങൾക്കു പറവാനുള്ളതൊക്കെ, നിങ്ങളുടെ ഉള്ളിൽനിന്നുതന്നെ

നിങ്ങളെ വ്യാപരിപ്പിക്കുന്ന ചൈതന്യവിശേഷത്തിന്റെ സംജ്ഞാപനങ്ങൾ അനുസരിച്ചു പറഞ്ഞുകൊള്ളുവിൻ. പുരുഷത്തിൽ ഓർമ്മവെക്കേണ്ടതായ മൂന്നു കാര്യങ്ങളുണ്ടു്:— അന്തസ്സാരവിഹീനമായതു് ഉപയോഗിക്കാതിരിക്ക, സ്പഷ്ടമായുള്ളതു പറയാതിരിക്കുക, സ്വന്തമല്ലാത്ത രീതി തുടരാതിരിക്കുക— ഈവക മൂന്നു പാപങ്ങളും പററാതിരിക്കുന്നതിനു് അവശ്യം വേണ്ടതു തന്റെ ഉള്ളിനൊത്തു സംസാരിക്കുമ്പോലെതന്നെ എഴുതുകയും ചെയ്യുകയാകുന്നു. കപടവേഷവും, കപടഭാഷയും അപകടമെന്നു ധരിക്കണം.

1. വൎണ്ണന രസാവഹമാക്കണമെങ്കിൽ ഏതെല്ലാം കാൎയ്യങ്ങളിൽ ശ്രദ്ധ പതിക്കണം? 2. (ഭാഷാ)രീതി എന്നാൽ എന്തു്? 3. അന്യന്റെ രീതിയെ പൂൎണ്ണമായും അനുകരിക്കുവാൻ സാധിക്കയില്ലെന്നു പറയുന്നതെന്തുകൊണ്ടു്? 4. എന്തുദ്ദേശത്തോടെയായിരിക്കണം ഉത്തമഗദ്യമാതൃകകൾ വായിക്കേണ്ടതു്? 5. ഉപന്യാസരചനയിൽ സൂക്ഷിക്കേണ്ടതെന്തെല്ലാമെന്നാണു് ഈ പാഠത്തിൽ പറഞ്ഞിരിക്കുന്നതു്? അവയെ ക്രമാനുസരണം സംഗ്രഹിക്കുക.

2. വരയിട്ട ഭാഗത്തു് ഉചിതമായ അംഗവാക്യം ചേൎക്കുക:— 1. ചിലർ — രസമെന്നു വിചാരിക്കുന്നു 2. പിന്നീടു് — രൂപങ്ങൾ — കുറിക്കുന്നു 3. — തനിക്കില്ലാത്ത രീതിയെ പകൎത്തെടുക്കുക സാദ്ധ്യമല്ല. 4. — — സ്വന്തമായ ഒരു ഭാഷാരീതി ഉണ്ടായിക്കൊള്ളും.

3 താഴെ കാണുന്നവയുടെ നാമരൂപം ഓരോ വാക്യത്തിൽ ഉപയോഗിക്കുക:— തുടരുന്നു, ഓൎക്കുന്നു, ലഭിച്ചു, ചേരുന്നു, കാണിച്ചു, ആവൎത്തിക്കാം, തോന്നും, കുറിച്ചു

4. നീന്തൽ നിങ്ങൾക്കു ഇഷ്ടമാണോ? ഒരിക്കൽ ചില സ്നേഹിതന്മാരൊരുമിച്ചു ഒരു നദിയിൽ നീന്തിയതായി സങ്കല്പിക്കുക. അന്നത്തെ അനുഭവത്തെ അടിസ്ഥാനമാക്കി ഇഷ്ടത്തേയോ, ഇഷ്ടക്കേടിനേയോ വിവരിക്കുക.

## ൯. വിചാരധാര.

ആകാശവും ഭൂമിയുമൊപ്പമക്-
നന്തിക്കതിർപ്പൊന്നിലലങ്കരിക്കെ
ഓതുന്നു തൻപൈതലൊടമ്മറത്തി-
ലൊരോമനപ്പെൺകൊടിയിപ്രകാരം:

“നീ ചേക്ക്! തങ്കക്കുടം! ആ വരുന്ന
നീലിപ്പുലക്കള്ളിയിൽ നിന്റെ നോട്ടം
കണ്ണിന്നു തീണ്ടാതിടുവാൻ മറന്ന
കാലേയകാലം കനിവററതല്ലു.

തടിച്ച പുൽക്കെട്ടു ശിരസ്സിലൊന്നു
താങ്ങിത്തളൎന്നൊത്തിടറിക്കിടാത്തി
തൃണത്തിലും തൻനില താഴെയെന്നു
തീൎത്തോതിടുന്നുണ്ടു ജനത്തൊടെല്ലാം.

ജനിച്ചനാൾതൊട്ടു ജഗത്തിലെങ്ങും
സ്നേഹം ലഭിക്കാത്തൊരിവൾക്കപാൎത്താൽ
ചപ്രത്തലക്കെട്ടയഥാൎത്ഥമല്ല;
തള്ളന്ന്യേഴും ദുൎഗ്ഗതി പിള്ളകൾക്കും.

ഇവൾക്കു ദാരിദ്ര്യഫലത്തിൽ മേന്മേൽ
ചിന്താവ്യഥക്കാളകൾ ചേൎത്തുപൂട്ടി
ദൈവം ഉടൎന്നോരുഴവിന്റെ ചാലു
കാണാം ചുളുക്കാൎന്ന കപോലഭൂവിൽ.

മുട്ടിന്നുമേലോളമിറക്കമാൎന്ന
മുഷിഞ്ഞ മുണ്ടൊന്നിവൾതന്നരയ്ക്കൽ
ദിങ്നാരികൊണ്ടൽപ്പൊളിപോലെചുററി
മാനംമറയ്ക്കുന്നിതു വല്ലപാടും.

പ്രത്യൂഷകാലംമുതലന്തിയോളം
പാടത്തിലോരോപണിചെയ്തു നിത്യം
പ്രഭാകരൻതൻ കരമേല്ക്കുവോരി-
പ്പാവത്തിനംഗം പ്രചുരാന്ധകാരം!
ദുഃഖപ്പൂണ്ണിത്തുള്ളികൾകൊണ്ടിവൾക്കു
നെററിത്തടത്തിൽ വിളർമുത്തുപാടം!
പാടത്തിലെപ്പാഴ്ച്ചെളി നീരുകൊണ്ടു
പാടീരപങ്കദ്രവം! എന്തുചെയ്യാം!!

കണ്ടാൽവെറും പ്രാകൃതയാമിവൾക്കു
കൈവന്നിട്ടം മേന്മയൊരല്പമാക്കാം;
അതാരു ചിന്തിപ്പവർ? ചർമ്മദൃഷ്ടി-
ക്കഗോചരൻ പ്രാണദനാം സമീരൻ.

ചരാചരം സർവ്വവുമൊപ്പമേതു
പെററമ്മതൻ ലാളനമേൽക്കുമൂലം
ജീവിപ്പു; കല്യാണിനി ധാത്രിയാമ-
ദ്ദേവിക്കു ശുശ്രൂഷികയിക്കുമാരി.

പ്രകൃത്യധീശിത്രിവഹിക്കുമോമൽ-
പലാശവർണ്ണാഞ്ചിതകേശപാശം
ശരിക്കു ചീകിച്ചിടവേർപെടുത്തും
വിദഗ്ദ്ധസൈരന്ധ്രിയുമിക്കുമാരി.

മൌലിക്കുമേൽ ഭാരതൃണംചുമന്നു
വരുന്നൊരിസ്സോദരിയെൻറകണ്ണിൽ
തലക്കുശഷ്പാഭരണംധരിക്കും
സർവ്വംസഹാദേവികണക്കിരിപ്പൂ.

അതാ പുറപ്പെട്ടു തൊഴുത്തിൽനിന്നു
വിമ്മാരവംശ്രോത്രമനോഭിരാമം
ഘ്രാണത്തിനാൽ ഗോവു ഭുജിച്ചുപോയി
തദന്നപൂർണ്ണേശ്വരിതൻപ്രസാദം.

ഈയപ്പൂർണ്ണം നന്ദിനിയാൾക്കുപണ്ടു
സുദക്ഷിണാദേവി കുറേദിനങ്ങൾ
നടത്തി വേണ്ടുന്നതുനേടി; നീലി!
നിനക്കിതോനിസ്പൃഹനിത്യകർമ്മം.

പോ! തോഴി! പോ! നീ ഭുവനത്തിലുള്ള
പൊൻവെള്ളിതൊട്ടുള്ളൊരുവസ്തുവൊന്നും
ചാളസ്ഥൂകം വന്നണയാത്തതോർത്തു
സാംസാരികാർത്തിക്കടിമപ്പെടല്ലേ!

വാഴേണ്ടനാളിത്തരിശിന്നുമേലു-
ണ്ടിങ്ങേക്കഴിക്കേണ്ടൊരു കന്നുകാണും;
ഇന്നിന്നലത്തേതിലുമെത്രഭേദം?
ഈമട്ടുവന്നൽഗതികൊൾകയല്ലീ?

കുളത്തിലെപ്പാഴ്ക്കെട്ടുനീറ്റിലല്ല
കൂത്താടിനില്ക്കുന്നതു ലോകമിപ്പോൾ;
കുതിച്ചുരത്നാകരസഖ്യമാളും
കൂലങ്കഷസ്ഥുള്ള വയസ്സിലല്ലോ.

കഴിഞ്ഞകാലം വസുധാംഗനയ്ക്കു
കൌമാരമായ്സോദരി! കല്യർകാൺമൂ;
വരുന്നതോ യൌവ്വനമായവൾക്കു
വാഴ്വു വയസ്സന്ധിയെനോക്കിനമ്മൾ.

ന്യായസ്ഥനായും സമദർശിയായും
ജഗന്നിയന്താവു ജയിച്ചിടുന്നു;
കാലജ്ഞനക്കർഷകനോർമ്മയുണ്ടു
വിത്തിട്ടവണ്ണം വിളയിച്ചുകൊൾവാൻ.

മൂഢന്റെ പൊന്നും മണിയും മനീഷി
കാണുന്നു ചേറും ചരലും കണക്കെ;
വരുംപണം പോകുവതൊന്നിലല്ലീ-
യാത്മാവുറപ്പിച്ചതു വിശ്വശില്പി.

പോ! തോഴി! പോ! നീ പതറാതെ നിന്റെ
പൊട്ടപ്പുരക്കൂട്ടിനുമേലുമിപ്പോൾ
സുധാമയൂഖൻ ഗഗനത്തിൽനിന്നു
തൂവെൺകതിർപ്പൂ നിരത്തുകുമല്ലോ!"

തായേവമോരോന്നുരചെയ്തതിന്റെ
താല്പര്യമെന്തച്ചെറുപൈതൽകണ്ടു?
എന്നാലുമക്കുഞ്ഞുപറഞ്ഞു, "പാവം!
ഹാ! പാവമേ! നമ്മുടെ നീലി"യെന്നായ്.

1. ഈ കവിതയിൽ പുലച്ചിയെ വർണ്ണിച്ചിട്ടുള്ള ഭാഗം പരാവർത്തനം ചെയ്യുക.

2. 1. പുലച്ചിയെ ഭൂമിദേവിയായും അന്നപൂർണ്ണേശ്വരിയായും കല്പിച്ചിരിക്കുന്നതെന്തുകൊണ്ട്? 2. സുദക്ഷിണാദേവിയാർ? 3. നന്ദിനിക്കു സുദക്ഷിണ അർപ്പണം നടത്തിയതെന്തിന്? 4. 'കാലജ്ഞനക്കർഷകനോർമ്മയുണ്ടു വിത്തിട്ടവണ്ണം വിളയിച്ചുകൊൾവാൻ' എന്നതിൽ കവിയടക്കുന്ന അഭിപ്രായമെന്ത്?

3. വാഗ്വിലാസം, ദിങ്നാരി, തൂവെൺപണിത്തുള്ളികൾ, വയസ്സന്ധി—ഇവയുടെ സന്ധികാര്യങ്ങളും സമാസവും പറയുക.

4. ജാതിഭേദംകൊണ്ടുള്ള ദോഷങ്ങളെ വിവരിച്ച് ഒരു ഉപന്യാസമെഴുതുക.

5. 'ഉത്തരം പറയുന്നതിൽ മടി കാണിച്ചില്ല' അർത്ഥത്തിനു വ്യത്യാസം വരുത്താതെ വാക്യരൂപം പലവിധത്തിൽ മാററുക.

6. 'ഞാൻ അതു കാണുന്നു' 'എനിക്കതു കാണാം' ഈ വാക്യങ്ങളിൽ വല്ല അർത്ഥവ്യത്യാസങ്ങളും നിങ്ങൾ കാണുന്നുണ്ടോ? വിശദമാക്കുക.

## ൭. അമൃതമഥനം.

മിന്നിത്തിളങ്ങുന്ന വൻകൊടുമുടികളാൽ അലംകൃതമായി, സുവർണ്ണമയമായി, പ്രഖ്യാതമായ മഹാമേരുപർവ്വതം ആദിത്യദീപ്തിക്കുകൂടി അപകർഷം ചേർത്തുകൊണ്ടു്, മംഗളാലയമായി വിളങ്ങുന്നു. സ്വർഗ്ഗത്തെ വഹിച്ചുകൊണ്ടു് ദേവഗന്ധർവ്വാദികളാൽ പരിസേവിതമായി നില്ക്കുന്ന ആ മാമല പാപികൾക്കു് അപ്രമേയവും, അദമ്യവും, അഗമ്യവുമാണു്. അതു വ്യാളാദിഹിംസ്രമൃഗങ്ങളുടെ പാർപ്പിടമെന്നതുപോലെ, കർണ്ണാനന്ദം പുലർത്തുമാറു് കളമോഹനനിസ്വനം നിരന്തരം പൊഴിക്കുന്ന വിഹംഗകുലത്തിൻെറ ലീലാരംഗവുമാണു്. ദിവ്യൌഷധങ്ങളുടേയും, ദീപ്തരത്നങ്ങളുടേയും വിളനിലമായി, വൃക്ഷങ്ങൾ നിറന്നും, നദികൾ ചുഴന്നും ആ മഹാഗിരി ശോഭിക്കുന്നു. അതിൽ അററം കാണാത്ത നെടിയ രത്നശിഖരങ്ങളിലാണു ദേവന്മാർ നിവസിക്കുന്നതു്. ആ ദേവന്മാർ, ഒരുനാൾ, അമൃതസിദ്ധിക്കുള്ള വഴി ഏതെന്നു് ആലോചിക്കുകയുണ്ടായി. അതിനെപ്പററി അവർ ഓരോന്നു ചിന്തിച്ചുകൊണ്ടിരിക്കവെ, മഹാവിഷ്ണു ബ്രഹ്മാവിനെ വിളിച്ചു "സുരന്മാരും അസുരന്മാരും കൂടി

ച്ചേൻ്റ് വിവിധൌഷധിജാലവും, നാനാരത്നസഞ്ചയവും നിറയെ നിക്ഷേപിച്ച ക്ഷീരാബ്ധിയെ മഥിക്കുന്നതായാൽ അതിൽനിന്നു് അമൃതം കിട്ടുന്നതാണ്'' എന്നു് അരുളിച്ചെയ്തു.

അതിൻവണ്ണം പാലാഴി കടയുവാൻ ദേവന്മാർ ഒരുങ്ങി. ആ മഹാസാഗരത്തെ ഏതൊരു കടകോൽ കൊണ്ടാണു് മഥിക്കേണ്ടതു്? പതിനോരായിരം യോജന മേല്പോട്ടും, അത്രയും യോജന കീഴ്പോട്ടുമായി നീണ്ടുനില്ക്കുന്ന മന്ദരപർവ്വതത്തോളം അത്രയും പററിയ കടകോൽ മറെറാന്നില്ല. ആ വലിയ മല മേഘശൃംഗംപോലെ, പെരിയ നെടിയ കൊടുമുടികൾ ഉയർത്തി, വിവിധവൃക്ഷലതാദികളാൽ നിബിഡമായി, ഹിംസ്രമൃഗങ്ങളാൽ ആകുലമായി, പക്ഷികുലാരവത്താൽ ആകുലമായി, ദേവഗന്ധർവ്വകിന്നരവർഗ്ഗങ്ങളാൽ സേവിതമായി ശോഭിക്കുന്നു. ഈ മഹാമഹീധരത്തെ എങ്ങിനെയാണു് പൊക്കിയെടുക്കുകയെന്നറിയാതെ ദേവന്മാർ സംഭ്രമിച്ചുപോയി. ഇതുകണ്ടു്, വിഷ്ണുവും, ബ്രഹ്മാവുംകൂടി, മല പുഴക്കിയെടുക്കുന്ന ജോലി വീര്യശാലിയായ അനന്തനെ ഏല്പിച്ചു. ആ നാഗേശ്വരൻ തന്നെ ചെന്നു മന്ദരഗിരിയെ പുഴക്കിയെടുത്തുയർത്തി. ദേവന്മാർ അർത്ഥിക്കയാൽ, ആ പർവ്വതത്തിനു താങ്ങായിനിന്നതു് ആദികൂർമ്മമാണ്. ഇങ്ങിനെ മന്ദരപർവ്വതം കടകോലായപ്പോൾ വാസുകി, അതിനുതക്ക കയറായിതീൎന്നു. ആ നാഗപാശത്തിൻെറ ഇരുതലകളും പിടിച്ചു് ദേവന്മാരും, ദൈത്യന്മാരുംകൂടി മാമലക്കടകോൽകൊണ്ടു് ഉത്സാഹപൂർണ്ണരാ

യി പാലാഴി കടയുവാൻ തുടങ്ങി. ഈ മഹോദ്യമത്തിൽ തളൎന്നു വലഞ്ഞു തുടങ്ങിയ വാനവന്മാരെ കുളിൎപ്പിച്ചാശ്വസിപ്പിക്കുവാൻ വാസുകിയെതന്നെ മറെറാരു പ്രകാരത്തിൽ ഉപയോഗിച്ചു. ആ നാഗേന്ദ്രന്റെ ശീൎഷത്തെ അലച്ചുലച്ചടിക്കയാൽ വക്ത്രത്തിൽനിന്നു പുകഞ്ഞെരിഞ്ഞുകൊണ്ടുള്ള കാററു ഊക്കോടടിച്ചു പരക്കയും, അപ്പോഴുണ്ടായ ധൂമപടലം തിങ്ങിവിങ്ങി വാനെങ്ങും നിറഞ്ഞു് കുളിർ മഴ പൊഴിക്കയും ചെയ്തു. ആ മഴയേററു തളച്ചതീൎന്ന സുരാസുരന്മാർ മന്ദരഗിരിയിൽനിന്നു വൎഷിക്കുന്ന നറുമലർ നിരയിൽ നിമഗ്നരായി ആശ്വാസമുൾക്കൊണ്ടവരായിതീൎന്നു. പിന്നീടു്, പൂൎവ്വാധികം ഉത്സാഹത്തോടുകൂടി അവർ പാൽക്കടൽ കടഞ്ഞു തുടങ്ങി; ആ മഹാശൈലത്തിന്റെ ചുഴററലിൽനിന്നു മേഘഗൎജ്ജനമൊത്ത ഘോരധ്വനി മുഴങ്ങി. കടലിൽ കുടികൊള്ളുന്ന വിവിധ ജീവജാലങ്ങൾ ആ മഥനത്തിലുൾപ്പെട്ടു ചതഞ്ഞരഞ്ഞു വെള്ളത്തിൽ അലിഞ്ഞുപോയി. പാതാളത്തിൽ പാൎക്കുന്ന ജലസംബന്ധികളായ ഭൂതഗണങ്ങൾക്കും മേല്പടിതന്നെയായി അനുഭവം. ആ മാമലയുടെ വേഗംകൂടിയ ചുററിത്തിരിച്ചലിൽ, അതിന്മേലുള്ള വന്മരങ്ങൾ കൂട്ടിമുട്ടിപ്പൊട്ടിത്തെറിക്കയും, ആ മുട്ടലിൽനിന്നുണ്ടായ തീപ്പൊരികൾ പരപ്പിൽ പടൎന്നു്, വായുവിൽ വിദ്യുത്തെന്നപോലെ ആ മാമലയിൽ പരന്നെരിയുകയും ചെയ്തു. സിംഹഗജാദിമൃഗങ്ങളെ ദഹിപ്പിച്ചുതുടങ്ങിയ ആ കാട്ടുതീ ദേവേന്ദ്രൻ ഉടൻതന്നെ മഴ പെയ്യിച്ചുകെടുത്തി. വൃക്ഷലതാദികൾ ഒന്നോടൊന്നു

മുട്ടിച്ചതഞ്ഞതിൽ നിന്നു് ഔഷധിരസം വാൎന്നൊഴുകി കടൽ നീരിൽ കലൎന്നു. അനന്തരം ആ കടൽവെള്ളം മുഴുവൻ തനിപ്പാലായിച്ചമഞ്ഞു. ആ പാലിൽ പലതരം പദാൎത്ഥങ്ങൾ കലരുകയാൽ, അതു വെണ്ണയായിത്തുടങ്ങി. എന്നിട്ടും അമൃതോദയം കാണായ്കയാൽ മനസ്സുമടുത്തു വാനവന്മാർ തളൎന്നുപോകുന്നതു കണ്ടു്, സ്വപ്രഭാവത്താൽ മഹാവിഷ്ണു അവരെയെല്ലാം പൂൎവ്വാധികം ഉത്സാഹഭരിതരാക്കി. വീണ്ടും അവർ ശക്തിമുഴുവൻ ചെലുത്തികൊണ്ടു് കടൽ കടയുവാൻ മുതിൎന്നു. അപ്പോൾ അതിൽനിന്നു തെളിഞ്ഞു തിളങ്ങുന്ന കുളിരോലും കിരണങ്ങൾ ആയിരമാൎന്ന സുധാംശു സമുത്ഭവിച്ചു. വഴിയെതന്നെ കടൽ കടഞ്ഞുണ്ടായ വെണ്ണയിൽനിന്നു ശുക്ലാംബരധാരിണിയായ ലക്ഷ്മിയും, സുരാദേവിയും സംജാതരായി. അതിൽപ്പിന്നീടുണ്ടായതു് ശുഭ്രാശ്വവീരനായ ഉച്ചൈഃശ്രവസ്സാണു്. അതിനെ തുടൎന്നു്, കതിർനിര ചിതറുന്ന മഹാരത്നമായ കൌസ്തുഭവും, സൎവ്വാഭീഷ്ടപ്രദങ്ങളായ പാരിജാതം, കാമധേനു എന്നിവയും, ആ കടലിൽ നിന്നുയൎന്നു വന്നു. ഈവക സിദ്ധികളാൽ ദേവന്മാർ സന്തുഷ്ടരായി നില്ക്കവെ, ധന്വന്തരി അമൃതം നിറച്ച വെള്ളിക്കിണ്ടിയോടുകൂടി ആവിൎഭവിച്ചു. ഇതുകണ്ടു് അത്ഭുതപരവശരായ അസുരന്മാർ ആ അമൃതം എനിക്കെനിക്കു് എന്നു നിലവിളിച്ചു കലശൽകൂട്ടി. ഐരാവതം എന്ന നാൽക്കൊമ്പൻ വെള്ളാനയാണു് അമൃതാനന്തരം ജനിച്ചതു്. കടവിൽ ലോകമെല്ലാം ദഹിക്കുമാറു് ഘോരാഗ്നിതുല്യം ധൂമംവമിക്കുന്ന കാളകൂടമുണ്ടാ

യി. അതിൻെറ തീക്ഷ്ണഗന്ധംകൊണ്ടുതന്നെ മൂവുലകം മയങ്ങിപ്പോയി. ലോകസംരക്ഷണാത്ഥം, ആ വിഷത്തെ പരമേശ്വരൻ ഭുജിക്കുകയും, സ്വന്തം മന്ത്രശക്തിയാൽ അതു കണ്ഠത്തിൽതന്നെ നിത്തുകയും, അന്നുമുതൽ ആ മഹാദേവൻ നീലകണ്ഠനാകയും ചെയ്തു. ക്ഷീരാബ്ധി മഥനത്തിൽനിന്നു സിദ്ധിച്ച ദിവ്യവസ്തുക്കൾ കണ്ടു വിസ്മയാകുലരായിനിന്ന ദൈത്യന്മാർ ആ വസ്തുക്കളെല്ലാം ദേവപക്ഷത്തെ പ്രാപിച്ചപ്പോൾ, നിരാശരും, വിദ്വേഷപൂണ്ണരുമായിതീന്നു. അവരാൽ അപഹൃതമായ അമൃതത്തെ മഹാവിഷ്ണു ദിവ്യസൌന്ദയ്യവിലാസം തികഞ്ഞ മായാമോഹിനിയായിച്ചമഞ്ഞു് ആ അസുരന്മാരുടെ മുമ്പിൽചെന്നു് അവരെ വശീകരിച്ചു തിരിയെ വാങ്ങിക്കൊണ്ടുവന്നു. അങ്ങിനെ വഞ്ചിതരായ ദാനവന്മാർ സത്യം ഗ്രഹിച്ചപ്പോൾ ക്രൂദ്ധരായിതീന്നു പോക്കോപ്പണിഞ്ഞു ദേവന്മാരോടെതിരിട്ടു. ഈ ബഹളത്തിനിടയിൽതന്നെ മഹാവിഷ്ണു ദേവന്മാക്കെല്ലാം അമൃതം വിളമ്പിക്കൊടുത്തു. ദൈത്യകുലത്തിൽപ്പെട്ട രാഹു, ദേവരൂപം ധരിച്ചു്, അമൃതിൽ തനിക്കുമൊരു പങ്കുനേടി, മററുള്ളവരോടൊപ്പം പാനം ചെയ്തു. അതു് അവൻെറ കണ്ഠത്തോളമെത്തുമ്പോഴേയ്ക്കും, സൂയ്യചന്ദ്രന്മാർ അവൻ ദാനവനാണെന്നറിഞ്ഞു ദേവന്മാരെ ഗ്രഹിപ്പിക്കയാൽ, മഹാവിഷ്ണു അവൻെറ ശിരസ്സു ചക്രംപ്രയോഗിച്ചു മുറിച്ചു വേർപെടുത്തി. പവ്വതശിഖരത്തെപ്പോലെയുള്ള ആ ദൈത്യമസ്തകം ആകാശത്തേക്കുയന്നു ഘോരഘോരം ശബ്ദിച്ചു. തലയററ ശരീരമാവട്ടെ, പിടച്ചുപിടിച്ചുകൊണ്ടു പതിച്ചപ്പോൾ കാടു, മല, തുരുത്തെന്നിവ ചേന്നു മന്നി

ടം വല്ലാതെയൊന്നു കുലുങ്ങിപ്പോയി. ഈ സംഭവത്തിനുശേഷം വൈരം നിറഞ്ഞ ആ രാഹുവക്ത്രം പ്രതിക്രിയയായി സൂൎയ്യചന്ദ്രന്മാരെ ഇന്നും ഭക്ഷിക്കാറുണ്ടു്.

അമൃതം കിട്ടാതെ രുഷ്ടരായിത്തീൎന്നു പടവെട്ടുവാനൊരുങ്ങിയ അസുരന്മാരോടു ദേവന്മാർ ഇടഞ്ഞെതിൎത്തു. ഭീകരമായ ഘോരസമരമാണ് അന്നു നടന്നതു്. സുരന്മാർ പ്രയോഗിച്ച ദിവ്യശസ്ത്രാസ്ത്രങ്ങളേററു പൊന്നണിമുടികൾ അററു തെറിച്ച ദൈത്യശരീരങ്ങൾ പൎവ്വതശൃംഗങ്ങൾപോലെ അടക്കളമെങ്ങും നിരന്നു നിറഞ്ഞു. കരിങ്കാർനിറംപൂണ്ട ദൈത്യവീരന്മാർ ഘോരാരവത്തോടും, മഹാബലത്തോടുംകൂടി വലിയ വലിയ മലകൾകൊണ്ടു സുരവൃന്ദത്തെ തല്ലിത്തല്ലിച്ചതച്ചുവിട്ടു. ഈ ഘട്ടത്തിൽ നരനാരായണന്മാർ പ്രവേശിക്കയും, നരൻ ചൊരിഞ്ഞ ശരങ്ങളും, നാരായണൻ പ്രയോഗിച്ച ചക്രവുമേററു് അസുരശക്തി നിശ്ശേഷം നശിച്ചുപോകയും ചെയ്തു. ഇങ്ങിനെ ദൈത്യബാധയൊഴിഞ്ഞു ദേവന്മാർ മന്ദരഗിരിയെ സ്വസ്ഥാനത്തിൽ ചേൎത്തതിൽപിന്നെ അമൃതം നരനാൽ സംരക്ഷിതമാക്കി, സമാധാനമുൾക്കൊണ്ടു വിജയിച്ചു.

1. പാലാഴിമഥനാവസരത്തിൽ കിട്ടിയ സാധനങ്ങളെന്തെല്ലാം? 2 സാഗരം എന്ന പേർ എങ്ങിനെയുണ്ടായി? 3. നീലകണ്ഠൻ ആർ? ആ പേർ എങ്ങിനെയുണ്ടായി? 4. പുരാണമെന്ന വാക്കിൻെറ അൎത്ഥത്തെ വിവരിക്കുക. 5. ധന്വന്തരി ആർ?

2. "ആ മാമലയുടെ മഹിമകൾ വൎണ്ണിപ്പാൻ ഞാൻ അനന്തനല്ല" ഈ വാക്യത്തെ വ്യാകരിക്കുക.

3. നിങ്ങൾ കണ്ടിട്ടുള്ളതിൽ അത്യന്തം മനോഹരമായ ഒരു സ്ഥലത്തെപ്പററി വിവരിക്കുക. നിങ്ങളെ കൂടുതൽ രസിപ്പിച്ച ചില സംഗതികളെ ചമൽകാരമയമാംവണ്ണം വൎണ്ണിക്കുവാൻ ശ്രമിക്കണം. ഈ പാഠത്തിൽനിന്നു പഠനന്ന പദങ്ങൾ എത്രയെങ്കിലും എടുത്തുപയോഗിക്കാം. സരസങ്ങളായ ശുദ്ധമലയാളപദങ്ങൾ ധാരാളം ഈ പാഠത്തിൽ ഉപയോഗിച്ചിട്ടുള്ളതും നിങ്ങളുടെ പ്രത്യേക ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണു്.

4. താഴെ കാണുന്നവയ്ക്കു ഉചിതമായ ഓരോ ക്രിയാവിശേഷണവാക്യം ചേൎക്കുക:—1. മന്നിടംവല്ലാതെയൊന്നുകലുങ്ങിപ്പോയി. 2. ദൈത്യന്മാർ ദേവന്മാരോടെതിരിട്ടു. 3. ദേവന്മാർ സംഭ്രമിച്ചുപോയി.

5. താഴെ കാണുന്നവയെല്ലാം ചേൎത്തു ഒരു സങ്കീൎണ്ണവാക്യമാക്കുക:—മന്ദരപൎവ്വതം കടകോലായി; വാസുകി കയറായി; ദേവന്മാർ ഉത്സാഹഭരിതരായി; അവർ ആ നാഗപാശത്തിൻെറ ഇരുതലകളും പിടിച്ചു; പാലാഴിമഥനം ആരംഭിച്ചു.

## ൮. തത്ത്വോപദേശം.

ഉൎവ്വരമായുള്ളൊരു രാജ്യദേഹാദിയും
വിശ്വവും നിശ്ശേഷധാന്യധനാദിയും
സത്യമെന്നാകിലേ തൽപ്രയാസം തവ
യുക്തമല്ലാഞ്ഞിലെന്തിതിനാൽഫലം?
ഭോഗങ്ങളെല്ലാം ക്ഷണപ്രഭാ ചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോൎക്ക നീ
വഹ്നിസന്തപ്തലോഹസ്ഥാംബു ബിന്ദുനാ-
സന്നിഭം മൎത്ത്യജന്മം ക്ഷണഭംഗുരം.

ചക്ഷുശ്രവണഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതുപോലെ
കാലാഹിനാപരിഗ്രസ്തമാം ലോകവു-
മാലോലചേതസാഭോഗങ്ങൾതേടുന്നു.

പുത്രമിത്രാർത്ഥകളത്രാദിസംഗമ-
മെത്രയുമല്പകാലസ്ഥിതമോർക്ക്നീ
പാന്ഥർ പെരുവഴിയമ്പലംതന്നിലേ-
താന്തരായ്ക്കൂടി വിയോഗം വരുംപോലെ.

നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾപോലെയു-
മെത്രയും ചഞ്ചലമാലയസംഗമം
ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്കു
നിൽക്കുമോ യൌവനവും പുനരധ്രുവം.

സ്വപ്നസമാനം കളത്രസുഖം നൃണാ-
മല്പമാമായുസ്സും നിരൂപിക്ക ലക്ഷ്മണ!
രാഗാദിസംകുലമായുള്ള സംസാര-
മാകനിരൂപിക്കൽ സ്വപ്നതുല്യം സഖേ.

ഓർക്ക ഗന്ധർവ്വനഗരസമമതിൽ
മൂർഖന്മാർ നിത്യമനുവർത്തിച്ചീടുന്നു
ആദിത്യദേവനുദിച്ചിതു വേഗേന
യാദഃപതിയിൽ മറഞ്ഞിതു സത്വരം.

നിദ്രയും വന്നിതുദയശൈലോപരി
വിദ്രുതംവന്നിതു പിന്നെയും ഭാസ്കരൻ
ഇത്ഥം മതിഭ്രമമുള്ളോരു ജന്തുക്കൾ
ചിത്തേ വിചാരിപ്പതില്ല കാലാന്തരം.

ആയുസ്സുപോകുന്നതേതുമറിവീല
മായാസമുദ്രത്തിൽ മുങ്ങിക്കിടക്കയാൽ
വാൎദ്ധക്യമോടു ജരാനരയുംപൂണ്ടു
ചിത്തമോഹേന മരിക്കുന്നിതു ചിലർ.

നേത്രേന്ദ്രിയംകൊണ്ടു കണ്ടിരിക്കെ പുന-
രോൎത്തറിയുന്നീല മായതൻവൈഭവം
ഇപ്പോളിതുപകൽ പില്പാടുരാത്രിയും
പില്പാടുപിന്നെപ്പകലുമുണ്ടാവ്വരും.

ഇപ്രകാരം നിരൂപിച്ചു മൂഢാത്മാക്കൾ
ചിൽപുരുഷൻഗതിയേതുമറിയാതെ
കാലസ്വരൂപനാമീശ്വരൻതന്നുടെ
ലീലാവിലാസങ്ങളൊന്നുമോരാഞ്ഞയാൽ.

ആമകുംഭാംബുസമാനമായുസ്സുടൻ
പോവതേതും ധരിക്കുന്നതില്ലാരുമേ
രോഗങ്ങളായുള്ള ശത്രുക്കളുംവന്നു
ദേഹംനശിപ്പിക്കുമേവനുംനിൎണ്ണയം.

മൃത്യുവുംകൂടാതൊരുനേരവും പിരിയാതെ
ഛിദ്രവുംപാൎത്തുപാൎത്തുള്ളിലിരിക്കുന്നു
ദേഹം നിമിത്തമഹംബുദ്ധികൈക്കൊണ്ടു
മോഹംകലൎന്നു ജന്തുക്കൾനിരൂപിക്കും.

ബ്രാഹ്മണോഹം നരേന്ദ്രോഹമാഢ്യോഹമെ-
ന്നാമ്രേഡിതം കലൎന്നീടും ദശാന്തരേ!
ജന്തുക്കൾഭക്ഷിച്ചുകാഷ്ഠിച്ചുപോകിലാം
വെന്തുവെണ്ണീറായ്ച്ചമഞ്ഞുപോയീടിലാം.

മണ്ണിൻകീഴായ് കൃമികളായ്പോകിലാം
നന്നല്ലദേഹംനിമിത്തം മഹാമോഹം
ത്വങ്മാംസരക്താസ്ഥിവിൺമൂത്രരേതസാം
സമ്മേളനം പഞ്ചഭൂതകനിർമ്മിതം
മായാമയമായ്പരിണാമിയായൊരു
കായംവികാരിയുള്ളൊന്നിതദ് ധ്രുവം
ദേഹാഭിമാനംനിമിത്തമായുണ്ടായ
മോഹേനലോകം ദഹിപ്പിപ്പതിന്നുനീ
മാനസതാരിൽ നിരൂപിച്ചതുംതവ
ജ്ഞാനമില്ലായ്കെന്നറികനീലക്ഷ്മണാ!
ദോഷങ്ങളൊക്കവെ ദേഹാഭിമാനിനാം
രോഷേണവന്നു ഭവിക്കുന്നതോർക്കനീ
ദേഹോഹമെന്നുള്ള ബുദ്ധിമനുഷ്യർക്ക്
മോഹമാതാവാമവിദ്യയാകുന്നതും
ദേഹമല്ലോർക്കിൽ ഞാനായതാത്മാവെന്നു
മോഹൈകഹന്ത്രിയായുള്ളതു വിദ്യകേൾ
സംസാരകാരിണിയായതവിദ്യയും
സംസാരനാശിനിയായതു വിദ്യയും
ആകയാൽ മോക്ഷാർത്ഥിയാകിൽ വിദ്യാഭ്യാസ-
മേകാന്തചേതസാ ചെയ്കവേണ്ടുന്നതും
തത്രകാമക്രോധലോഭമോഹാദികൾ
ശത്രുക്കളാകുന്നതെന്നുമറികനീ
മുക്തിക്കുവിഘ്നംവരുത്തുവാനെത്രയും
ശക്തിയുള്ളൊന്നതിൽ ക്രോധമറികനീ

മാതാപിതൃഭ്രാതൃമിത്രസഖികളെ
ക്രോധംനിമിത്തം. ഹനിക്കുന്നിതുപുമാൻ
ക്രോധമൂലം മനസ്താപമുണ്ടായ്വരും
ക്രോധമൂലം നൃണാം സംസാരബന്ധനം
ക്രോധമല്ലൊനിജകമ്മക്ഷയകരം
ക്രോധംപരിത്യജിക്കേണം ബുധജനം
ക്രോധമല്ലോ യമനായതുനിണ്ണയം
വൈതരണ്യാഖ്യയാകുന്നതുതൃഷ്ണയും
സന്തോഷമാകുന്നതു നന്ദനംവനം
സന്തതം ശാന്തിയേ കാമസുരഭികേൾ
ചിന്തിച്ചുശാന്തിയെത്തന്നെഭജിക്കനീ
സന്താപമെന്നാലൊരുജാതിയുംവരാ.
ദേഹേന്ദ്രിയപ്രാണബുദ്ധ്യാദികൾക്കെല്ലാ-
മാഹന്ത മേലെ വസിപ്പതാത്മാവുകേൾ
ശുദ്ധസ്വയംജ്യോതിരാനന്ദപൂണ്ണമായ്
തത്വാത്ഥമായ്നിരാകാരമായ്നിത്യമായ്
നിവ്വികല്പംപരം നിവ്വികാരംഘനം
സവ്വൈകകാരണം സവ്വജഗന്മയം
സവ്വൈകസാക്ഷിണം സവ്വജ്ഞമീശ്വരം
സവ്വദാചേതസി ഭാവിച്ചുകൊൾകനീ
സാരജ്ഞനായനീകേൾ സുഖദുഃഖദം
പ്രാരബ്ധമെല്ലാമനുഭവിച്ചീടണം
കമ്മേന്ദ്രിയങ്ങളാൽ കത്തവ്യമൊക്കവെ
നിമ്മായമാചരിച്ചീടുകെന്നോവത്സ.

1. 1. മനുഷ്യജീവിതത്തേയും, ഭോഗേച്ഛയേയും എന്തിനോടെല്ലാമാണ് ഉപമിച്ചിരിക്കുന്നതു്? 2. അസ്ഥിരങ്ങളായവ എന്തെല്ലാം? 3. ഏതു സന്ദൎഭത്തിലാണ് ഇതെല്ലാം ലക്ഷ്മണനു ഉപദേശിച്ചുകൊടുത്തതു്? 4. വിദ്യ എന്നും അവിദ്യ എന്നും പറയുന്നതെന്തു്? 5 ഏററവും ശ്രേഷ്ഠമായതെന്തു്? 6. മായയെന്നാൽ എന്തു? 7. ക്രോധത്തിനു കാരണമെന്തെന്നാണു പറഞ്ഞിരിക്കുന്നതു്?

2. കായത്തെപ്പററിയുള്ള വിമൎശനം സ്വവാക്യങ്ങളിൽ എഴുതുക.

3. ക്രോധംമൂലം വരാവുന്ന ദോഷങ്ങളെ വിവരിച്ചു ഒരുപന്യാസമെഴുതുക.

4. ആയുസ്സിനെ ആമകുംഭാംബുവിനോടുപമിച്ചിട്ടുള്ളതിൻെറ ഔചിത്യം പരിശോധിക്കുക.

5. നഗരവാസം, ഗ്രാമവാസം—ഇവയുടെ ഗുണദോഷങ്ങളെ താരതമ്യപ്പെടുത്തി ഏതാനും ഖണ്ഡികകൾ എഴുതുക.

6. ഒരേശബ്ദംതന്നെ പ്രയോഗംകൊണ്ടു നാമമായും ഗതിയായും തീരാറുണ്ടല്ലോ.

1. ഇന്നത്തെ നിമിത്തം നന്നായില്ല
   അതു നിമിത്തം ഈ ദുഃഖംനേരിട്ടു.
2 അതിൻെറ കാരണം നിനക്കറിയാമല്ലോ.
   അതു കാരണം അവൻ അവിടം വിടേണ്ടതായ്വന്നു.

ഇവിടെ കീഴ്വരയിട്ട പദങ്ങൾ ഓരോ സ്ഥലത്തും ഏതേതു ജാതിയിൽ പെട്ടതാകുന്നു?

## ൯. ഗ്രഹണം.

യഥാൎത്ഥസംഭവങ്ങൾ വേഷംമാറി വേറൊരു രീതിയിൽ പുരാണങ്ങളിൽ പറയാറുണ്ടോ എന്നു്, പുരാണത്തിൽ വിശ്വസിക്കുന്നവർ സംശയിക്കേണ്ടുന്ന ആവശ്യമില്ല. അനേകം ദൃഷ്ടാന്തങ്ങൾ അതിനു പുരാണങ്ങ

ളിൽ തന്നെയുണ്ടു്. ഗ്രഹണത്തെക്കുറിച്ചുള്ള കഥതന്നെ ഒരു ഉത്തമ ദൃഷ്ടാന്തമാകുന്നു.

രാഹുകേതുക്കൾ സൂൎയ്യചന്ദ്രന്മാരെ വിഴുങ്ങുമ്പോഴാണു ഗ്രഹണമുണ്ടാകുന്നതെന്നും, വിഷ്ണുചക്രത്താൽ മുറിക്കപ്പെട്ട വിധുന്തുദന്റെ തലയും, വാലുമാണു രാഹുകേതുക്കളെന്നും, വിധുന്തുദനെ കാണിച്ചുകൊടുത്തതു സൂൎയ്യചന്ദ്രന്മാരാണെന്നും, അതുനിമിത്തമാണു രാഹുകേതുക്കൾ സൂൎയ്യചന്ദ്രന്മാരെപ്പിടിച്ചു വിഴുങ്ങുന്നതെന്നും പുരാണങ്ങളിൽ കാണുന്നു. ആധുനികശാസ്ത്രങ്ങളും, പൌരസ്ത്യസിദ്ധാന്തങ്ങളും ഈ അഭിപ്രായത്തിനു വിപരീതമാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. പുരാണകൎത്താക്കൾ അസംബന്ധം പറഞ്ഞതാണെന്നാകുന്നു ഇതിൽനിന്നു പലരും ധരിച്ചിട്ടുള്ളതു്. വാസ്തവം അങ്ങിനെയല്ല. അവരുടെ പ്രതിപാദനരീതിയുടെ സ്വഭാവം ആലോചിക്കായ്കയാൽ പുരാണപാരായണക്കാൎക്കാണു് അബദ്ധ്യം പിണഞ്ഞതു്. പുരാണഭാഷയിലൂടെ പുരാണത്തിന്റെ അൎത്ഥം കാണ്മാൻ ശ്രമിച്ചാൽ ഇതു മനസ്സിലാകും.

വിഷ്ണുവെന്നതിനു വിശ്വവ്യാപകനെന്നൎത്ഥമുണ്ടല്ലോ. അതുകൊണ്ടു ഗ്രഹണത്തിന്റെ കഥയിൽ പറഞ്ഞുകാണുന്ന വിഷ്ണുചക്രമെന്നതിനു വിശ്വത്തെ വ്യാപിച്ചു (ചുററി) നില്ക്കുന്ന ചക്രം (വൃത്തം) എന്നാകുന്നു അൎത്ഥം. ഗണിതശാസ്ത്രപ്രകാരവും വിശ്വത്തെ വ്യാപിച്ചുകൊണ്ടു് (ഭൂമിയെ ചുററിക്കൊണ്ടു്) ആകാശത്തിൽ ഒരു വൃത്തം സങ്കല്പിച്ചിട്ടുണ്ടു്. (ഭൂമി സൂൎയ്യനു ചുററും സഞ്ചരിക്ക

മ്പോൾ ഭൂവാസികളായ നമുക്കു ഭൂമി ഇളകുന്നില്ലെന്നും, സൂൎയ്യൻ നീങ്ങുന്നുവെന്നും തോന്നും. അങ്ങിനെയുള്ള നീക്കം ഒരു വരകൊണ്ടു ചേൎക്കുന്നതായാൽ ആയതൊരു വൃത്തമായിതീരും.) അതിനു രാശിചക്രം (ക്രാന്തിവൃത്തം) എന്നാണു പേർ. ആ വൃത്തത്തിൽക്കൂടി സൂൎയ്യൻ ഭൂമിക്കു ചുററും പരിവൎത്തനം ചെയ്യുന്നതായി നമുക്കു തോന്നുന്നു. അതിൽക്കൂടി ഒരുവട്ടം സൂൎയ്യനു സഞ്ചരിക്കുവാൻ വേണ്ടി വരുന്ന കാലത്തേയാണ് ഒരു സംവത്സരമെന്നു പറയുന്നതു്. ക്രാന്തിവൃത്തത്തിന്നു അല്പം (4½ ഡിഗ്രി) ചരിഞ്ഞുകൊണ്ടു മറെറാരു വൃത്തവും ഭൂമിക്കു ചുററുമായി ആകാശത്തിലുണ്ടു്. അതിനെ വിക്ഷേപവൃത്തമെന്നു പറയുന്നു. അതിൽക്കൂടെയാണു ചന്ദ്രൻ സഞ്ചരിക്കുന്നതു്. ഇവയെ ക്രാന്തിമണ്ഡലമായും, വിക്ഷേപമണ്ഡലമായും നിരൂപിക്കാൻ കഴിയുന്നവൎക്കു ഭൂമിയാകുന്ന അക്ഷദണ്ഡത്തിന്മേൽ ഘടിപ്പിക്കപ്പെട്ട ചക്രമെന്നോണം ഇവയെ മനസ്സിൽ കാണ്മാൻ കഴിയും. ആ ഭാഗം ഗോളഗണിതജ്ഞന്മാൎക്കായി വിട്ടുകൊണ്ടു് ആകാശത്തിലുണ്ടെന്നു പറഞ്ഞതായ ആ രണ്ടു സങ്കല്പവൃത്തങ്ങളുടെ സമീപത്തേക്കുതന്നെ നമുക്കു പോകാം.

വൃത്തങ്ങൾ രണ്ടും വിശ്വത്തെ വ്യാപിച്ചു നില്ക്കുന്നവയാകയാലും, കഥയിൽ കലാശിപ്പിക്കേണ്ടതുകൊണ്ടുമാണു രണ്ടിനേയുമൊന്നാക്കി വിഷ്ണുചക്രമെന്നു പൌരാണികന്മാർ പറഞ്ഞിട്ടുള്ളതു്. ഭൂമിയിൽനിന്നു നോക്കുമ്പോൾ കാണ്മാൻ കഴിഞ്ഞിരുന്നെങ്കിൽ, അവ രണ്ടു ദിക്കിൽവെച്ചു് അന്യോന്യം മുറിയുന്നതു കാണാമായിരു

ന്നു. ഈ മുറിയുന്ന സ്ഥലങ്ങൾക്കാകുന്നു പാതസ്ഥാനം (രാഹുകേതുക്കൾ) എന്നു ഗണിതഗ്രന്ഥങ്ങളിൽ പറഞ്ഞിട്ടുള്ളതു്. അതിനാൽ ചക്രംകൊണ്ടു മുറിഞ്ഞ ഭാഗങ്ങളാണു രാഹുവും കേതുവുമെന്നു പുരാണത്തിൽ പറഞ്ഞിട്ടുള്ളതു് ഗണിതശാസ്ത്രത്തെ അനുസരിച്ചുതന്നെയാണെന്നു സിദ്ധിക്കുന്നു.

ഇനി വിധുന്തുദൻ ആരാണെന്നു നോക്കണം. വിധുവെ (ചന്ദ്രനെ) ഉപദ്രവിക്കുന്നവൻ എന്നാണല്ലൊ വിധുന്തുദൻ എന്ന പദത്തിൻെറ അൎത്ഥം. ചന്ദ്രൻ ചിലപ്പോൾ ഒരു പ്രത്യേക നിഴലിൽ പെട്ടു പോകുന്നതു ജനങ്ങൾ കണ്ടു. ആയതു പൌൎണ്ണമിയിലാണെന്നുംഅവർ മനസ്സിലാക്കി. എന്നാൽ എല്ലാ പൌൎണ്ണമിയിലും അപ്രകാരം സംഭവിക്കുന്നതായി കാണായ്കയാൽ ഒരു പ്രത്യേക സ്ഥലത്തെത്തുമ്പോഴാണങ്ങിനെ ഉണ്ടാകുന്നതെന്നു അവർ തീൎച്ചപ്പെടുത്തുകയും ആ സ്ഥാനത്തിനു വിധുവെ ഉപദ്രവിക്കുന്നവൻ എന്ന അൎത്ഥത്തിൽ വിധുന്തുദൻ എന്നു പറഞ്ഞുവരികയും ചെയ്തു. ഗണിതശാസ്ത്രജ്ഞന്മാർ ആയതു് ഒററസ്ഥാനമല്ലെന്നും, രണ്ടു വൃത്തങ്ങൾ മുറിയുന്നതും, ആറുരാശി അന്തരമുള്ളതുമായ രണ്ടു സ്ഥാനങ്ങളാണെന്നും കണ്ടുപിടിക്കയും അവയ്ക്കു രാഹുകേതുക്കളെന്നു പേർ കല്പിക്കയും ചെയ്തപ്പോൾ വിഷ്ണുചക്രം (വിശ്വവ്യാപകചക്രം) കൊണ്ടു ഖണ്ഡിക്കപ്പെട്ട വിധുന്തുദൻെറ വാലും തലയുമാണു രാഹുകേതുക്കളെന്നു പൌരാണികന്മാർ പറകയും അതൊരു പുരാണകഥയുമായി ബന്ധിപ്പിക്കയും ചെയ്തു. ഇതാകുന്നു വിധുന്തുദൻ.

രാഹുകേതുക്കൾ സൂൎയ്യചന്ദ്രന്മാരെ വിഴുങ്ങുന്നുവെന്നു പറഞ്ഞതും വിശേഷിച്ചൊന്നുമല്ല. മേല്പറഞ്ഞ രണ്ടു വൃത്തങ്ങൾ വഴിയായി സഞ്ചരിക്കുന്ന സൂൎയ്യചന്ദ്രബിംബങ്ങൾ അടുത്തു വരുന്നതു വൃത്തങ്ങൾ മുറിയുന്ന സ്ഥലത്തു (രാഹുകേതുക്കളിൽ) എത്തുമ്പോൾ മാത്രമാകുന്നു. അവിടെവെച്ചു മാത്രമേ ഒന്നിനു മറേറതിനെ മറയ്ക്കുവാൻ കഴിയുകയുള്ളു അതിനാലാണു രാഹുകേതുക്കൾ സൂൎയ്യചന്ദ്രന്മാരെ വിഴുങ്ങുന്നുവെന്നു പറഞ്ഞതു്. മറഞ്ഞുപോകലാണു വിഴുങ്ങലായതു്.

സൂൎയ്യചന്ദ്രന്മാരാണു വിധുന്തുദനെ കാട്ടിക്കൊടുത്തതെന്നു പറഞ്ഞിട്ടുണ്ടല്ലോ. അതിനെപ്പററിയും പറയാം. ആകാശത്തിൽ മുൻപറഞ്ഞവിധം രണ്ടു വൃത്തങ്ങളുണ്ടെന്നോ, അവ മുറിയുന്ന സ്ഥലം ഇന്നതാണെന്നോ യാതൊരു യന്ത്രംകൊണ്ടും കണ്ടുപിടിക്കാൻ കഴിയുകയില്ല. സൂൎയ്യന്റേയും ചന്ദ്രന്റേയും സഞ്ചാരത്തിൽനിന്നു വേണം വിധുന്തുദൻ (രാഹുകേതുക്കൾ) എവിടെയാണെന്നു് അറിവാൻ. അതുകൊണ്ടാകുന്നു വിധുന്തുദനെ സൂൎയ്യചന്ദ്രന്മാർ കാട്ടിക്കൊടുത്തുവെന്നു പറഞ്ഞിട്ടുള്ളതു്. ചന്ദ്രന്നു് അമൃതരുചിയെന്നുകൂടി പേരുള്ളതും, അമൃതരുചിയെ വിധുന്തുദൻ വിഴുങ്ങുന്നുവെന്നുള്ളതും ഓൎത്താൽ അമൃതത്തിന്റെ കഥയും ഗ്രഹണവുമായുള്ള ബന്ധവുമെല്ലാം വ്യക്തമാകും.

1. 1 ക്രാന്തിവൃത്തം എന്നാൽ എന്തു്? 2 വിഷ്ണുചക്രമെന്നതിനു പുരാണസംബന്ധമായും, ശാസ്ത്രീയമായുമുള്ള അൎത്ഥമെന്തു്? 3. വിധുന്തുദൻ ആർ? ശാസ്ത്രീയമായ അൎത്ഥമെന്തു? 4. സൂൎയ്യചന്ദ്രന്മാരാണു

വിധുന്തുദനെ കാട്ടിക്കൊടുത്തതെന്ന പുരാണകഥയിൽനിന്നുമൂഹിക്കാവുന്നതെന്തു്?

2. രാവണനു പത്തു തലയുണ്ടായിരുന്നുവെന്ന പുരാണപ്രസ്താവത്തിൽനിന്നും, ഈ പാഠത്തിൽ കാണുംവിധം നിങ്ങൾക്കു വല്ല യുക്തിയും കണ്ടുപിടിക്കുവാൻ കഴിയുമോ? ശ്രമിക്കുക.

3. ഒരു ചന്തയെപ്പററി പ്രബന്ധമെഴുതുക. താഴെ പറയുന്ന സംഗതികളെ ഉള്ളടക്കിയിരിക്കേണ്ടതാണ്:— സാധനങ്ങൾ വിവിധമാർഗ്ഗേണ കൊണ്ടുവരുന്നതു്, വില്പനസ്ഥ, വെച്ചിരിക്കുന്നവിധം, പ്രധാനപ്പെട്ട ചില കച്ചവടസാധനങ്ങൾ, കച്ചവടസമ്പ്രദായം, കച്ചവടക്കാർ സാധനങ്ങളുടെ യഥാർത്ഥവില പറയാത്തതുകൊണ്ടു നിങ്ങൾക്കു നേരിട്ട വിഷമതകൾ, ആ സമ്പ്രദായത്തെപ്പററി നിങ്ങൾക്കുള്ള അഭിപ്രായം, ജനബാഹുല്യം.

4. ഒരേശബ്ദം പ്രയോഗംകൊണ്ടു ഗതിയായും കൃതിയായും വരാം. താഴെകാണുന്ന വാക്യങ്ങളിലെ കീഴ്വരയിട്ട പദങ്ങൾ ഓരോ സ്ഥലത്തും ഏതേതു ജാതിയിൽപെട്ടവയെന്നു പറയുക.

1 രാമൻ അച്ഛനോടുകൂടി ചന്തയിൽ പോയി.
രാമൻ എന്നിട്ടും കൃഷ്ണന്റെ ഭാഗത്തുതന്നെ കൂടി.
2. കുട്ടി മാളികമുകളിൽനിന്നു വീണു
കപ്പലിനു തീ പിടിച്ചിട്ടും കുട്ടി ഇളകാതെ നിന്നു
3. അവനു കണക്കിനു കൊണ്ടു.
അവനെ അച്ഛൻ വടികൊണ്ടു അടിച്ചു.

## ൨൦. പൂർവ്വസ്മരണ.

പ്രീതനായ്നിന്നുള്ളോരാരണൻതന്നോടു
മാധവൻ ചൊല്ലിനാൻ മാനിച്ചപ്പോൾ:—
"ശ്രദ്ധപൂണ്ടീടുന്നതെത്ര നാളുണ്ടു ഞാൻ
മിത്രമായുള്ളോരു നിന്നെക്കാണ്മാൻ

എത്രയുംനന്നായിവന്നതിങ്ങന്നുടെ
ചിത്തവും ചാലക്കളുർത്തിതിപ്പോൾ
ദേശികഗേഹത്തിൽ പണ്ടുനാം നിന്നനാൾ
ആ ചരിച്ചീടിന വേലയെല്ലാം
ഒന്നുമേയിന്നുമറന്നുപോയില്ലല്ലീ
വന്നുവന്നീടുന്നൊരാരാടൽതന്നാൽ?
അന്നുനാമന്നന്നെ ചെയ്തുള്ളവേലകൾ
ഒന്നുമേയിന്നേതുമാവതല്ല.

അന്നുനാംപൂണ്ടൊരു സങ്കടമോക്കുമ്പോൾ
ഇന്നുമുണ്ടുള്ളത്തിൽ-വേവുപാരം
ആര്യനായുള്ളൊരു ദേശികന്തന്നുടെ
ഭാര്യതാൻവന്നുനിന്നന്നൊരുനാൾ

ഇന്ധനംവേണമെന്നിങ്ങനെ ചൊല്ലുവാ-
നന്ധരാം നമ്മോടങ്ങായിതല്ലോ
എന്നതുകേട്ടു നാമന്നടേപോയങ്ങു
ചെന്നൊരു കാനനംതന്നിലപ്പോൾ
ആരാഞ്ഞു നിന്നിട്ടു പോരാതെവന്നപ്പോൾ
ദൂരത്തുനിന്നോരുകാനനത്തിൽ
പാരാതെ ചെന്നതു പൂരിച്ചുകൊള്ളുവാൻ
ആരാഞ്ഞുനീളെ നടന്നനേരം

പാരിച്ചുനിന്നോരു പാഴിടിതന്നെയും
മാരിയും വന്നതു കാണായപ്പോൾ.
വേഗത്തിൽ വന്നോരു പേമഴയേല്ക്കയാൽ
വേപത്തെപ്പൂണ്ടുനാമോടിയോടി

തെറ്റെന്നുപോരുമ്പോൾ നൽവഴികാണാതെ
മറ്റൊരു കാനനംതന്നിലായി
പോക്കുമുടങ്ങിന മാർഗ്ഗവുമന്നേരം
നോക്കിനാം നീളെനടന്നന്നേരം
ഉൽക്കടമായൊരുപേമഴയേറ്റിട്ടു
നിൽക്കരുതാസ്ഥയാലെന്നപോലെ
ദ്ധ്യസ്ഥനായുള്ളൊരു പുഷ്കരകാന്തനും
അസ്തമിച്ചീടിനാനംബരത്തിൽ.
പാരിച്ചുചോരുന്ന പേമഴതാനുമ-
ന്നേരറ്റുനിന്നൊരുപാഴിടിയും
കുന്നിനെത്തള്ളുന്ന വങ്കാറ്റുമെന്നപ്പോൾ
മുന്നേതിലേറ്റവും വന്നുവല്ലോ.
പാരിച്ചുവന്നൊരു കൂരിരുട്ടന്നേരം
പാരിടമെങ്ങുമേ മൂടിനിന്നു
കാറ്റേറ്റുനിന്നുള്ള വന്മരമെല്ലാമ-
ങ്ങോറ്റം ഞെരിഞ്ഞുമറിഞ്ഞുപിന്നെ
നമ്മുടെ ചൂഴവും വീഴ്ന്നാനേരത്തു
നമ്മുടെ വേദനയാരറിഞ്ഞോർ!
എന്നതുകണ്ടുനാമേറിനപേടിപൂ-
ണ്ടെങ്ങുമേപോകരുതാസ്ഥയാലേ
മെയ്യോടുമെയ്യുമണച്ചുകൊണ്ടങ്ങനെ
പയ്യവേനിന്നൊരുനേരത്തല്ലോ
വന്മദംപൂണ്ടൊരു വൻകരിപിന്നാലെ
വന്നൊരു കേസരിവീരന്തന്റെ

പൊട്ടുമാറുള്ളൊരു നാദത്തെക്കേട്ടിട്ടു
ഞെട്ടിനാം ഭൂതലംതന്നിൽ വീണു
പിന്നെയെഴുന്നേററുനിന്നൊരുനേരത്തു
മിന്നൽകൊണ്ടീഷൽവിളങ്ങുകയാൽ
വൻനരിവന്നതുകണ്ടൊരുനേരത്തു
വന്നുള്ളൊരല്ലലെച്ചൊല്ലാമോതാൻ?
കാട്ടികൾവന്നു കരഞ്ഞൊരുനേരത്തു
ഗോഷ്ഠികൾകാട്ടിനതേറെന്നീതാൻ.
കാട്ടാനവന്നപ്പോൾ കാട്ടിനഗോഷ്ഠികൾ
നാട്ടാരേമുമ്പിലെ ചൊല്ലാമോതാൻ?
നേരിട്ടുവന്നുള്ള പന്നികൾപാഞ്ഞല്ലോ
വേറിട്ടുപോയതു തമ്മിലപ്പോൾ

*　　*　　*　　*

രോദനംകേട്ടുഞാൻ വന്നതങ്ങോർക്കുമ്പോൾ
വേദനയുള്ളത്തിലിന്നുമുണ്ടേ.
കണ്ടൊരുനേരത്തു മണ്ടിനാംപൂണ്ടപ്പോൾ
ഉണ്ടായസന്തോഷമോർത്തുകണ്ടാൽ
വന്നാവതെന്നേ കൊതിച്ചുനിന്നാകിലും
ഇന്നുമുണ്ടായിലയന്നയോളം.

*　　*　　*　　*

നാമങ്ങുചെന്നപ്പോൾ ഭീമന്മാരായുള്ള
ക്രൂമന്മാർവന്നങ്ങു മൂളുന്നേരം
കാട്ടുവാനേതുമേ കാണരുതാഞ്ഞിട്ടു
പേടികൊണ്ടേററവും മൂടുകയാൽ

കോഴയുംപൂണ്ടുനാം കേഴ്വാനോങ്ങുമ്പോൾ
കോഴികൾകൂകുന്ന നാദംകേട്ടു
മേളത്തിൽവന്നീടുമാദിത്യന്തന്നുടെ
കാളത്തിൻനാദങ്ങളെന്നപോലെ

ക്ലേശിതരായ നാമേറിനമോദംകൊ-
ണ്ടാശികൾമേന്മേലെ ചൊൽകയാലേ
അന്നങ്ങുകൂകിനകോഴികൾ ചിന്തിച്ചാൽ
എന്നുമേ ചാകയില്ലെന്നു ചൊല്ലാം.

പിന്നെനാമന്നേരം ഖിന്നതകൈവിട്ടു
വന്നൊരു സൂര്യനെപ്പാർക്കുന്നേരം
മാറാതെപെയ്യുന്ന മാരിയുംനമ്മുടെ
പാരിച്ചപേടിയും കൂരിരുട്ടും

ചാരത്തുനിന്നുള്ള നമ്മെയുംകൈവിട്ടു
ദൂരത്തുപോയി മറഞ്ഞുതല്ലോ.
ആഖണ്ഡലാശയായ്മേവുന്നനാരിക്കു
വാർകൊണ്ടുനിന്നൊരു ഭൂഷണമായ്

പങ്കജകാമുകന്തന്നുടെമണ്ഡലം
കിഞ്ചനപൊങ്ങിത്തുടങ്ങുന്നേരം
നാമങ്ങുചെല്ലാഞ്ഞു ദേശികനാഥന്താൻ
നാമങ്ങൾ ചൊല്ലിവിളിച്ചതിന്നും
കാനനംതോറും നടന്നുതുടങ്ങിനാൻ
കാതരമാനസനായിനേരെ.

* * * *

ഇങ്ങനെപണ്ടുനാമാചരിച്ചുള്ളവ
ഇന്നുമറന്നുപോയില്ലയല്ലീ?''

1. കൃഷ്ണകുചേലന്മാരോടു വിറക കൊണ്ടുവരുവാൻ ആചാൎയ്യഭാൎയ്യ കല്പിക്കുവാനിടവന്നതെങ്ങിനെ? 2. ഏതു സന്ദൎഭത്തിലാണു ഈ പൂൎവ്വകഥാവൃത്താന്തം പറയുന്നതു്? 3. കുചേലനെപ്പററി നിങ്ങൾക്കെന്തറിയാം? 4. "ഉണ്ടായീലയന്നയോളം" "നാട്ടാരെമുമ്പിലെ" ഈ പ്രയോഗങ്ങളെപ്പററി നിങ്ങൾക്കെന്താണു് പറവാനുള്ളതു?

2. കാട്ടിൽപെട്ട കൃഷ്ണകുചേലന്മാൎക്കു നേരിട്ട സങ്കടങ്ങളെ രസകരമാംവണ്ണം വിവരിക്കുക.

3. ഈ കവിതയിൽ നിങ്ങൾക്കേററവും രസകരമായിതോന്നിയ ഭാഗമേതാണു്? അതിനുള്ള കാരണവും വിശദമാക്കുക.

4. "പിന്നെന്നാമന്നേരം ഖിന്നതകൈവിട്ടു" എന്നതുമുതൽ "ദൂരത്തുപോയി മറഞ്ഞുതല്ലോ" എന്നതുവരെയുള്ള വാക്യം ചൂൎണ്ണികകൾ ആക്കി പിരിച്ചെഴുതുക.

5. മിതമാക്കുക.

"ആരാഞ്ഞു നിന്നിട്ടു പോരാതെവന്നപ്പോൾ
ദൂരത്തുനിന്നൊരു കാനനത്തിൽ
പാരാതെചെന്നു പൂരിച്ചുകൊള്ളുവാൻ
ആരാഞ്ഞുനീളെ നടന്നനേരം".

## ൧൧ ഭയങ്കരശപഥം.

### I

(രാജപുത്രവംശത്തിന്റെ അഭിമാനസ്തംഭമായ പ്രതാപസിംഹന്റെ പ്രിയസുഹൃത്തായിരുന്നു ഗ്വാളിയർ രാജാവു്. അദ്ദേഹം വീരസ്വൎഗ്ഗം പ്രാപിച്ചതിനുശേഷം അദ്ദേഹത്തിന്റെ ഏകസന്താനമായ ഹിരണ്മയിയെ പ്രതാപൻ സ്വന്തം അന്തഃപുരത്തിലേക്കു കൊണ്ടുവന്നു്, പുത്രീനിൎവ്വിശേഷം സംരക്ഷിച്ചിരുന്നു. അദ്ദേഹത്തിന്റെ പുത്രനായ അജയകുമാരനും, ഹിരണ്മയിയും, യൌവ

നാരംഭത്തോടെ പ്രണയബദ്ധരായി. അജയന്റെ വീ
ൎയ്യപരാക്രമങ്ങളെ നേരിട്ടു മനസ്സിലാക്കുവാനിടയായ അ
ക്ബർ ചക്രവൎത്തി റാണാപ്രതാപസിംഹന്റെ അനുമതി
യോടുകൂടി ആ കുമാരനെ ദൽഹിയിലേക്കു കൊണ്ടുപോ
കയും, ഒരു സൈന്യാധിപനായി നിയമിക്കുകയും ചെ
യ്തു. സലിംരാജകുമാരന്റെ ദുരാശയും, മുംതാജ് ബീഗം എ
ന്ന ഒരു ഉന്മാദിനിയുടെ പകയും, ആ നിഷ്കളങ്കപ്രണയി
കളുടെ നിർഭാഗ്യത്തികവിന്ന് മകുടം ചൂടിച്ചതു ഈ ഘട്ട
ത്തിലായിരുന്നു. ഉന്മാദിനി ഒരു സന്യാസിയുടെ വേഷ
ത്തിൽ ചെന്നു ക്ഷേത്രത്തിലേക്കെന്നു പറഞ്ഞു, ഹിരണ്മ
യിലെ ഒരു മസ്ജിദിലേക്കു കൊണ്ടുപോയി. സലീമി
ന്റെ നിർദ്ദേശാനുസാരം ഒരു മുസൽമാനു വിവാഹം ചെ
യ്തുകൊടുക്കാനുള്ള സംരംഭങ്ങൾ നടക്കെ, അക്ബർ ച
ക്രവൎത്തി അവിടെയെത്തി ഹിരണ്മയിയെ രക്ഷപ്പെടു
ത്തി ആഗ്രയിലെ അന്തഃപുരത്തിൽ പാൎപ്പിച്ചു. ഒരു രാ
ജപുത്രവനിതയ്ക്കു് അകളങ്കിതയായി വസിക്കുവാനുള്ള
പ്രത്യേകസൌകൎയ്യങ്ങളും അവിടെ ഹിരണ്മയിയ്ക്കു ലഭി
ച്ചു. അജയന്റെയും,ഹിരണ്മയിയുടേയും പ്രണയദാർഢ്യ
ത്തെ മനസ്സിലാക്കിയ അക്ബർ അവരുടെ വിവാഹം
കഴിയുന്നതും വേഗത്തിൽ നടത്തിക്കുവാനുള്ള ഏൎപ്പാടുക
ളെല്ലാം ചെയ്യാൻ സന്നദ്ധനായി. രാജ്യകാൎയ്യാൎത്ഥം റാ
ണാപ്രതാപസിംഹൻ അവിടെയെത്തുന്ന സ്ഥിതിക്കു്
വിവാഹകാൎയ്യത്തിൽ അദ്ദേഹത്തിന്റെ അനുമതി വാ
ങ്ങുവാനും ചക്രവൎത്തിതന്നെ തീൎച്ചപ്പെടുത്തി. ഇതാണു
കഥാസന്ദർഭം.)

SRI KRISHNA ... LAYAM

"അക്ബർ വിശ്രമമന്ദിരത്തിൽ ഇരിക്കയാണ്. അരികെ ഒരു കനകാസനത്തിൽ വൃദ്ധനായ റാണാപ്രതാപസിംഹനും ഇരിക്കുന്നുണ്ട്. ഇരുവക്കും മൌനാവലംബം ഇരുവരുടെ മുഖമണ്ഡലത്തിലും ഗംഭീരമായ ചിന്താരേഖ പ്രകടമായ്കാണുന്നു. ഒടുവിൽ അക്ബർ പ്രതാപസിംഹനെ സംബോധനം ചെയ്തു "നമുക്കു ഗൌരവമേറിയ ഒരു കാര്യത്തെക്കുറിച്ച് ആലോചിക്കേണ്ടതായിട്ടുണ്ട്. ഞാൻ പറയാൻ പോകുന്നതു സാധാരണമായ ഒരു സംഗതിയാണെന്നു കരുതി ഉപേക്ഷ കാണിക്കരുതെ" എന്നു പറഞ്ഞു.

റാണാ—(ഉൽകണ്ഠയോടെ) കേൾക്കട്ടെ.

എന്താണ്, എങ്ങിനെയാണു പറയേണ്ടതെന്നു തോന്നാതെ ചക്രവർത്തി അല്പനേരം ഗംഭീരഭാവത്തിൽ പ്രതാപനെ നോക്കി അനന്തരം "ഗ്വാളിയർ രാജകുമാരി ഇപ്പോൾ എൻെറ അന്തഃപുരത്തിലാണെന്നുള്ള വിവരം നിങ്ങൾക്കു നിശ്ചയമുണ്ടല്ലൊ" എന്നു ആരംഭിച്ചു.

റാണാ രോഷകലുഷിതനായി വെളുത്ത മീശ പിരിച്ച് "ഉണ്ട്, നിശ്ചയമുണ്ട്. കുറുനരി ഉറങ്ങിക്കിടക്കുന്ന സിംഹത്തിൻെറ ഗുഹയിൽ കടന്നു്, പ്രിയപ്പെട്ട കുട്ടിയെ അപഹരിച്ചുകൊണ്ടുപോയി! മൃതപ്രായനായ പ്രതാപസിംഹൻ അതുകണ്ടു സഹിച്ചുകൊണ്ടിരിക്കുന്നു! ഇനി എന്താണുള്ളതു്? കേൾക്കട്ടെ."

അക്ബർ—ഞാൻ ഹിരണ്മയിയെ എൻെറ മകളെപ്പോലെയാണു സംരക്ഷിച്ചുവരുന്നതെന്നു നിങ്ങൾ

അറിഞ്ഞിരിക്കും. ആ കുട്ടി ഇപ്പോൾ എൻെറ അന്തഃപുരത്തിൽ കളങ്കരഹിതയായ ഒരു രാജപുത്രകന്യകയായിതന്നെ ഇരിക്കുന്നു.

റാണാ വിഷാദത്തോടെ, "നിസ്സഹായയായ ആ രാജപുത്രകുമാരിയുടെ നേരെ കാണിക്കുന്ന കൃപാകടാക്ഷത്തിന്നു ഞാൻ അങ്ങയ്ക്കു വളരെ കടപ്പെട്ടിരിക്കുന്നു. ഇനി എന്താണുള്ളത്?" എന്നു ചോദിച്ചു.

അക്ബർ—ഇപ്പോൾ എനിക്കുള്ള ആഗ്രഹം ഹിരണ്മയിയെ ഒരുൽകൃഷ്ടകുലജാതനായ രാജപുത്രയുവാവിന്ന് വിവാഹം ചെയ്തു കൊടുക്കണമെന്നാണ്.

പ്ര—(പതുക്കെച്ചിരിച്ചു പരിഹാസമായി) അങ്ങയുടെ സഭാമണ്ഡലത്തിൽ ആഭിജാത്യമുള്ള രാജപുത്രന്മാർക്കുണ്ടോ ക്ഷാമം? അങ്ങയുടെ പ്രിയ മാനസിംഹൻ, ഭഗവാൻ ദാസൻ, വീരബലൻ മുതലായ സദസ്യന്മാർ സദ്വംശജാതന്മാരെന്നു ഗണിക്കപ്പെട്ടവരല്ലേ? അങ്ങയ്ക്കു ഇഷ്ടമുണ്ടെങ്കിൽ, അവരുടെ ഏതെങ്കിലും ഒരു വംശത്തിലേക്കു ഹിരണ്മയിയെ വിവാഹം ചെയ്തു കൊടുക്കാമല്ലോ?

അ—ഹിരണ്മയി ഒരുത്തമകുലജാതയാണെന്നുള്ളതിന്നു നിങ്ങൾക്കു സംശയമില്ല. അതുകൊണ്ട് ആ കുമാരിയെ മീവാരരാജവംശത്തിലേക്കു വിവാഹം ചെയ്തുകൊടുക്കുന്നതായാൽ ആ രാജവംശത്തിൻെറ ഗൌരവത്തിന്നു യാതൊരു ലാഘവവും ഉണ്ടാവാൻ തരമില്ലല്ലോ.

പ്ര—മതി, മതി, നീചാശയനായ യവനൻ ചോരനെപ്പോലെ എൻെറ അന്തഃപുരത്തിൽ പ്രവേശിച്ചു, വീരസ്വർഗ്ഗം പ്രാപിച്ച എൻെറ സുഹൃത്തിൻെറ സ

ന്താനവല്ലിയെ അപഹരിച്ചുകൊണ്ടുപോയി. നന്ദവന ത്തിലെ പാവനമായ പാരിജാതം നരകത്തിൽ പതി ച്ചാൽ പിന്നെ ദേവാരാധനത്തിനു അയോഗ്യമായിതീരു മല്ലോ. പ്രതാപസിംഹൻെറ പാഷാണപ്രായമായ പ്രാ ണൻ ആ കടംകയ്യും സഹിച്ചു. അങ്ങു ക്ഷമിക്കണം. മൃത ശരീരത്തെ വാൾകൊണ്ടുവീണ്ടും വെട്ടുന്നതെന്തിനാണ്?

അ—നിങ്ങൾ ഇങ്ങിനെ വിവേകം വിടരുത്. സ്ഥി രചിത്തനായി ഒന്നു ചിന്തിച്ചു നോക്കു. കേവലം ആ വശ്യമില്ലാത്ത ഒരു വിഷയമായിരുന്നെങ്കിൽ, ഇത്രയൊ ക്കെ പ്രസ്താവിക്കുകയില്ലായിരുന്നു. ദൃഷ്ടാന്തമായ് പറ യാം. ഒരുസമയം, മീവാര രാജവംശത്തിലെ ഒരു യു വാവിനും, ഈ യുവതിക്കും പരസ്പരം പ്രണയം ബലപ്പെ ട്ടുവന്നു്, പരിണയത്തിനു് ഇടയാകാതെ, അവരുടെ ഭാ വി ദുഃഖഭൂയിഷ്ഠമായി പരിണമിക്കാവുന്ന സന്ദർഭത്തിൽ, നിങ്ങൾ പറയുന്ന സാമാന്യമായ ആക്ഷേപം ഉണ്ടായി രുന്നാലും, അവക്കു ദാമ്പത്യബന്ധം അപേക്ഷണീയമ ല്ലയോ?

പ്ര—മീവാര രാജവംശത്തിൽ അങ്ങിനെയുള്ള ഭാ ഗ്യശാലിയാരാണ്? കേൾക്കട്ടെ.

അ—ആ യുവാവു രാജസ്ഥാനത്തിലെ ബാലരവി യായ അജയസിംഹൻ. ഈ വിഷയത്തിൽ നൈരാശ്യ ത്തിനാണു സംഗതിയെങ്കിൽ ആ കുമാരനു ചിത്തഭ്രമം ബാധിച്ചേക്കും.

ഉടനെ വൃദ്ധറാണാവിൻെറ മുഖമണ്ഡലം രണോ ന്മത്തനായ സേനാപതിയുടെ എന്നപോലെ ഭയങ്കരാകാ

രം ധരിച്ചു. ദൃഷ്ടികൾ ചെമ്പരത്തിപ്പൂപോലെ ശോണ വർണ്ണമായി. നെററിത്തടത്തിൽ ഞരമ്പുകൾ പിടച്ചു. കിരീടം നിലത്തു പതിച്ചു. എണിററു് ഉറയിൽനിന്നു വാളൂരി വജ്രമുഷ്ടിപിടിച്ചു ചക്രവർത്തിയുടെ നേരെ പുരികം ചുളിച്ചു തീവ്രമായി ഒന്നു നോക്കി.

"യവനരാജൻ ഉറങ്ങിക്കിടക്കുന്ന സിംഹത്തെ വീണ്ടും വീണ്ടും ചവിട്ടി ഉണർത്തുകയാണു്. അവൻെറ പരാക്രമം ഇപ്പോഴൊന്നു പരീക്ഷിച്ചു നോക്കിയാലും." എന്നു ഗർജ്ജിച്ചു.

അക്ബർ അമാനുഷികസഹിഷ്ണുതയും, അളവില്ലാത്ത മാനസികശക്തിയും ഉള്ള മഹാപുരുഷനെന്നു സുപ്രസിദ്ധമാണു്. "അഗ്നിശമനത്തിനഗ്നിനന്നല്ലല്ലോ മാഗ്ഗമാക്കേണം ജലത്തിലതേനല്ലൂ" എന്നു് അദ്ദേഹം ധരിച്ചിരുന്നു. മീവാര രാജാവിൻെറ ക്രോധം ശമിക്കുന്നതുവരെ അക്ബർ നേരെ നോക്കിക്കൊണ്ടു് അനങ്ങാതെ നിന്നു. പ്രതാപസിംഹൻ, ചക്രവർത്തിയുടെ കലക്കവും, കലുക്കവുമില്ലാത്ത മുഖഭാവം കണ്ടു വീണ്ടും ആസനം സ്വീകരിച്ചു സംഭാഷണം തുടങ്ങി. "എന്താണു പറഞ്ഞതു്? എൻെറ കണ്ണിലുണ്ണിയായ മകൻ, മീവാര രാജ്യത്തിന്നു് ആധാരഭൂതൻ, ആപത്കാലത്തിൽ അവശേഷിച്ച വീരനായ അജയസിംഹൻ യവനകരസ്പൃഷ്ടയും, കളങ്കിതയും, മൊഗൾ ചക്രവർത്തിയുടെ അന്തഃപുരവാസിനിയും ആയ കുട്ടിയെ പാണിഗ്രഹണം ചെയ്തിട്ടില്ലെങ്കിൽ ഉന്മത്തനായ്ത്തീരുമെന്നോ? അസംബന്ധം! ഞാൻ അങ്ങയുടെ ഈ വാക്കു വിശ്വസിക്കുകയില്ല; എനിക്കതിനുതക്ക ലക്ഷ്യം കാണിച്ചുതരണം."

അക്ബർ സുസ്ഥിരഭാവത്തിൽ, "എൻെറ വാക്ക വിശ്വാസയോഗ്യമായി തോന്നാത്തപക്ഷം നിങ്ങൾതന്നെ അജയസിംഹനോട ചോദിച്ചുനോക്കു." ഇങ്ങിനെ പറഞ്ഞു്, ദ്വാരപാലകനോട്ടു് അജയസിംഹനെ വിളിച്ചുകൊണ്ടുവരുവാൻ ആജ്ഞാപിച്ചു.

പ്രതാപസിംഹൻ അപ്പോൾ ഇങ്ങിനെ ആത്മഗതംചെയ്തു. "അസംബന്ധമോ? അങ്ങിനെ വന്നുചേരാൻ പാടില്ലെന്നുണ്ടോ? പ്രതാപസിംഹനു് എങ്ങിനെയുള്ള ദുരദൃഷ്ടമാണു സംഭവിച്ചുകൂടാത്തതു്? പ്രപഞ്ചമെല്ലാം വഞ്ചനയാലും വിശ്വാസഘാതകതയാലും നിറയപ്പെട്ടിരിക്കുന്നു. ഹാ, അക്ബഷ്! നിങ്ങൾ ഉദാരഹൃദയനെന്നാണു ഞാൻ ധരിച്ചിരുന്നതു്. നിങ്ങൾ ഭാരതേശനാണെങ്കിലും, ജാതിയിൽ യവനനാണെന്നു മനസ്സിലായിരുന്നിട്ടുകൂടി, എൻെറ പ്രിയപുത്രനെ—വാൎദ്ധക്യത്തിൽ ഏകാവലംബമായ അജയനെ—നിങ്ങളുടെവശം ഭരമേല്പിച്ചു. ഇന്നു് അതിനുതക്ക പ്രതിഫലം എനിക്കു ലഭിച്ചു."

ഇങ്ങനെയുള്ള മനോഗതങ്ങൾക്കുമദ്ധ്യേ അജയസിംഹൻ വന്നുചേൎന്നു. പ്രതാപൻ കരൾ കരിഞ്ഞു കലുഷങ്ങളായ കണ്ണുകളോടുകൂടി അജയൻെറ മോഹനമുഖത്തേയ്ക്കു നോക്കി ഉച്ചസ്വരത്തിൽ, "വത്സ! ഇന്നു ചക്രവൎത്തി നിൻെറ മേൽ ഘോരമായ ഒരു കളങ്കം ആരോപിച്ചിരിക്കുന്നു. അതു നേരോ? പറയൂ. ശരിയോ, അല്ലയോ എന്നു വേഗം പറയൂ."

അജയൻ—എന്തുസംഗതിയാണെന്നറിഞ്ഞില്ല.

പ്ര—ഹാ, വത്സ! ഇതിൽ വാസ്തവം ലേശമില്ലെന്ന് എനിക്കറിയാം. യഥാൎത്ഥമാണെങ്കിൽ സംഗതി നിനക്കറിയുമായിരുന്നു. അക്ബർഷായുടെ വാക്കിൽനിന്നു യവനാധീനയായ ആ കളങ്കിതയുവതിയെ നീ പാണിഗ്രഹണം ചെയ്യുവാൻ ഭ്രാന്തുപിടിച്ചു നടക്കുന്നുവെന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.''

അജയൻ ബാഷ്പകണം നിറഞ്ഞ കണ്ണുകളോടുകൂടി പ്രതാപനെ നോക്കി വികൃതസ്വരത്തിൽ "അച്ഛാ! അക്ബർഷാ പറഞ്ഞതു ശരിയാണ്. ഹിരണ്മയി മൊഗൾ അന്തഃപുരത്തിലാണെന്നു കേട്ടതുമുതൽക്ക് ആ വിചാരം ഞാൻ തള്ളിക്കളയുവാൻ ശ്രമിച്ചു; എന്നിട്ടും മനസ്സു സമ്മതിക്കുന്നില്ല'' എന്നു് അറിയിച്ചു.

വൃദ്ധസിംഹന്റെ ചുകന്ന മുഖം വിളറി; സ്വേദബിന്ദുക്കൾ പൊടിഞ്ഞു; നേത്രങ്ങൾ നിമീലിതങ്ങളായി. ക്രമേണ തല തിരിഞ്ഞു സുവൎണ്ണപീഠത്തിൽനിന്നു താഴെ പതിച്ചു. അജയൻ ആ സംജ്ഞാശൂന്യമായ ശരീരം താങ്ങി മടിയിൽ കിടത്തി വെള്ളം തളിച്ചു് ഉപചരിച്ചു. ചക്രവൎത്തിതന്നെ വിശറിയെടുത്തു വീശി. പ്രതാപൻ ബോധക്ഷയാവസ്ഥയിൽ ഇങ്ങിനെ ജല്പിച്ചു. "ദേവി! അംബികേ! നീയെവിടെ? നിന്റെ കണ്ഠത്തിലെ കപാലമാലയും, രക്തധാര ചൊരിയുന്ന രസനയും എവിടെ? രക്തബീജകുലധ്വംസിനി, ദാനവരുധിരം പുരണ്ടു ചുകന്ന ആ കരാളകരവാളും ഈ ദുൎദ്ദിനത്തിൽ എന്നെ ആശ്വസിപ്പിക്കുമോ? ഈ വിപൽകാലത്തിൽ എന്റെ ആ ഉപാസനാരൂപം ഒന്നു പ്രത്യക്ഷപ്പെടുത്തുമോ? ഈ ദാ

നവയുദ്ധത്തിൽ, ഈ അന്ധകാരത്തിൽ, ആ അട്ടഹാസം എന്റെ കണ്ണുപുടങ്ങളിൽ അമൃതധാര വർഷിക്കുമോ? ഈ വയസ്സുകാലത്തും പ്രതാപന്റെ ബാഹുക്കൾക്കു ബലമുണ്ടെന്നു കാണട്ടെ.''

അല്പംകഴിഞ്ഞു പ്രതാപനു ബോധം വീണപ്പോൾ തീപ്പൊരി പാറുന്ന തീവ്രദൃഷ്ടികളെ അജയന്റെ നേരെ എറിഞ്ഞു് എഴുന്നേറ്റുനിന്നു്, ഹാ! മീവാരരാജവംശത്തിനു കളങ്കഭൂത! നിന്റെ സ്പർശംകൊണ്ടുണ്ടാകുന്ന മഹാപാപം തീയിലിട്ടു ചുട്ടാലും വിട്ടുപോകയില്ല. പോ, ദൂരെ! തൊടരുതു്; ശരി, ഇതെല്ലാം യഥാർത്ഥമായിരിക്കണം. ദില്ലീശ്വര! ഞാൻ ചെയ്ത അപരാധം ക്ഷമിക്കണേ! അകാരണമായി അങ്ങയെ മിഥ്യാവാദിയെന്നു ഞാൻ പറഞ്ഞുപോയി. അജയ! നീയെന്താണു പറഞ്ഞതു്? യവനാന്തഃപുരത്തിൽ ഇരിക്കുന്ന ഹിരണ്മയിയെ നിനക്കു വിവാഹം ചെയ്യേണമെന്നോ? കൊള്ളാം. ഹാ! പ്രതാപന്റെ പ്രാണധനമേ! മീവാരരാജകുലത്തിലെ ഭദ്രദീപമേ! ഉണ്ണി! അടുത്തുവാ!'' എന്നിങ്ങനെ പറയുമ്പോഴേയ്ക്കും കോപാനലജ്വാല അദമ്യമായി ആക്രമിച്ചു ഭാവപ്പകച്ചയോടുകൂടി, ''നിന്റെ ആ പാപഭരിതമായ ഹൃദയം ഈ വാൾകൊണ്ടു രണ്ടുതുണ്ടാക്കി വെട്ടി വീഴ്ത്തുന്നുണ്ടു്'' എന്നു ഗർജ്ജിച്ചു.

അജയൻ മുന്നോട്ടുവന്നു ലേശം അധൈര്യപ്പെടാതെ അതിവിനീതനായി വിരിഞ്ഞ മാറിടം അച്ഛന്റെ അസിപ്രഹാരത്തിനു ലാക്കാക്കിനിന്നു. പ്രതാപൻ കൈവിറയലോടെ നീണ്ടിരുണ്ട കൃപാണി ഉറയിൽനിന്നൂരി

കാഞ്ഞിപ്പിടിച്ചു. അക്ബർ മിന്നൽവേഗത്തിൽ അടുത്തെത്തി, ആ പൊക്കിയ കൈ പിടിച്ചു, "പ്രതാപസിംഹാ ഞാൻ ഇതുവരെ നിങ്ങളെ ഒരു വീരപുരുഷനെന്നാണ് വിചാരിച്ചതു്. എന്നാൽ ഇന്നത്തെ ഈ പ്രവൃത്തി വീരത്വമല്ല, പൈശാചികമായ നിഷ്ഠുരത!" എന്നു ഭർത്സിച്ചു.

പ്രതാപൻ അസഹ്യകോപത്താൽ പല്ലുകടിച്ചു വാൾ നിലത്തൂന്നി മതിമറന്നവനെപ്പോലെ ആസനത്തിൽ ഇരുന്നു. "ഹാ! അക്ബർ! അങ്ങു പ്രതാപൻെറ ജാതകത്തിലെ പാപഗ്രഹം! അടിക്കടി അങ്ങയുടെ പ്രതിബന്ധം!" എന്നു പറഞ്ഞു് ഒന്നു നെടുവീർപ്പിട്ടു.

പ്രതാപൻ കുറച്ചുനേരം രണ്ടുകൈകൊണ്ടും കണ്ണു പൊത്തി, പിന്നീട് അജയനെ മിഴിച്ചുനോക്കി. "ഇന്നു എൻെറ ഈ ഖഡ്ഗപ്രഹാരംകൊണ്ടു് നിൻെറ പാപപരിപൂർണ്ണമായ ഹൃത്തടം രണ്ടുതുണ്ടായി മുറിഞ്ഞുപോയിരുന്നെങ്കിൽ, ഈ കളങ്കം നീങ്ങുമായിരുന്നു; മീവാർഗൌരവം തേഞ്ഞുമാഞ്ഞു പോകാതെ സുരക്ഷിതമാകുമായിരുന്നു. എന്നാൽ ഈശ്വരേച്ഛ അങ്ങിനെയല്ല. നീ എൻെറ കല്പന മനസ്സിരുത്തി കേൾക്കുക. ഹിരണ്മയിയെ മറന്നുകളയുന്നതാണു നല്ലതു്. ഞാൻ നിനക്കു ഇനി രണ്ടുവഷത്തെ ഇട തന്നിരിക്കുന്നു. മീവാർരാജവംശത്തിൽ പിറന്നവനാണ് നീ; ദേവനായ സംഗ്രാമസിംഹൻെറ രക്തമാണ് നിൻെറ ധമനികളിൽ പ്രവഹിച്ചുകൊണ്ടിരിക്കുന്നതു്. ഈരണ്ടു വഷം കഴിഞ്ഞിട്ടും നിൻെറ ഹൃദയം നേർവഴിക്കു വരാത്തപക്ഷം ആ ഉറയിൽ കിടക്കുന്ന

പവിത്രമായ ഖഡ്ഗത്താൽ നിൻെറ ഹൃദയം ഭേദിച്ചു യമുന, ഗംഗ, ഗോദാവരി അഥവാ നമ്മദ ഈ നദികളിലേതിലെങ്കിലും നിക്ഷേപിക്കുക. എൻെറ ഈ ആജ്ഞപ്രകാരം നടന്നുകൊള്ളാമെന്നു ശപഥം ചെയ്യണം.” എന്നു ശാസിച്ചു.

അജയസിംഹൻ (തൊണ്ടയിടറി) “ഈ വാൾ തൊട്ടു ശപഥം ചെയ്യുന്നു. “അച്ഛൻെറ ഇഷ്ടപ്രകാരം ആ വിഷയത്തിൽനിന്നു വിരമിക്കുവാൻ ഞാൻ രണ്ടുവഷം സവ്വപ്രയത്നവും ചെയ്യുന്നുണ്ടു്. എന്നിട്ടും ഹൃദയം സ്വാധീനമാകാത്തപക്ഷം, ഈ വാൾകൊണ്ടു് ഈ ദുരിതപൂരിതമായ ഹൃദയം കീറിപ്പറിച്ചു്, യമുന, ഗംഗ, ഗോദാവരി അഥവാ നമ്മദ ഇതിലേതിലെങ്കിലും ഇട്ടുകൊള്ളാം.”

ഹാ! രാഗമാം പുഴയെയെങ്ങുതടസ്ഥമററു
നേരാംവഴിക്കൊഴുകുവാൻ വിധിസമ്മതിപ്പു!

## II

(പ്രതിജ്ഞാനുസാരം ഹിരണ്മയിയെ മറക്കുവാൻ കഴിയുംവിധമെല്ലാം അജയൻ ശ്രമിച്ചു. ഗിരിതടങ്ങളിലും, രണാങ്കണത്തിലും, വിജനസ്ഥലങ്ങളിലും, അയാൾക്കതു സാദ്ധ്യമായില്ല. സംഗതിവശാൽ അജയനിൽ ദൃഢാനുരക്തയായിതീന്ന ഗിരിരാണിയെ വിവാഹം ചെയ്യുന്നതിനിടവരുത്തിയാൽ, ഹിരണ്മയിയെ മറക്കുന്നതിന്ന അതു സഹായമാകുമെന്നുറച്ചു്, അക്ബർ ചക്രവത്തി അജയസിംഹനെ അതിലേക്കു പ്രേരിപ്പിച്ചു. എന്നല്ല, അതിനുവേണ്ട എല്ലാ ഒരുക്കങ്ങളും ചെയ്തു. മു

ഹൂത്തത്തിനു എത്തത്തക്കവണ്ണം ചക്രവത്തിതന്നെ അജയനെ രാജകീയമായ അകമ്പടിയോടും, വിവിധവാദ്യഘോഷങ്ങളോടുംകൂടി വിവാഹമണ്ഡപത്തിലേക്കു നയിച്ചു. ആ ഘോഷയാത്ര പൂണ്ണാനദീതീരത്തെത്തിയപ്പോഠം ആരോ നദീതീരത്തിരുന്നു് അമൃതമധുരമായി പാടുന്നതു കേഠക്കുമാറായി. ആ പാടുന്നതു് ആരാണെന്നു പോയി നോക്കിവരട്ടെ'' എന്നു പറഞ്ഞു് അജയൻ അങ്ങോട്ടു തിരിച്ചു.)

"അജയസിംഹൻെറ വെള്ളക്കുതിര ഒരു നിമിഷത്തിനകം നദീതിരത്തു കുതിച്ചെത്തി. വകഞ്ഞുകെട്ടാതെ ചിന്നിച്ചിതറി ചേവുപുരണ്ട ചികുരഭാരമുള്ള ഒരു യുവതി ഏകാകിനിയായി കൈത്താളംപിടിച്ചു പാടിക്കൊണ്ടിരിക്കുന്നു. അജയൻ കുതിരപ്പുറത്തു നിന്നിറങ്ങി അവളുടെ മുമ്പാകെ ചെന്നുനിന്നു. അവളാകട്ടെ, പരിഭ്രമിച്ചെഴുന്നേററു. അജയൻ ബാല്യകാലംമുതൽക്കേ ഏതു ദേവിയുടെ വിഗ്രഹത്തെ തൻെറ മനോമന്ദിരത്തിൽവെച്ചു പൂജിച്ചിരുന്നുവോ, ഏതിനെ ആ സ്ഥലത്തുനിന്നു നീക്കിക്കളഞ്ഞു മറെറാന്നിനെ പ്രതിഷ്ഠിക്കാൻ പ്രേരിതനായിരിക്കുന്നുവോ, ആ അതുലമോഹനമൂത്തി ഇതാ സജീവമായി അജയസമക്ഷം പ്രകാശിച്ചുകൊണ്ടിരിക്കുന്നു. ദേവാംഗനയായ ഹിരണ്മയിക്കും മനുഷ്യലോകാബലയായ ഗിരിറാണിക്കും സാമ്യമോ?

അജയൻ ഹിരണ്മയിയുടെ ചരണതലത്തിൽ വീണു "ഹിരണ്മേ! ദേവി! പ്രേമസവ്വസ്വമേ! സവ്വാപരാധം ക്ഷമിക്കണമെ? ഭവതിയുടെ അമൃതമയമൂത്തിയെ ഒന്നു

ആലിംഗനം ചെയ്തു താപാനലജ്വാലയെ ഒന്നു ശമിപ്പിക്കട്ടെ'' എന്നുപറഞ്ഞു.

ഹിര—ഇതെന്താണ് അജയ? ഗിരിറാണിയെ പാണിഗ്രഹണം ചെയ്യുന്ന ഈ സുദിനത്തിൽ നിർഭാഗ്യയായ എന്നെ എന്തിനാണു സ്മരിക്കുന്നത്?

അ—ഹാ, ഹിരണേ! നിനക്കറിഞ്ഞുകൂടാ. നിൻെറ സിംഹാസനത്തെ നിന്നിൽനിന്ന് അപഹരിച്ച മററൊരുത്തിക്കു കൊടുക്കത്തക്ക കൃതഘ്നനല്ലാ അജയൻ. എൻെറ മനസ്സിൽ കത്തിയെരിയുന്ന കഠോരവഹ്നിയുടെ ചൂടു നീയുണ്ടോ അറിയുന്നു? ഈ ഹൃദയാസനത്തിൽനിന്നു നിന്നെ ബഹിഷ്കരിക്കുവാൻ കമലാസനനുംകൂടി കഴിയുകയില്ല.

ഹിര—(തേങ്ങിക്കരഞ്ഞ്) എന്തുചെയ്യട്ടെ! അങ്ങയുടെ പവിത്രമായ സിംഹാസനത്തിനു കളങ്കിതയായ ഇവൾ യോഗ്യയല്ലല്ലോ!

അജയൻ ഹിരണ്മയിയെ കണ്ഠാലിംഗനംചെയ്ത്, "ഇന്നു വസന്തപൌർണ്ണമി. വരൂ, ഹിരണ്മെ! ഈ വെള്ളിച്ചാറു പൂശുന്ന വെണ്ണിലാവിൽ കളനാദമുള്ള ഈ കല്ലോലിനിയുടെ തീരത്തു, ചെറുപ്പത്തിൽ നാം ഇരിക്കാറുള്ളതുപോലെ, അക്കാലത്തെ മൃദുലശാന്തചേതസ്സോടുകൂടി യഥേഷ്ടം വിഹരിക്കുക'' എന്നു പറഞ്ഞു ബാഹുക്കൾ നീട്ടി.

ഹിരണ്മയി—(പരാങ്മുഖിയായി) "വേണ്ട, അജയ! എൻെറ സുഖകാലമൊക്കെ അസ്തമിച്ചു; ആ സുഖസ്വപ്നം അവസാനത്തെക്കുറി കണ്ടുകഴിഞ്ഞു. ഞാൻ സ

വിനയം അപേക്ഷിക്കുന്നു; ഇപ്പോൾ പോകണം. ഇങ്ങി നെഗിരിറാണിയൊന്നിച്ചുനവദമ്പതികൾക്കസാധാരണ മായ സരസസല്ലാപം ചെയ്യു. ഹതഭാഗധേയയായ ഈ യുള്ളവൾ ഈ കറുത്തിരുണ്ട ജലഗർഭത്തിൽ തപിക്കുന്ന പ്രാ ണനെ ഒന്നു തണുപ്പിക്കുവാൻ അങ്ങു അനുവദിക്കണേ!"

അജയൻെറ നാഡികളിൽ രക്തസഞ്ചാരം ശക്തി യായിത്തുടങ്ങി. പെട്ടെന്നു ഒരു ഭയങ്കരസ്മരണ—രണ്ടു വഷത്തിനുള്ളിൽ ഹിരണ്മയിയെ മറന്നുകളയാത്തപ ക്ഷം, മാറിടം പിളന്നു യമുന, ഗംഗ, ഗോദാവരി, നമ്മ ദ ഈ നദികളിലേതിലെങ്കിലും ഒഴുക്കിക്കളയുന്നതാണെ ന്നു താൻ അച്ഛനോടുചെയ്ത ശപഥം—ഉള്ളിൽ ഉദിച്ചു.

അജയൻ നടുങ്ങി. തള്ളിയലയ്ക്കുന്ന തിരമാലകളു ടെ നേരെ നോക്കി കൈകൊട്ടിച്ചിരിച്ചു. "ഹാ, ഹിര ണേ! ശരിയാണു പറഞ്ഞതു്. അതേ, ഈ ജലാന്തര ത്തിൽ എൻെറ താപഭ്രയിഷ്ഠമായ ഈ ഹൃദയം പിള ന്നെടുത്തു നിക്ഷേപിക്കണമെന്നു അച്ഛൻ ആജ്ഞാപി ച്ചിരിക്കുന്നു. ഇന്നേയ്ക്കു രണ്ടുവഷമായി" എന്നുപറഞ്ഞു.

ഹിര—(പൊട്ടിച്ചിരിച്ചു്) ശരി, ശരി. ഞാനും ഈ നദിയിൽവീണു മുങ്ങിപ്പോകുമെന്നു പന്തീരാണ്ടുമുമ്പു് അ രാവലിമലയുടെ അടിവാരത്തിൽവെച്ചു് ആ ഉന്മാദിനി പറകയുണ്ടായിട്ടുണ്ടു്.

ഇരുവരും ഇങ്ങിനെ പറഞ്ഞു പൊട്ടിച്ചിരിച്ചു പര സ്പരം പരിരംഭണം ചെയ്തു. സമീപത്തു ദാനവദമനൻ അനങ്ങാതെനിന്നു് അവരെ നോക്കി ഹ്രേഷാരവം പുറ പ്പെടുവിച്ചു്, അവരുടെ അപ്പോഴത്തെ മനോഭാവത്തിൽ

അതിനുള്ള സഹാനുഭൂതിയെ സൂചിപ്പിച്ചു. അജയൻ, ഹിരണ്മയിയെ എടുത്തു കുതിരപ്പുറത്തു കയററി, താനും ചാടിക്കയറി. എങ്ങോട്ടാണു പോകേണ്ടതെന്നറിയാതെ കുതിര ആദ്യം പുഴയിലേക്കും, പിന്നെ അജയൻെറ നേക്കും നോക്കി.

അജയസിംഹൻ "മാനവമദന! ഈ ആററിലെ കുളൃർനീററിൽ മുഴുകിയാൽ മനസ്സിലെ മഹാഗ്നി കെട്ടു പോകുമെന്നു നിനക്കു മനസ്സിലായിട്ടുണ്ടോ? എന്നു ചോദിച്ചു.

ഈ സമയത്തു് അക്ബറും അനുചരരും, അജയൻ വളരെ നേരം കഴിഞ്ഞിട്ടും വരാഞ്ഞയാൽ അന്വേഷിച്ചു് ആ സ്ഥലത്തേക്കു ചെന്നു. അജയസിംഹനേയും ഹിരണ്മയിയേയും അശ്ചാൎയ്യമഗ്നരായ്കണ്ടു് എല്ലാവരും 'കുലവെട്ടിടിന കുററിവാഴപോലെ' നിന്നുപോയി. ചക്രവൎത്തി "ഇതെന്തുകഥ! അജയസിംഹ! നിങ്ങളുടെ ബുദ്ധി ഭ്രമിച്ചുവോ?" എന്നു ചോദിച്ചു.

അജയൻ അക്ബരുടെ ചോദ്യം ശ്രദ്ധിക്കാതെ, ഗദ്ഗദസ്വരത്തിൽ ഉറക്കെ "പൂൎണ്ണമായി പുളച്ചൊഴുകുന്ന ഈ പുഴ പാവനയായ ഗോദാവരിയുടെ ശാഖയല്ലേ? നിങ്ങൾക്കു് അറിഞ്ഞുകൂടെ?" എന്നു ചോദിച്ചു.

അക്ബർ അജയൻെറ കുതിരയുടെ കടിഞ്ഞാൺ പിടിക്കുവാൻ മുന്നോട്ടുചെന്നു. അജയസിംഹൻ "സൂക്ഷിച്ചോളു. ഒരിക്കൽ മുസൽമാൻ ഹിരണ്മയിയെ തൊട്ടുതു ക്ഷമിച്ചിരിക്കയാണു്" എന്നുപറഞ്ഞു.

അക്ബർ—അജയസിംഹ! നിങ്ങൾക്കെന്താ ഭ്രാന്തുണ്ടോ?

അജ—(പൊട്ടിച്ചിരിച്ചു) ശരി, എനിക്കു ഭ്രാന്തോ? ഈ ലോകത്തിലുള്ള വർക്കൊക്കെയും അക്ബർ ചക്രവത്തിക്കും ഭ്രാന്തു്! ഈ ഹിരണ്മയിക്കു തീറുകൊടുത്ത സ്ഥലത്തു ഗിരിറാണിക്കിരിപ്പാനവകാശമുണ്ടോ? അതിന്നു യോഗ്യതയുണ്ടോ?

അജയൻ അല്പനേരം മൌനമവലംബിച്ചു വീണ്ടും തുടൎന്നു. "പ്രഭോ, കേട്ടാലും. ഈ ദുരിതപൂരിതമായ ലോകത്തു നശ്വരമായ നരജീവിതം എന്തു്? ക്ഷണപ്രഭാ ചഞ്ചലം! അച്ഛനെ അറിയിച്ചാലും! എൻെറ ഈ ഒടുവിലത്തെ ദേവദാനവയുദ്ധം കണ്ടുവെന്നും, ഹിരണ്മയിയെ മറക്കുവാൻ കഴിയുകയില്ലെന്നും, അതുകാരണം അച്ഛൻെറ കഠോരശാസനത്തെ അണുപോലും തെററാതെ അനുഷ്ഠിക്കുവാൻ, ഇതാ നോക്കു, മിവാരരാജവംശത്തിലെ പാവനമായ ഈ ഖഡ്ഗംകൊണ്ടു് ഈ ത്രഷമായ ഹൃദയം പിളൎന്നു പൂൎണ്ണാനദിയുടെ വിശുദ്ധതോയത്തിൽ നിക്ഷേപിച്ചിരിക്കുന്നുവെന്നും അറിയിക്കണെ" എന്നു പറഞ്ഞുകൊണ്ടു ഹിരണ്മയിയെപ്പിടിച്ചു്, പെട്ടെന്നു കുതിരയെ മുന്നോട്ടുപോകുവാൻ കാൽകൊണ്ടമത്തി. ഉറയിൽനിന്നൂരിയെടുത്ത നീണ്ടിരുണ്ടവാൾ തൻെറ മാറിടത്തിൽ പിടിവരെ താഴ്ത്തി. ദാനവദമനൻ ഹ്രേഷാരവത്താൽആടിക്കളിച്ചു് ആ കാമിനീകാമുകന്മാരോടുകൂടി നദീഗൎഭത്തിലേക്കു ചാടി. ആ ശീതളജലത്തിൽ രണ്ടു ദിവ്യദേഹികളുടെ താപാഗ്നി കെട്ടുപോയി.

വിലയെഴുമനുരാഗമത്തലാൽ
ത്തുലയുവതല്ല; മറിച്ചുമേൽക്കുമേൽ
വിലസിടുമടിയേററ വെള്ളിപോൽ;
ഉലയിലൂതിയ പൊന്നുപോലെയും.

1. രാജപുത്രവർഗ്ഗക്കാരെപ്പററി ഒരു ചെറു വിവരണമെഴുതുക.

2. "ഘോരരാഗമാം പുഴയെയെങ്ങുതടസ്സമററു
നേരാംവഴിക്കൊഴുകുവാൻ വിധിസമ്മതിപ്പൂ" — എന്നതു എത്രത്തോളം ശരിയാണെന്നു് ഈ കഥയെ അടിസ്ഥാനമാക്കി ചുരുക്കത്തിൽ വിവരിക്കുക.

3. പ്രതാപന്റെ അഭിമാനം, അജയന്റെ പിതൃഭക്തി എന്നിവയെ വിശദമാക്കുക.

4. 1. ഹിരണ്മയി ആരായിരുന്നു? 2. അവർ അക്ബരുടെ അന്തഃപുരത്തിലായതെങ്ങിനെ? 3. ഹിരണ്മയിയെ വിവാഹം ചെയ്യരുതെന്നു പ്രതാപൻ അജയനോടാജ്ഞാപിച്ചതെന്തുകൊണ്ടു്? 4 സലിമിനെപ്പററി നിങ്ങൾക്കെന്തറിയാം? 5. അജയനെക്കൊണ്ടു ഗിരിറാണിയെ വിവാഹം ചെയ്യിക്കാൻ അക്ബർ ശ്രമിച്ചതിന്റെ ഉദ്ദേശമെന്തായിരുന്നു? 6. കഠിനതരമായ ഒരു ശപഥം അജയനെക്കൊണ്ടു പ്രതാപൻ ചെയ്യിച്ചതിനു എന്തു സമാധാനമാണു് പറയാനുള്ളതു്? അക്ബർ ചക്രവത്തിയെ മഹാനെന്നു പറയുന്നതെന്തുകൊണ്ടു്?

5. ക്ഷമ പൌരുഷമാണോ? വിവരിക്കുക.

6. ധനമോ, ദാരിദ്ര്യമോ ദുർവൃത്തികൾക്കു് അധികം പ്രേരകമായിരിക്കുന്നതു്? ഉപപാദിക്കുക.

## ൫൨. ഒരു വിലാപം.

തിങ്ങിപ്പൊങ്ങുംതമസ്സിൽകടലിലൊരുകുടം
        പോലെ ഭൂചക്രവാളം
മുങ്ങിപ്പോയീമുഴക്കം;കളിരിളകുമിളം
        കാററുതാനേനിലച്ചു;
മങ്ങിക്കാണുന്നലോകപ്രകൃതിയുടെപക-
        ൎപ്പെന്നമട്ടന്നുമൌനം
തങ്ങിക്കൊണ്ടദ്ധരാത്രിക്കൊരുപുരുഷനിരു-
        ന്നീടിനാനാടലോടെ. 1

കണ്ണിൽക്കണ്ണീർനിറച്ചിട്ടകമിടറിവിട്ടും
        വീർപ്പുകൊണ്ടാശുമിന്നി-
ട്ടെണ്ണിപ്രാപഞ്ചികക്കോളടിയുടെനടുവിൽ
        പെട്ടുവല്ലാതെമുങ്ങി
മണ്ണിൽചൈതന്യമില്ലാപ്പടിപൊടിപുരളും
        മട്ടുവാടിക്കിടക്കും
പെണ്ണിൻപൂമേനിതാങ്ങിദ്ദയിതനവനിരു-
        ന്നീടിനാ;നെന്തുചെയ്യാം! 2

നാട്ടാരെല്ലാം വിഷൂചിലഹളയിലുതിരും
        കാലു;മദ്ദീനമായ്ത്തൻ
കൂട്ടാളയ്യോ! കഴിഞ്ഞീടിനകഥ; വലുതാ
        യുള്ള വർഷാനിശീഥം;
കേട്ടാലാരും ഭയംകൊണ്ടിളകിമറിയുമീ-
        വേളയിൽ കഷ്ടമായാം
നീട്ടാനുംകൂടിവയ്യാതെരിയുമൊരു വിള-
        ക്കിന്റെ നേരിട്ടിരുന്നു. 3

ആമട്ടാളും കഠോരപ്രകൃതിനടനയിൽ
പാട്ടുകാരൻ കണ്ണക്കോ-
ള്ളമൻമൂളുന്നു; കൂകുന്നിളു ചിറകടിയോ-
ടൊത്തു കുററിച്ചുളാനും;
ഭ്രമം, വിഭ്രാന്തി, താപം, ഭയമിവയിലലി-
ഞ്ഞാകവേ രക്തനാഡീ
സ്തോമംസ്തംഭിക്കയാലിക്കഥകളവനറി-
ഞ്ഞീ,ല്ലതേനല്ലതായി. 4

പാരം വീർപ്പിട്ടുലയ്ക്കൊത്തെരിയുമൊരുമുഖം
മുത്തൊളിബ്ബാഷ്പധാരാ-
സാരം തിങ്ങിക്കലങ്ങീടിനമിഴികൾ, നിറം
മങ്ങിവീങ്ങും കപോലം
ചാരംപോലേവിളർത്തോരുടലിവയൊടുമ-
പ്പൂരുഷൻ ഹന്തവിദ്യുൽ-
സാരത്തിൻ വിഭ്രമാലൊട്ടിളകുമൊരുവെറും
പാവയെപ്പോലിരുന്നു. 5

ഒന്നോരണ്ടോ മണിക്കൂറിടമനമറിയാ-
മട്ടിലെന്തൊക്കെയോ ചെ-
യ്തന്നോളം തള്ളുമാർത്തിക്കടൽനടുവിലെണ്ണീ-
ററായവൻ നീന്തിനോക്കീ;
പൊന്നോമൽ ചെമ്പകത്തിൻ മലരടിപണിയും
കാന്തതൻ മെയ്യുമെല്ലേ-
അന്നോടൊപ്പിച്ചമർത്തിത്തഴുകിയൊരുവിധം
ഗൽഗദം പൂണ്ടുരച്ചു. 6

"മാനം, മര്യാദ, മാന്യപ്രണയമധുരമാം
ശീല,മൊക്കുന്നമട്ടിൽ
ദാനംതൊട്ടുള്ള നാനാഗുണവിഭവമിണ-
ങ്ങിടുമെൻ പ്രാണനാഥ!
ജ്ഞാനധ്യാനൈകരൂപാമൃതമണയുവതി-
ന്നുള്ള നിന്നന്ത്യയാത്ര
യ്ക്കാനന്ദം കൈവരട്ടേ; തവ വിമലകഥാ-
വസ്തുശേഷിച്ചിടട്ടെ. 7

സ്വാതന്ത്ര്യത്തോടുകൂടി സ്വയമുയരുമൊരീ
നിന്റെജീവൻ, ക്രമത്തിൽ
കൈതന്നുംവെച്ചു വാനോർവനിതകളരുളീ-
ടുന്നൊരഗ്ര്യാസനത്തിൽ
ആതങ്കംവിട്ടുമിന്നി, ക്കിളികളിളകുമാ
നനത്തോപ്പിലേന്തും
ഗീതത്തോടൊത്തു പുത്തൻമണമണിയുമിളം
കാറ്റുതെല്ലേറ്റിടട്ടെ. 8

ആശാവേശംനിമിത്തം ചിലതിവനുരചെ-
യ്യുന്നതത്രേ മരിച്ചാ-
ലേശാൻപോകും യഥാർത്ഥസ്ഥിതികളറിയുവാ-
നാർക്കുമയ്യോ ഞെരുക്കം;
ദേശാചാരാനുസാരം സുകൃതഫലമെടു-
ത്തീടുവാൻ തത്വചിന്താ-
ലേശാലോലം മനസ്സിന്നനുമതികുറയും;
തത്വമോഭിന്നഭിന്നം. 9

താരുണ്യത്തള്ളലാലോ, തരുണമനമിള-
ക്കുന്ന ഗാനങ്ങളാലോ
പേരുണ്ടാക്കാൻ തുനിഞ്ഞില്ലിവനിലകമലി-
ഞ്ഞുള്ള നീയെന്നമൂലം
ആരുംപാർത്തില്ല; എന്നാകിലുമൊരുസമയ
ത്തത്ഭുത പ്രേമസാരം
ചേരുംനിൻജീവവൃത്തപ്പുതുമ പുതിയ പാ-
ഠത്തിലൊന്നായിരിക്കും. 10

ഏതായാലും, കൃതാന്തൻ നിജകഠിനകരം
നിന്നിൽവെച്ചു, തുഷാര-
ശ്രീതാവും മഞ്ജുമന്ദസ്മിതമണിയുമിളം
ചുണ്ടനങ്ങാതെയായീ,
വീതായാസം വിലോലായതമിഴിയിലെഴും
കാന്തിമങ്ങീ, കടക്കം
വാതാവേശാൽ പ്രപഞ്ചത്തിരയടിയിലക-
പ്പെട്ടുനീ ചോട്ടിലായീ. 11

ആകപ്പാടേവിമർശിച്ചറിയുവതിന്നസാ-
ദ്ധ്യങ്ങളാകുന്ന നാനാ-
പാകംതെറ്റുന്ന ദിവ്യപ്രകൃതിയുടെ വികാ-
രങ്ങൾ വിശേഷാന്തരങ്ങൾ;
'ലോകാരംഗം' നരന്മാർനട'രിതുവളരെ
സ്സാരമാംതത്വമെങ്ങോ
പോകട്ടെ; മാംസമേദോമലകലിനമുടൽ
ക്കെട്ടിതുൽകൃഷ്ടമാണോ? 12

ധീരശ്രീസർവ്വസൈന്യാധിപനുടെകരവാ-
ളൂഴിവന്നുള്ളചെങ്കോ-
ലീരണ്ടിന്നും നമിക്കാത്തൊരു പഴയമഹാ-
ശക്തി മീതേ ജയിപ്പൂ;
സാരജ്ഞേ! തൽപ്രയുക്തം നിയമമനുസരി-
ച്ചിന്നുലോകങ്ങളോരോ-
നേരത്തോരോവിധത്തിൽ തിരിയുമതു തടു-
ത്തീടുവാനാവതല്ല. 13

ലാവണ്യംകൊണ്ടിണങ്ങും പുതുമ,കവിതകൊ-
ണ്ടുള്ള സൽകീർത്തി, വിദ്വൽ-
ബ്ഭാവംകൊണ്ടുള്ള മാന്യസ്ഥിതി, രണപടുതാ-
മൂലമാംവൻപ്രതാപം
ഈവണ്ണം വർണ്ണനീയം ഗുണമഖിലമൊരേ-
വാതിലിൽതട്ടിമുട്ടി-
ജ്ജീവത്താമാദിമൂലപ്രകൃതിയിലൊടുവിൽ
ചെന്നുചേരുന്നുവല്ലോ. 14

ബാലാദിത്യൻകരത്താലരിമയൊടുതലോ-
ടീടവേപാടലശ്രീ
ലീലാരംഗം പ്രഭാതപ്രകൃതിയുടെ മൃദു-
സ്നിഗ്ദ്ധഗണ്ഡം കണക്കെ
മേലാലെത്തും വിപത്തിൻവിപുലതയെ വിചാ-
രിച്ചുനോക്കുന്നതിന്നും
മേലാതേ നിന്നൊടുക്കംപടുചുടലപനീർ-
പ്പൂവുചുംബിച്ചിടുന്നു. 15

പാതിവ്രത്യപ്രതാപക്കൊടിയുടെ ചരടേ!
ദുർവ്വിധിക്കാററുതട്ടി
പ്പാതിത്യംവന്നനിന്മെയ്യിളകുവതിന്നിനി
സ്സാദ്ധ്യമല്ലെന്നിരിക്കെ
പാതിപ്പെട്ടംഭവച്ഛൃങ്ഖലവലിയിലക-
പ്പെട്ടകാലാലയത്തിൽ
പാതിക്കൽപോയി മുട്ടിത്തിരിയെവരുമൊരെൻ-
ജീവിതം ഭാരഭൃതം. 16

നീലിക്കാർമൂടിമങ്ങുന്നിതുമതി; കൊടുതാം
മന്നിൽപായുന്നനാഡീ-
ജാലത്തിൽക്കൂടി; ദീർഗ്ഘശ്വാസനന്നിളകവേ
ബാഷ്പവർഷംവരുന്നു;
പാലഞ്ചുംവാണിയാളേ! തവ വിരഹവിചാ-
രാംബുധി കോളിളക്കം
കാലത്തിന്നോത്തിരിപ്പൂ! കണവനുടെകരൾ
കെട്ടിതാ പൊട്ടിയല്ലോ! 17

പ്രാലേയക്കട്ടപോലേ പരിമൃദുലതയൃ-
ണ്ടെന്നുമാഡംബരത്തിൽ
കാലേവെയ്ക്കാതെ, നൈസർഗ്ഗികമധുരിമയെ
ത്തൻകളിത്തോഴിയാക്കി
മാലേയംമാത്രമായോരണിയലൊടുമുഖാ-
ബ്ജത്തിലാത്മപ്രസാദം
മേലേമേലേവളർത്തിബ്ഭവതി ഭുവനരം-
ഗത്തിൽ നന്നായ്വിളങ്ങി. 18

ഞാനോ നീർക്കെട്ടി മൂടുന്നൊരുനയനതടം
    വിങ്ങിമങ്ങിക്കുഴങ്ങി-
പ്പീനോൽക്കണ്ഠാപരീതൻ വിരഹവിധുരതാ-
    ധൂസരാംഗങ്ങളോടേ
മാനോട്ടംകണ്ണി! മുള്ളും ചരടുമിടകല-
    ർന്നുള്ളമാർഗ്ഗം ചവിട്ടി-
ത്താനോരോ ജീവിതായോധനമുറിവുകളേ-
    റ്റോടിപാടേണ്ടിവന്നു. 19

പ്രാതഃകാലംവരുമ്പോൾ തവ ചരമകഥാ-
    സ്മാരകംപോലെപാടും
ഗീതത്തെക്കൊണ്ടുഘണ്ടാമണി വെളിയിലയ-
    ച്ചോരുണ്ണാനൊറ്റയായി
പ്രേതത്തെപ്പോലെ മുറ്റത്തണിയുകിലൊളിവ-
    റ്റോമനക്കാറ്റുപുൽകും
കൈതപ്പൂവെന്നെനോക്കിത്രപയൊടപഹസി-
    ച്ചീടുമേ വാദമില്ല. 20

വാതവ്യാസംഗമൂലം വിറയുടയവപുരാ-
    രാമവല്ലീകുലത്തെ
സ്ഫീതസ്നേഹംതലോടിപ്പുലർപൊഴുതുപയോ-
    ധാരതാനേനനടത്തി
ആതങ്കം മാറ്റുമാര്യേ! തവതനുഭവമാ-
    യുള്ളവെണ്ണീർകിടക്കേ
പ്രേതക്കാട്ടിൽക്കടത്തും കരവുമഫലമ-
    ല്ലോഷധീശന്നു മേലിൽ. 21

സാനന്ദം സുപ്രഭാതോദയമഹിമപുക-
ഴ്ത്തുന്നപക്ഷിവ്രജത്തിൻ-
ഗാനത്താലോ ഗവാക്ഷംവഴി ദിനമണിതൻ
കൈകളാൽ പുൽകയാലോ
തേനഞ്ചുംവാണിയാളേ! ചുടലയൊടുസമീ-
പിച്ചതിൽ ദീർഘനിദ്രയ്-
ക്കൂനംപററില്ലു; നിൻകണ്ണുകൾ നിയതിനിയോ-
ഗത്തിനാൽ മുദ്രിതങ്ങൾ. 22

1 പ്രസ്തുത രാത്രിയുടേയും, അവസ്ഥയുടേയും ഭയങ്കരതയെ വർണ്ണിക്കുക.

2. "ബാലാദിത്യൻ കരത്താൽ" എന്നു തുടങ്ങുന്ന പദ്യത്തെ പരാവർത്തനം ചെയ്യുക.

ഉത്തമകവികൾ പ്രകൃത്യവസ്ഥകളെ വർണ്ണിക്കുമ്പോൾ കഥാസംഭവത്തിൻെറ, അഥവാ കഥാപാത്രത്തിൻെറ നേർക്കു കണ്ണയക്കുകയും സന്ദർഭാനുസരണമായ വിധം ഉല്ലേഖനംചെയ്തു വർണ്ണനം നിർവ്വഹിക്കുകയും ആണു് ചെയ്യുക. അങ്ങിനെ പരിതഃസ്ഥിതികളുടെ വർണ്ണനം, അടുത്തു നടക്കുവാൻപോകുന്ന സംഭവത്തിൻെറ ഒരു സാമാന്യഭാവത്തെ അനുഭവഗോചരമാക്കുമെന്നും, രസോൽകർഷയുളവാക്കുമെന്നും പറയേണ്ടതില്ലല്ലോ. ഈ കവിതയിലെ ഒന്നുംനാലും പദ്യങ്ങൾ നോക്കുക. പ്രകൃതി ഒട്ടാകെ വൈരൂപ്യം പ്രാപിച്ച വിഷാദാത്മകമായി തീർന്നിരിക്കുന്നു. ദയനീയവും, ഭയങ്കരവുമായ ആ സംഭവത്തിൽ പ്രകൃതിയും അനുശോചിക്കുന്നതായിട്ടാണു് തോന്നിപ്പോകുന്നതു്. കാവ്യപാരായണാവസരത്തിൽ അത്തരം സംഗതികൾ, പ്രത്യേകം ശ്രദ്ധിക്കേണ്ടതും, വർണ്ണനത്തിൽ സന്ദർഭാനുസരണം പ്രകൃത്യവസ്ഥകളെ പ്രകാശിപ്പിക്കാൻ ശ്രമിക്കേണ്ടതുമാണു്.

3. "അഖിലമൊരേ വാതിലിൽതട്ടിമുട്ടിജ്ജീവത്താമാദിമൂല പ്രകൃതിയിലൊടുവിൽ ചെന്നുചേരുന്നുവല്ലോ." എന്നതിലെ ആശയത്തെ വിവരിക്കുക.

4 താഴെപറയുന്നവയെക്കുറിച്ചു ഉപന്യാസങ്ങളെഴുതുക.

1. നിങ്ങൾക്കു ഗ്രഹണശക്തിയുണ്ടായതിനു ഇന്നേവരെയുണ്ടായിട്ടുള്ള പരിഷ്കാരാഭിവൃദ്ധികൾ. (ജീവിതരീതിയിലുണ്ടായിട്ടുള്ള മാററങ്ങളേയും ഉൾപ്പെടുത്തി അവയുടെ ഗുണദോഷങ്ങളെ വിമശിക്കാവുന്നതാണ്.)

2. സ്കൂളിൽപോയി വിദ്യാഭ്യാസം ചെയ്യണം. (നിങ്ങൾക്കതുകൊണ്ടുണ്ടായിട്ടുള്ള നന്മകളെ വിവരിച്ചു സ്ഥാപിക്കുക.)

## ൧൩. നാളത്തെ പരിഷ്കാരം.

നാളത്തെ പരിഷ്കാരം! അതേ, ഇന്നത്തെ പരിവത്തനകോലാഹലം സാവധാനം അഭിവീക്ഷണം ചെയ്യുന്നവക്കു പൎയ്യാലോചനാഹമായ ഒന്നാണ് നാളത്തെ പരിഷ്കാരം. പരസ്പരഭിന്നങ്ങളായ ആദശസംഹിതകളുടെ വ്യാസംഗത്തിൽ ആ പരിഷ്കാരം അനിദ്ധാൎയ്യരൂപമായിരിക്കുന്നു. പലരും അതിന്റെ സ്വരൂപം നിണ്ണയിക്കുവാൻ ക്ലേശിക്കുന്നുണ്ടു്. ഒരു നിണ്ണയവും പൂണ്ണമല്ല. എന്നിരുന്നാലും തത്സംബന്ധമായി ഉതഃപൎയ്യന്തം പ്രകടീഭവിച്ചിട്ടുള്ള അഭിപ്രായങ്ങളിൽ കുറെയൊക്കെ കേൾക്കത്തക്കവയാണ്.

പ്രകൃതിശക്തി ഗവേഷണം അടിക്കടി വദ്ധിക്കുകയാണല്ലോ. പാശ്ചാത്യർ അതിൽ ഒത്തനേത്രരും കൃതപ്രതിജ്ഞരുമായിരിക്കുന്നു. അതുകൊണ്ടു 'കണ്ടുപിടിത്തങ്ങൾ' മേൽക്കുമേൽ ഉണ്ടായിക്കൊണ്ടിരിക്കുമെന്നു വേണം ഊഹിക്കുവാൻ. യത്നലഘുകരണപ്രിയരായ മനുഷ്യ

രാകട്ടെ, യന്ത്രപ്രതീതമായ ജീവിതം അത്യാഹ്ളാദപൂർവ്വം ആശ്ലേഷിക്കാതിരിക്കയില്ല. തീവണ്ടി, കമ്പി, കമ്പിയില്ലാക്കമ്പി, വിദ്യുദീപം ഇത്യാദി ഇപ്പോൾതന്നെ അനേകം രാജ്യങ്ങളിൽ കയറിപ്പററിയിരിക്കുന്നു. സാധാരണന്മാരുടെ ജീവിതപരിപാടിയിൽപോലും അവ ദുസ്ത്യജങ്ങളായിതീരുവാൻ ഇനി അധികവിളംബം വേണ്ടിവരികയില്ല. അങ്ങിനെയിരിക്കെ നാളത്തെ പരിഷ്കാരം—പാശ്ചാത്യവും പൌരസ്ത്യവും ഒന്നുപോലെ—നവീനശാസ്ത്രനിബദ്ധമായിരിക്കുമെന്നു വേണ്ടയോ അനുമിക്കുവാൻ? മനുഷ്യൻെറ ഗവേഷണപ്രസക്തി ക്രമേണ മന്ദീഭവിക്കുമെന്നു കരുതാൻ കാരണമില്ല. അതു കടിഞ്ഞാൺ കൈവിട്ടു് ഓടിക്കൊണ്ടേയിരിക്കും. ഓട്ടത്തിൽ അതിൻെറ പദലാഞ്ഛനങ്ങൾ നമ്മുടെ ഭവിഷ്യജ്ജീവിതപദ്ധതിയിൽ പതിഞ്ഞേ തീരു. ഇതു സമഞ്ജസമായൊരു അഭിപ്രായംതന്നെ.

പക്ഷെ മഹാത്മാഗാന്ധിയുടേയും, താദൃശലോകജ്ഞാനരുടേയും ശക്തിമത്തായ ഉദ്ബോധനം പിന്നെ എന്തിനു്? ബൌദ്ധം, ക്രൈസ്തവം, ഹൈന്ദവം, മഹമ്മദീയം എന്നിങ്ങനെ എല്ലാം പ്രധാന മതങ്ങൾക്കും പള്ളിപ്പിറപ്പരുളിയ പൌരസ്ത്യലോകത്തിൻെറ ധർമ്മാവബോധത്തിനു് ഇനിയത്തെ പരിഷ്കാരത്തിൽ പങ്കില്ലെന്നോ? വിദ്വാന്മാർ സമ്മതിക്കുന്നു ഉണ്ടെന്നു്. ഇല്ലെങ്കിൽ സകലവും ധൂമാന്ധം; മനുഷ്യൻ ലോകവാസംതന്നെ വെറുക്കും. നോക്കുക, ഇപ്പോഴേ വന്നിരിക്കുന്നു, ആ വെറുപ്പിന്നാധാരമായ സമാധാനക്ഷതി. യുദ്ധോപകര

ണസഞ്ചയനം ദിവസന്തോറും വദ്ധമാനമായിവരുന്നു. സയൻസു മനുഷ്യനു കടലും കരയും മാത്രമല്ല, അന്തരീക്ഷവും മത്സരരംഗമായിതീക്കുന്നു. ലോകക്ഷേമത്തിന്നു ഈശ്വരൻ കല്പിച്ചരുളിയ ശാസനാദശകം (The Ten commandments) ഇന്നു നാശകരയന്ത്രങ്ങൾക്കിടയിൽ സയൻസു കീശയിൽ നിക്ഷേപിച്ചിരിക്കയാണു്. മഹായുദ്ധവും, അനന്തരം സാമ്പത്തികാധഃപതനവുംനേരിട്ടു സിരകളെല്ലാം തളൎന്നുപോയ ജനസഞ്ചയം, സയൻസിന്റെ ഹസ്താവലംബത്തോടുകൂടി ത്വരിതോൽഗമനംചെയ്യുന്ന നവീനപരിഷ്കാരത്തിന്റെ 'ഗജവിക്രമങ്ങൾ' എങ്ങിനെയെങ്കിലും പ്രതിരോധിക്കണമെന്നു സിദ്ധാന്തിക്കുന്നു. യുദ്ധക്കടങ്ങൾ തല്ക്കാലം വീട്ടാൻ തരമില്ലെന്നുകണ്ടു് ഇംഗ്ലണ്ടും മററും അക്കാൎയ്യം നീട്ടിവെക്കുകയാൽ, കടക്കാററി പിരിയാതെ ക്ലേശിക്കുന്ന അമേരിക്ക യൂറോപ്യൻ ശക്തികളോടു പറയുന്നു, "ആയുധസംഭരണം നിറുത്തികുറേശ്ശയായി കടം വീട്ടിത്തരണം എന്നു്. പക്ഷേ, ആ ഉപദേശം ഫ്രാൻസും ഇംഗ്ലണ്ടും മററും കേൾക്കുന്നതേയില്ല. സാമ്പത്തികാപകൎഷഘോഷണം മാത്രമേ അവക്കുള്ളു. ചിലർ, ആയുധബഹിഷ്കരണംകൊണ്ടുണ്ടാകുന്ന പണം കൃഷി വാണിജ്യവ്യവസായങ്ങൾക്കായി വിനിയോഗിച്ചു രാജ്യക്ഷേമം ഉദ്ധരിച്ചതിനു ശേഷം യുദ്ധക്കടത്തിന്റെ കാൎയ്യം ആലോചിച്ചാൽ മതിയെന്നു മാദ്ധ്യസ്ഥ്യം പറയുന്നുണ്ടു്. അതും വനരോദനംതന്നെ. സൎവ്വത്ര കുഴപ്പമേ ഉള്ളു. എത്ര സൎവ്വരാജ്യസഖ്യങ്ങളും, ആയുധബഹിഷ്കരണാലോചനകളും ഉണ്ടായാലും ജനങ്ങൾ

തമ്മിലും രാജ്യങ്ങൾ തമ്മിലും സൌഹാർദ്ദമില്ലെങ്കിൽ എല്ലാ സമാധാനോദ്ധാരശ്രമങ്ങളും നിഷ്ഫലം. നിരായുധീകരണം, യുദ്ധക്കടം ഇത്യാദി ശബ്ദങ്ങളുടെ സ്ഥാനങ്ങൾ വിശ്വാസം, പ്രത്യാശ, സ്നേഹം, യത്നം എന്നിവ കൈവശപ്പെടുത്തിയാലെ സമാധാനം ഉണ്ടാകൂ എന്നത്രെ ബാൾഡ്വിന്റെ ഉദ്ബോധനം. യാന്ത്രികപരിഷ്കാരത്തിന്റെ നാശകരോദ്യമങ്ങൾക്ക പ്രതിവിധി അദ്ധ്യാത്മബോധം മാത്രം.

ഏഷ്യയുടെ ബ്രഹ്മാണ്ഡഭേദിയായ ധർമ്മരോദനം അങ്ങനെ അനന്തരകാലികർ കേൾക്കമെന്നുവന്നാലും, ഇന്നത്തെ മട്ടിലായിരിക്കയില്ല ആ കേൾവി. ധർമ്മത്തിന്റെ ശശ്വൽ കോമളമായ വദനത്തിൽ കരിതേക്കുന്ന അനാചാരങ്ങളുടെ അട്ടഹാസം അവരുടെ കർണ്ണങ്ങളിൽ പതിക്കകയില്ല. അയിത്തവും ക്ഷേത്രപ്രവേശനിരോധവും ധർമ്മദ്ധ്വംസകമായി ഇപ്പോൾ എല്ലാവരും എണ്ണിക്കഴിഞ്ഞിരിക്കുന്നു. ഏതാദൃശ ഭാരതീയരുടെ സന്താനങ്ങളുണ്ടോ മററനാചാരങ്ങൾ ആദരിക്കുന്നു? അകൃത്രിമസുന്ദരങ്ങളായ വേദസൂക്തങ്ങളിൽ, എള്ളിലെണ്ണപോലെ അന്തർല്ലയിച്ചിരിക്കുന്ന സാഹോദര്യാധിഷ്ഠിതമായ സദ്ധർമ്മമേ സനാതനമായിരിക്കയുള്ളു. നാളത്തെ പരിഷ്കാരത്തിന്റെ ഭൌതികതയ്ക്കു നിയന്താവായിരിപ്പാൻ അതൊഴികെ മറെറാന്നും ശക്തമാകയില്ല.

സ്ത്രീവ്യക്തിയുടെ ഉന്നമനം ഭാവിപരിഷ്കാരത്തിലെ മറെറാരു പ്രധാനാംശമാകുന്നു. യൂറോപ്പിലും അമേരി

ക്കയിലും പുംസ്ത്രീഭേദം പല കാൎയ്യങ്ങളിലും ഇല്ലാതായി ട്ടുണ്ട്. സ്ത്രീകളുടെ സംഖ്യ പുരുഷന്മാരുടേതിൽനിന്നു വളരെ കുറഞ്ഞിരിക്കുന്ന യൂറോപ്യൻരാജ്യങ്ങളിൽ പ്രസ്തുത ഭേദം നിശ്ശേഷം നശിക്കുമെന്നുവേണം കരുതാൻ. ഫ്രാൻസിൽ 20 ലക്ഷത്തിൽപരം സ്ത്രീകൾക്കു വിവാഹ ദ്വാരാ ജീവിതപ്രവേശം ലഭിക്കുന്നില്ല. അവർ കായബലാനപേക്ഷമായ ജോലികളിൽ പുരുഷന്മാരോടു മത്സരമാരംഭിച്ചിരിക്കുന്നു. ഈ അഭ്യുത്ഥാനം ഗാർഹസ്ഥ്യം, വിദ്യാഭ്യാസം ആദിയായവസ്സ് എത്രകണ്ടു ബാധകമായേക്കുമെന്നു പറയേണ്ടതില്ലല്ലോ. പൌരസ്ത്യവനിതാമണ്ഡലത്തിലും ഉൽകൎഷണത്തിന്റെ ലക്ഷ്യങ്ങൾ കാണാവുന്നതാണ്. ചൈനയിൽ ബാലികമാരുടെ പാദബന്ധനം നാമാവശേഷമായിരിക്കുന്നു. ടൎക്കിയിൽ സ്ത്രീകളുടെ മൂടുപടം കീറിപ്പോയിരിക്കുന്നു. കേരളത്തിൽ അന്തൎജ്ജനങ്ങൾ വട്ടക്കുടയും വൃഷലിയും തള്ളി ബഹിൎജ്ജനങ്ങളായി പകൎന്നിരിക്കുന്നു. ഇരുഭൂഖണ്ഡങ്ങളിലും ദ്രഷ്ടവ്യമായ നവ്യോത്ഥാനം താമസിയാതെ വിപൽകരമാവില്ലയോ എന്നു പലരും സംശയിക്കുന്നുണ്ട്. ധൎമ്മത്തിന്റെ ചെങ്കോലിൻകീഴിൽ ഉൽപതിഷ്ണുത്വവും, യാഥാസ്ഥിതികത്വവും തമ്മിലിണങ്ങിയാൽ ഫലം അഭിലഷണീയമായിരിക്കും. മേക്കും കിഴക്കും തമ്മിലല്ല, അടുക്കളയും കൂത്തമ്പലവും തമ്മിലാണ് ഇനി ഉണ്ടാകേണ്ട സന്ധി.

ആഗാമിയായ പരിഷ്കാരത്തിന്റെ വേറൊരു ഘടകം പാശ്ചാത്യന്റെ അധഃപതനമാണെന്ന് ഒരമേരി

ക്കൻ പണ്ഡിതൻ അഭിപ്രായപ്പെടുന്നു. പാശ്ചാത്യവും പൌരസ്ത്യവുമായ രണ്ടു വമ്പിച്ച ജനസമുദായങ്ങളുടെ വ്യാഘട്ടനം ദർശിക്കുന്ന മദ്ധ്യസ്ഥനായ ഒരുവൻെറ ചെറിയൊരഭിലാഷം മാത്രമാണതെന്നു ഗണിക്കുവാൻ വയ്യ. ഇരുപക്ഷങ്ങളിലെയും സന്നാഹങ്ങൾ സമവലോകനം ചെയ്തതിൻെറ ഫലമാകുന്നു അദ്ദേഹത്തിൻെറ പ്രസ്താവം. പതിനാറാംനൂററാണ്ടിൽ ഉത്ഥാപിതമായ പാശ്ചാത്യപ്രഭാവം കഴിഞ്ഞ ലോകമഹായുദ്ധംവരെ പ്രവൃദ്ധമായിക്കൊണ്ടിരുന്നു. 1905-ൽ റഷ്യക്കാർ ജപ്പാൻകാരോടെതിർത്തു തോൽവിയടഞ്ഞു. അതായിരുന്നു അവർണ്ണനിൽനിന്നു സവർണ്ണനു പററിയ ഒന്നാമത്തെ പരാജയം. മഹായുദ്ധത്തിൽ സവർണ്ണരായ പാശ്ചാത്യർതന്നെ തമ്മിൽതല്ലി സഹസ്രക്കണക്കിനു അന്തരിക്കുകയും ഒടുവിൽ അവരുടെ രക്ഷക്കായി അവർണ്ണർ ഓടിയെത്തേണ്ടിവരികയും ചെയ്തു. യുദ്ധം അവസാനിച്ചതോടെ അവരുടെ ധനപ്പെരുപ്പവും നിലച്ചു. ചൈനയിലെ അങ്ങാടികളിൽ റഷ്യക്കാർ—തനി വെള്ളക്കാർതന്നെ—ഭിക്ഷാടനം ചെയ്യുകയായി. ഇപ്പോൾ അവർ രണ്ടു നവീനാസ്ത്രങ്ങൾ കണ്ടുപിടിച്ചിട്ടുണ്ടു്; വിദേശസാമാനതിരസ്കാരവും അക്രമരഹിതമായ പ്രതിഷേധവും. അവ സവർണ്ണപ്രതാപം വിഛിന്നമാക്കിയിരിക്കുന്നു. ചൈനക്കാർ 1926-ൽ നടത്തിയ സാമാനബഹിഷ്കാരം നിമിത്തം ബ്രിട്ടീഷുകാർക്കു് അനേകലക്ഷം പവൻ നഷ്ടപ്പെട്ടു. ഭാരതീയരുടെ അസ്ത്രപ്രയോഗം തത്തുല്യമായ നഷ്ടം ഇപ്പോഴും അവർക്കു വരുത്തിവരുന്നു. ആയുധസംഭാരത്തിലൊഴി

കെ മറെറല്ലാററിലും അവൎണ്ണർ സവൎണ്ണരെ ജയിച്ചതായി പറയാം. ആ സ്ഥിതിക്കു അമേരിക്കൻ വിദ്വാൻെറ അഭ്യൂഹം അയുക്തമായെന്നാമോ?

സൎവ്വോപരി, ജനഹിതഭരണത്തിൻെറ ഉത്തമരൂപവും, ഭരണസ്ഥാപനങ്ങളെല്ലാം ഏകോപിച്ചൊരു മഹാസഖ്യവും ഭവിഷ്യൽപരിഷ്ക്കാരാംശങ്ങളായിരിപ്പാൻ പ്രത്യാശിക്കേണ്ടതാണു്. ഇതേവരെ അനുഭവിപ്പാനിടയായിട്ടില്ലാത്ത ഇക്കാലത്തെ ഭയാനകമായ സാമ്പത്തികാപകൎഷം ശരിയായ ജനാധിപത്യത്തിൻെറ ആവശ്യകത വിളിച്ചറിയിക്കുന്നു. ജനഹിതഭരണം പരമാൎത്ഥമായി രാജ്യങ്ങൾ കൈവരിച്ചാലും ഒരു രാജ്യത്തിനും അന്യാപേക്ഷയില്ലാതെ ശോഭിപ്പാൻ ശക്യമല്ല. ജീവിതോപകരണങ്ങൾ വൎദ്ധിപ്പിക്കുന്നതിനൊപ്പം പരസ്പരാക്ഷേപവും വൎദ്ധിക്കുന്നതാണു്. അങ്ങിനെ വരുമ്പോൾ ലോകത്തിൻെറ ഏകയോഗക്ഷേമമായ സംസ്ഥിതിക്കു സാപ്തപദീനപാരമ്യം കൂടിയേ കഴിയൂ. പക്ഷേ, അതു ഡിവലേറ പറയുമ്പോലെ, ഒരു ഗതാഗതനിയമനപ്പോലീസു മാത്രമായ ഇപ്പോഴത്തെ സൎവ്വരാജ്യസഖ്യമായാൽ മതിയാകയില്ല. നാളത്തെ പരിഷ്ക്കാരത്തിൻെറ ഘടകങ്ങളെ സംബന്ധിക്കുന്ന ഏതാനും മഹദഭിമതങ്ങൾ മാത്രമാണിവ. അഭിപ്രായങ്ങൾ എങ്ങനെയായാലും, ഭാവി ഇന്നത്തേക്കാൾ ധൎമ്മനിരതമാകാനാണു് അവകാശം.

“കാണായിവന്നവനശ്വരമാണെങ്കിൽ
കാണാനിരിപ്പവ ശാശ്വതങ്ങൾ.”

1. സർവ്വരാജ്യസഖ്യത്തെപ്പറ്റി ഒരു വിവരണമെഴുതുക. (അതിൻെറ സ്ഥാപനചരിത്രം, ഉദ്ദേശം, പ്രവർത്തനം, ആധുനികനില എന്നിവ വിശദീകരിക്കപ്പെട്ടിരിക്കണം.)

2. നാശകരയന്ത്രങ്ങൾ കണ്ടുപിടിക്കാൻ ചില രാജ്യക്കാർ ഉദ്യുക്തരാകുന്നതിൻെറ ഉദ്ദേശമെന്ത്? 2. ഈശ്വരവിശ്വാസത്തെ നിരാകരിക്കുവാൻ അക്കൂട്ടർ മുതിരുന്നതെന്തുകൊണ്ട്? 3. യഥാർത്ഥമായ ലോകാഭ്യുദയത്തിനു് എന്താണു വേണ്ടതു്? 4. യാന്ത്രികപരിഷ്കാരം ലോകത്തെ എങ്ങോട്ടാണു നയിക്കുന്നതു്? 5. ഡിവലേറ, ആരാണു്?

3. അമേരിക്കൻ പണ്ഡിതൻെറ അഭിപ്രായം എത്രത്തോളം ശരിയാണു്? സ്വന്തവാക്യങ്ങളിൽ വിവരിക്കുക.

4. വിദേശസാമാനബഹിഷ്കാരം, ശാസനാദശകം എന്നിവയെപ്പറ്റി ഓരോ കുറിപ്പെഴുതുക.

5. "ഭാവി ഇന്നത്തെക്കാൾ ധർമ്മനിരതമാകാനാണു് അവകാശം" ഈ അഭിപ്രായത്തിൻെറ അർത്ഥം വിശദമാക്കുക.

6. എത്രകണ്ടു് — അത്രകണ്ടു്, എത്രത്തോളം — അത്രത്തോളം, എന്നോ — അന്നേ. ഇവ ഉപയോഗിച്ചു് ഈ പാഠത്തിലെ ഏതെങ്കിലും ആശയത്തെ അടിസ്ഥാനമാക്കി ഈരണ്ടു വാക്യങ്ങൾ രചിക്കുക.

7. ഗവേഷണം, അഭ്യൂഹം, പ്രവൃദ്ധം, കൈവരിക്കുക, അപകർഷം— ഓരോന്നും ഓരോ വാക്യത്തിൽ ഉപയോഗിക്കുക.

---

## ൨൪. ഒരു സാന്ത്വനം.

ദുർമ്മന്ത്രികൾക്കു വശനായ സുയോധനൻെറ
കർമ്മങ്ങളാൽ കുരുകുലത്തിനു താനിരിക്കെ
ശർമ്മം കെടും കഥ നിനച്ചു വിഷാദമാർന്നു
ധർമ്മജ്ഞമൌലിമണി ഭീഷ്മർ വിളങ്ങിടുന്നു.

തുച്ഛങ്ങളെന്നു ദയിതാസുഖമോടുടൻനാ-
ടച്ഛന്നുതെല്ലൊരിഹ ലോകസുഖംവളപ്പാൻ
അച്ഛന്നമോദമതിധൈര്യവശാൽ വെടിഞ്ഞാ-
സ്വച്ഛന്ദമൃത്യു സുരലോകസരിൽക്കുമാരൻ;
കൃത്യംവിടാൻ പരശുരാമനുമഗ്നിഭൂവും
പ്രത്യർത്ഥിയായ്പ്പൊരുതുതോററതുകാട്ടിമാററിൽ
അത്യന്തഘോരശരമേററവടുക്കൾമിന്നും
സത്യവ്രതൻ, സകലസജ്ജനമാനനീയൻ;
ധീരപ്രശാന്തമിഴി, നീണ്ടുതടിച്ചകൈകൾ
നേരററുയന്നുദ്ധമെയ്, വിരിമാറിവണ്ണം
വീരത്വമൊത്തൊരുടലാന്നുകണക്കെഴുന്നാ-
ഘോരപ്രതാപവിളഭൂമി, വിശുദ്ധചിത്തൻ;
സ്ഥായദ്യശോമണിമയപ്പുതുമാലപോലെ
കായത്തിലൊക്കെനിറയുന്ന നരച്ചരോമം
പ്രായംകുറച്ചധികമായതുകാട്ടിയാലും
ആയത്തയൌവനനരാതിഭയപ്രദായി;
താനേതദീയനഗരത്തിലിരിക്കു,മാര-
ത്ര്യാനേകനന്മകലരും ഹരിഭക്തിമാനെ
മാനേലുമായതവിലോചനരാജപുത്രി
താനേറുമല്ലലൊടുകാണുവതിന്നണഞ്ഞു.
താതൻകണക്കു സതതം പരിലാളനങ്ങൾ
ചേതസ്സിലാദരഭരത്തൊടുചെയ്കയാലെ
സ്വാതന്ത്ര്യമേതുസമയത്തിലുമുണ്ടു ഗംഗാ-
ജാതൻതെളിഞ്ഞെഴുമിടത്തിലവൾക്കുചെൽവാൻ.

ചാരിച്ചിടും പരിഭവം പറയാതെ ചൊല്ലി,
മാരിപ്പടിക്കുമിഴിനീരൊഴിയാതൊഴുക്കി,
നേരിട്ടുചെല്ലുമവളെക്കനിവാർന്നുപുൽകി
ബ്ഭൂരിപ്രിയത്തൊടു നിജാങ്കമണച്ചു ഭീഷ്മൻ.

നെററിത്തടത്തിൽ നിറയുന്ന വിയർപ്പുകൊണ്ടു
മിററിററുവീണു കവിൾചേർന്നിടുമശ്രുകൊണ്ടും
ചെററിച്ചപോലിളകിടാതളകംമുഖത്തു
പററിപ്പിടിച്ചിതു പതുക്കെയൊതുക്കിനീക്കി;

മിണ്ടാതിരിക്കുമവൾതൻമുഖമുത്തരീയം
കൊണ്ടാദരത്തൊടുതുടച്ചുപുറംതലോടി
കൊണ്ടാടിടേണ്ടുമഴകുള്ളുടലേറെവാടി-
ക്കണ്ടാടലോടുമവളോടുരചെയ്തുപിന്നെ.

“മാലാർന്നിടായ്ക മമ കൊച്ചുകുമാരി, നീക്കാൻ
മേലാതെമർത്ത്യനഴലിങ്ങുളവാകുമല്ലോ;
വെയ്ലാറിടുമ്പൊഴുതിരു,ട്ടതുവിട്ടുവെന്നാൽ
വെയ്ലായിവീണ്ടുമിതുപോലെസുഖാസുഖങ്ങൾ.

മായാമയം പെരിയ പാരി,തതിന്നുബീജ
മായാമയങ്ങൾ വിളയുന്നമനസ്സുതന്നെ;
നീയാമയക്കവൊരതിൻനിലകാണ്കിലല്ലൽ
മായാ,മയസ്കരുതതിന്നിഹ കാട്ടുകാട്ടാൻ.

ചിത്തംസുഖാസുഖനിദാനം;മതിന്നു നാക-
മത്താൽക്കുകേളിനിലമാം നരകങ്ങളാക്കാം;
തത്താദൃശാദൃശ്യനരകം സുരനാടുമാക്കാം;
അത്തത്ത്വബോധമഴലാററുമനർഗ്ഗളവേദം.

ചൊല്ലാമൊരാൾക്കു സുഖമാവതുമാൽപര-
ന്നല്ലാ ചിലപ്പൊളഴലായതൊരാൾക്കുതന്നെ
വല്ലാതെവാച്ചസുഖമായിവരും ചിലപ്പോൾ;
എല്ലാം മനസ്സിനുടെ ചെപ്പടിവിദ്യയല്ലോ.

കാലപ്പണിപ്പുരയിൽവെച്ചു മനസ്സു കർമ്മ-
ജാലം പലേനിലയിൽ നാണ്യഗണംകണക്കെ
ആലസ്യമററുടനടിച്ചുവിടുന്നവയ്ക്കു
നീലത്തഴക്കുഴലി! രണ്ടുപുറങ്ങളുണ്ടാം.

രണ്ടുംമനസ്സു പതറാതതുനേർക്കുനോക്കി-
ക്കൊണ്ടുള്ളവണ്ണമറിയായ്കിലബദ്ധമാകും;
വണ്ടുംതൊഴുംകുഴലി! നീയതുചെയ്കിടായ്ക-
കൊണ്ടുത്ഭവിച്ചൊരഴലിപ്പൊഴകററുവൻഞാൻ.

പോരാടിനിൻകണവനേകനെ,യിന്നനേകം
പോരാളിമാർ; പടയൊടൊത്തുതുണച്ചതാതൻ
ചേരാതെമട്ടു ചതിയാലെ മടക്കിയെന്നാൽ
പോരായ്മയെന്തുതവകാന്തനു വീരകാന്തേ!

തണ്ടോടെതിർത്തരവിസൂനു പരൻറബാണം
കൊണ്ടോടിമാറിയൊളിയമ്പുകളെയ്തതെല്ലാം
കണ്ടോരുവീരദയിതയ്ക്കുനിനയ്ക്കിലൊന്നോ-
രണ്ടോദിനത്തെ വിരഹംവ്യഥചേർത്തിടാമോ?

പോരുള്ളിടത്തിലയി നാരദമാമുനീന്ദ്രൻ
ചേരുംജവത്തിലതിനാൽ വിവരങ്ങളെല്ലാം
പേരററയാദവകുലോത്തമരോമനേ! പോർ
തീരുമ്പൊഴേയ്ക്കുമറിയാതെയിരിക്കയില്ല.

ശ്രീരാമകൃഷ്ണർ പടയോടൊത്തടരിന്നടുത്താ
ലാരാണുനേരിടുവതിന്നു ജഗത്ത്രയത്തിൽ?
വീരാവരോധപദമേറിയ നിൻവിയോഗം
തീരാനടുത്തു വെറുതേകരയായ്കവത്സേ!"

1. ഭീഷ്മവർണ്ണനം സ്വവാക്യങ്ങളിൽ എഴുതുക.

2. മായാമയംപെരിയചാരിതു" എന്നു തുടങ്ങുന്ന പദ്യത്തെ പരാവർത്തനം ചെയ്യുക.

3. സുഖദുഃഖങ്ങൾ അവശ്യംഭവ്യങ്ങളാണോ? അവയ്ക്കാസ്പദമെന്തെന്നാണ് പറഞ്ഞിരിക്കുന്നതു്?

4. താഴെ കാണുന്ന വാക്യത്തെ സങ്കീർണ്ണകമായും, മഹാവാക്യമായും മാററുക:— "അനാരോഗ്യംനിമിത്തം സഭയ്ക്കു പോയില്ല."

5 ഹരിഭക്തിമാൻ, രാജപുത്രി, ഉടൽ, മനസ്സ്—ഇവയ്ക്കു കവിതയിലുള്ള വിശേഷണങ്ങൾ സ്വവാക്യങ്ങളിൽ ചേർക്കുക.

6. അവരോധം, അടർ, ചൊരം, കളിയമ്പുകൾ, മടക്കി, പ്രശാന്തഗംഭീരം—ഓരോന്നും ഓരോ വാക്യത്തിൽ ഉപയോഗിക്കുക.

7. നീലത്തഴക്കുഴലി, ശ്രീരാമകൃഷ്ണർ, ഞൊറിത്തടം, ഭൂരിപ്രായം ഇവ എന്തെന്തു സമാസങ്ങൾ?

## ൨൭. യതിവര്യനായ ഫ്രാൻസിസ് അസ്സീസി.

സാമാന്യേന മററുള്ളവരെ അപേക്ഷിച്ചു് ധനികൻ ലോകത്തോടു കൂടുതൽ ബദ്ധനായിരിക്കും. ഒരിക്കലും തൃപ്തിയടയാത്ത ധനാശയാണു് ഏതു സമൃദ്ധിയിലും അവനിൽ പ്രബലപ്പെടുക. ഒരു സമുദായജീവി എന്ന നിലയിൽ വല്ല ഗുണങ്ങളും അവനിൽ അവശേഷിച്ചിട്ടുണ്ടെങ്കിൽ, ക്രമേണ അതു മുഴുവനും നശിപ്പിച്ചു് സ്വാ

ത്ഥം ചെങ്കോൽ വഹിക്കുകയും ചെയ്യുന്നു. ഈ നില യിൽ ആദ്ധ്യാത്മികസംഗതികളിൽ മനസ്സു ചെലുത്തു വാനോ, പരസ്നേഹം പ്രദശിപ്പിക്കുവാനോ യഥാത്ഥ ത്തിൽ ധനികനു കഴിവില്ലാതാകുന്നു. ഇതുകൊണ്ടാണു "ധനികൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക വിഷമം" എന്നു ക്രിസ്തു അരുളിയിട്ടുള്ളതു്. ആത്മീയസ്ഥിതിയെ സുരക്ഷിതമാക്കുവാൻ, അതായതു സ്വർഗ്ഗപദപ്രാപ്തിക്കു് എന്താണു ചെയ്യേണ്ടതെന്നു ചോദിച്ച ഒരു യുവാവി നോടു "പരിപൂർണ്ണനാകുവാൻ മനസ്സുണ്ടെങ്കിൽ, നിന ക്കുള്ളവ മുഴുവൻ വിററു ദരിദ്രക്കു കൊടുത്തശേഷം എ ന്നെ അനുഗമിക്കുക" എന്നു ക്രിസ്തു പറഞ്ഞു. അതുകേ ട്ടു് അയാൾ വ്യാകുലചിത്തനായി മടങ്ങിപ്പോയി. കാ രണം, ആ യുവാവു് ഒരു സമ്പന്നനായിരുന്നു. സാമാ ന്യം നല്ല ഉദ്ദേശത്തോടെ പുറപ്പെട്ടയാളെന്നു് ഊഹി ക്കാവുന്ന ഒരു ധനികൻെറ അവസ്ഥയാണിതു്.

എന്നാൽ ക്രിസ്തുവിൻെറ പ്രസ്തുത ക്ഷണത്തെ അ ക്ഷരംപ്രതി അനുഷ്ഠിച്ച പരസ്നേഹകൃത്യങ്ങളാൽ ഈശ്വ രസ്നേഹത്തെ സാക്ഷാൽകരിച്ച എത്രയോ വിശിഷ്ട പുരു ഷന്മാർ ധനികരുടെയിടയിൽനിന്നു തന്നെയുണ്ടായിട്ടു ണ്ടെന്നുള്ളതിനു ലോകചരിത്രം സാക്ഷ്യം വഹിക്കുന്നുണ്ട ല്ലോ. അത്തരമൊരു ധനികനായിരുന്നു അസ്സീസിയി ലെ വിശുദ്ധനെന്നു പ്രഖ്യാതനായ ഫ്രാൻസിസു്. സ്വാ ത്ഥമെന്നതിനു് അദ്ദേഹത്തിൻെറ ജീവിതവുമായി യാ തൊരു ബന്ധവുമുണ്ടായിരുന്നില്ല. ത്യാഗവും ഭൂതദയയും മൂത്തിമത്തായ ആ മഹാനുഭാവൻ തിയ്യക്കുകളെപ്പോലും

ഉള്ളഴിഞ്ഞു സ്നേഹിച്ചിരുന്നു. പക്ഷികൾ സ്നേഹവിശ്വാസങ്ങളോടുകൂടി, ലോകത്തെ സംബന്ധിച്ചേടത്തോളം നിഷ്പക്ഷനായ ആ വിശുദ്ധനെ സ്വപക്ഷവ്യജനങ്ങൾകൊണ്ടു വീശിത്തണുപ്പിക്കുവാനോ എന്നു തോന്നുമാറു് അദ്ദേഹത്തിന്റെ തോളുകളിലും ശിരസ്സിന്മേലും പറന്നിരുന്നു വിഹരിക്കുക സാധാരണമായിരുന്നുവത്രെ.

ഇററലിയിൽ ഉംബ്രിയായുടെ സാനുപ്രദേശത്തു സ്ഥിതിചെയ്യുന്ന ഒരു സുപ്രസിദ്ധനഗരമാണു് അസ്സീസി. ചുററുപാടും സുന്ദരങ്ങളായ വൻകുന്നുകൾ; മർമ്മരാരവത്തോടെ പുളച്ചൊഴുകുന്ന അരുവികൾ; ഫലാവനമ്രങ്ങളായ മുന്തിരിച്ചെടികൾ തഴച്ചുനില്ക്കുന്ന തോട്ടങ്ങൾ; മനോഹരങ്ങളായ മന്ദിരപംക്തികൾ; മിക്കവാറും തെളിവേറിയ അന്തരീക്ഷം. ഇങ്ങിനെ പ്രകൃതിവിലാസം നടമാടുന്ന ആ പ്രദേശത്തിന്റെ സാഹചര്യത്താൽ സമുല്പാദിതമായതായിരിക്കണം പിന്നീടു പ്രസ്തുത സിദ്ധനിൽ പ്രബലമായിരുന്ന പ്രകൃതിസ്നേഹം.

പീററർ ബർണ്ണാർദ്ദോൻ—അതായിരുന്നു ഫ്രാൻസിസിന്റെ പിതൃനാമധേയം—ഇററലിയിലെ ഏററവും ധനികനായ ഒരു വർത്തകപ്രമാണിയായിരുന്നു. കച്ചവടകാര്യം പ്രമാണിച്ചു് അയാൾ ഫ്രാൻസിലായിരുന്ന അവസരത്തിൽ, 1182-ൽ ആണു് കഥാപുരുഷൻ ഭൂജാതനായതു്. വിവരമറിഞ്ഞു് ആനന്ദനിമഗ്നനായ അദ്ദേഹം പുത്രമുഖദർശനത്തിലുള്ള ഔൽസുക്യത്താൽ കൃത്യങ്ങളൊക്കെ നിറുത്തിവെച്ചു സ്വദേശത്തേക്കു പുറപ്പെട്ടു. ക്രിസ്തുവിന്റെ പ്രിയശിഷ്യനായിരുന്ന സെൻറുജോ

ണിന്റെ നേൎക്കുണ്ടായിരുന്ന പ്രത്യേക ഭക്തിയുടെ ലക്ഷ്യമായി ജോൺ എന്നു മാതാവു കുട്ടിക്കു പേരിട്ടുവെങ്കിലും പിതാവു് അതുകൊണ്ടുമാത്രം തൃപ്തനായില്ല. കുട്ടി ജനിച്ച വിവരം ഫ്രാൻസിലായിരിക്കുമ്പോഴാണല്ലോ അറിഞ്ഞതു്. അതുകൊണ്ടു തൽസ്മാരകമായി ഫ്രാൻസിസ് എന്നുകൂടെ ആദ്യനാമത്തോടു കൂട്ടിച്ചേൎത്തു. ക്രൈസ്തവലോകത്തിൽ മാത്രമല്ല, ലോകമൊട്ടുക്കും സുപ്രസിദ്ധമായി, വിനയം, വിരക്തി, വിശുദ്ധത എന്നു തുടങ്ങിയ മഹനീയ ഗുണങ്ങൾക്കു പൎയ്യായമായി, എന്നെന്നും അനുസ്മരിക്കപ്പെടുവാൻ പോകുന്ന ഒരു നാമമത്രെ പുത്രനു നൽകിയതെന്നു് ആ കച്ചവടക്കാരൻ അന്നു കരുതിയിരിക്കാനിടയില്ല

ലൌകികവിഷയങ്ങളിൽ അതിൎകടന്നവിധം വ്യാപൃതനായിരുന്ന പിതാവിന്റെ മാതൃകകളെ അതിശയിക്കത്തക്കവിധം, ആദ്ധ്യാത്മികമായ ഭാവനകളെ തട്ടിയുണൎത്തിക്കൊണ്ടു കുട്ടിയെ വളൎത്തുന്നതിൽ, ഭക്തോത്തമയായ മാതാവു നിരന്തരം യത്നിച്ചുപോന്നു. വിദ്യാഭ്യാസകാലത്തു് ഇതരവിഷയങ്ങളിലെന്നപോലെ, ലാററിൻ, ഫ്രഞ്ചു് എന്നീ ഭാഷകളിലും പ്രാവീണ്യം സമ്പാദിച്ചിരുന്നെങ്കിലും, വിനയാതിരേകം നിമിത്തം അജ്ഞനെപ്പോലെ ഭാവിച്ചിരുന്നുവെന്നാണു ചരിത്രകാരന്മാർ പറയുന്നതു്. യൌവ്വനാരംഭത്തോടുകൂടി കച്ചവടത്തിലേൎപ്പെട്ടു പിതാവിനെ സഹായിക്കുവാൻതുടങ്ങി. എന്നാൽ പിതാവിന്റേയും പുത്രന്റേയും സ്വഭാവങ്ങൾ അത്യന്തഭിന്നങ്ങളായിരുന്നു. വിലയേറിയ വസ്ത്രങ്ങൾ ധരിച്ചു്, സര

സന്മാരായ നിരവധി സ്നേഹിതന്മാരാൽ സദാ സംസേവിതനായി വിരുന്നും, സദിരും, സഞ്ചാരവുമായിട്ടാണു ഫ്രാൻസിസ് ദിവസങ്ങൾ പോക്കിയിരുന്നതു്. അൎത്ഥികളായ്വരുന്നവൎക്കു കയ്യയച്ചു ദാനം ചെയ്യുന്നതിനും വളരെ ധനം വ്യയം ചെയ്തിരുന്നു. ഒരു രാജകുമാരനെപ്പോലെ ഏത്രയും പ്രതാപാഡംബരപൂൎണ്ണമായ സുഖജീവിതം നയിച്ചിരുന്ന ഫ്രാൻസിസിനെ നാട്ടുകാർ അസ്സീസിയിലെ പുഷ്പമെന്നു പുകഴ്ത്തുവാനും തുടങ്ങി. ധനാൎജ്ജനലോലുപനായ പിതാവിനു് ആ നടപടി അത്ര തൃപ്തികരമായിന്നില്ലെങ്കിലും തന്റെ മകൻ സുപ്രസിദ്ധനായി വരുന്നുണ്ടല്ലോ എന്നു കരുതി, വ്യയനിയന്ത്രണത്തിനൊന്നും മുതിൎന്നില്ല. മാതാവിന്റെ സംതൃപ്തി മറെറാരു സംഗതിയിലായിരുന്നു. ഈ സുഖജീവിതത്തിനിടയിലും മകൻ, സന്മാൎഗ്ഗപഥത്തിൽനിന്നു വ്യതിചലിച്ചിരുന്നില്ല എന്നതിലായിരുന്നു ആ മനസ്വിനിയുടെ സന്തോഷം. ഏതു വിനോദാവസരത്തിലും, ഫ്രാൻസിസിന്റെ മുമ്പിൽവെച്ചു് അസന്മാൎഗ്ഗികമായ ഒരു വാക്കുപോലും പറയാൻ, സ്നേഹിതന്മാരിൽ ആരും ധൈൎയ്യപ്പെട്ടിരുന്നില്ലെന്നാണു കാണുന്നതു്.

സമീപരാജ്യങ്ങളുമായി യുദ്ധമുണ്ടാകുക അക്കാലത്തു് ഇററലിയിൽ ഒരു സാധാരണ സംഭവമായിരുന്നു. അങ്ങിനെ പെറൂജീയാക്കാരുമായുണ്ടായ ഒരു ശണ്ഠയിൽ ഫ്രാൻസിസും സ്നേഹിതന്മാരും പങ്കെടുക്കയും അവരെല്ലാം ബന്ധനസ്ഥരായി കാരാഗൃഹവാസമനുഭവിക്കേണ്ടിവരികയും ചെയ്തു. ഒരു കൊല്ലം കഴിഞ്ഞതിന്നു

ശേഷമേ മോചനം സിദ്ധിച്ചുള്ളു. പിന്നെ കുറെക്കാലം കഠിനരോഗം പിടിപെട്ടു കിടപ്പിലായി. ധനം ധാരാളം ഉണ്ടെങ്കിലും, സുഖജീവിതം നയിച്ച ജീവിതം വ്യൎത്ഥമാകുന്നതു വിവേകരാഹിത്യത്തിന്റെ ഫലമാണെന്നുള്ള ചിന്ത അദ്ദേഹത്തിൽ ആവിർഭവിച്ചതു് ഈ അവസരത്തിലായിരുന്നു. ശക്തിമത്തായ ഒരു പരിവൎത്തനത്തിന് ആ അവസ്ഥ ശക്തമായി. രോഗം മാറി, നടക്കാമെന്നായപ്പോൾ മനഃസ്വാസ്ഥ്യം സമ്പാദിപ്പാനായി വിജനപ്രദേശങ്ങളിൽ ചുററിനടന്നുനോക്കി. പ്രകൃതിയുടെ രാമണീയകത, പണ്ടത്തേപ്പോലെ ആത്മാവിന്ന് അനുരഞ്ജകമായി അനുഭവപ്പെട്ടില്ല. അന്നുമുതൽ താൻ എത്രയോ നിസ്സാരനെന്നുള്ള ഒരു ഭാവം അദ്ദേഹത്തിൽ ദൃഢമൂലമായി; അതുവരെ കാമ്യമായും, കാൎയ്യമായും മതിച്ചിരുന്നവയിലെല്ലാം ഒരു വെറുപ്പും വന്നുവശായി. എന്നാൽ അദ്ദേഹത്തിന്റെ ആദ്ധ്യാത്മികജീവിതപരിപാടി ഇത്രത്തോളംകൊണ്ടു രൂപീകൃതമായെന്നു പറയാവുന്നതല്ല. ഒരു യോദ്ധാവെന്ന നിലയിൽ ഖ്യാതി നേടുവാനുള്ള ആശ അദ്ദേഹത്തിൽ ക്രമേണ പ്രബലപ്പെട്ടുവാൻ തുടങ്ങി. സ്വദേശത്തിന്റെ സ്വാതന്ത്ര്യത്തിന്നുവേണ്ടി ജൎമ്മൻ സാമ്രാജ്യത്തിനെതിരായി യുദ്ധം ചെയ്യുവാൻ വാൾട്ടർ ഡിബ്രിയേൻ എന്നൊരു പ്രഭു ഒരുക്കങ്ങൾ ചെയ്തിരുന്ന വിവരം ഫ്രാൻസിസിന്റെ ശ്രവണപുടങ്ങളിലെത്തി. സൽസ്വഭാവം, ധീരത മുതലായ മഹൽഗുണങ്ങളാൽ ഇററാല്യൻജനതയുടെ വിശ്വാസാദരങ്ങളെ സമാൎജ്ജിക്കാൻ കഴിഞ്ഞിരുന്ന വാൾട്ടറി

ൻറ നേതൃത്വത്തിനു സ്വയം വിധേയരാകുവാൻ ദേശാഭിമാനികളായ യുവജനങ്ങൾ സന്നദ്ധരായതിൽ അത്ഭുതപ്പെടുവാനില്ല. സ്വദേശാഭിമാനവിജൃംഭിതനായ ഫ്രാൻസിസ് ആ നേതാവിനെ സഹായിപ്പാൻ തീച്ചപ്പെടുത്തി. സ്നേഹിതന്മാരോടും മററും യാത്ര പറഞ്ഞ് അദ്ദേഹം സൈന്യസേവനത്തിന്നു പുറപ്പെട്ടെങ്കിലും, ദൈവികമായ ഒരു പ്രേരണയ്ക്കധീനനായി അദ്ദേഹം അസ്സീസിയിലേക്കുതന്നെ മടങ്ങി. പൂവ്വജീവിതം അന്ധകാരനിബിഡവും വ്യത്ഥവുമായി അദ്ദേഹത്തിനു തോന്നി; ലൌകികങ്ങളായ കീത്തിയും ആശയും സുഖവും ആത്മാവിനു യഥാത്ഥമായ അഭ്യുന്നതിയേയോ, സമാധാനത്തേയോ നൽകുവാൻ പയ്യാപ്തങ്ങളല്ലെന്നു മനസ്സിലാക്കി. പിന്നീട് അധികസമയവും, പ്രാത്ഥനയിലും, ധ്യാനത്തിലും കഴിച്ചുകൂട്ടുവാൻ ആരംഭിച്ചു.

രോഗം, ദാരിദ്ര്യം മുതലായവകൊണ്ടു കഷ്ടപ്പെടുന്ന ജനങ്ങളുടെ നേക്ക് അദ്ദേഹത്തിനുണ്ടായിരുന്ന ആർദ്രത ശതഗുണീഭവിച്ചു. ദരിദ്രരിൽ ക്രിസ്തുവിനെയാണ് ഫ്രാൻസീസ് ദശിച്ചിരുന്നത്. അതിനാൽ ആരെന്തു ചോദിച്ചാലും കൊടുക്കാതിരിക്കയില്ലെന്ന് ഒരു ദൃഢപ്രതിജ്ഞയും ചെയ്തു. ഒരിക്കൽ അദ്ദേഹം ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുമ്പോൾ, ഇത്രയേറെ ഭക്ഷണപദാത്ഥങ്ങൾ ഉണ്ടാക്കിച്ചതെന്തിനെന്നു മാതാവു ചോദിക്കുകയുണ്ടായി. എൻറ 'ഹൃദയത്തിൽ എപ്പോഴുമുള്ളവരായ ഭിക്ഷുക്കൾക്കുവേണ്ടിയാണ്' എന്നായിരുന്നു ഫ്രാൻസിസ് പറഞ്ഞ മറുപടി. ദരിദ്രരെ സഹായിക്കുന്നതിൽ ബ

ഢശ്രൂഢനായും, പ്രാൎത്ഥനാനിരതനായും കുതുങ്ങിക്കഴി ഞ്ഞു കൂടുന്നതുകൊണ്ടുമാത്രം—തന്നെ മുഴുവനായും ലോ കരക്ഷാൎത്ഥം നൽകിയവനു്, തനിക്കുള്ളവയെല്ലാം കൊ ടുക്കുന്നതുകൊണ്ടു മാത്രം—ഫ്രാൻസീസ് തൃപ്തിപ്പെട്ടില്ല. വല്ല ദൂരസ്ഥലത്തുംപോയി ഒരു യാചകനായി ജീവിതം നയിക്കാൻ അദ്ദേഹം നിശ്ചയിച്ചു; ജീവിതത്തിലെ സ ൎവ്വപ്രധാനമായ ആശയും അതുതന്നെയായിരുന്നു. ആ ദാനവീരന്റെ പരിത്യാഗധീരത റോമയിൽ വെച്ചാണു പ്രദൎശിപ്പിക്കപ്പെട്ടതു്. അവിടത്തെ വിശ്രുതദേവാലയ ത്തിൽ, കൈവശമുണ്ടായിരുന്ന സ്വൎണ്ണനാണ്യങ്ങൾ മുഴു വനും കാണിക്കയായി സമൎപ്പിച്ചിട്ടു്, ദേവാലയദ്വാര ത്തിലുണ്ടായിരുന്ന ഭിക്ഷുക്കളുടെ ഇടയിലേക്കുപോയി. വിലയേറിയ സ്വവസനങ്ങൾ അതിദീനനായ ഒരു യാ ചകനു കൊടുത്തു് അവന്റെ കീറക്കുപ്പായം വാങ്ങി ധരി ച്ചശേഷം, ഫ്രഞ്ചുഭാഷയിൽ ഭിക്ഷയാചിച്ചുകൊണ്ടു് അ വിടെ കിടന്നു. ഈശ്വരന്റെ പ്രിയഭാജനങ്ങളായ ആ സാധുക്കളെ അനുകരിച്ചുകൊണ്ടു ലോകത്തിന്റെ ശ ക്തിമത്തായ പ്രലോഭനങ്ങളെ ജയിക്കുകയായിരുന്നു ചെയ്തതു്. അങ്ങിനെ വിനയത്തിന്റെ ജയവൈജയ ന്തിയെ സംവഹിച്ചുകൊണ്ടു ഫ്രാൻസിസ് അസീസിയി ലെത്തി.

സ്വഗൃഹത്തിലെ താമസത്തിനിടയ്ക്കു്, പലവിധ ലൌകികചിന്തകളും ഉയരുവാൻ തുടങ്ങിയതിനാൽ മ നഃസ്വാസ്ഥ്യം ഇല്ലാതെ വിഷമിച്ചു; പ്രകൃതിസുന്ദരങ്ങ ളായ വിജനപ്രദേശങ്ങളും ഹൃദയസമാധാനത്തെ പ്രദാ

നം ചെയ്കയുണ്ടായില്ല. അങ്ങിനെ അദ്ദേഹം സെൻറുഡാമിയാൻ ദേവാലയത്തിൽ പ്രവേശിച്ചു, തീവ്രമായ പ്രാത്ഥനയിൽ ലയിച്ചിരിക്കെ, "നാശോന്മുഖമായ എൻെറ ആലയത്തെ നന്നാക്കുക" എന്നൊരു ശബ്ദംകേട്ടു. അതിൻെറ ആന്തരാത്ഥം അപ്പോൾ അദ്ദേഹം മനസ്സിലാക്കിയെന്നു പറവാൻ പാടില്ല, അക്ഷരാത്ഥപ്രകാരം ആ നിദേശം അനുസരിക്കുവാനൊരുങ്ങി. കൈവശമുണ്ടായിരുന്ന പണം അവിടത്തെ വൈദികനെ ഏല്പിച്ചു. വിലയേറിയ പല സാധനങ്ങളും വിശിഷ്ടമായ സ്വന്തം കുതിരയേയും വിററു കിട്ടിയ പണവുമായി വീണ്ടും പ്രസ്തുത ദേവാലയത്തിലേക്കു ചെന്നു്, അതു സ്വീകരിച്ചു ദേവാലയം നന്നാക്കുവാൻ വൈദികനോടു വിനയപൂവ്വം അപേക്ഷിച്ചു. ഫ്രാൻസിൻെറ ജീവിതത്തിലുണ്ടായ മാററം ആകസ്മികമായിരുന്നതുകൊണ്ടു സംശയഗ്രസ്തനായ വൈദികൻ ആ സംഖ്യ സ്വീകരിച്ചില്ല. അതു തിരിയെ എടുക്കാതെ ഫ്റാൻസീസും അവിടെതന്നെ കൂടി.

ബണ്ണദ്ദോൻ വിവരമെല്ലാം കേട്ടു കോപവും നിരാശയും പൂണ്ടു ദേവാലയത്തിലേക്കു പുറപ്പെട്ടു. പിതാവിൻെറ വരവിനെപ്പററി കേട്ടതോടെ ഫ്രാൻസിസ് ഒരു ഗുഹയിൽ പോയൊളിച്ചു. ഒരു ഭൃത്യനു മാത്രമല്ലാതെ ആ സ്ഥലത്തെപ്പററി യാതൊരാൾക്കും അറിവുണ്ടായിരുന്നില്ല. അയാൾ കൊണ്ടുപോയിക്കൊടുത്തിരുന്ന അല്പമായ ആഹാരവും കഴിച്ചു് ഏതാനുംനാൾ അവിടെ കഴിച്ചുകൂട്ടി. ലോകരുടെ എല്ലാവിധ നിന്ദനങ്ങളും മദ്ദനങ്ങളും സഹിച്ച ക്രിസ്തുവിൻെറ മഹിതാദശം അദ്ദേഹ

ത്തിൻെറ ഹൃദയത്തെ പ്രദീപ്തമാക്കിയതിനാൽ ധൈൎയ്യമവലംബിച്ചു പുറത്തേക്കുവന്നു. തൻെറ പുത്രൻ മലിനവേഷത്തിൽ പൊതുജനാവഹേളനങ്ങൾക്കൊരു പാത്രമായി നടക്കുന്നുവെന്നു കേട്ടു കോപാക്രാന്തനായ ബൎണ്ണൎദ്ദോൻ, ഫ്രാൻസിസ്സിനെ വലിച്ചിഴച്ചുകൊണ്ടുവന്നു്, ഒരു മുറിയിലിട്ടു പൂട്ടി. തൻെറ ആശകൾക്കെല്ലാം വിപരീതമായി മകനിങ്ങിനെ നടക്കുന്നതു് അയാൾക്കു അസഹ്യമായി തോന്നി. കുടുംബത്തിനുതന്നെയും ഫ്രാൻസിസ്സിൻെറ നടപടി അവമാനകാരണമായിട്ടാണു് എണ്ണിയതു്. അതിനാൽ അത്യന്തം രോഷാകുലനായിത്തീൎന്ന ആ വൎത്തകൻ പല പ്രകാരത്തിലും പുത്രനെ പീഡിപ്പിക്കുവാൻ മടിച്ചില്ല. അയാൾ ദൂരെ എവിടെയോ പോയിരുന്ന അവസരത്തിൽ പുത്രവാത്സല്യയായ മാതാവു ഫ്രാൻസിസ്സിനെ ബന്ധനവിമുക്തനാക്കി. ഉടനെ അദ്ദേഹം സ്വഗൃഹംവിട്ടു ദേവാലയത്തെത്തന്നെ ശരണംപ്രാപിച്ചു. ബൎണ്ണൎദ്ദോൻ അവിടെയെത്തുവാൻ ഏറെ താമസം വേണ്ടിവന്നില്ല. പക്ഷേ, ഈ പ്രാവശ്യം ആ യുവധീരൻ ഒഴിഞ്ഞു മാറുകയല്ല ചെയ്തതു്. ഒന്നുകൊണ്ടും മകനെ ലൌകികനാക്കുവാൻ സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ ബൎണ്ണൎദ്ദോൻ ശത്രുഭാവം കൈക്കൊണ്ടു. ചുരുക്കിപ്പറയാം, ബിഷോപ്പിൻെറ മുമ്പാകെവെച്ചു മുൻപറഞ്ഞ സകല സംഖ്യകളും പിതാവിനു നൽകി. ഫ്രാൻസിസ് ഉടുത്തിരുന്ന വസ്ത്രവുംകൂടെ തൻേറതാണെന്നു ബൎണ്ണൎദ്ദോൻ പറയുകയാൽ, അതും അഴിച്ചുകൊടുത്തുകൊണ്ടു്, "മേലാൽ എനിക്കു ഒരു പിതാവേയുള്ളു. അതു

സ്വർഗ്ഗസ്ഥനായ ദൈവമാണ്. അവിടത്തെ കയ്യിലാണ് എൻെറ സമസ്തധനവും, ആശയും'' എന്നുപറഞ്ഞു അങ്ങനെ 25-ാംവയസ്സിൽ സർവ്വസംഗപരിത്യാഗകർമ്മം ബഹുജനസമക്ഷം നിർവ്വഹിക്കുകയും ചെയ്തു.

അനന്തരം ഭിക്ഷയിരന്നും കുഷ്ഠരോഗികളെ ശുശ്രൂഷിച്ചും പരസ്യവും, സ്വാതന്ത്ര്യവുമായ ആദ്ധ്യാത്മികജീവിതമാരംഭിക്കുകയായി. ഇരന്നുകിട്ടിയ സാധനങ്ങൾകൊണ്ടു സെൻറു ഡാമിയാൻെറ ദേവാലയം കേടുതീർത്തു പുതുക്കിയെന്നുള്ളതും സ്മരണീയമാണ്. ഒരിക്കൽ കുതിരപ്പുറത്തു കയറി അസ്സീസിയിലെ മൈതാനത്തുകൂടിപോകുമ്പോൾ ഒരു കുഷ്ഠരോഗി തനിക്കെതിരെ വരുന്നതായികണ്ടു. ബീഭത്സമായ ആ ദർശനം ആദ്യമല്പം വല്ലായ്മയുളവാക്കിയെങ്കിലും, ഉത്തരക്ഷണത്തിൽ താഴത്തിറങ്ങി ആ രോഗിയുടെ കരം പിടിച്ചു ചുംബിച്ചു. അന്നുമുതൽ അദ്ദേഹത്തിനു കുഷ്ഠരോഗികളെ ശുശ്രൂഷിക്കുക എന്നതു് ഒരു മധുരസേവനമായിതീർന്നു.

ഒരിക്കൽ വിശുദ്ധ ഫ്രാൻസിസ് ദിവ്യപൂജയിൽ സംബന്ധിച്ചിരിക്കെ, ''നിങ്ങൾ പോകുന്നിടത്തെല്ലാം സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നുവെന്നു പ്രസംഗിപ്പിൻ, രോഗികളെ സുഖപ്പെടുത്തുവിൻ, കുഷ്ഠരോഗികളെ ശുചിയാക്കുവിൻ, പിശാചുക്കളെ പുറത്താക്കുവിൻ, നിങ്ങൾക്കു ദാനമായി ലഭിച്ചു, ദാനമായി കൊടുക്കുവിൻ, വെള്ളിയോ പൊന്നോ ചെമ്പോ, നിങ്ങളുടെ മടിശ്ശീലയിൽ എടുക്കേണ്ട, സഞ്ചിയും രണ്ടു കുപ്പായങ്ങളും, ചെരിപ്പുകളും വടിയും വേണ്ട, എന്തുകൊണ്ടെന്നാൽ വേലക്കാ

രൻ അവൻെറ കൂലിക്ക യോഗ്യനാകുന്നു.'' എന്നുള്ള വേദവാക്യം വായിക്കുന്നതു കേട്ടു. ''ഇതുതന്നെയാണു ഞാൻ ആഗ്രഹിച്ചന്വേഷിച്ചിരുന്നതു'' എന്നു പറഞ്ഞു്, ചെരിപ്പും വടിയും സഞ്ചിയുമെല്ലാം ഉപേക്ഷിച്ചു. പശ്ചാത്താപപൂർവ്വം ദൈവത്തിങ്കലേക്കു തിരിഞ്ഞുകൊള്ളുവാൻ ഉപദേശിച്ചുകൊണ്ടു നാടുതോറും പ്രസംഗിക്കാൻ തുടങ്ങി. ഈശ്വരനിർദ്ദേശമനുസരിച്ചുള്ള ആ പ്രസംഗം കേട്ടു പലരും സന്മാർഗ്ഗനിഷ്ഠരായിതീർന്നു. ആ യതിവര്യൻെറ നടപടികളും ഉപദേശങ്ങളും പ്രശാന്തമായി, ശ്രദ്ധാപൂർവ്വം വീക്ഷിച്ചിരുന്ന ബെർണ്ണാർഡു എന്ന ഒരു ധനികൻ പരീക്ഷാർത്ഥം ഒരിക്കൽ അദ്ദേഹത്തെ ഭക്ഷണത്തിനു ക്ഷണിച്ചു. ഭക്ഷണത്തിനു മുമ്പോ, പിമ്പോ, അദ്ദേഹം പ്രാർത്ഥിക്കാതിരുന്നതുകണ്ടു് ആതിഥേയൻ അമ്പരന്നു. അത്താഴം കഴിഞ്ഞു രണ്ടുപേരും ഉറങ്ങുവാൻ പോയി; ബെർണ്ണാർഡു് ഗാഢനിദ്ര നടിച്ചു കിടന്നു; ഉടനെ ഫ്രാൻസിസു് എഴുന്നേററു മുട്ടിന്മേൽനിന്നു കൈകൾ വിരിച്ചുയർത്തിപ്പിടിച്ചുകൊണ്ടു് ''ദൈവമേ, മഹാപാപിയായ എന്നോടു ക്ഷമിക്കേണമേ'' എന്നു പ്രഭാതംവരെ പ്രാർത്ഥിക്കുന്നതായിട്ടാണു ബെർണ്ണാർഡു് കണ്ടതു്. ആ വിനയപ്രകടനവും, ഭക്തിനിഷ്ഠയും കണ്ടു് അദ്ദേഹവും സർവ്വസ്വവുമുപേക്ഷിച്ചു ശിഷ്യനായിതീർന്നു. കുറച്ചുകാലം മുമ്പേ ഭ്രാന്തനെന്നു സാമാന്യജനങ്ങൾ അപഹസിച്ചിരുന്ന ഫ്റാൻസിസിൻെറ ഉൽകൃഷ്ടമാതൃകകളും ഉപദേശങ്ങളും സ്വീകാര്യങ്ങളായി, ശ്രേഷ്ഠതരങ്ങളായി പരിഗണിക്കപ്പെടുകയും, ശിഷ്യസംഖ്യ വർദ്ധിക്കുകയും ചെയ്തു.

ശിഷ്യന്മാരുടെ അനുഷ്ഠാനത്തിന്നായി ആ മഹാത്മാവു് ഒരു നിയമസംഹിതയുണ്ടാക്കി. പോപ്പിന്റെ അനുമതിയോടുകൂടി ആ ഭക്തസംഘം ഒരു പ്രത്യേകസന്യാസസഭയായി പരിണമിച്ചു. അത്യാവശ്യമായ വസ്ത്രമല്ലാതെ സ്വന്തമായി യാതൊന്നും ഉണ്ടായിരിക്കരുതെന്നും, ദാരിദ്ര്യവ്രതം, അനുസരണം, വിനയം എന്നിവ ഓരോ അംഗത്തിനും അവശ്യം ഉണ്ടായിരിക്കണമെന്നും ഉള്ളതു നിർബ്ബന്ധനിയമങ്ങളിൽ ചിലതു മാത്രമാണു്.

മററുള്ളവരിൽനിന്നു് ആക്ഷേപങ്ങളും ഉപദ്രവങ്ങളുമേൽക്കാനിടവരുന്നതു് ഒരു വലിയ നേട്ടമായിട്ടാണു വിശുദ്ധഫ്രാൻസീസു കണക്കാക്കിയിരുന്നതു്. ത്യാഗം, ഭ്രാതൃദയ, വിനയം മുതലായവയെസംബന്ധിച്ച പരിപൂർണ്ണമായ പ്രായോഗികതയോടുകൂടി അദ്ദേഹം ലോകത്തിനു നൽകിയിട്ടുള്ള ഉപദേശങ്ങൾ എത്രയോ വിശിഷ്ടങ്ങളും നിരവധികങ്ങളുമാണു്. ഒരിക്കൽ ശിഷ്യന്മാരെ ഉപദേശിക്കുന്ന മദ്ധ്യേ ഇങ്ങിനെ പറയുകയുണ്ടായി. "നമ്മുടെ നന്മയ്ക്കായിട്ടല്ല നാം നിയുക്തരായിരിക്കുന്നതു്. പശ്ചാത്താപപൂർവ്വം ദൈവപ്രമാണങ്ങളെ അനുസരിക്കുവാൻ നാം പ്രസംഗിക്കുന്നുണ്ടല്ലോ. എന്നാൽ പ്രസംഗങ്ങളേക്കാൾ നമ്മുടെ സന്മാതൃകകളാണു് മാർഗ്ഗദർശകങ്ങളായിരിക്കേണ്ടതു്. സമ്പന്നന്മാരെ നാം വിധിക്കുകയും കുററപ്പെടുത്തുകയും ചെയ്യരുതു്. ദൈവമാണു വിധിയ്ക്കധികാരി. സമാധാനത്തേയും, പശ്ചാത്താപത്തേയും പ്രസംഗിക്കുവിൻ, അനേകംപേർ അതു ശ്രവിക്കും; ചിലർ അപഹസിക്കും; ഭ്രാന്തന്മാരെന്നു പറയും; ക്ഷമയോടുകൂടെ

പ്രാൎത്ഥിക്കുവിൻ'' മറെറാരവസരത്തിൽ ചെയ്ത ഉപദേശവും ശ്രദ്ധേയമാണ്. "ശരീരം ഒരു ആശ്രമവും ആത്മാവു സൎവ്വദാ ഈശ്വരദ്ധ്യാനനിരതനായിരിക്കുന്ന ഒരു സന്ന്യാസിയുമാകുന്നു. മനസ്സു പ്രശാന്തമല്ലെങ്കിൽ ബാഹ്യമായ ശാന്തത നിഷ്പ്രയോജനമാകുന്നു. നിങ്ങളുടെ മാതൃക മററുള്ളവരിൽ ഭക്തിയെ ഉളവാക്കട്ടെ. സമാധാനത്തെ പ്രസംഗിക്കുക. എന്നാൽ അധരങ്ങളിലേക്കാൾ അധികമായ സമാധാനം നിങ്ങളുടെ ഹൃദയത്തിൽതന്നെ ഉണ്ടായിരിക്കണം.''

അൽവേർനിയ പൎവ്വതത്തിൻെറ മുകളിൽ ഏകാന്തമായ ഒരു സ്ഥലത്തു ക്രിസ്തുവിൻെറ പീഡകളെക്കുറിച്ചു് ധ്യാനിച്ചും, കഠിനകഠിനമായി ദുഃഖിച്ചും വസിച്ചിരുന്ന അവസരത്തിൽ യേശു അദ്ദേഹത്തിൻെറ മുമ്പിൽ പ്രത്യക്ഷനാകുകയും, ക്രിസ്തുവിൻെറ അഞ്ചു മുറിവുകളും ദൈവികശക്തിയാൽ യഥാവിധം വിശുദ്ധഫ്രാൻസിസിലും കാണപ്പെടുകയും ചെയ്തു പിന്നീടു് അധികകാലം അദ്ദേഹം ജീവിച്ചിരുന്നില്ല. 49-ാമത്തെ വയസ്സിൽ ആയതിവൎയ്യൻ ഐഹികവാസം വെടിഞ്ഞു അദ്ദേഹത്തിൻെറ അനുഗാമികളായ ഫ്രാൻസിസ്കൻ മിഷ്യനറിമാർ ലോകത്തിൻെറ നാനാഭാഗത്തും പരോപകാരമാൎത്ഥം വേലചെയ്തു ജീവിച്ചുവരുന്നു. നമ്മുടെ ഭാരതഭൂമിയിൽതന്നെയും, കുഷ്ഠരോഗികളെ ശുശ്രൂഷിക്കുന്നതിലും മററു പരോപകാരകൃത്യങ്ങളിലും പ്രസ്തുത സന്ന്യാസിമാർ ഏൎപ്പെട്ടിരിക്കുന്നുണ്ടെന്നുള്ളതും സ്മരണീയമാണ്.

1. "ധനികൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുക വിഷമം" എന്നതിൻെറ അൎത്ഥമെന്തു്? വിവരിക്കുക

2. 1. ഭൂതദയ എന്നാലെന്തു്? 2. ഫ്റാൻസിസിനെ സംബന്ധിച്ചേടത്തോളം ഏതു സംഗതിയിലായിരുന്നു മാതാവിൻെറ സന്തൃപ്തി? 3. ദരിദ്രരുടെ നേൎക്കു ഇത്രയേറെ അനുകമ്പതോന്നാൻ ഫ്റാൻസിസിന്നു പ്രേരകമായിരുന്നതെന്തു്? 4. "നാശോന്മുഖമായ എൻെറ ദേവാലയത്തെ നന്നാക്കുക" എന്നുണ്ടായ ശബ്ദത്തിൻെറ ആന്തരാൎത്ഥമെന്തായിരിക്കാം? 5. പുത്രൻെറ ആദ്ധ്യാത്മികജീവിതത്തിനു ബെൎണ്ണാൎദ്ദോൻ ബദ്ധവിരോധിയായിരുന്നതെന്തുകൊണ്ടു്? 6 ബെൎണ്ണാൎഡിൻെറ ഗൃഹത്തിൽവെച്ചു ഫ്റാൻസിസ് പ്രാൎത്ഥനാവിഹീനനായി തോന്നുമാറു പെരുമാറിയതിൻെറ ഉദ്ദേശമെന്തായിരിക്കാം?

3. ഫ്റാൻസിസു ശിഷ്യന്മാൎക്കു നൽകിയ ഉപദേശത്തിൽനിന്നും ഗ്രഹിക്കാവുന്ന പല തത്വങ്ങളിൽ നിങ്ങൾ പ്രാധാന്യംകല്പിക്കുന്നതേതിനാണു്? എന്തുകൊണ്ടു്? വിവരിക്കുക.

4 താഴെ കാണുന്നവയിൽ കീഴ്‌വരയിട്ടിട്ടുള്ള ഭാഗത്തു പകരം അതേ അൎത്ഥത്തെക്കുറിക്കുന്ന ഓരോ വാക്കുമാത്രം ഉപയോഗിക്കുക.

രാമൻ തെററു ചെയ്തുവെന്നു ഏററുപറഞ്ഞു.

വണ്ടി തെളിക്കുന്ന മനുഷ്യനെ വിളിക്കുവാൻ കല്പനയായി.

ത്യാഗവും ഭൂതദയയും മനുഷ്യാകൃതിയെടുത്തതുപോലെയിരിക്കുന്ന ആ മഹാനുഭാവൻ.

## ൧൬. പാന്ഥവാൎത്ത

ഹസ്തിനപുരംതന്നിലത്തുകാലം വഴിപോക്കർ
അത്താഴത്തിനുവന്നു കൊട്ടിൽകേറിസ്ഥലംവെച്ചു
പട്ടന്മാർ പരിപ്പുകാർ മടപ്പള്ളിദ്വിജന്മാരും
പട്ടങ്ങൾതെളിയിച്ചു വെളിവിലങ്ങിലവെച്ചു

മൃഷ്ടഭോജനം നല്ല കറിയും ഭൂസുരന്മാക്ക-
ങ്ങിഷ്ടത്തിന്നൊത്തപോലെ വിളമ്പിഭുക്തിചെയ്യിച്ചു
അഷ്ടിയുംകഴിച്ചുകൊണ്ടലസാതെ വഴിപോക്കർ
കൊട്ടിലിൽ തളംകേറിഇരുന്നു വെററിലതിന്നു
രെട്ടുംകമ്പിളിയെല്ലാം വിരിച്ചു പാളയുംപോട്ടു
പാട്ടുംപാടിയോരോന്നേപറഞ്ഞങ്ങുശയിക്കുമ്പോൾ
പാന്ഥന്മാരുടെ പാട്ടും പരിഹാസങ്ങളും കേട്ടു
താൻതന്നെപുറപ്പെട്ടു ധൃതരാഷ്ട്രാത്മജശ്രേഷ്ഠൻ
അമ്മാവൻ ശകുനിയും സഖിയാം കർണ്ണനുംകൂടി
തമ്മാഗ്ഗേ പുറപ്പെട്ടു തരസാ മൂവരുംകൂടി
ഗൂഢമായൊരുമിക്കലിരുന്നുകൊണ്ടിറപാക്കും
മൂഢാത്മാക്കളെപ്പോലെ ശ്രവിച്ചുപാന്ഥസംസാരം.
തങ്ങളിൽ പഥികന്മാർ പറയുന്നു പലവാക്യം
"എങ്ങുന്നുവരുന്നുതാൻ വഴിപോക്കദ്വിജ,ചൊല്ക"
"ഇന്ദ്രപ്രസ്ഥമെന്നുള്ള നഗരംതന്നിൽനിന്നിപ്പോൾ
ഇന്നത്തെ പ്രാതലൂണുംകഴിച്ചിങ്ങുവരുന്നുഞാൻ"
"ധമ്മനന്ദനൻതാനും സഹജന്മാരുമെല്ലാരും
സമ്മോദിച്ചവിടത്തിൽ വസിക്കുന്നില്ലയോവിപ്ര?"
"ധമ്മത്തിന്നൊരുനാളും കുറവില്ലാത്തവക്കുണ്ടോ
സമ്മോദത്തിനു ഹാനിവരുന്നു ജീവനുള്ളപ്പോൾ?"
"ഊട്ടുണ്ടോവഴിപോലെ വഴിപോക്കവിടത്തിൽ?"
"ഊട്ടിൻെറവിധമെല്ലാമുരപ്പാൻ നേരമില്ലിപ്പോൾ
ഊട്ടുകോലാഹലമെല്ലാം കേട്ടുവെങ്കിൽ ഭവാൻതൻെറ
കെട്ടുമാറാപ്പുകൾ തോളിലിട്ടുകൊണ്ടുപുറപ്പെട്ടു
കൊട്ടിലേറിസ്ഥലംവെയ്പാൻ ഒട്ടുമേ താമസിക്കില്ല

നേരംപോക്കിനുവേണ്ട ആരംഭം പലതുണ്ടു
ഓരോദിക്കിലോരോരോ ഘോഷങ്ങളതുകാണാം
പന്തുമാട്ടക ചിന്തുമാട്ടക പകിടകളി ചതുരംഗവും
ചന്തമേറിന ചാക്കിയാരുടെ കൂത്തുമൊരുവകമേളവും
പാണ്ടിമേളമുരുട്ടുചെണ്ടകൾ കുറുംകുഴൽഇടിതാളവും
ആണ്ടിയാട്ടവുമായുധക്കളി പാഠകംപലചാട്ടവും
തിത്തിമദ്ദളവേണുവീണകൾതിമിലതകിൽമുഖ
(വീണയും
കുത്തിവെച്ചൊരുപാവകളികളുമഖിലദിശിബഹുവി
(സ്മയം
ഇത്തരംബഹുഘോഷമെപ്പൊഴുമവനിപതിയുടെമന്ദിരെ
ചിത്തരംഗസുഖത്തിനുള്ളൊരുസരണി പലവിധമുണ്ടെ
(ടോ
ഇപ്പുറത്തതിലേററമിപ്പൊഴൊരത്ഭുതം പുനരത്ഭുതം
ശില്പിശാസ്ത്രവിദഗ്ദ്ധനായമയാസുരൻബഹുബുദ്ധിമാൻ
അപ്പുരത്തിലിറങ്ങിവന്നു വിചിത്രമായ സഭാസ്ഥലം
ശില്പമായ്പണിചെയ്തുനല്കി യുധിഷ്ഠിരന്നതിവിസ്മയം
മുന്നമർജ്ജുനനവനുവന്നൊരു സങ്കടത്തെയൊഴിച്ചുപോൽ
എന്നതിന്നിഹ പകരമുപകൃതിചെയ്യതിന്നിതുചെയ്തു
(പോൽ
മന്നിടങ്ങളിലൊന്നിലും പുനരിപ്രകാരമൊരാലയം
പിന്നെമറെറാരുദിക്കിലില്ല തരിമ്പുസംശയമില്ലെടോ
അമരവരനുടെനഗരമാമമരാവതിക്കനിറംകെടും
അമരുമതിനുടെസമരമിതുബതകണ്ടുവെങ്കിലസംശയം
അമലമണിഗണകനകഘനതരരുചിരരുചിരശോഭനം

15 *

കമലയുടെകുലഭവനമതുബതജയതിശിവശിവശങ്കര!
സ്ഥായിയില്ലവിരിഞ്ചദേവനുനമ്മളിൽപൊളിയല്ലെടോ
ആയിരംനയനംനമുക്കതരാഞ്ഞതെന്തുമഹാശഠൻ?
ആയതിന്നുകൊണ്ടുചെന്നുകൊടുത്തതിന്നുവൃഥാഫലം
ആയവൻപുനരത്രവന്നിതുകാൺകയില്ലതിനീരസൻ
രണ്ടുകണ്ണുകൾകൊണ്ടുകണ്ടതുകൊണ്ടെനിക്കൊരുതൃപ്തിയി
ല്ലമരർകോനൊടുചെന്നിരന്നതുകൈക്കലാക്കുകകൂടുമോ?
രണ്ടുവാക്കുനമുക്കുനഹിനഹിപണ്ടുമിപ്പൊഴുമേഷഞാൻ
കണ്ടുകേട്ടറിയുന്നതില്ലിതുപോലെ മറ്റൊരുമന്ദിരം
ഹസ്തിനാപുരമെത്രവിസ്മയമെന്നുഭാവമിവർക്കെടോ
വസ്തുഃബാധവിശേഷമില്ലസുഃയോധനാദികൾനൂററിനും
ഹസ്തിയുംപുനരാടുമൊക്കമിതെങ്കിലതുമിതുമൊരുവിധം
വിസ്തരിച്ചതുപോരുമിവരിതുകേട്ടുവെങ്കിലബദ്ധമാം
എന്തബദ്ധമിനിക്കൊരിത്തിരിപേടിയില്ലവരേസഖേ,
അന്തണർക്കൊരുദിക്കിലുംതടവില്ലതുമോതുവാൻ"
"എന്തുനിശ്ചയമിപ്പുഴുള്ളപ്രഭുക്കടേതൊഴിലൊരുവിധം
ചിന്തയിൽക്കനിവില്ലവർക്കിതു കരുതിനില്ക്കണമേവനും"
"എങ്കിലസ്തുസുയോധനൻ മമ വസ്തുവന്നു വിലക്കുമോ?"
'ശങ്കിയാത്തജനത്തിനല്ലൽവരുത്തുവാൻ തടവില്ലെടോ'
"എൻെറദിക്കിലവൻെറശക്തിനടക്കയില്ലമഹീസുര"
"എത്തുമാർക്കുമറിഞ്ഞുകൂടമറിഞ്ഞുകാലമതോർക്കണം."
ഇത്ഥമോരോവിശേഷങ്ങൾപറഞ്ഞുപാന്ഥവിപ്രന്മാർ
അർദ്ധരാത്രികഴിഞ്ഞപ്പോളുറക്കംവന്നുബാധിച്ചു.
കൂർക്കുംവലിച്ചുംകൊണ്ടുരിയാട്ടങ്ങളുംമാറി
കെട്ടുഭാണ്ഡംതലയ്ക്കുംവച്ചുറങ്ങിയൊക്കവേകൂടെ

മറഞ്ഞുകേട്ടിരിക്കുന്നധൃതരാഷ്ട്രാത്മജനുള്ളിൽ
നിറഞ്ഞുകോപവുമിത്ഥംപറഞ്ഞുമാതുലനോടെ:—
"അറിഞ്ഞോമാതുലാനമ്മെ ദുഷിക്കുംദുഷ്ടപാന്ഥന്മാർ
പറഞ്ഞോരക്ഷരമെല്ലാമബദ്ധംശുദ്ധമേഭോഷ്ക്ക
കറിയുംചോറുമാശ്ചര്യം കളിയുംകൊട്ടുമാശ്ചര്യം
അറയുംമച്ചുമാശ്ചര്യം പറയുംവാക്കുമാശ്ചര്യം
ഒരുവസ്തുവഷളായിട്ടില്ലപോലപ്പുരംതന്നിൽ
ഒരുകൂട്ടംദുരാത്മാക്കൾക്കിന്നതെന്നൽകുവെന്നില്ലാ
ഈറുകൊണ്ടുപറയുന്ന വാക്കിന്നെന്തുത്തരംവേണ്ടൂ,
ചോറുകൊണ്ടുസ്തുതിക്കുന്ന ചോഴിയബ്രാഹ്മണന്മാരെ
വാറുകൊണ്ടുതല്ലുകൂട്ടാനൊട്ടുമേ യോഗ്യമല്ലല്ലോ;
ഏറുകൊണ്ടുമണ്ടുമിപ്പോൾ മറ്റൊരുത്തൻപറഞ്ഞെങ്കിൽ
ചോറുതിന്മാനിവിടത്തിൽ കൂറുകുന്തീസുതന്മാരിൽ;
നൂറുകൂട്ടമപരാധം നമുക്കും സോദരന്മാർക്കും;
പോരുകൾക്കൊരുവാലും തലയുമില്ലതുകൊണ്ടി-
ങ്ങിറവന്നാലെന്തുചെയ്യാം അടങ്ങിപ്പാർക്കയേയുള്ളൂ."
പറഞ്ഞുമാതുലൻ:—"ഉണ്ണീ കുറഞ്ഞൊന്നുക്ഷമിച്ചാലും
മറഞ്ഞുകേട്ടവൃത്താന്തമറിഞ്ഞില്ലെന്നുവയ്ക്കേണം.
തനിക്കാംപോന്നവർക്കെല്ലാം മനക്കാമ്പിൽസ്ഥിരംവേണം
അനക്കാതിങ്ങിരുന്നുംകൊണ്ടിനിക്കാര്യംവിചാരിക്കാം
മിനക്കേടുസഹിക്കാഞ്ഞാൽ കുനക്കേടുഭവിച്ചേക്കും
നിനക്കേതുമിതുകൊണ്ടു മനഃക്ലേശംവരാനില്ല.
എനിക്കത്രേരിപുപ്രൗഢി നിനയ്ക്കുമ്പോൾ സഹിക്കാത്തു
പതുക്കെപ്പാണ്ഡവന്മാരെച്ചതിക്കുന്നുണ്ടുഞാനുണ്ണി
കൊതിക്കുംവസ്തുസാധിപ്പാനതിക്ലേശംനമുക്കില്ലാ.

ഉറക്കംവന്നുവെങ്കിൽ പോയുറങ്ങിക്കൊൾകനീയുണ്ണി
നിറക്കേടുവരികില്ലെന്നുറച്ചുകൊൾകനീവീരാ.
ഉറക്കത്തിൽപണിക്കത്തംതനിക്കുമില്ലെനിക്കുമി-
ല്ലുറക്കൊട്ടിലകം പുക്കാൽനമ്മളെല്ലാമൊരുപോലെ”
ദുഷ്ടഭൂതത്വംപെരുത്ത ദുര്യോധനൻതൻപുരംപുക്കു
സ്വപ്രകാശംതല്പമേറിശ്ശയിച്ചുസമ്മദത്തോടെ.
അന്തണന്മാർപറഞ്ഞോരസ്സഭാസ്ഥാനപ്രഭാവത്തെ
ചിന്തചെയ്തങ്ങസൂയകൊണ്ടുറക്കവും വരുന്നില്ലാ.

1. എവിടെ, എന്ന്, ഏതു തരക്കാരുടെയിടയിൽ നടന്ന കഥയായാലും കുഞ്ചൻനമ്പ്യാർ അതിൽ സ്വപരിതഃസ്ഥിതികളെ പ്രതിബിംബിപ്പിക്കുമെന്നതിനു ഈ പാഠത്തിൽനിന്നു ലക്ഷ്യങ്ങൾ കണ്ടുപിടിക്കുക.

2. “നിഷിദ്ധകൃത്യങ്ങൾ ചെയ്യുന്നവരെ കൊല്ലാക്കൊല ചെയ്യുന്നതു് നമ്പ്യാരുടെ ഫലിതത്തിന്റെ ഒരു പ്രത്യേകതയാണു്.” അത്തരം ഫലിതം ഈ പാഠത്തിൽ എവിടെയെങ്കിലും കാണുന്നുണ്ടോ? വിശദമാക്കുക.

3. പാന്ഥവൽമാനത്തെ സംഭാഷണരൂപത്തിൽ ചുരുക്കേണ്ടഘട്ടം ചുരുക്കി എഴുതുക.

4. നമ്പ്യാരുടെ കാലത്തും ബ്രാഹ്മണരുടെ നിലയെന്തായിരുന്നുവെന്നു് ഈ പാഠത്തെ ആസ്പദമാക്കി വിവരിക്കുക.

5. ശകുനി പറഞ്ഞ സമാധാനം സ്വന്തവാക്യങ്ങളിൽ എഴുതുക.

6. ഈ പാഠത്തിൽ വൃത്തവൈചിത്ര്യംകൊണ്ടു വർണ്ണ്യത്തിനു വല്ല മേന്മയും സിദ്ധിക്കുന്നുണ്ടോ എന്നു നോക്കുക.

7. “അമരാവതിക്കു നിറം കെട്ടും, അമരുമതിനുടെ സമരമിതു കണ്ടുവെങ്കിലസംശയം.” “കമലയുടെ കുലഭവനമിതു” ഇവയുടെ അർത്ഥം വിശദമാക്കുക.

## ൨൭. തേനീച്ചകൾ.

സംഘംചേൎന്നു വസിക്കാറുള്ള ജന്തുക്കളിൽ ഉൾപ്പെട്ടവയാണു തേനീച്ചകൾ. എറുമ്പിൻകൂട്ടത്തിൽ അവാന്തരജാതികളുള്ളതുപോലെ മക്ഷികാവൎഗ്ഗത്തിലും മൂന്നുവകക്കാരുണ്ടു. പ്രായംതികയാത്ത സ്ത്രീകൾ തൊഴിലാളികളാണ്. രണ്ടാമത്തവർ ആണുങ്ങളാണെങ്കിലും മടിയന്മാരാണ്. 'പക്കത്തുചാറുംതിന്നു കോയിക്കൽ പാൎക്കയാണ്' ഇവരുടെ ജോലിയെങ്കിലും, ഇക്കൂട്ടരുടെ സാന്നിദ്ധ്യവും അനുപേക്ഷണീയമാണെന്നു വഴിയേ വിശദമാകും. മൂന്നാമത്തവർ പ്രായംതികഞ്ഞ 'അമ്മറാണി'മാരാകുന്നു.

ചില പിപീലികാസമുദായങ്ങളിലെന്നപോലെ സരഘാസംഘത്തിൽ സ്ഥിരലാവണമായ സൈന്യമില്ല. പക്ഷേ, അവരുടെ പട്ടാളനിയമം വളരെ കൎക്കശമാകുന്നു. ആവശ്യംവന്നാൽ എല്ലാവരും യുദ്ധം ചെയ്യണം. മടിയന്മാരുടെ വൎഗ്ഗം ഇതിൽനിന്നും ഒഴിവാക്കപ്പെട്ടതാണ്. യവനകഥകളിലെ അമേസൺകാരെപ്പോലെ അളിരാജ്യത്തിൽ അബലകൾക്കാകുന്നു പ്രാബല്യം. രാജ്ഞിക്കുവേണ്ടി യുദ്ധംചെയ്തു ജീവൻ ത്യജിക്കണമെന്നാണ് ഈ ജാതിയുടെ ഏൎപ്പാട്. ഓരോന്നിനും ബലിഷ്ഠമായ വിഷാണങ്ങളുണ്ട്. അതിൻെറ മൂൎച്ചയറിയണമെങ്കിൽ ഒന്നു പരീക്ഷിച്ചുനോക്കുകതന്നെ വേണം.

പൎണ്ണസമുദായത്തിലെ തൊഴിലാളികളുടെ കഥയും പൎയ്യാലോചിക്കാം. സാമുദായികബോധവും, സഹ

കരണജ്ഞാനവും അവക്കു യഥാത്ഥത്തിൽ ജന്മസിദ്ധമാകുന്നു. ഋണബാധയോ, പണിമുടക്കോ അവരുടെ ഇടയിൽ ഇല്ലതന്നെ. സമുദായോൽകഷ്ത്തിനും മററും ആവശ്യമായ കൃത്യങ്ങൾ അവർ സദാ നിവ്വഹിക്കുന്നു. സോവിയററുകാരിൽ ചിലരെപ്പോലെ ജനിച്ച ഉടനെ ശിശുക്കളെ അവർ വഞ്ചിക്കുന്നില്ല. ശൈശവത്തിലെ പുറന്തോലിൽനിന്നു വേർപെട്ടാൽ ചെറുമക്ഷികകൾ പുറത്തുപോയി സ്വൈരവിഹാരത്തിനു അനുവദിക്കപ്പെടാതെ, കൂട്ടിൽതന്നെ പരിപാലിക്കപ്പെടുന്നു. തൊഴിലാളിവഗ്ഗത്തിൻെറ ആയുഷ്കാലം മൂന്നുമുതൽ ആറുവരെ ആഴ്ചവട്ടങ്ങളാണു്. എങ്കിലും ഈ പരിമിതദശയിൽ അവർ നിരന്തരപരിശ്രമക്കാരാണെന്നു ജീവസന്ധാരണപദ്ധതികൾ പരിശോധിച്ചാൽ ക്ഷണത്തിൽ മനസ്സിലാക്കാം.

വയഃക്രമാനുസാരം മധുമക്ഷികകളിൽ ഓരോന്നിനും പ്രത്യേകം കമ്മാനുഷ്ഠാനമുണ്ടു്. ഏതാണ്ടു 21 ദിവസങ്ങൾകൊണ്ടു് അണ്ഡത്തിൽനിന്നു് ഒരു കുഞ്ഞു വിരിയുന്നു. അങ്ങിനെ ഒരു കൂട്ടിൽ 3000, 4000 മുട്ടകളോളം വിരിഞ്ഞെന്നു വരാം. ഈ കുഞ്ഞുങ്ങളെ പോററമ്മമാരാണു തീററി വളത്തുന്നതു്. അല്പം വളൎന്ന അളി തന്നിൽ പ്രായം കുറഞ്ഞ ശിശുക്കളെ സംരക്ഷിക്കുന്നു. ബഹിഗ്ഗമനം ചെയ്തു ഒരു പവ്വണത്തിനു രണ്ടുമൂന്നു ദിനങ്ങൾക്കകം ഇതിന്നു ശക്തിയുണ്ടാകും. പ്രായം കൂടിയാൽ പ്രവൃത്തിയുടെ ഗൌരവവും കൂടുന്നു. ഉദ്യോഗവൈവിധ്യം പ്രമാണിച്ചു് അവരെ പല വൃന്ദങ്ങളായി പരിഗണിക്കാം. സ്വഭവനങ്ങളെ ശത്രുബാധയിൽനിന്നു രക്ഷി

ക്കുന്ന യൌവ്വനയുക്തരായ യോദ്ധാക്കളാണ് ഒരു സംഘം; ആരോഗ്യശാസ്ത്രാനുസൃതം ഗൃഹങ്ങളിൽ വായുഗമനമുണ്ടാക്കുന്നവരാണ മറെറാരുക്കൂട്ടർ; ആഹാരസമ്പാദനാർത്ഥം അദ്ധ്വാനിക്കുന്ന ഗണമാണ് മൂന്നാമത്തേതു്. അത്യുഷ്ണകാലത്തു പങ്ക വലിക്കുന്നവരും ഇല്ലാതില്ല. അവരുടെ ചിറകുകൾ അടിച്ചുണ്ടാകുന്ന അനിലപ്രവാഹത്തിൽ ഒരു മെഴുകുതിരി:പോലും കെട്ടുപോകുമെന്നു പറയപ്പെടുന്നു.

ചില ഘട്ടങ്ങളിൽ, വിശിഷ്യ ഭവനനിൎമ്മാണകാലത്തു മററു ജാതിവേലക്കാരും പണിയെടുക്കുന്നുണ്ടു്. മക്ഷികാലയശില്പികളുടെ ഗൃഹനിൎമ്മാണസാമൎത്ഥ്യം വിസ്മാപകമാകുന്നു. ആദ്യംതന്നെ ഭൂസ്വഭാവം നോക്കി പുരയിടം നിശ്ചയിക്കുവാൻ പാടവമുള്ളവർ സ്ഥാനം ഉറപ്പിക്കുന്നു അനന്തരം വീടു തീൎക്കുകയായി. ഭവനങ്ങൾക്കു വേണ്ടുന്നത്ര ആകൃതിവിശേഷവും, ഭംഗിയും മററും വരുത്തുവാൻ ഇവക്കു് ഒരു പ്രയാസവുമില്ല. മനുഷ്യരുടെ വീടുകൾക്കുപോലും ഒരു ശില്പിക്കു് "അബദ്ധം" പററാതെ കണക്കുണ്ടാക്കുക വിഷമം. ദൈവത്തിൻെറ സൃഷ്ടിവൈഭവവും, മനുഷ്യരുടെ ബുദ്ധിലഘുത്വവും തമ്മിലുള്ള അന്തരം അതിമാത്രം സ്പഷ്ടമാകുന്നതു് ഈ പരമാണുജീവികളുടെ ചരിത്രത്തിലാകുന്നു.

തേനീച്ചക്കൂട്ടിൽ ഒരു വിരൽ ചതുരത്തിനു 80-90 അറകളുണ്ടായിരിക്കും. ചിലതിൽ മധുവും, ചിലതിൽ പരാഗവുമാണ് സംഭരിക്കപ്പെടുന്നതു്. ശിഷ്ടം അറകളിൽ മക്ഷികാസമുദായം നിവസിക്കുന്നു. മുട്ടയിടുന്നതി

നും, കുഞ്ഞുങ്ങളെ സംരക്ഷിക്കുന്നതിനും, അമ്മറാണിക്കും, യുവറാണിമാക്കും പ്രത്യേകം അറകളുട്ടമുണ്ട്. അന്തഃപുരങ്ങൾ സാധാരണമായി സജ്ജീകരിക്കപ്പെടുന്നതു് മക്ഷികാമണ്ഡലത്തിലെ സുഖപ്രദമായ അതിർത്തിപ്രദേശങ്ങളിലാകുന്നു. ഉചിതരീത്യാ പണിചെയ്യപ്പെട്ട അന്തഃപുരങ്ങൾക്കു സാധാരണ ഭവനങ്ങളേക്കാൾ മൂന്നിരട്ടി വലിപ്പംകാണും.

കയ്യും കാലും ഉപയോഗിച്ചാലും ആയുധാപേക്ഷകൂടാതെ മനുഷ്യക്കു് ആലയനിർമ്മാണം ദുസ്സാധം. പക്ഷേ, മക്ഷികകൾക്കു് അക്ലിഷ്ടമായി അവയുടെ കൂടുകൾ തീക്കുന്നതിനുള്ള സാമഗ്രികൾ സ്വശരീരത്തിൽതന്നെയുണ്ടു്. കല്ലും കുമ്മായവും സ്വഗാത്രത്തിൽതന്നെ സ്ഥിതിചെയ്യുന്നു. ഭിത്തിക്കും മററും ഉപയോഗിക്കപ്പെടേണ്ട മെഴുകു് അവയുടെ ജഢത്തിൽതന്നെ പുടപാകം ചെയ്യപ്പെടുന്നു.

സരഘാനിവഹത്തിലെ പ്രവൃത്തിഘട്ടം പ്രകൃത്യാ വസന്തകാലമാകുന്നു. എറുമ്പിനെപ്പോലെ ആഹാരപദാർത്ഥങ്ങൾ ശേഖരിച്ചു ക്ഷാമകാലത്തേക്കു തൽസന്തതികൾക്കായി സൂക്ഷിക്കുന്ന സമ്പ്രദായം തേനീച്ചക്കുമുണ്ടു്. ഉദ്യാനങ്ങളിലും മററുമുള്ള പുഷ്പങ്ങളിലും, വേറെ ചില സാധനങ്ങളിലും ചെന്നു്, അമൃതസമമായ തേൻ കവന്നെടുത്തു് അവർ ഉണ്ണുന്നു. സുരവർഗ്ഗവും, സരഘാവർഗ്ഗവും സുധാപാനംകൊണ്ടേ തൃപ്തിയടയുന്നുള്ളു! ശേഷിച്ച മധുവും പുഷ്പരേണുവും പാദസഞ്ചിയിലാക്കി അവർ പ്രത്യാഗമനം ചെയ്യുന്നു. സാധാരണമായി പൂമ്പൊടി

യാണു് ചെറുമക്ഷികകളുടെ ഭക്ഷ്യം. അല്പം തേനും സ്വല്പം പൂമ്പൊടിയും ചേൎത്ത വിശേഷാഹാരമാകുന്നു അങ്കുരപ്രായമായ കീടത്തിനു ധാത്രിമാർ നല്കുന്നതു്. അദ്ധ്വാനിച്ചു ശേഖരിച്ചിട്ടുള്ള മധുവിൽ മേദുരാംശവും, ഒരു അത്ഭുതപരിണാമത്തിനുശേഷം മെഴുകായി ബഹിൎഗ്ഗമിക്കയാണു് ചെയ്യുന്നതു്.

വസന്തകാലം കഴിഞ്ഞാൽ പവ്വണരാജ്യത്തിൽ വിശ്രമകാലമായി. അപ്പോൾ രാജ്യത്തിലെങ്ങും നാട്ടുവാലായ്മപോലെ നിശ്ശബ്ദതതന്നെ. പരാഗാദിസംഭരണവും നാസ്തി. അമ്മറാണി മുട്ടയിടുന്നതുമില്ല. പക്ഷേ, ഏതാദൃശ ജീവിതദശയിൽ അവർ നിയമാനുവൎത്തനത്തിൽ ദത്തശ്രദ്ധരാകുന്നു. ഈ രാജ്യത്തിലെ നിയമസംഹിത ഡ്രാക്കോവിൻെറ കോഡ്പോലെ രക്തലിഖിതമാകുന്നു. അശ്രദ്ധ അല്പകാലത്തേക്കു് ആരാലും ക്ഷന്തവ്യമാണു്. അടിത്തൂണുംപററി ജീവിക്കുന്ന അലസന്മാരും, സ്വല്പകാലത്തേക്കു കഴിച്ചുകൂടാത്തവരാകുന്നു.. അതിനുള്ളകാരണം ഒരു മക്ഷികാമണ്ഡലത്തിൻെറ രാജ്ഞിക്കു് അന്യഗോത്രജനായ ഭൎത്താവു മാത്രം സ്വീകാൎയ്യനായിരിക്കുന്നതിനാൽ പരസ്പരം ഗോത്രങ്ങൾക്കു ഭൎത്തൃസ്ഥാനീയരാകുന്നതിനാണു്, മേൽപ്രസ്താവിച്ച ഉദാസീനർ ജീവിക്കുന്നതു്. തന്മൂലം പ്രവൃത്തിക്കാർ സമുദായാഭിവൃദ്ധി മാത്രം ഓൎത്താണു് ഇക്കൂട്ടൎക്കു് ഭക്ഷണപദാൎത്ഥങ്ങൾ ആൎജ്ജിച്ചുകൊടുക്കുന്നതു്.

പക്ഷേ, നിൎദ്ദിഷ്ടാവശ്യം നിവൃത്തിച്ചാൽ മട്ടൊന്നു മാറി. മടിയൻ മല ചുമക്കണം എന്നായി പിന്നത്തെ

പ്രമാണം. ഇതനുസരിക്കാത്ത മടിയന്മാരെ തൊഴിലാളികൾ നിർദ്ദാക്ഷിണ്യം വിപാടനം ചെയ്യുന്നു. ബഹിഷ്കരിക്കപ്പെട്ടവർ പ്രത്യാഗമിക്കുമെന്നു സംശയം തോന്നിയാൽ, ശിക്ഷാകർത്താക്കന്മാർ അവർക്ക് അംഗവൈകല്യം വരുത്തുന്നു. അതുകൊണ്ടുമായില്ലെങ്കിൽ അവരെ മരണശിക്ഷകുതന്നെ വിധിക്കും.

മക്ഷികാരാജ്യചരിത്രത്തിലെ പ്രധാനഭാഗം തന്നെയാകുന്നു രാജവംശചരിത്രവും. പ്രജകളിൽനിന്നു രാജ്ഞിയെ തിരിച്ചറിവാൻ തിരുമേനിയുടെ ഭീമാകൃതിയും, ധാവള്യവും ധാരാളം മതിയാകും. വിഷാണം കൈവശമുള്ളതിനാൽ രാജ്ഞി സദാപി ആയുധപാണിയായിട്ടാണ് നിൽപ്പ്. എന്നാൽ തൻെറ ദംശതന്തു പ്രജകളുടെ നേർക്ക് ഒരിക്കലെങ്കിലും ഉപയോഗിച്ചതായി കേട്ടുകേൾവിപോലുമില്ല. ഭക്തിഹീനരായ ഭരണീയർ എതിർത്താൽകൂടി പ്രജാക്ഷേമൈകതാനയായ തിരുമേനിയുടെ സ്വാതന്ത്ര്യാഗം മക്ഷികാരാജ്യമെങ്ങും പ്രസിദ്ധമാകുന്നു. അന്യശക്തികൾ ആക്രമിച്ചാൽ രാജ്ഞി തൻെറ വീര്യവും, ശൌര്യവും മുഴുവൻ പ്രയോഗിച്ചു പ്രതിനായികയോടു യുദ്ധം നടത്തും.

അളിരാജ്യാധിപയുടെ ആയുഷ്കാലം രണ്ടോ, മൂന്നോ വത്സരങ്ങളോളമേയുള്ളു. രാജ്ഞിയുടെ അഭാവത്തിൽ പ്രജകളെല്ലാം നിരാശരായി, നിരുത്സാഹരായി, ധർമ്മഭ്രഷ്ടരായി ഭവിക്കുന്നു. മറെറാരു അമ്മറാണിയെ അവരോധിച്ചിരുത്താൻ സാദ്ധ്യമല്ലെങ്കിൽ സരഘാലോകം നാമാവശേഷമാകും.

അമ്മറാണിക്ക രണ്ടുതരം ശിശുക്കളെ ഉല്പാദിപ്പിക്കുവാൻ കഴിയും. ഒന്നു വേലക്കാരും മറേറതു മടിയന്മാരും. എന്നാൽ രാജപദം അലങ്കരിക്കുന്നവരുടെ ഉൽപത്തി എങ്ങിനെ? മക്ഷികാ അളിരാജകുമാരികളുടെ ആവിർഭാവാവശ്യം കട്ടൊക്കെ മനസ്സിലാക്കിയിട്ടെന്നപോലെ അവക്കുള്ള അന്തഃപുരങ്ങൾ പ്രത്യേകം സജ്ജീകരിക്കുന്നു. സാകൂതമായ ഈ ചിഹ്നം അമ്മറാണിയ്ക്കും ദൃഷ്ടിഗോചരമാകുന്നു. അന്തഃപുരങ്ങളിൽ രാജബീജാംശങ്ങൾ നിക്ഷിപ്തമാകുന്നു. അണ്ഡങ്ങളഖിലവും ഏകജാതിഭ്രുതങ്ങളാകകൊണ്ട്, നിജസ്ഥാനഭേദങ്ങൾകൊണ്ടാണ് രാജപ്രജാവ്യത്യാസങ്ങൾ വരുത്തുന്നതു്. അന്തഃപുരസ്ഥിതാണ്ഡങ്ങൾ ഇതരാണ്ഡങ്ങളിൽനിന്നു വ്യവച്ഛേദിച്ചു നിർദ്ധാരണം ചെയ്യാൻ അതിസൂക്ഷ്മദർശനയന്ത്രത്തിൻെറ സാഹായ്യത്താൽപോലും ഒരു ജീവശാസ്ത്രജ്ഞന് അദ്യാപി സാധിച്ചിട്ടില്ല. അണ്ഡം മുതൽ അളിവരെയുള്ള പരിണാമങ്ങൾ രാജവംശത്തിനും, പ്രജാവംശത്തിനും ഉഭയസാധാരണങ്ങളാകുന്നു. പ്രത്യുത, ശിശുസംരക്ഷണത്തിൽ ദ്വിവർഗ്ഗങ്ങൾക്കും വ്യതിയാനങ്ങളുണ്ടു്. അതിവിശേഷമായ അമൃതേത്താണ് ഈ കൊച്ചുതിരുമേനികൾക്കു നൽകപ്പെടുന്നതു്. ക്ഷീരസമാനമായ ഒരു സാധനവും, തേനും, പൂമ്പൊടിയും, ചേൎന്നുള്ള വിശിഷ്ടാഹാരമാണ് ഈ അമൃതേത്തു്. തന്മൂലം ഭവിഷ്യൽഫലങ്ങൾ എത്രയോ വിഭിന്നങ്ങളായിരിക്കുന്നു. രാജകുടുംബജാതമായ മക്ഷികാ കുലം, ബലം, ആകൃതിവിശേഷം, അവയവചേഷ്ടകൾ ഇത്യാദിയിൽ അന്യരിൽനിന്നു അതി

മാത്രം വ്യതിരിക്തമായിരിക്കുന്നു. സ്ലാട്ടൻ രാജാക്കന്മാക്കു രണ്ടിരട്ടി ഭക്ഷ്യം അനുവദിക്കപ്പെട്ടതു വൃഥാ അല്ലല്ലോ.

രാജശിശു ദിനത്രയങ്ങൾക്കകം ബീജത്തിൽനിന്നു കീടാകൃതിയിൽ ബഹിർഗ്ഗമനം ചെയ്യുന്നു. വീണ്ടും അന്തപുരത്തിലേക്കു അഞ്ചാറുദിവസങ്ങൾ കഴിഞ്ഞു മടങ്ങിപ്പോയാൽ അന്തഃപുരദ്വാരം മെഴുകുകൊണ്ടു മുദ്രവെക്കപ്പെടുന്നു. സപ്തദിനങ്ങൾക്കു ശേഷം രാജകുമാരി ഭവനഭേദനം ചെയ്തു ബഹിർഗ്ഗമിച്ചു രംഗപ്രവേശം നടത്തുന്നു.

സാമാന്യമായിട്ട് ആംഗ്ലരാജ്യത്തുള്ളതുപോലെ പരമ്പരാഗതമായ ക്ലിപ്തകരാജാധിപത്യമാണ് അളിരാജ്യത്തിലും കാണപ്പെടുന്നത്. പിന്തുടർച്ചാവകാശവഴിക്ക് അമ്മറാണിമാർ രാജ്യം ഭരിക്കുന്നു. തിരുമേനിയോടുള്ള ഭക്തിസ്നേഹബഹുമാനങ്ങൾ എത്രതന്നെ വർണ്ണിച്ചാലും അതിശയോക്തിയാവുകയില്ല. ക്ഷാമകാലത്തു പട്ടിണികിടന്നാലും അവർ തിരുമേനിക്ക് അമൃതേത്തു നൽകുന്നു. സ്വയംഭരണഘടകങ്ങളായ പൌരയോഗവും ഭരണയന്ത്രത്തിൽ അപ്രധാനമല്ല. തൊഴിലാളികൾക്കാണു ക്രമേണ പ്രാബല്യം. രാജ്ഞിക്കു രക്ഷാഭോഗങ്ങൾ, ഉദാസീനർക്കു ഭക്ഷണം ഇത്യാദി പല പല കാര്യങ്ങൾ നടത്തി അവർ ഭരണയന്ത്രം നിയന്ത്രിക്കുന്നു. ജീവിതകൃത്യങ്ങൾ പല പദ്ധതികളായി വിഭജിച്ച്, ഓരോരുത്തനും വയഃക്രമം, ശക്തി, വാസന ഇത്യാദികൾ അനുസരിച്ച് ഉദ്യോഗങ്ങൾ നിശ്ചയിക്കുന്നു. ഈവസ്ഥ മനുഷ്യപ്രസ്ഥാനങ്ങളോട് എത്ര സാമ്യമാണുള്ളതെന്നു നോക്കുക.

സരഘാകുമാരികളുടെ രംഗപ്രവേശം വിപ്ലവജനകമാകുന്നു. ജനപ്പെരുപ്പം, രാഷ്ട്രീയാസന്തുഷ്ടി, ഏകാധിപത്യവ്രതാനുഷ്ഠാനം ഇത്യാദി പരിതഃസ്ഥിതികൾ പരിവർത്തനത്തിനു ഹേതുഭൂതങ്ങളാണ്. അമ്മറാണിക്കു ഭാവിരാജ്ഞികളുടെ അധികാരഭ്രമം ഒട്ടും ഇഷ്ടമല്ല. ഏതന്മൂലം കൊച്ചുറാണിമാരെ കൊന്നൊടുക്കുവാൻ അമ്മറാണി ഉദ്യുക്തയാകുന്നു; അതിനെ നിരോധിക്കുവാൻ ഒരു കൂട്ടർ ഉദ്യമിക്കുന്നു; നിരോധം രോധമായി പരിണമിക്കുന്നു. എന്തിനേറെ? എല്ലാം കൂടെ ഒരു ബഹളം, അല്ല, വിപ്ലവംതന്നെ. ചിലർ ഇതി കർത്തവ്യതാമൂഢരായി അങ്ങുമിങ്ങും പായുന്നു. പ്രതിദ്വന്ദ്വിയെ രോധിച്ചതിൽ പരാജിതയായ അമ്മറാണി ഇഷ്ടപ്രജാസമേതം പറന്നുപൊങ്ങി ദേശഭ്രമണം ചെയ്തു്, മറെറാരു മക്ഷികാമണ്ഡലം ഉൽഘാടനം ചെയ്യുകയായി. ഏവംവിധങ്ങളായ ഉപവേശഖണ്ഡമണ്ഡലങ്ങൾ, മഹിഷാസുരയുദ്ധത്തിലെ അസുരശിരസ്സുകളെപ്പോലെ അഞ്ചും, ആറും ദിവസങ്ങൾ കഴിയുമ്പോൾ പിന്നെയും ആവിർഭവിക്കുന്നു. ചിലപ്പോൾ രണ്ടു യുവറാണിമാർ ഉണ്ടായെന്നുവരാം. പിന്നെയും ഒരു വാട്ടർലൂ യുദ്ധം കൂടാതെ കഴിയുകയില്ല. അപ്പോൾ കയ്യൂക്കുള്ളവൻ കാര്യക്കാരൻ എന്നാണു നിയമം. ജൈത്രിയെ സർവ്വരും ഹൃദയാഹ്ലാദത്തോടെ ജാതീയഗാനം പാടി സ്വീകരിക്കുന്നു.

1. തേനീച്ചയുടെ കൂട്, ശിശുപരിപാലനം എന്നിവയെ വിവരിച്ചു് ഓരോ ഖണ്ഡികയെഴുതുക.

2. 1. ഒരു മക്ഷികാമണ്ഡലത്തിൽ ഏതെല്ലാംതരം തേനീച്ച

കൾ ഉണ്ടായിരിക്കും? 2. യവനർ എന്നു പറയുന്നതു് ആരെയാണു്? 3. സ്പാർട്ടൻരാജാക്കന്മാരെപ്പററി നിങ്ങൾക്കെന്തറിയാം? 4. പണിമുടക്കം എന്ന ശബ്ദം എന്തിനെയാണു കുറിക്കുന്നതു്? 5. വെനീച്ചയിൽ നിന്നും മനസ്സിലാക്കാവുന്ന ഗുണങ്ങളെന്തെല്ലാം? 6 രാജപദം അലങ്കരിക്കുന്നവയുടെ ഉൽപത്തിജീവിതങ്ങൾ എങ്ങിനെ?

3. സംക്ലൂതം, വിപ്ലവം, ബഹിഷ്ക്കരണം, സ്ഥിരലാവണ്യം, നിക്ഷിപ്തം, വിപാടനം, നാട്ടുവാലഭ്യം, ഭരണീയർ—ഈ പദങ്ങളുടെ അത്ഥം വിവരിക്കുകയും, ഓരോന്നുമുപയോഗിച്ചു് ഓരോ വാക്യം എഴുതുകയും ചെയ്യുക.

4. ഒട്ടാകെ ഇന്നു ഏതെല്ലാംതരം രാജ്യഭരണക്രമം ലോകത്തിലുണ്ടു്? ഏതാണു ശ്രേഷ്ഠതരം? വിവരിക്കുക.

ഒരേ പദം പലേടത്തും ആവത്തിക്കേണ്ടതായി വന്നപ്പോൾ, പയ്യായപദങ്ങൾ ഉപയോഗിച്ചു വൈചിത്ര്യം വരുത്തിയിട്ടുള്ളതായി ഈ പാഠത്തിൽ കാണുന്നുണ്ടല്ലോ. അതു വിദ്യാത്ഥികൾ ഓത്തിരിക്കേണ്ട ഒരു പ്രധാന സംഗതിയാണു്. ആവത്തനം കൂടാതെ കഴിപ്പാൻ പയ്യായപദങ്ങൾക്കു പുറമേ, സവ്വനാമവും, ചിലപ്പോൾ സാമാന്യനാമം സവ്വനാമംപോലെയാക്കിയും ഉപയോഗിക്കണം. ഏതും അടുത്തടുത്തു ധാരാളം ഉപയോഗിച്ചുപോകരുതു്. ചിലർ പയ്യായപദങ്ങളുടെ കൂട്ടത്തിൽ അസാധാരണ പദങ്ങളെ കുത്തിത്തിരുകാറുണ്ടു്. അതും അത്ര നന്നല്ല.

## ൧൯. സൂയ്യോദയം.

അന്നേരമഘോതമസ്സകലും പ്രഭാതശ്രീ
വന്നെത്തും വിളംബമില്ലിനിയെന്നുദാരമായ്
ചൊന്നീടുമശരീരിവാക്കുപോൽ കേൾക്കാകുന്നു
ഭിന്നമൌനമായ് കാട്ടുപൂങ്കോഴികൂകുംനാദം

കാണാറാകുന്നിതുടൻ പൂർവ്വപർവ്വതത്തിന്മേൽ
ചാണയരത്തിലൈന്ദ്രികൊളുത്തും ദീപംപോലെ
തേജസ്സാൽവഴിവെളുപ്പിക്കും തുംകതിർനീട്ടി
യോജസ്സുതേടും വെള്ളിമുദിച്ചുപൊങ്ങുന്നതും
സ്തംഭിച്ചസമാധിയിൽനിന്നൊരജ്ജഗത്തിന്റെ
ജൃംഭിക്കുംപ്രാണൻപോലെയിളകുമിളംകാറ്റും
ഇമ്പത്തിൽ ചരാചരജീവികൾക്കുണർവ്വേകി
യമ്പോടുമെത്തിവീശിത്തുടങ്ങീമെല്ലെമെല്ലെ.

ഉൽക്കടമായതമസ്സൊതുങ്ങി മെല്ലെപ്പൂർവ്വ-
ദിക്കതന്നുപാന്തങ്ങൾമിന്നുത്തുമേഘം ചിന്നി
ഉൾക്കൊള്ളുമൊളിയോടും ചാരുചമ്പകമൊട്ടിൻ
വക്കുകൾപോലൊട്ടൊട്ടുവിളറിവെളുപ്പായി.

കിളികൾ മരക്കൊമ്പുതോറും കൂടുകൾവിട്ടു
വെളിയിൽവന്നു പാടിയിളകീവനംകാറ്റിൽ
അളികളുത്സാഹമായ്മുരണ്ടുമുമ്പിൽപൂത്ത-
നളിനീനിരപോലെ ചുവന്നുനഭഃശ്രീയും

പ്രത്യക്ഷമായൊട്ടൊട്ടുഗിരിയും വനങ്ങളും
പ്രത്യേകംവ്യക്തശ്യാമരൂപമായെന്നുവേണ്ട
ഇരുട്ടാംവെള്ളപ്പൊക്കംവാർന്നുവാർന്നൊക്കെപ്പോയി-
ശ്ശരിയായ്ഭൂഭാഗങ്ങൾ കാണാറായ്മുന്നെപ്പോലെ

കടുംചോപ്പായി കിഴക്കംബരമതിനുള്ളിൽ
ഝടിതിപിന്നെത്തങ്കപാളിപോൽപീതമായി
അടിയിലുടനഹോ പൊൻകതിർഛടവീശും
കൊടിയതേജസ്സിന്റെ കന്ദവുംകാണാറായി

അരുതുവൎണ്ണിക്കുവാനന്തരീക്ഷത്തിൽതേജഃ-
പരിധിഛത്രംപൊക്കിക്കുന്നകോജ്ജ്വലകാന്തി
പരിധാനാഡംബരൻ ഭഗവാൻപകലിന്റെ
പെരുമാളെഴുന്നള്ളി വെളിയിലെന്നോവേണ്ടൂ.

1. "കാട്ടുപൂങ്കോഴി കൂകും നാദ"ത്തെ കവി എന്തായിട്ടുൽപ്രേക്ഷിക്കുന്നു?

2. "സ്തംഭിച്ച സമാധിയിൽ നിന്നൊരജ്ജഗത്തിന്റെ
ജൃംഭിക്കുംപ്രാണൻപോലെ യിളകുമിളംകാററും
ഇമ്പത്തിൽ ചരാചരജീവികൾക്കുണൎവ്വേകി
യമ്പോടുമെത്തിവീശിത്തുടങ്ങീ മെല്ലെമെല്ലെ."

ഈ വരികളുടെ അൎത്ഥസാരസ്യങ്ങളെ വിശദമാക്കുക.

3. സൂൎയ്യോദയത്തിൽ, ആകാശദേശത്തിൽ പ്രത്യക്ഷമാകുന്ന മനോമോഹനമായ മാററങ്ങളെ ഉചിതമായ ഉപമകളും ഉൽപ്രേക്ഷകളും മററുമുപയോഗിച്ചു വൎണ്ണിക്കുക.

ബാലരവികിരണങ്ങൾ തട്ടി, മേഘങ്ങളുടെ അരികുകൾ സുവൎണ്ണവൎണ്ണാങ്കിതങ്ങളാകുന്നതും, ക്രമേണ വെളുപ്പുനിറമാകുന്നതും നമ്മളൊക്കെ സാധാരണ കാണുന്ന കാഴ്ചയാണു്. എന്നാൽ കവി അത്യന്തം ഹൃദയാവൎജ്ജകമായ വിധത്തിൽ വാക്കുകൾകൊണ്ടു അതിനെ ചിത്രീകരിച്ചിരിക്കുന്നതു നോക്കുക.

4. ഈ കവിതയിൽ കാണുന്ന "വെള്ളി", "ചോപ്പ്" "ഝടിതി" ഈ പദങ്ങളെപ്പററി ഓരോ കുറിപ്പുകൾ എഴുതുക.

5. "സ്തംഭിച്ച സമാധിയിൽ" എന്നു തുടങ്ങുന്നതായി മേലുദ്ധരിച്ച നാലു വരികളിലടങ്ങിയ വാക്യത്തെ അപോദ്ധാരിക്കുക.

# ൫൯. വിദ്യുദ്വാൎത്താവിതരണം.

## (Broadcasting.)

അമേയമായ ശക്തി, സൌന്ദൎയ്യം, ക്രമം, എന്നിവയുടെ ഒരു പ്രപഞ്ചനമാണു പ്രപഞ്ചമെന്നും അതിന്റെ ഒരു പരമാണുവെപ്പററിയുള്ള ജ്ഞാനം മതി മനുഷ്യനെ വിസ്മിതനാക്കുവാനെന്നും സർ ഒലിവർലോഡ്ജ് പ്രസ്താവിക്കുന്നു. അദ്ദേഹത്തിന്റെ അഭിപ്രായം എത്ര അൎത്ഥവത്താണു്? നോക്കുക. വിദ്യുച്ഛക്തി പ്രകൃതിയിൽ ഗോപനം ചെയ്യപ്പെട്ടിരിക്കുന്ന അസംഖ്യം ശക്ത്യംശങ്ങളിൽ ഒന്നുമാത്രമാണല്ലൊ. അതിന്റെ പ്രയോഗത്തിൽ നിന്നുണ്ടായതാണു കമ്പിത്തപാൽ. കമ്പിത്തപാൽ കണ്ടപ്പോൾ ലോകർ എത്രകണ്ടത്ഭുതാധീനരായി! കിഞ്ചിജ്ഞരായ പലരും ആ ഏൎപ്പാടിനെ പിശാചകൎമ്മമായിപ്പോലും വ്യാഖ്യാനിച്ചു. ഇപ്പോൾ കമ്പിത്തപാലിനേയും സുകരം അതിശയിക്കുന്ന ഒരു പ്രവൃത്തിയാകുന്നു വിദ്യുദ്വാൎത്താവിതരണം അഥവാ "ബ്രോഡ്കാസ്റ്റിംഗ്." ഒരു ദിക്കിൽ പ്രസിദ്ധീകൃതമാകുന്ന വൃത്താന്തങ്ങളും നടത്തപ്പെടുന്ന സംഗീതാലാപങ്ങളും പ്രസംഗങ്ങളും അതേ സമയംതന്നെ ലോകത്തിലെവിടേയും കേൾപ്പിക്കുവാൻ ഈ പുതിയ ഏൎപ്പാടിനുകഴിയും. ഇതു അനുഭവഗോചരമായാൽ ചിലൎക്കൊക്കെ അഭൂതപൂൎവ്വമായ വിസ്മയം തോന്നും, നിശ്ചയം. അത്രയ്ക്കുണ്ടതിന്റെ 'മറിമായങ്ങൾ.' ചക്രവൎത്തിതിരുമനസ്സുകൊണ്ടു ചെയ്ത പാർലിമെണ്ടുപ്രസംഗം "ബ്രോഡ്കാസ്റ്റ്" ചെയ്യപ്പെട്ടുവെന്നുള്ള വാ

ത്താശകലം പത്രങ്ങളിൽ വായിച്ചപ്പോൾ ഒരാൾ, "എന്തു? ഇതൊക്കെ ഒരുതരം ചെകുത്താൻസേവയുടെ ഫലമായിരിക്കും" എന്നഭിപ്രായപ്പെട്ടതു ഞാനിപ്പോഴും ഓക്കുന്നുണ്ടു്. വാസ്തവത്തിൽ ഈ അഭിനവവാർത്താനിവേദനപദ്ധതിയും വിദ്യുച്ഛക്തിയുടെ—പ്രകൃതിനിക്ഷിപ്തങ്ങളായ ശക്ത്യംശങ്ങളിലൊന്നിന്റെ—പ്രവർത്തനഫലംതന്നെയാണു്. സാധാരണ മനുഷ്യന്റെ ജ്ഞാനസീമകൾ ഉല്ലംഘിച്ചുള്ള പ്രവർത്തനങ്ങൾ അവനെ ദർശനമാത്രയിൽ അമ്പരപ്പിക്കുന്നുവെന്നേയുള്ളു.

ഒരുവന്റെ സംസാരം മറ്റൊരുവന്റെ കർണ്ണങ്ങളിൽ എത്തുന്നതു ശബ്ദവീചികൾ വഴിയ്ക്കാണു്. (Sound waves) ശബ്ദവീചികൾ വായുവിലൂടെ ഒരുസെക്കണ്ടിൽ 350-ൽപരം വാര ദൂരം സഞ്ചരിക്കുന്നു. എന്നാൽ അവയ്ക്കും യാത്രാക്ലമമെന്നൊന്നുണ്ടു്. കുറെ ദൂരം മേല്പറഞ്ഞ വേഗത്തിൽ യാത്ര ചെയ്താൽ പിന്നെ അവ ക്ഷീണിച്ചു പ്രയാണക്ഷമങ്ങളല്ലാതായിത്തീരും. അതുകൊണ്ടു് ആ അതിർത്തിക്കപ്പുറം സ്ഥിതിചെയ്യുന്നവർക്കു നമ്മുടെ സംസാരം ശ്രവിക്കുവാൻ നിവൃത്തിയില്ല. ശബ്ദവീചികളുടെ ഈ ശക്തിക്ഷയം നിമിത്തമുണ്ടാകുന്ന ഞെരുക്കം പരിഹരിക്കുവാൻ പര്യാപ്തമായ ഒരു വിദ്യയുണ്ടു്. അതു സ്വരതരംഗങ്ങളെ ഒരുതരം വിദ്യുദ്വീചികളാക്കി രൂപാന്തരപ്പെടുത്തുകയെന്നതാണു്. വിദ്യുത്തരംഗങ്ങൾക്കു് അതീവത്വരിതഗമനത്തിനുള്ള സാമർത്ഥ്യമുണ്ടു്. അവ ഒരു സെക്കണ്ടിൽ 186000 നാഴിക ദൂരം പോകുമത്രെ. സ്വരതരംഗങ്ങളുടെ ഗതിവേഗവും ഇതും തമ്മിലുള്ള

വ്യത്യാസം ചില്ലറയാണൊ? ഇതിനുപുറമെ അവയ്ക്കു (വിദ്യുത്തരംഗങ്ങൾക്കു) വായുമണ്ഡലമെന്നല്ല, കരുത്തേറിയ കോട്ടകളും അംബരചുംബികളായ വൃക്ഷങ്ങളാൽ പരികീൎണ്ണമായ വനാന്തരങ്ങളും ഭീമശൈലങ്ങളും ഭേദിച്ചു് എവിടേയ്ക്കും പാഞ്ഞെത്തുവാനുള്ള വൈദഗ്ദ്ധ്യം കൂടിയുണ്ടു്. അതിനാൽ ഈ വിദ്യുത്തരംഗവാഹനങ്ങൾ വഴിയായി ശബ്ദവീചികൾക്കു ഭൂമുഖത്തെവിടേയും എളുപ്പത്തിലെത്തിച്ചേരാം. ഇതാണു് ബ്രോഡ്കാസ്റ്റിംഗിന്റെ ആദിമതത്വം.

വിദ്യുദ്വീചികൾക്കു് ഒരേ സമയത്തു നാനാഭാഗത്തേയ്ക്കും യാത്രചെയ്വാൻ കഴിയും. ഒരു ജലശേഖരത്തിൽ ഒരു കല്ലെടുത്തെറിഞ്ഞു് എന്നു സങ്കല്പിക്കുക. ഉടനെ എന്തുണ്ടാകുന്നു? വൃത്താകാരത്തിൽ ജലതരംഗങ്ങൾ ഉണ്ടായി ഒന്നിനു പിമ്പിൽ മറ്റൊന്നായി കാണപ്പെടുന്നു, ശിലാഖണ്ഡത്തിന്റെ നിപാതത്താൽ ജലത്തിനുണ്ടാകുന്ന അനുഭവം നാനാഭാഗത്തേയ്ക്കും സംവഹിക്കപ്പെടുന്നു. ഇതാണു വിദ്യുത്തരംഗങ്ങളുടേയും പ്രയാണസ്വഭാവം.

ശബ്ദതരംഗങ്ങൾ ഗ്രഹിക്കുവാൻ നമ്മുടെ ശ്രോത്രേന്ദ്രിയങ്ങൾ മതിയല്ലൊ. എത്ര ഗംഭീരാശയസമ്പുഷ്ടവും കഠിനപദനിബദ്ധവുമായ പ്രസംഗമായിക്കൊള്ളട്ടെ, ഇതിൽനിന്നു നിൎഗ്ഗമിക്കുന്ന സ്വനകല്ലോലങ്ങൾ നമ്മുടെ കൎണ്ണരന്ധ്രങ്ങളിൽചെന്നു കയറിക്കൊള്ളും. അൎത്ഥഗ്രഹണത്തിൽ മാത്രമേ നമുക്കല്പം വൈഷമ്യം നേരിടുന്നുള്ളു. വിദ്യുത്തരംഗങ്ങളുടെ സ്വഭാവം ഇതിനു വിപരീ

തമാണ്. അന്തരീക്ഷത്തിൽ അവ സന്നിഹിതമാണൊ അല്ലയോ എന്നു വ്യവച്ഛേദിക്കുവാൻതന്നെ മനുഷ്യകണ്ണുകൾക്കു ശക്തിയില്ല. ആ പ്രവൃത്തി നിർവ്വഹിക്കുവാൻ ഒരു വിശേഷ യന്ത്രത്തിന്റെ സഹായം കൂടാതെ കഴിയൂ.

മുകളിൽ എഴുതപ്പെട്ട ഖണ്ഡികകളിൽനിന്നു, വിദ്യുൽപാദ്ത്താപിതരണം സാധിക്കുന്നതിനു കാരണഭൂതങ്ങളായ തത്വങ്ങൾ വെളിപ്പെട്ടിരിക്കുമല്ലോ. ആ പ്രസ്ഥാനത്തിന്നാവശ്യമായ ഉപകരണങ്ങളെ സംബന്ധിച്ചാകാം ഉപരി വിചയനം. ബ്രോഡ്കാസ്റ്റിംഗ്ഗേഹ്പ്പാടിലെ സർവ്വപ്രധാനമായ ഉപകരണം ശബ്ദതരംഗങ്ങളെ വിദ്യുത്തരംഗങ്ങളാക്കിപ്പകർത്തി വിടുന്നതിനുള്ള യന്ത്രമാണ്. ഇംഗ്ലീഷിൽ അതിനു 'ട്രാൻസ്മിററർ (Transmitter) എന്നു പറയും. വേണമെങ്കിൽ മലയാളത്തിൽ അതിനു 'തരംഗവിസർജ്ജിനി' എന്നു പേർ കൊടുക്കാം. തരംഗവിസർജ്ജിനിയിൽ, ഏകദേശം അദ്ധഃചന്ദ്രാകൃതിയിലുള്ള ഒരു കുഴലും ഒരു വിദ്യുൽസ്രോതസ്സും (A Source of Electricity) ഉണ്ടാകും. കുഴലിന്റെ പ്രവൃത്തി ശബ്ദാദാനമാണ്. തന്റെ മുമ്പിൽവച്ചു പ്രസംഗങ്ങളൊ സംഗീതാലാപങ്ങളൊ നടത്തപ്പെട്ടാൽ അവയിൽനിന്നു പുറപ്പെടുന്ന ശബ്ദവീചികളെയെല്ലാം പിടിച്ചു 'ബന്തവസ്സിൽ' വെയ്ക്കുന്നതിനുവേണ്ട അധികാരവും സാമത്ഥ്യവും കുഴലിനുണ്ട്. 'അങ്ങിനെ കുഴൽക്കീഴിൽ' പെടുന്ന ശബ്ദകല്ലോലങ്ങൾ വിദ്യുൽസ്രവണത്തിന്റെ സഹായത്താൽ വിദ്യുത്തരംഗങ്ങളായി മാറുന്നു. ഈ വിദ്യുദ്വീചികൾക്ക് അനന്തരനിമിഷത്തിൽ ഒരു കമ്പിയിലൂടെ പ്രയാ

ണനം ചെയ്തു മറെറാരു ലഘുയന്ത്രത്തിൽ പ്രവേശിക്കേണ്ടതുണ്ടു്. ഒന്നോ ഒന്നിലധികമൊ കമ്പിക്കഷണങ്ങൾ തമ്മിൽ കൂട്ടിയിണക്കിയുണ്ടാക്കാവുന്നതാണു പ്രസ്തുത യന്ത്രം. അതിൻെറ കൎത്തവ്യം, തന്നിൽ വന്നഭയം പ്രാപിക്കുന്ന ശബ്ദവാഹികളായ വിദ്യുത്തരംഗങ്ങളെ സൎവ്വഭാഗങ്ങളിലേക്കുമായി പ്രേഷണം ചെയ്യുകയാകുന്നു.

ഒരു ദിക്കിൽനിന്നു ഉൽസൎജ്ജനം ചെയ്യപ്പെടുന്ന വിദ്യുത്തരംഗങ്ങളെ മറെറാരു ദിക്കിൽ സ്വീകരിച്ചാദരിക്കണമെങ്കിൽ മറെറാരു വിശേഷയന്ത്രം കൂടിയേ കഴിയൂ എന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ യന്ത്രത്തിലുമുണ്ടു രണ്ടു വിഭിന്നസാമഗ്രികൾ. ഒന്നു വിദ്യുത്തരംഗഗ്രാഹി, മറെറാന്നു ആ തരംഗങ്ങളെ ശബ്ദവീചികളാക്കി രൂപാന്തരപ്പെടുത്തുവാനുള്ള ഉപകരണം. ഒരു ദൂരശ്രവണയന്ത്രം (Telephone) ആ യന്ത്രത്തോടു ഘടിപ്പിച്ചാൽ ശബ്ദപരമ്പരകൾ നമ്മുടെ കൎണ്ണേന്ദ്രിയങ്ങൾക്കു ഗോചരീഭവിക്കുകയായി.

വിദ്യുത്തരംഗങ്ങളുടെ 'തരംഗവ്യാസ'ത്തെപ്പററി (Wave-Length) ഈ ഘട്ടത്തിൽ അല്പം പറയേണ്ടതുണ്ടു്. തരംഗവ്യാസത്തിനു ഏററക്കുറച്ചിലുണ്ടാകുക സാധാരണയാണു്. ഒരു ദിക്കിൽനിന്നു വിസൎജ്ജനം ചെയ്യുന്ന വിദ്യുത്തരംഗങ്ങളുടെ വ്യാസമായിരിക്കയില്ല മറെറാരു ദിക്കിൽനിന്നു പുറപ്പെടുന്നവയുടെ വ്യാസം. അതുകൊണ്ടു തരംഗസ്വീകരണത്തിനു നിയുക്തമാകുന്ന യന്ത്രം വ്യാസവിപൎയ്യയങ്ങൾ അറിഞ്ഞനുവ

ത്തിക്കുവാൻ പര്യാപ്തമായിരിക്കണം. അതിഥികളുടെ 'മാററും മാനവും' അനുസരിച്ചായിരിക്കണമല്ലൊ സൽകാരകന്റെ പെരുമാററങ്ങൾ. ഇപ്പോൾ നടപ്പിൽവന്നിരിക്കുന്ന തരംഗവാഹിയന്ത്രങ്ങളുടെ നിർമ്മാണം ഈ തത്വം അടിസ്ഥാനപ്പെടുത്തിത്തന്നെയാണു്. അങ്ങിനെയല്ലെങ്കിൽ, പല വ്യാപൃതിസീമകളോടുകൂടി പല ദിക്കിൽനിന്നു വരുന്ന വിദ്യുത്തരംഗപരമ്പരകളെ നമുക്കു വേണ്ടവിധത്തിൽ തിരഞ്ഞെടുത്തുപയോഗിക്കാൻ കഴികയില്ല.

അദ്യതനലോകത്തിൽ ഏററവും ഫലപ്രദവും സൌകര്യപ്രദവുമായി കാണപ്പെടുന്ന തരംഗസ്വീകരണോപകരണം, ഏകദേശം വിദ്യുദ്ദീപത്തിന്റേതുപോലെയുള്ള ഒരു സ്ഫടികബുൽബുദമാണു്. (Bulb) ശാസ്ത്രദൃഷ്ട്യാ ശുദ്ധശൂന്യമായ അതിനുള്ളിൽ 'ടംഗ്സ്റ്റൺ' (Tungsten) കൊണ്ടുള്ള ഒരു നേരിയ കമ്പിയും അതിനെ ആവരണം ചെയ്യുന്ന ഒരു കമ്പിച്ചുരുളും ഒരു ഫലകഖണ്ഡവും ഉണ്ടായിരിക്കും. സ്ഫടികബുൽബുദത്തോടു് ഒരു വിദ്യുൽസ്രോതസ്സ് സംഘടിതമായിരിക്കുകയും ചെയ്യും. പ്രയാണമദ്ധ്യേ ആകർഷിക്കപ്പെടുന്ന വിദ്യുദ്വീചികൾ ആ ബുൽബുദത്തിനുള്ളിൽ പ്രവേശിക്കുമ്പോൾ ശബ്ദതരംഗങ്ങളായി മാറും. ഒരു ടെലിഫോൺ വെച്ചാൽമതി അവ നമുക്കു കർണ്ണഗോചരമാകാൻ.

തരംഗഗ്രഹണത്തിനുള്ള യന്ത്രം പലമാതിരിയിലുണ്ടു്. വേണമെങ്കിൽ കോട്ടിൻകീശയിൽ നിക്ഷേപിക്കപ്പെടാവുന്ന വലിപ്പത്തിൽ അതു നിർമ്മിക്കാം. ആവശ്യ

മുള്ളപ്പോൾ അതെടുത്തുപയോഗിച്ചാൽ ദൂരസ്ഥലങ്ങളിൽ നടക്കുന്ന പ്രസംഗങ്ങളും ഗാനാലാപങ്ങളും നമുക്കു നിഷ്പ്രയാസം ശ്രവിക്കാം. നമ്മിൽ പലരും മോതിര 'വാച്ച്'കളെപ്പററി കേട്ടിരിക്കുമല്ലോ. (Ring watches) ഈയിടെ തരംഗഗ്രാഹിയന്ത്രവും സ്ഥാപിക്കപ്പെട്ടിട്ടുള്ള മോതിരങ്ങൾപോലും പ്രചരിച്ചുതുടങ്ങിയിട്ടുണ്ട്.

യൂറോപ്പിലിപ്പോൾ ബ്രോഡ്കാസ്റ്റിംഗിനു വന്നുകൂടിയിട്ടുള്ള പ്രചാരം അസാമാന്യമാണ്. മികച്ച കമ്പനിക്കാർ വലിയ പ്രതിഫലം നൽകി പ്രസിദ്ധന്മാരായ ഗായകന്മാർ, പ്രസംഗകന്മാർ മുതലായവരെക്കൊണ്ടു സംഗീതാലാപങ്ങളുംപ്രസംഗങ്ങളുംനടത്തിച്ച് അവയെല്ലാം ബ്രോഡ്കാസ്റ്റ് ചെയ്തുവരുന്നുണ്ട്. യൂറോപ്പിൻെറ ഇതരഭാഗങ്ങളിലും അമേരിക്കയിലും മററും ആ കമ്പനിക്കാർ സ്ഥാപിച്ചിട്ടുള്ള തരംഗഗ്രാഹികൾ മുഖേന ആ പ്രസംഗങ്ങളും പാട്ടുകളും നിശ്ചിതഫീസു കൊടുത്താൽ ആക്കും ശ്രവിക്കാം. ഈ പുതിയ ഏപ്പാടു സിനിമയും നാടകവുംപോലെ പല വമ്പിച്ച കമ്പനികളുടേയും ധനാഗമമാർഗ്ഗങ്ങളിൽ ഒന്നായിതീന്നിട്ടുണ്ട്. ഈ കമ്പനിക്ക് ഒരു 'വ്യാസ'ത്തിൽ മാത്രമേ വിദ്യുത്തരംഗങ്ങൾ അയയ്ക്കുവാൻ പാടുള്ളൂ. അതിനു പോസ്റ്റൽഡിപ്പാർട്ടുമെൻറുകാർ പ്രത്യേകം നിയമങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കാലാന്തരത്തിൽ വിദ്യുച്ഛാത്താവിതരണത്തിനുള്ള ചിലവ് ഇപ്പോഴത്തേതിൽനിന്നു വളരെ കുറഞ്ഞുപോയേക്കും. അന്നു നമ്മുടെ നാടൻസിനിമാക്കാരും ബ്രോഡ്കാസ്റ്റിംഗുകാരായി രൂപാന്തരപ്പെടുകയില്ലെന്നു വരുമോ?

ഇത്ര പ്രതീക്ഷാപൂർണ്ണമായ ഈ നൂതനവിദ്യയുടെ ജനയിതാവാരാണെന്നറിവാൻ വായനക്കാർക്കാഗ്രഹമുണ്ടായിരിക്കും. എന്നാൽ ആ പ്രശ്നത്തിനു ഖണ്ഡിതമായി ഉത്തരം പറയുക സാദ്ധ്യമല്ല. വിദ്യുദ്വാർത്താവിതരണത്തിന്റെ വിജയത്തിനുവേണ്ടി പല ശാസ്ത്രജ്ഞന്മാരും പല കാലങ്ങളിലായി പരിശ്രമിച്ചിട്ടുണ്ട്. അവരെല്ലാം വരുംതന്നെ തജ്ജനയിതാക്കളായി ഗണിക്കപ്പെടണം. ഇററാലിയൻ ശാസ്ത്രകാരന്മാരിൽ ഒരുവനായ മാർക്കണി (Marconi) യാണു പൂർവ്വസൂരികളുടെ നിർദ്ദേശങ്ങളനുസരിച്ച് ഒടുവിൽ വാർത്താവിതരണം നിർവ്വഹിച്ചതു്. പക്ഷെ അതുകൊണ്ടു് അദ്ദേഹമാണു പ്രസ്തുത വിദ്യയുടെ സാക്ഷാദവതാരകനെന്നു വിചാരിക്കുക വയ്യ.

1. ശബ്ദഗതിയെ വിവരിക്കുക.

2. 1. നമ്മുടെ ശബ്ദം അതിദൂരത്തു കേൾക്കാത്തതിനു കാരണമെന്തു്? 2, വിദ്യുദ്വാർത്താവിതരണമെന്ന വിദ്യയുടെ ജനയിതാവാരാകുന്നു? 3, പോസ്റ്റാഫീസുകാർ വിദ്യുദ്വാർത്താവിതരണത്തെയിപ്പോൾ നിയന്ത്രിക്കുന്നതെന്തുകൊണ്ടു്? 4 ബ്രോഡ്കാസ്റ്റിംഗുകൊണ്ടുള്ള നന്മകളെന്തെല്ലാം?

3 വിദ്യുദ്വീചികൾ, സ്ഫടികബുൽബുദങ്ങൾ, വിദ്യുച്ഛക്തി ഇവയെക്കുറിച്ചു ചെറുവിവരണങ്ങളെഴുതുക.

4. കമ്പിത്തപാലിനും, വിദ്യുദ്വാർത്താവിതരണത്തിനും തമ്മിലുള്ള വ്യത്യാസങ്ങളെ വിശദമാക്കുക.

5. ബ്രോഡ്കാസ്റ്റിങ്ങിനു എന്തെല്ലാം യന്ത്രോപകരണങ്ങൾ ആവശ്യമാകുന്നു?

6 ബ്രോഡ്കാസ്ററു ചെയ്യുന്ന വിധത്തെ വിവരിക്കുക.

7. ടോക്കി സിനിമയുടെ മേന്മയെ, ആ ഏർപ്പാടിനെപററി ഒരാൾ പറയുന്നതായി ചില കുററങ്ങൾ സങ്കല്പിച്ച് അതിനു സമാധാനം പറയുന്ന രീതിയിൽ വിവരിക്കുക.

8. വർത്തമാനപ്പത്രങ്ങൾകൊണ്ടുള്ള നന്മകളെ വിവരിച്ച് ഒരു പ്രബന്ധമെഴുതുക.

## ൨൦. കിരാതാർജ്ജുനന്മാർ.

"സരസിജായതദലസമനയനേ
സുരവരസുതനുടെമനസ്സിൽമദം
പെരുതതുകരുതുകഗിരിതനയേ,
പരവശമവനൊരുതരിമ്പുമില്ല
കരളതിലഹമ്മതികുറവുമില്ല,
ഇത്തരമുള്ളൊരുഗർവ്വുശമിപ്പാൻ
ഇത്തിരിപാകം വന്നേതീരൂ.
ദുഷ്ടുകിടക്കെ വരട്ടുംവ്രണമതു
പൊട്ടുംപിന്നെയുമൊരുസമയത്തിൽ
ഒട്ടുംവൈകാതവനൊടുയുദ്ധം
പെട്ടെന്നുണ്ടതുകണ്ടാലുംനീ
എലിയെപ്പോലെയിരിക്കുന്നവനൊരു
പുലിയെപ്പോലെവരുന്നതുകാണാം
നോററുവിശന്നുകിടക്കും ഫൽഗുന-
നേററുവരുമ്പോൾ ഭൂമികുലുങ്ങും.
കാററിന്മകനുടെ സോദരനെന്നതു
കാട്ടിത്തരുവൻ കണ്ടാലുംനീ.
കാട്ടാളാകൃതികൈക്കൊണ്ടിഹഞാൻ
വേട്ടയുമാടിനടക്കുന്നേരം
കോട്ടംകൂടാതവനൊടുസമരം
കൂട്ടുവതിന്നും സംഗതിയുണ്ടാം
മട്ടോലുംമിഴിയാളേ നീയൊരു-
കാട്ടാളസ്ത്രീവേഷമെടുക്കു.

കൂട്ടക്കാരിവർ ഭൂതഗണം പല-
കാട്ടാളന്മാർ കൂടവരേണം."

ഇത്തരമരുളിച്ചെയ്തുമഹേശൻ
സത്വരമങ്ങൊരു വനചരനായി
തത്ര സുവർണ്ണകവർണ്ണശരീരൻ
തത്ര വിളങ്ങി വിശേഷമനോജ്ഞം;
ജടമുടിനല്ലൊരു തലമുടിയായി
നിടിലത്തിരുമിഴി തിലകമതായി
ഫണിമണിമാലകൾ പീലികളായി
ഫണിപതിവാസുകി കടകമതായി
അസ്ഥികൾ ശംഖാഭരണവുമായി
അത്തൊഴിൽകണ്ടാലെത്രമനോജ്ഞം
കരിത്തോൽ നല്ലകറുത്തദുകൂലം
വരിത്തോൽഭുജഗം പൊന്നരഞാണം
വെണ്മഴുശ്ശൂലം ചാപംശരവും
വെണ്മയിലവപുനരങ്ങനെയല്ലോ;
കുന്നിന്മകളുമതിന്നനുകൂലം
കുന്നിക്കുരുകുലമാലയണിഞ്ഞു
കട്ടകറുത്തൊരു പുടവയുടുത്തു
കൊട്ടയെടുത്തൊരുകോലുമെടുത്തു
ശങ്കരഭാമിനി കൈകളിലങ്ങഥ
ശംഖുംമുടുവുകൾകൊണ്ടുനിറച്ചു
മെച്ചമിയന്നൊരു കൈവിരൽമുഴുവൻ
പിച്ചളമോതിരമിട്ടുവിളങ്ങി.
നടന്നുകാനനതടത്തിലമ്പൊടു

കടന്നുവേട്ടകൾ തുടങ്ങിനല്ലൊരു
കറുത്തപട്ടുകളുടുത്തുകൊണ്ടിരു-
പുറത്തുതൊങ്ങലുനിരത്തിയമ്പൊടു
ഉരത്തകാർമ്മുകമെടുത്തുതാൻകണ-
തൊടുത്തുകാനനതടത്തിലെത്തിന
കടുത്തപന്നികളുടുത്തപോത്തുകൾ
അടക്കമെന്നിയെ നടക്കമാനകൾ
തുടങ്ങിയിങ്ങനെമൃഗങ്ങളിൽവിട-
ത്തുടങ്ങിലീലകളൊടുങ്ങികേഴകൾ.
കാട്ടാളരാജന്മാരും കാട്ടാളസ്ത്രീയുംതന്റെ
കൂട്ടാളിവൃന്ദത്തോടെ വേട്ടവിനോദംപൂണ്ടു
കുന്തികുമാരനുടെ അന്തികംതന്നിൽചെന്നു
പന്തിനിരന്നുനിന്നങ്ങന്തിയുംവന്നണഞ്ഞു
തടിച്ചോരുപന്നിവേഷം നടിച്ചോരുമൂകാസുരൻ
കടുത്തോരുകോപത്തോടങ്ങടുത്തുപാർത്ഥനെക്കൊ
(ൽവാൻ
ഉരത്തപന്നിക്കുററന്റെ പെരുത്തഘോഷങ്ങൾകേട്ടു
കരുത്തുള്ളജ്ജുനൻതന്റെ ഗുരുത്വംകൊണ്ടതുനേരം
അഴിച്ചുസമാധിനേത്രംമിഴിച്ചുനോക്കുന്നനേരം
ഉറച്ചുതന്നുടെദേഹംമറച്ചുകൊണ്ടൊരുശത്രു
ചതിച്ചുനമ്മെക്കൊല്ലുവാൻ കുതിച്ചുവന്നിതുമൂഢൻ
വധിപ്പാൻവരുന്നവനെ വധിച്ചാൽമൽഗുരുനാഥൻ
വിധിച്ചകർമ്മങ്ങൾക്കേതും വിരുദ്ധമില്ലനൂനം
പട്ടത്വമോടേവം ചിന്തിച്ചെടുത്തുഗാണ്ഡീവം കയ്യി-
ലെടുത്തു നല്ലൊരുബാണം തൊടുത്തുകോപംനടിച്ചു.

ഫേലാണിത്തടിയനെ നോക്കിയയച്ചൊരു
ബാണമതുൽക്കടമക്കിടിതന്നുടെ
ഫേലാണാംചെന്നു പിളൎന്നുനേരം
പ്രാണങ്ങൾക്കു പ്രയാണമടുത്തു
സംഗതികൊള്ളാമെന്നുമുറച്ചി-
ട്ടംഗജരിപുവും ബാണമയച്ചു;
പൃഷ്ഠേചെന്നുതറച്ചൊരുബാണം
പൃഷ്ഠംഝടിതിപിളൎന്നുതിരിച്ചു
വന്നുപതിച്ചെന്നോൎത്തുകിരീടി
ചെന്നുകരത്തിലെടുത്തൊരുസമയം
വന്നുസമീപേനിന്നുകിരാതൻ
ഒന്നുകയൎത്തുപറഞ്ഞുതുടങ്ങി:—
"നമ്മുടെബാണം മോഷ്ടിപ്പാനോ
ദുൎമ്മതിവന്നുതപംചെയ്യുന്നു?
അമ്പുകളില്ലനിനക്കെന്നാലതി-
നമ്പുകൾകൊണ്ടുവരുത്തിക്കോനീ
അൻപൊടുനമ്മൊടുയാചിച്ചാൽപ-
ത്തമ്പതുകണകൾതരുന്നുണ്ടിഹഞാൻ
കട്ടുകവൎന്നാലുടനേതന്നെ
വെട്ടുംതരുമതുസംശയമില്ലാ.
ഭള്ളുനിനച്ചിഹകണ്ണുമടച്ചൊരു
കള്ളൻനിന്നുതപംചെയ്യുന്നു
കൊള്ളാമിതുമിന്നിതുവഴിപോക്ക-
ൎക്കുള്ളധനങ്ങൾപിടിച്ചുപറിപ്പാൻ
പകൽകഴിവോളം കപ്പാനെങ്ങും

കഴിവില്ലാഞ്ഞുതപോധനഭാവം
അക്കൻപോയിമറഞ്ഞൊരുസമയേ
തസ്കരണത്തിനുസമയംനോക്കും
ദിക്കുകളൊക്കെ നടന്നുദിനേശ-
നുദിക്കുംമുമ്പേവന്നുകുളിക്കും
കണ്ണുമടച്ചുവിചാരിക്കുന്നതു
പൊന്നുള്ളേടം പണമുള്ളേടം
നാണംകൂടാതയ്യോനമ്മുടെ
ബാണംകട്ടവനേതിനുകൂട്ടു?
ആണുങ്ങൾക്കുപിറന്നവനെങ്കിൽ
പ്രാണത്തേക്കാൾ നാണംവലുതേ.”
വൃദ്ധവചസ്സുകൾകേട്ടുടനപ്പോൾ
ക്രോധമിയന്നുരചെയ്തുകിരീടി:—
“നില്ലെടവേടാ, നിന്നുടെപല്ലുകൾ
തല്ലിയുതിപ്പാൻ ഞാൻമതിയാകും
ഇല്ലൊരുസംശയ”മെന്നുപറഞ്ഞു
വില്ലുവലിച്ചുകുലച്ചുകിരീടി
നല്ലൊരുബാണമെടുത്തുകുലച്ചു
മുല്ലശരാരിക്കിട്ടഥവിട്ടു
തെല്ലുംപഴുതാതവനുടെനേരെ
ചെല്ലുന്നതുകണ്ടംബരചാരികൾ
അല്ലൽമുഴുത്തുവിരണ്ടുതുടങ്ങി
തെല്ലുകുലുങ്ങിലന്തകവൈരി
വില്ലിൻമുനകൊണ്ടവനുടെബാണം
തല്ലിയൊടിച്ചുപൊഴിക്കണകണ്ടു

അതുകണ്ടപ്പോളതിപരുഷത്തോ-
ടതിലധികംശരിവരിഷംചെയ്തു
അതിശയമവനുടെശരനികരത്താൽ
കതിരവനുടെകിരണങ്ങളും മറഞ്ഞു.

മലമകൾഭഗവതി പുനരരുൾചെയ്തു
വലരിപുസുതനുടെ ബാണമശേഷം
മലർസമമാകെന്നരുളിച്ചെയ്തു
മലർശരനായി മഹേന്ദ്രതനൂജൻ
വില്ലുവലിച്ചഥ തല്ലുതുടങ്ങി
മുല്ലശരാരിയെ വിരവൊടുപാൎത്ഥൻ
ഹരനുടെജടയിൽ കുടികൊണ്ടീടിന
സുരനദിയാകിയ ഭഗവതിയപ്പോൾ
വലരിപുസുതനുടെ വില്ലുപിടുങ്ങി-
ത്തരസാതന്നുടെതിരയിലൊളിച്ചു.
ചാപംപോയൊരുസമയേവിജയൻ
കോപംപൂണ്ടുമരങ്ങൾപറിച്ചു
താപസവന്ദിതനാകിയശിവനെ-
ത്താഡനപീഡനമങ്ങുതുടങ്ങി.
ത്രീക്ഷ്ണനും ഹരിസുതനുംതമ്മിൽ
വൃക്ഷംകൊണ്ടുമടിച്ചുപിടിച്ചും
വട്ടംതിരികചവുട്ടുകമുട്ടുക
കട്ടയിലിട്ടു ചവുട്ടിയുരുട്ടുക
തള്ളുകകിള്ളുകതങ്ങളിലിങ്ങനെ
തുള്ളിയലഞ്ഞുവലഞ്ഞുകിരീടി.

1. 1. അൎജ്ജുനൻ എന്തിനാണു തപസ്സുചെയ്തതു്? 2, ശിവൻ അൎജ്ജുനനോടു യുദ്ധംചെയ്തതിന്റെ ഉദ്ദേശമെന്തു്? 3, സമാധി എന്നാലെന്തു്? 4. സമാധിയടഞ്ഞു എന്നതിന്റെ അൎത്ഥമെന്തു്? 5, തപശ്ചരനായ അൎജ്ജുനൻ ഹിംസോദ്യുക്തനായതിനെന്താണു് സമാധാനം?

2. ശിവന്റെയും പാൎവ്വതിയുടെയും കാട്ടാളവേഷവൎണ്ണനം സ്വവാക്യങ്ങളിലെഴുതുക.

3. അഹംബുദ്ധിയെപ്പററിയും തൽപരിഹാരമാൎഗ്ഗത്തെപ്പററിയും എന്താണു പറഞ്ഞിരിക്കുന്നതു്? പരാവൎത്തനഭംഗിയിൽ വിവരിക്കുക.

4. ഒരു കള്ളന്റെ സാമൎത്ഥ്യത്തെ ഇഷ്ടാനുസരണം സങ്കല്പിച്ചു വിവരിക്കുക. കൂരിരുട്ടു്, അൎദ്ധരാത്രി ഭയങ്കരമായ നിശ്ശബ്ദത, നിരന്തരമുള്ള കാററും, മഴയും, ഇവ യഥോചിതം വൎണ്ണിക്കപ്പെടേണ്ടതാണു്.

5. കീഴ്‌വരയിട്ട പദത്തിനു പകരം ഒരുപവാക്യം ഉപയോഗിക്കുക.

1. പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി.
2. ആ കാഴ്ച അവൎണ്ണ്യമെന്നു പറയാനേ തരമുള്ളു.

---

## ൨൧. എഴുത്തച്ഛൻ.

പൊന്നാനിത്താലൂക്കിൽ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനു സമീപം തുഞ്ചൻപറമ്പു് എന്നു പേരിൽ അറിയപ്പെടുന്ന സ്ഥലത്താണു് എഴുത്തച്ഛൻ ജനിച്ചതെന്നത്രേ വിശ്വസിച്ചുപോരുന്നതു്. പ്രസ്തുത സ്ഥലം വെട്ടത്തുനാട്ടിലുൾപ്പെട്ടതാകുന്നു. പലേ സംഗതികളാലും പെരുമയേറിയ വെട്ടത്തു നാടിന്റെ പ്രശസ്തി എഴുത്തച്ഛ

ൻെറ ജനനത്താൽ സ്ഥിരപ്രതിഷ്ഠിതമായിത്തീരുകയും ചെയ്തു. കൊല്ലവർഷം 700-ാമാണ്ടിടയ്ക്കാണ് അദ്ദേഹം ജീവിച്ചിരുന്നതെന്ന്, ഇതേവരെ കിട്ടിയിട്ടുള്ളേടത്തോളം തെളിവുകളെ അടിസ്ഥാനമാക്കി വിശ്വസിക്കാനേ തരമുള്ളൂ.

അദ്ദേഹത്തിൻെറ കാലത്തെപ്പററിയെന്നതുപോലെ, കൃതികൾ, പേര് മുതലായവയെപ്പററിയും അഭിപ്രായഭേദങ്ങളനവധിയുണ്ട്. എന്നാലും പരക്കെ, രാമാനുജൻ എന്ന പേരിലാണ് അദ്ദേഹം അറിയപ്പെടുന്നത്. എഴുത്തച്ഛൻെറ ഒരു കൃതിയായ ബ്രഹ്മാണ്ഡപുരാണത്തിൽ,

"രാമഭക്താഢ്യനാകും രാമശിഷ്യനാലിദം
സോമനാം കുണ്ഡപുരാധീശൻതന്നനുഗ്രഹാൽ"

എന്നും, അദ്ധ്യാത്മരാമായണത്തിൽ,

"അഗ്രേസരൻ മമ വിദുഷാമഗ്രേസരൻ
മൽഗുരുനാഥനനേകാന്തേവാസികളോടും
ഉൾക്കുരുന്നിങ്കൽ വാഴ്ക രാമനാമാചാര്യനും
മുഖ്യന്മാരായ ഗുരുഭൂതന്മാർ മററുള്ളോരും"

എന്നും കാണുന്നതിൽനിന്ന് എഴുത്തച്ഛനു രാമൻ എന്നു പേരായി ഒരു ജ്യേഷ്ഠനുണ്ടായിരുന്നെന്നും, അദ്ദേഹം എഴുത്തച്ഛൻെറ ഒരു ഗുരുമുഖ്യനായിരുന്നെന്നും മാത്രമേ വിശദമാകുന്നുള്ളൂ. വൈഷ്ണവജ്ഞാനമാർഗ്ഗം ശരിയായ നിലയിൽ തുറന്നുകൊടുത്തു, കേരളത്തെ സംബന്ധിച്ചേടത്തോളം വൈഷ്ണവാചാര്യത്വം അർഹിച്ചതിനേയും, രാമഗുരുവിൻെറ അവരജത്വത്തേയും കൂട്ടിയിണക്കി അക്കാലത്തു, ബഹുമാനദ്യോതകമായി, ജനങ്ങൾ അദ്ദേഹത്തെ

രാമാനുജൻ എന്നു വിളിച്ചു പോന്നിരിക്കണം. ഏതായാലും പരമ്പരയാ ജനങ്ങൾ പറഞ്ഞുപോന്ന ആ പേരല്ലാതെ, എഴുത്തച്ഛൻെറ സാക്ഷാൽ നാമധേയം എന്തായിരുന്നുവെന്നുള്ളതു് ഇന്നും അജ്ഞാതമായിരിക്കുന്നു.

തന്ത്രസംഗ്രഹമെന്ന പ്രസിദ്ധ ഗ്രന്ഥത്തിൻെറ കൎത്താവും, തൃക്കണ്ടിയൂർ ദേശക്കാരനുമായിരുന്ന നീലകണ്ഠസോമയാജി എഴുത്തച്ഛൻെറ മറെറാരു ഗുരുവായിരുന്നു. ഹരിനാമകീൎത്തനത്തിൽ ഈ "ശ്രീ നീലകണ്ഠ ഗുരു"വിനെ സ്മരിച്ചിട്ടുമുണ്ടല്ലോ. വിദ്യാഭ്യാസാനന്തരം, കൂടുതൽ ജ്ഞാനസമ്പാദനത്തിനായിട്ടു് എഴുത്തച്ഛൻ വിദേശസഞ്ചാരം നടത്തി. അതെല്ലാം കഴിഞ്ഞു, സ്വദേശത്തു വന്നതിനുശേഷം അഴവാഞ്ചേരി തമ്പ്രാക്കളെ ആശ്രയിച്ചു കഴിഞ്ഞുകൂടുന്ന അവസരത്തിൽ അദ്ദേഹത്തിൻെറ ആജ്ഞാനുസാരമാണു ബ്രഹ്മാണ്ഡപുരാണമെഴുതിയതു്. എഴുത്തച്ഛനു ശിഷ്യസമ്പത്തു കുറവായിരുന്നില്ല. സൂൎയ്യനാരായണനെഴുത്തച്ഛനും കരുണാകരനെഴുത്തച്ഛനും അദ്ദേഹത്തിൻെറ ശിഷ്യഗണത്തിലെ രണ്ടു പ്രമാണികളാണല്ലോ. അവരിരുവരും "രാമനാമാചാൎയ്യ"ശിഷ്യന്മാരാണെന്നും ഒരു പക്ഷാന്തരമില്ലാതില്ലയില്ല.

നീലകണ്ഠഗുരു അഴവാഞ്ചേരി തമ്പ്രാക്കളുടെ സഹവാസിയായിരുന്നു. അദ്ദേഹം മുഖേനയായിരുന്നു എഴുത്തച്ഛൻ തമ്പ്രാക്കളുടെ പരിചയം സമ്പാദിച്ചതു്. തമ്പ്രാക്കൾക്കു് അമ്പലപ്പുഴെ ചില സ്ഥാനമാനങ്ങളുണ്ടായിരുന്നതുവഴിക്കാണു ചെമ്പകശ്ശേരി രാജാവിൻെറ ആശ്രിതത്വം എഴുത്തച്ഛനു സിദ്ധിച്ചതെന്നും ചിലർ ഊഹി

ക്കുന്നു. മേല്പുത്തൂർഭട്ടതിരിയായിരുന്നു എഴുത്തച്ഛനെ അമ്പലപ്പുഴ രാജാവുമായി പരിചയപ്പെടുത്തിയതെന്നു പ്രബലമായ മറെറാരു പ്രസ്താവമുണ്ടല്ലോ. ഏതായാലും, അമ്പലപ്പുഴ രാജാവിൻെറ ആജ്ഞാനുസാരമാണ് എഴുത്തച്ഛൻ അദ്ധ്യാത്മരാമായണമുണ്ടാക്കിയതെന്നതിനെപ്പററി വാദമില്ല.

അദ്ദേഹം സ്വകൃതികഠം നിർമ്മിക്കുന്നതിനുപയോഗപ്പെടുത്തിയ വൃത്തങ്ങഠംക്കൊട്ടാകെ കിളിപ്പാട്ടുരീതി എന്നാണു സാധാരണ പറഞ്ഞുവരുന്നതു്. ഗാനരസവും ആഖ്യാനസൌകര്യവുമേറുന്ന ആ വൃത്തങ്ങഠം, മുമ്പേതന്നെ കേരളത്തിൽ പ്രചാരത്തിലിരുന്ന പല പാട്ടുകളുടേയും പരിഷ്കൃതരൂപമാകുന്നു. ആ നാടോടിപ്പാട്ടുകഠംക്കു് എഴുത്തച്ഛൻെറ മഹിതകാവ്യങ്ങളെ ഉള്ളടക്കുവാൻ ഭാഗ്യമുണ്ടായതിനാൽ സ്ഥിരപ്രതിഷ്ഠ സിദ്ധിച്ചു. ബാണഭട്ടൻ മുതലായ അന്യഭാഷാകവികഠം കിളിയെക്കൊണ്ടു കഥ പറയിച്ചിട്ടുള്ളതനുസരിച്ചു, തനിക്കേററം പ്രിയങ്കരങ്ങളായ ഭഗവൽകഥകളെ കിളിയെക്കൊണ്ടു് ആഖ്യാനം ചെയ്യിക്കുന്നതു നന്നായിരിക്കുമെന്നു് എഴുത്തച്ഛനു തോന്നിയിരിക്കാം. ഏതായാലും അദ്ദേഹത്തിൻെറ ദ്രാവിഡമഹാകാവ്യങ്ങഠംക്കു കിളിപ്പാട്ടു് എന്നു പേരുറച്ചു.

മലയാളത്തിനു തമിഴിൻെറ പിടിയിൽനിന്നകന്നു് സ്വാതന്ത്ര്യം നേടുവാനുള്ള യോഗം സംസ്കൃതസാഹചര്യംകൊണ്ടു സിദ്ധിച്ചുവെങ്കിലും ക്രമേണ വന്നുവശായ സംസ്കൃതത്തിൻെറ കയ്യേററം ശക്തിമത്തായിതീർന്നു. "മണി"കളെത്രയുണ്ടായാലും വേണ്ടില്ല, വൃത്തം

സംസ്കൃതമല്ലെങ്കിൽ മണിപ്രവാളമേയാകയില്ലെന്നു നിയമവും വന്നുകൂടി. എന്നാൽ, ക്രമത്തിൽ, നാമിന്നു കാണുന്ന വിധം അക്ഷരമാലാസമ്പത്തിയുണ്ടായി, കുറെക്കൂടെ തന്റേടവും വന്നപ്പോൾ, പൂർവ്വസമ്പത്തുകളെ അഗണ്യകോടിയിലിടുന്നതു പോരായ്മയാണെന്നു കൈരളി മനസ്സിലാക്കി. ദ്രാവിഡവൃത്തങ്ങളിൽ സംസ്കൃതപദങ്ങളെ സംസ്കൃത പ്രത്യയങ്ങളോടുകൂടെയും, അല്ലാതെയും ധാരാളമുപയോഗിച്ചും, എന്നാൽ മലയാളപദങ്ങൾക്കു പ്രാധാന്യം നൽകിയും ഉത്തമകൃതികൾ രചിക്കുവാനുള്ള സംരംഭമായി. കണ്ണശ്ശരാമായണവും കൃഷ്ണഗാഥയും മററും അതിനു ലക്ഷ്യങ്ങളാണു്. ശബ്ദംകൊണ്ടും അർത്ഥംകൊണ്ടും ചമൽകാരം വഴിയുമാറു് ഏതു ആശയങ്ങളേയും പ്രകാശിപ്പിക്കാനുള്ള കഴിവു ഭാഷയ്ക്കു സിദ്ധിച്ചുവെന്നു ആ കൃതികൾ സ്പഷ്ടമാക്കുന്നുണ്ടെങ്കിലും, അത്രത്തോളംകൊണ്ടു് അഭിവൃദ്ധ്യുന്മുഖവും, സർവ്വാദരണീയവുമായ ഒരു രീതി ഏർപ്പെട്ടുവെന്നു പറയാവതായില്ല.

അങ്ങിനെയുള്ള ഘട്ടത്തിലായിരുന്നു വൃത്തം, ഭാഷാരീതിമുതലായ അനവധി സംഗതികളെ സംബന്ധിച്ചേടത്തോളം താരതമ്യേന അത്യന്തം പരിഷ്കൃതങ്ങളായ തുഞ്ചൻകാവ്യങ്ങളുടെ പ്രാദുർഭാവം. നവ്യതയും പ്രാമാണികതയും കളിയാടുന്ന ഒരു പ്രസ്ഥാനത്തിന്റെ സകലയോഗ്യതകളും അവയ്ക്കു തികഞ്ഞിരുന്നു. കാവ്യവിഷയം ശ്രേഷ്ഠവും, കേരളീയഭൂരിപക്ഷത്തിനും നിത്യപാരായണയോഗ്യവുമായതിനാൽ എഴുത്തച്ഛന്റെ കാവ്യങ്ങൾ

ക്ക ക്ഷണത്തിൽ പ്രചുരപ്രചാരം സിദ്ധിച്ചു. അതുവഴി ആ പുതിയ പ്രസ്ഥാനത്തിൻെറ വ്യാപ്തി ഭാഷയുടെ വളൎച്ചയ്ക്കു അത്യന്തം ഉപകാരപ്രദമായിത്തീരുകയും ചെയ്തു. രസഭാവങ്ങൾക്കു് ഉൽക്കൎഷം വരുത്തുമാറുള്ള കഥാപ്രതിപാദനം, ഔചിത്യപൂൎവ്വകമായ അലങ്കാരത്തിൻെറ സംയോജനം, ഭാഷാസംസ്കൃതങ്ങളുടെ ചേൎച്ചയിലുള്ള അനന്യസാധാരണമായ സൌഷ്ഠവം മുതലായവയാണു് ആ പ്രസ്ഥാനത്തിൻെറ പ്രത്യേകതകൾ. പ്രസ്തുത പരിഷ്ക്കാരങ്ങൾ കൈരളിയുടെ അതിപ്രധാനമായ ഒരു പരിവൎത്തനഘട്ടത്തെയാണു കുറിക്കുന്നതെന്നു ചുരുക്കിപ്പറയാം. ഇക്കാരണത്താൽ എഴുത്തച്ഛനെ ആധുനികമലയാളത്തിൻെറ പിതാവെന്നു പറയുന്നതായാൽ അതിൽ വലിയ തെറ്റുണ്ടെന്നു പറഞ്ഞുകൂട.

ഭക്തിഭാവം, അദ്ധ്യാത്മചിന്ത, വൎണ്ണനാവൈശിഷ്ട്യം, ഭാഷാപ്രയോഗചാതുരി എന്നിവ എഴുത്തച്ഛൻെറ കൃതികളിൽ സാൎവ്വത്രികമായി കാണുന്ന ഗുണവിശേഷങ്ങളാകുന്നു. ഭക്തനായ അദ്ദേഹം ചിലപ്പോൾ അതിവൎണ്ണനംചെയ്തു സന്ദൎഭം മറക്കാനും മടിക്കാറില്ല. വൎണ്ണ്യവസ്തുവിൻെറ പരിപൂൎണ്ണമായ ബോധമുണ്ടാകത്തക്കവിധമുള്ള പ്രതിപാദനത്താൽ രസപോഷം ചെയ്യുവാനുള്ള അദ്ദേഹത്തിൻെറ സാമൎത്ഥ്യം പ്രശംസാവഹമാകുന്നു. കരുണരസം വൎണ്ണിക്കുന്ന ഘട്ടങ്ങളിൽ ഈ വൈശിഷ്ട്യം കൂടുതൽ തെളിഞ്ഞുകാണാം. സീതാപരിത്യാഗാവസരത്തിൽ, സംഗതിയുടെ യാഥാൎത്ഥ്യമറിയുന്ന ലക്ഷ്മണൻ വ്യസനപരവശനാകുന്നു; തന്നെ കാട്ടിൽ ഏകാ

കിനിയാക്കി തള്ളിക്കളയുവാനാണു പോകുന്നതെന്നുള്ള സംശയം ലേശംപോലുമില്ലാത്ത സീതയാകട്ടെ; ദുഃഖ കാരണം പറയുവാൻ ലക്ഷ്മണനെ നിർബ്ബന്ധിച്ചുകൊണ്ടിരിക്കുന്നു.

"വാവിട്ടുകരയുന്ന ലക്ഷ്മണൻതന്നെനോക്കി
ദേവിയുമുരചെയ്താൾ എന്തിതുകുമാര,ചൊൽ
എന്തിനുകരയുന്നു സന്താപമുണ്ടായതു-
മെന്തെന്നു പരമാർത്ഥംചൊല്ലനീമടിയാതെ"

സീതയുടെ വാത്സല്യപൂർണ്ണമായ ചോദ്യം ലക്ഷ്മണന്റെ ശോകാഗ്നിയെ എത്രമാത്രം ഉജ്ജ്വലത്താക്കിയെന്നു പറയണമെന്നില്ലല്ലോ. "ആ ചോദ്യം "........കേൾക്കുന്തോറുംതന്നുള്ളിലടങ്ങാതെ വന്ന ദുഃഖത്താലവൻ വാവിട്ടുമുറയിട്ടാൻ." അനിഷ്ടശങ്കയ്ക്കവകാശമില്ലാതിരിക്കെ വന്നുകൂടുന്ന ദുഃഖത്തിന് ഉഗ്രതയേറും. ആ സ്ഥിതിക്ക് ഉത്തരക്ഷണത്തിൽ സീതയ്ക്കനുഭവപ്പെടുന്ന ദുഃഖത്തിന്റെ അവസ്ഥയെന്തായിരിക്കും! ആ ഘട്ടത്തിലെ ശോകത്തിനു ആധിക്യം വരുത്തുന്നതു സീതയുടെ നിശ്ശങ്കാവസ്ഥയെ തന്മയത്വത്തോടുകൂടി പ്രകാശിപ്പിക്കുന്നതുകൊണ്ടാണെന്നു പറയാം.

ഇതുപോലുള്ള മറെറാരു ഘട്ടമാണ്, ദശരഥന്റെ ബാണമേററു മൃതനായ ഋഷികുമാരന്റെ മാതാപിതാക്കളുടെ അവസ്ഥയെ വർണ്ണിച്ചിരിക്കുന്നത്. പശ്ചാത്താപവിവശനായ ദശരഥൻ, കൈത്തെററായിട്ടാണെങ്കിലും, അന്ധരുംകൂടിയായ ആ വൃദ്ധദമ്പതിമാരുടെ ഏകാവലംബമായ പുത്രനെ താൻ കൊന്നുവെന്നു പറയാനാണു

ചെല്ലുന്നതു്! ആ അവസരത്തിൽ അദ്ദേഹം കേൾക്കുന്നതോ,

"വൃദ്ധതയോടു നേത്രങ്ങളുംവേറുപെ-
ട്ടുദ്ധരാത്രിക്കു വിശന്നു ദാഹിച്ചഹോ
വർത്തിക്കുമെങ്ങൾക്കു തണ്ണീർക്കുപോയൊരു
പുത്രനുമിന്നുമറന്നുകളഞ്ഞിതോ
മററില്ലൊരാശ്രയം ഞങ്ങൾക്കൊരുനാളും
മുററും ഭവാനൊഴിഞ്ഞെന്തുവൈകീടുവാൻ" എ-

ന്നായിരുന്നു ദശരഥന്റെ ശോകപാരവശ്യവും വിഷമാവസ്ഥയും പാരമ്യം പ്രാപിക്കുക കഴിഞ്ഞു. എന്തൊരു ദയനീയസ്ഥിതി! ആപച്ഛങ്കയില്ലാതെ പുത്രാഗമനം പ്രതീക്ഷിച്ചിരിക്കുന്ന അവസ്ഥയുടെ പ്രതിപാദനം കരുണരസത്തിനു വരുത്തുന്ന തന്മയത്വം എത്ര ശക്തിമത്താണെന്നു നോക്കുക.

വിവക്ഷിതത്തിനു സ്പഷ്ടതയുണ്ടാകത്തക്കവിധം രസഭാവങ്ങളെ പ്രകാശിപ്പിക്കുന്നതിനു് എഴുത്തച്ഛൻ അധികപ്പങ്കും അർത്ഥപുഷ്ടിയും രസാനുഗുണ്യവുമുള്ള വാക്കുകളും വാക്യങ്ങളും ആണുപയോഗിക്കുക. ഖാണ്ഡവവനത്തിൽ അഗ്നിബാധയുണ്ടായപ്പോൾ, പറക്കുവാനായിട്ടില്ലാത്ത പിഞ്ചുകുഞ്ഞുങ്ങളെ രക്ഷിപ്പാൻ കഴിവില്ലാതെ കേണിരുന്ന ജരിത എന്ന പക്ഷി ഗത്യന്തരമില്ലായ്കയാൽ അവയെ വിട്ടുപോകേണ്ടതായ്വന്നു.

"വന്നൊരു ശോകത്തോടെ
തന്നുടെ പൈതങ്ങളെ നോക്കിയും കരഞ്ഞിട്ടും

പിന്നെത്താൻപറക്കയും മറിഞ്ഞുനോക്കുകയും
എന്നുടെകൎമ്മമെന്നു കല്പിച്ചുപോയാളവൾ" ഇവിടെ രസഭാവനിബന്ധനത്തിനു യാതൊരു അലങ്കാരവും ഉപയോഗിച്ചിട്ടില്ലെങ്കിലും, പിന്നെയും പിന്നെയും നോക്കിയും, കരഞ്ഞും, പറന്നും പിരിയുന്ന ആ ഘട്ടം എത്ര ഹൃദയസ്പൃക്കായിരിക്കുന്നു!

എഴുത്തച്ഛന്റെ പദപ്രയോഗചാതുരി ഏററവും ഹൃദയാവൎജ്ജകമാണു്. പദങ്ങൾക്കു സ്വതഃ ഉള്ളതിൽ കവിഞ്ഞ അൎത്ഥപുഷ്ടി, പ്രയോഗസാമൎത്ഥ്യംകൊണ്ടു സിദ്ധിച്ചു്, കൂടുതൽ രസനിഷ്യന്ദികളായി, ശ്രവണമാത്രയിൽതന്നെ പൂൎണ്ണമായ വൎണ്ണ്യബോധമുളവാക്കുന്നവയായി പരിണമിക്കാറുണ്ടു്.

"മാകന്ദമകരന്ദബിന്ദുപാനവും ചെയ്തു
കൂകുന്നപികകുല പഞ്ചമം കേട്ടുകേട്ടും" എന്നതു കേൾക്കുമ്പോൾതന്നെ വസന്തവിലാസലഹരിയിൽ ആറാടുന്നതുപോലെയുള്ള ഒരനുഭവമുണ്ടാകുന്നുണ്ടല്ലോ. ഇത്തരം എത്ര ഉദാഹരണങ്ങളെങ്കിലും എഴുത്തച്ഛന്റെ കൃതികളിൽ കണ്ടുകിട്ടുന്നതിനു വിഷമമില്ല.

പൂൎവ്വകവികളെ അപേക്ഷിച്ചു് ശൃംഗാരവൎണ്ണനയിൽ മിതത്വമാണു് എഴുത്തച്ഛൻ കൈക്കൊണ്ടിട്ടുള്ളതു്. മററുള്ളവർ രസത്തിനു വേണ്ടി പടത്തിപ്പറയുന്നിടത്തു്, സ്ഥലകാലങ്ങളും ആളും നോക്കി ഗൌരവത്തിനും, സന്മാൎഗ്ഗനിഷ്ഠയ്ക്കും ഹാനിവരാത്തവിധം ചുരുക്കത്തിൽ പറഞ്ഞുപോകയാണു് അദ്ദേഹത്തിന്റെ പതിവു്. കാവ്യത്തിന്റെ ഉദ്ദേശവും, അതിനുള്ള സ്വാധീനശക്തിയും

അറിയുന്ന കവികൾ ദുർവികാരോദ്ദീപകങ്ങളായ വർണ്ണനകൾക്കു മുതിരുന്നതോ, മുതിരാവുന്നതോ അല്ലെന്നു് എഴുത്തച്ഛന്റെ കാവ്യങ്ങൾ ഏതാണ്ടു സ്പഷ്ടമാക്കുന്നുണ്ടു്. ചില കഥാപാത്രങ്ങളുടെ സന്മാർഗ്ഗവിരുദ്ധങ്ങളായ നടപടികളെ പ്രസ്താവിക്കേണ്ടിവന്നിടത്തു അവയർഹിക്കുന്ന ആക്ഷേപത്തെ അദ്ദേഹം സ്ഫുരിപ്പിക്കാതിരുന്നിട്ടുമില്ല.

എഴുത്തച്ഛന്റെ പ്രധാന കൃതികൾ, രാമായണം, ഭാരതം, ബ്രഹ്മാണ്ഡപുരാണം, ഭാഗവതം, ഹരിനാമകീർത്തനം എന്നിവയാണു്. ഭാഗവതം ദശമസ്കന്ധംവരെ മാത്രമേ എഴുത്തച്ഛന്റേതെന്നു പറയാൻ പാടുള്ളുവെന്നാണു പണ്ഡിതാഭിപ്രായം. സംസ്കൃതത്തിലുള്ള അദ്ധ്യാത്മരാമായണം തുടങ്ങിയ ഗ്രന്ഥങ്ങളെ പ്രാധാന്യേന അവലംബിച്ചുള്ളവയാണു് എഴുത്തച്ഛന്റെ കൃതികൾ. മൂലഗ്രന്ഥങ്ങളുടെ പകർപ്പെന്നു പറയത്തക്ക ഭാഗങ്ങൾ ഒട്ടേറെയുണ്ടെങ്കിലും, എഴുത്തച്ഛന്റെ രാമായണാദിഗ്രന്ഥങ്ങൾ തർജ്ജിമകളാണെന്നു തീർത്തു പറയാമോ എന്നു സംശയമാണു്. മൂലത്തിലില്ലാത്ത പലതും കൂട്ടിച്ചേർക്കുകയും, ഉള്ളതിനെ വിസ്തരിക്കുകയും, ചില ഭാഗം തീരെ വിട്ടു പകരം വേറെ ചേർക്കുകയും, പുരാണകർത്താക്കന്മാരല്ലാത്ത ഇതര കവികളുടെ ആശയങ്ങൾകൂടെ യോജിപ്പിക്കുകയും ചെയ്തിട്ടുള്ളതായി കാണുന്നു. മാത്രമല്ല, തന്റെ കാലത്തു നടപ്പിലിരുന്ന മലയാളഗ്രന്ഥങ്ങളെ ഉപജീവിക്കാനും, ചില സന്ദർഭങ്ങളെ പൂർവ്വകവികളുടെ വാക്കുകളാലും വാക്യങ്ങളാലുംതന്നെ പ്രതിപാദിക്കുവാനും എഴുത്തച്ഛൻ മടിച്ചിട്ടില്ലെന്നും കാണാം.

## I

ആദരവാൽവഴിയമ്പലമെത്തിയ-
തിവസൃഃഖനപാറഞ്ഞരനാഴിക
നീതിയിൽനാനാദിക്കുകൾതോറും
നിന്നുവരുന്നവരൊന്നിയിരുന്നാൽ
ഖേദമൊഴിഞ്ഞുപറഞ്ഞോരോവഴി
ഗതരാവതുപോൽ ബാന്ധവദാ
രാദികളോടിതമായ്പാണാലുടന-
വരവർ പോവതോരോവഴിമുററും.
(കണ്ണശ്ശരാമായണം.)

പാന്ഥർപെരുവഴിയമ്പലംതന്നിൽവന്നു
താന്തരായിരുന്നുടൻ പിരിഞ്ഞുപോകുമ്പോലെ
ജനകൻ ജനനിയും നന്ദനഭാൎയ്യാധന-
മനുവാസരം കൈക്കൊണ്ടിരുന്നു ചിലദിനം
മൃത്യുഭേദത്തോടവർ പിരിഞ്ഞുപോകുമ്പോലെ
തക്കവാറോരോവഴി പിരിഞ്ഞുപോയീടുവോർ
(എഴുത്തച്ഛൻ)

## II

അല്ലിത്താർമാതുതാൻമല്ലക്കരംകൊണ്ടു
മെല്ലെത്തലോടുന്ന പാദങ്ങളിൽ
പാരിച്ചുദംശിച്ചാൻ അങ്ങിനെയല്ലോതാൻ
പാപികളായോൎക്കു തോന്നീതായം
എന്നതിനേതുമേപീഡയെക്കാണാഞ്ഞു
മുന്നേതിലേററം കയർത്തുപിന്നെ
മൎമ്മങ്ങൾതോറും കടിച്ചുതുടങ്ങിനാൻ
നിൎമ്മലനായൊരു പൈതൽതന്നെ (കൃഷ്ണഗാഥ)

താരാർമകൾ നിജപാണിയുഗളത്താൽ
ആരൂഢമോദം തലോടിനിന്നുള്ള
ചാരുകഴലിണതന്മേൽമടിയാതെ
ഘോരനാം കാളിയനോരോന്നുദംശിച്ചാൻ
ഏതുമതിന്നൊരു പീഡയില്ലാഞ്ഞനാൽ
ഏറെയടുത്തുടൻ പിന്നെയും മേൽക്കുമേൽ
മർമ്മങ്ങൾതോറും കടിച്ചുതുടങ്ങിനാൻ
നിർമ്മലനായൊരു നന്ദതനയനെ
കന്മഷന്മാർക്കുതോന്നുമല്ലോ തെളി-
ഞ്ഞെന്മനഃപങ്കജേ വാഴ്കപോകാതേതും"

(എഴുത്തച്ഛൻ)

എന്നാൽ ഇവിടേയും കാണാം എഴുത്തച്ഛന്റെ പ്രത്യേകതകൾ.

"ത്യൈജനാം മാനുഷീം ദീനാം
ദുഃഖിതാം കൃപണാം കൃശാം"

എന്നതിനെ എഴുത്തച്ഛൻ വിസ്തരിക്കുന്നതു നോക്കുക:—

ത്യജമനുജതരുണിയെയൊരുടയവരുമെന്നിയെ
ദീനയായ്ദുഃഖിച്ചതീവകൃശാംഗിയായ്
പതിവിരഹപരവശതയോടുമിഹപരാലയെ
പാർത്തുപാതിവ്രത്യമാലംബ്യരാഘവം
പകലിരവുനിശിചരികൾ പരുഷവചനംകേട്ടു
പാരം വശംകെട്ടിരിക്കുന്നതുമിവൾ
ദുരിതമിതിലധികമിഹനഹിനഹിസുദുർമ്മതേ!
ദുഷ്കീർത്തിചേരുമോ വീരപുംസാംവിഭോ!

ശ്രീരാമന്റെ ബാല്യലീലകളെ വർണ്ണിക്കുന്നേടത്തു രാമൻ ചില വികൃതിത്തരങ്ങൾ ചെയ്തതായി മൂലഗ്രന്ഥ

കാരൻ വിവരിച്ചിരിക്കുന്നതു് എഴുത്തച്ഛനു് അത്ര പററിയില്ല. കുട്ടികളുടെ വികൃതി മാതാപിതാക്കന്മാൎക്ക രസാവഹമാകാം. എന്നാലും രാമൻ അച്ഛനമ്മമാൎക്ക മററുവിധത്തിലാണു സന്തോഷമുളവാക്കിയെന്നേ എഴുത്തച്ഛൻ വിവരിക്കുന്നുള്ളൂ.

"കോമളന്മാരായോരു സോദരന്മാരുമായി
ശ്യാമളനിറംപൂണ്ടലോകാഭിരാമദേവൻ
കാരുണ്യാമൃതപൂൎണ്ണാപാംഗവീക്ഷണംകൊണ്ടും
സാരസ്യവ്യക്തവൎണ്ണാലാപപീയൂഷംകൊണ്ടും
വിശ്വൈകമോഹനമായ രൂപസൌന്ദൎയ്യംകൊണ്ടും
നിശ്ശേഷാനന്ദപ്രദദേഹമാൎദ്ദവംകൊണ്ടും
ബന്ധൂകദന്താംബരചുംബനരസംകൊണ്ടും
ബന്ധുരദന്താങ്കുരസ്പഷ്ടഹാസാഭകൊണ്ടും
ഭൂതലസ്ഥിതപാദാംബുജദ്വയയാനംകൊണ്ടും
ചേതോമോഹനങ്ങളാം ചേഷ്ടിതങ്ങളെക്കൊണ്ടും
താതനുമമ്മമാൎക്കും നഗരവാസികൾക്കും
പ്രീതിനൽകിനാൻസമസ്തേന്ദ്രിയങ്ങൾക്കുമെല്ലാം"

ഇങ്ങിനെ പലേടത്തും, തത്വവിചാരങ്ങളിൽപോലും, എഴുത്തച്ഛൻ സ്വാതന്ത്ര്യം പ്രയോഗിച്ചിട്ടുണ്ടു്.

മൂലഗ്രന്ഥത്തിലേക്കാൾ അതിവിശിഷ്ടമായ വൎണ്ണനകൾ എഴുത്തച്ഛന്റെ കൃതികളിൽ സുലഭങ്ങളാണു്. രാമൻ വനത്തിലേക്കുപോകുന്ന അവസരത്തിൽ "എന്നെപ്പിരിഞ്ഞു നീ എങ്ങിനെ കാട്ടിലേക്കു പോകുമെന്നു പറഞ്ഞു രാമനെ കെട്ടിപ്പിടിച്ചു ദശരഥൻ മുറയിട്ടു." എന്നേ മൂലത്തിലുള്ളു. എഴുത്തച്ഛനാകട്ടെ,

“നിന്നെപ്പിരിഞ്ഞു പൊറുക്കുന്നതെങ്ങിനെ
എന്നെപ്പിരിഞ്ഞു നീ ഘോരമാം മഹാവനം
തന്നിൽഗ്ഗമിക്കുന്നതെങ്ങനെ നന്ദന!
എന്നിത്തരം പല ജാതിപറകയും
കണ്ണുനീരാലോല വാൎത്തു കരകയും
നന്നായ്മുറുകെ മുറുകെത്തഴകയും
പിന്നെച്ചുടുചുടെ ദീൎഘമായ് വീൎക്കയും”

എങ്ങിനെ വൎണ്ണിക്കുന്നു. ഹൃദയദ്രവീകരണശക്തമായിട്ടുള്ളതേതെന്നു പറയണമെന്നില്ലല്ലോ. ഒരുദാഹരണംകൂടെ കാണിക്കാം. ആശാഭഗ്നയായ ശൂൎപ്പണഖ, “ഇപ്പോൾതന്നെ ആ സീതയെ നിന്റെ മുമ്പിൽവെച്ചുതന്നെ ഭക്ഷിക്കുന്നുണ്ടു് എന്നു പറഞ്ഞു ഭയങ്കരാകാരയായി സീതയെ അനുധാവനം ചെയ്തു” എന്നു സംസ്കൃതത്തിൽ. അതിനെ,

“കാമവുമാശാഭംഗംകൊണ്ടു കോപവുമതി
പ്രേമവുമാലസ്യവുംപൂണ്ടുരാക്ഷസിയപ്പോൾ
മായാരൂപവും വേർപെട്ടഞ്ജന ശൈലംപോലെ
കായാകാരവും ഘോരദംഷ്ട്രവും കൈക്കൊണ്ടേററം
കമ്പവുമുൾക്കൊണ്ടു സീതാദേവിയോടടുത്തപ്പോൾ

എന്നും, “ലക്ഷ്മണൻ അവളുടെ നാസാകൎണ്ണങ്ങൾ ഛേദിച്ചപ്പോൾ അട്ടഹസിച്ചു രക്തമണിഞ്ഞ ശരീരത്തോടുകൂടെ കരഞ്ഞുകൊണ്ടു ഖരന്റെ മുമ്പിൽചെന്നുവീണു” എന്ന മൂലത്തെ,

“ഛേദിച്ച നേരമവളലറി മുറയിട്ടു
നാദത്തെകൊണ്ടുലോകമൊക്കെമാറെറാലിക്കൊണ്ടു
നീലപൎവ്വതത്തിന്റെ മുകളിൽനിന്നു ചാടി
നാലഞ്ചുവഴിവരുമരുവിയാറുപോലെ

ഘോരയുമെംലിപ്പിച്ച കാളരാത്രിയെപ്പോലെ
ഘോരയാംനിശാചരി വേഗത്തിൽനടകൊണ്ടു
രാക്ഷസപ്രവരനായീടിനഖരൻ മുമ്പിൽ
പക്ഷമററവനിയിൽ പവ്വതം വീണപോലെ
രോദനംചെയ്തുമുമ്പിൽ പതനംചെയ്തു—എന്നും എഴുത്തച്ഛൻ വണ്ണിക്കുന്നു. എന്തൊരു ചമൽക്കാരാതിശയം! എന്തൊരു മനോഹരചിത്രം!

ഇതോ തജ്ജിമ? ഇതരകവികളുടെ ആശയങ്ങൾ സന്ദർഭോചിതം ഒരു പ്രത്യേകമോടിയിൽ എഴുത്തച്ഛന്റെ കൃതികളിൽ പ്രതിബിംബിതങ്ങളായിട്ടുണ്ടു്. അക്കൂട്ടത്തിൽ സംസ്കൃതത്തിലെ അദ്ധ്യാത്മരാമായണം, വാത്മീകിരാമായണം മുതലായ പുരാണഗ്രന്ഥങ്ങളെ കുറെയധികം ആസ്പദമാക്കിയിട്ടുണ്ടെന്നേയുള്ളൂ. എഴുത്തച്ഛൻകൃതികൾ തജ്ജിമകളേയല്ല എന്നാണു പറയേണ്ടിയിരിക്കുന്നതു്. സംസ്കൃതത്തിലുള്ളവയുടെ നേർപകർപ്പുകളും കാണുന്ന സ്ഥിതിക്കു് തജ്ജിമയാണെന്നു പറഞ്ഞേ കഴിയൂ എന്നാണെങ്കിൽ, ആ തജ്ജിമ മാതൃകയുടെ അത്യുന്നതമായ നിലയിൽ സ്ഥിതിചെയ്യുന്നതും, മൂലഗ്രന്ഥങ്ങൾക്കു കൂടിയും അഭിമാനസംവദ്ധകവുമാകുന്നു. ഭാഷയുടെ സ്വഭാവത്തിനു യോജിച്ചതും, നാനാമുഖങ്ങളായ അഭിവൃദ്ധിമാർഗ്ഗങ്ങളെ തെളിയിച്ചതുമായ ഒരു പ്രൌഢപ്രസ്ഥാനമേപ്പെടുത്തി കേരളീയകവികൾക്കു മാതൃകയായി ഇന്നും പരിലസിക്കുന്ന ഒരു തേജസ്സാണു തുഞ്ചത്തെഴുത്തച്ഛൻ.

1. ദ്രാവിഡവൃത്തങ്ങൾക്കു് ആഖ്യാനസൌകൎയ്യമേറും എന്നുപറയുന്നതെന്തുകൊണ്ടാണ്? 2. പ്രധാന ദ്രാവിഡവൃത്തങ്ങളിൽ ചിലതിന്റെ പേരും ലക്ഷണവും പറയുക. 3. മണിപ്രവാളമെന്നതെന്തു്? 4. മലയാളഭാഷ ഏതു വൎഗ്ഗത്തിൽ ചെട്ടതാകുന്നു? 5. മലയാളാക്ഷരമാലയ്ക്കു് എന്തുകൊണ്ടു പുഷ്ടികൂടി? 6 മലയാളത്തിന്റെയും സംസ്കൃതത്തിന്റെയും അക്ഷരമാലകൾക്കു തമ്മിൽ വല്ല വ്യത്യാസവുമുണ്ടോ? 7. തത്ഭവപദങ്ങൾ എന്തുകൊണ്ടുണ്ടാകുന്നു? 8. വാത്മീകിയെപ്പറ്റിയുള്ള ഐതിഹ്യമെന്തു്?

2. എഴുത്തച്ഛന്റെ ജീവചരിത്രത്തെ സംഗ്രഹിക്കുക.

3. കണ്ണശ്ശരാമായണം, കൃഷ്ണഗാഥ എന്നിവയുടെ കൎത്താക്കന്മാരെപ്പറ്റി അറിയാവുന്നതെഴുതുക.

4. എഴുത്തച്ഛൻ വരുത്തിയ പരിഷ്കാരങ്ങളെന്തെല്ലാം?

5 എഴുത്തച്ഛന്റെ കൃതികൾ തൎജ്ജിമകളാണോ? ഉത്തരം സ്വന്തവാക്യങ്ങളിൽ എഴുതുക.

6. എഴുത്തച്ഛന്റെ കൃതികളിൽ സാൎവ്വത്രികമായി കാണുന്ന ഗുണവിശേഷങ്ങളെ ഉദാഹരിക്കുക.

7. ജീവിതവിജയം ഒരു യാദൃച്ഛിക സംഭവമാണോ? ചിന്തിക്കുക. ഉദാഹരണങ്ങളെക്കൊണ്ടു, പ്രസ്താവിക്കുന്ന സംഗതികൾ വിശദീകരിക്കണം.

## ൨൨. സന്ധ്യാവിലാസം.

അസ്തമിച്ചു ദിനനാഥനുമനന്തര-
മുൾത്തുന്നരാഗേണ സന്ധ്യയുംഖേദിച്ചു;
പത്മിനീപത്രേ ശയിപ്പാനൊരുമ്പെട്ടു
പത്മങ്ങളും സനിദ്രങ്ങളായീതദാ;
കണ്ണുതപ്പൂണ്ടു ദിഗന്തങ്ങളിൽതദാ
വണ്ടുകൾ പാഞ്ഞുനടക്കുന്നതുകണ്ടു

സന്ധ്യവിതച്ചുമിരുട്ടിൻെറവിത്തെന്ന-
തന്തമ്മുദൈവജനങ്ങളൂഹിച്ചു.
തൽക്ഷണേവന്നുനിറഞ്ഞുതിമിരവു-
മീക്ഷണങ്ങൾക്കുള്ളരന്ധ്രവും നഷ്ടമായ്
ആകാശമഞ്ജനംകൊണ്ടാശ്രുതേച്ചുയോ,
കോകശോകാഗ്നിധൂമംതാൻനിറകയോ?
രാത്രിയാംനാരീതലമുടിഭാരമോ?
ഭേദത്തേവമൂഹിച്ചുകണ്ടജനംതദാ.

നീലാംബുജങ്ങളോ, ഭൃംഗപടലിയോ
നീലകണ്ഠങ്ങളോ, ലോകംമുഴുക്കവാൻ
ഉദ്യമംപൂണ്ടുതുനിയുന്നതെന്നാശു
വിദഗ്ദ്ധജനങ്ങളോരോതരംകല്പിച്ചു

തദ്ദശായാം ശംഭുകോടീരമണ്ഡനൻ
വിദ്യോതിതാശേഷലോകൻനിശാകരൻ
ദോഷാവരോരുകർപ്പൂരവിശേഷകൻ
ഘോഷിച്ചുദിച്ചുയന്നു പൂർവ്വദിങ്മുഖെ.
ദിക്കാന്തമാർ കേളീദർപ്പണമായ്നിശാ-
മുക്താലതാലങ്കരണമായനഘം
കന്ദർപ്പമന്നവൻെറസിതഛത്രമാ-
മിന്ദുഘോഷിച്ചുയന്നു പൂർവ്വദിങ്മുഖെ.

നന്നായ്നടന്നുള്ള ദിവ്യപുഷ്പങ്ങളിൽ
ചെന്നുകളിച്ചൊട്ടിരുന്നുനളിനിയിൽ
സുന്ദരമാമ്മാറു മന്ദപവനനും
മന്ദമന്ദം നടമാടി തദന്തരെ.

1. "തട്ടശായാംശേംളെ" എന്നതുമുതൽ "പൂർവദിങ്മുഖ" എന്നതുവരെയുള്ള എട്ടു വരികളെ പരാവൎത്തനം ചെയ്യുക.

2. സന്ധ്യാസമയത്തെ പ്രകൃത്യവസ്ഥകളെ വൎണ്ണിച്ച് ഒരു ഖണ്ഡികയെഴുതുക.

3. ദിക്കാന്തമാർ, ദിങ്മുഖം, ദിഗന്തം, തട്ടശ, അന്തൎമ്മുദാ, വിദ്വജ്ജനം, ചേരത്തേവം—ഇവയിലെ സന്ധികാൎയ്യങ്ങൾ വിവരിക്കുക.

4. പ്രഭാതത്തിൽ സൌമ്യമനോഹരനായിരുന്ന സൂൎയ്യൻ ഉയരുന്തോറും ഉഗ്രകിരണനായിതീരുന്നു; കാററിന്റെ പ്രേരണയനുസരിച്ചു വെന്നു പൎവതത്തോടേററുമുട്ടി മേഘം വൎഷിച്ചു നശിക്കുന്നു; ഘോരകിരണനായിരുന്ന സൂൎയ്യൻ അസ്തമനഘട്ടത്തിൽ ദൎശനീയനായി പരിണമിക്കുന്നു—ഇവയോരോന്നും കാണുമ്പോൾ എന്തെന്തു സംഗതികളാണു നിങ്ങളുടെ ഓൎമ്മയിൽ വരുന്നതു്?

5. നാടകമോ, സിനിമയോ നിങ്ങൾക്കിഷ്ടം? കാരണങ്ങൾ വിശദമാക്കി സ്ഥാപിക്കുക.

---

## ൨൬. സംസ്കാരം.

യഥാൎത്ഥമായ സംസ്കാരം, ഈ രാജ്യത്തുള്ള വിദ്യാസമ്പന്നന്മാരായ വൎഗ്ഗക്കാരുടെ ഇടയിൽപോലും, അപൂൎവ്വമായിട്ടേ കാണുന്നുള്ളു; തന്നിമിത്തമാണു് അവൎക്കു് അഭ്യുദയത്തിന്റെ സാരം ഗ്രഹിക്കുവാൻ വേണ്ടുന്ന വിശാലമനസ്കതയും, ത്രാണിയും ഇല്ലാതായി തീൎന്നിരിക്കുന്നതു്—പ്രഫസർ കേൽ.

സംസ്കാരം എന്ന പദത്തിന്റെ അൎത്ഥം വളരെ വിശാലവും, സാരഗൎഭവുമാകുന്നു. അതിൽ അന്തൎഭവിച്ചിട്ടുള്ള സംഗതികൾ വിപുലവും, യഥാൎത്ഥത്തിൽ രണ്ടു

മൂന്നു വാക്കുകളുടേയോ, വാചകങ്ങളുടേയോ സാഹായ്യം
കൊണ്ടു് അത്ഥപുഷ്ടി വരത്തക്കവിധത്തിൽ, തൃപ്തികര
മായ ഒരു നിവ്വചനം നിമ്മിക്കുന്നതിനു ദുസ്സാധവുമാകു
ന്നു. ജനങ്ങൾ സാധാരണയായി, "സംസ്കരണം" "സം
സ്കാരം സിദ്ധിച്ചിട്ടുള്ളവർ" എന്നിങ്ങനെ സംസാരിക്കു
മ്പോൾ, ഈ പദങ്ങളിൽ അന്തർല്ലീനങ്ങളായി കിടക്കു
ന്ന ഗുണഗണങ്ങൾ എന്തെല്ലാമെന്നു ചിന്തിക്കാറില്ല.

സാധാരണക്കാരുടെ ഇടയിൽ കുറഞ്ഞ വിലയ്ക്കു വാ
ങ്ങിക്കുവാൻ കിട്ടുന്ന ഒരു സാധനമല്ല സംസ്കാരം. സം
സ്കാരമെന്ന പദം, പുസ്തകപാരായണംകൊണ്ടു ലബ്ധ
മാകുന്ന ജ്ഞാനം എന്നൊരത്ഥം, പ്രഥമദൃഷ്ടിയിൽ ദ്യോ
തിപ്പിക്കുന്നുണ്ടെങ്കിലും, കേവലം പുസ്തകപാരായണത്താ
ൽ ലബ്ധമായിട്ടുള്ള വിജ്ഞാനം യഥാത്ഥമനഃപരിഷ്കാര
മാകുന്നില്ല. മാനസികസംസ്കാരം സിദ്ധിച്ചിട്ടുള്ള ഒ
രുവൻ വിജ്ഞാനസമ്പാദനത്തിനുള്ള മാഗ്ഗങ്ങളെ തേടു
ന്നു. എന്നാൽ ഒരു പണ്ഡിതനു മനഃസംസ്കരണം കൂ
ടിയേ തീരൂ എന്നില്ലാത്തതിനാൽ വിജ്ഞാനംകൊണ്ടു
മാത്രം ഒരുവനു മനഃപരിഷ്കാരം സിദ്ധിക്കുന്നില്ലെന്നു സ്പ
ഷ്ടമാകുന്നു. ഒരുവനു മററുള്ളവർ പറഞ്ഞുകേട്ടിട്ടോ, പല
ഗ്രന്ഥങ്ങളും ഉരുവിട്ടതിൻെറ ഫലമായോ പല സംഗ
തികളെപ്പററി അന്യന്മാരോടു സംസാരിക്കുന്നതിനു കെ
ൽപ്പുണ്ടായേക്കാം. ഏതൽകാരണങ്ങളാൽ അവനെ കൂ
ടുതൽ ബുദ്ധിശക്തിയോ, മനഃസംസ്കാരമോ ഉള്ളവ
നായിട്ടു് ആരും കരുതാറില്ല. യഥാത്ഥമനഃപരിഷ്കാരം
സിദ്ധിക്കുവാൻ ആഗ്രഹിക്കുന്ന യാവനൊരുത്തനും, അ

തിരററ സ്വപ്രയത്നം പ്രവൃത്തിയിൽ കൊണ്ടുവരേണ്ട പല അവസരങ്ങളുമുണ്ട്. ഒരാൾക്കു യഥാൎത്ഥമനഃസംസ്കാരം ഒരുവിധം സിദ്ധിച്ചുവെന്ന് അഭിമാനിക്കണമെങ്കിൽ സ്വാനുഭവമാകുന്ന കലാശാലയിലെ നിരന്തരമായ അഭ്യസനംകൊണ്ടു ബിരുദം നേടുന്നതിനു പുറമേ, മാതൃകാപുരുഷനായി ജീവിക്കുന്നതിനും, തന്റെ അന്തഃകരണം മഹത്തായ ആശയങ്ങൾക്കു വിളനിലമാക്കുന്നതിനും ശ്രമിക്കണം. ചില പ്രത്യേക പദ്ധതികളിൽ ഒരുവൻ അസാമാന്യബുദ്ധിസാമൎത്ഥ്യം പ്രദൎശിപ്പിച്ചുവെന്നു വരാം. ഒരുവൻ രാജ്യതന്ത്രകുശലനോ, പണ്ഡിതശ്രേഷ്ഠനോ, ഗണിതശാസ്ത്രനിപുണനോ, ദിവസേന എന്നോണം നൂതനസംഗതികൾ കണ്ടുപിടിക്കുന്ന സങ്കല്പശക്തിയുള്ള ഒരു മേധാവിയോ, ആയോധനധുരന്ധരനോ, അല്ലാത്തപക്ഷം ഒരു യതിവൎയ്യനോ ആയിരിക്കാമെങ്കിലും സംസ്കരണത്തിന്റെ അഭാവം അവനിൽ ഉണ്ടാകാം.

ഗുണങ്ങളിൽ പ്രഥമസ്ഥാനത്തെ അൎഹിക്കുന്നതും, പലപ്പോഴും ജനങ്ങളുടെ ഇടയിൽ സംഭാഷണവിഷയമായിത്തീൎന്നിട്ടുള്ളതുമായ സംസ്കരണമെന്ന ഗുണമെന്താണ്? ഈ അമൂല്യസ്വത്ത് എങ്ങനെ ഒരുവനു കരസ്ഥമാക്കുവാൻ സാധിക്കും? എന്നിങ്ങനെയുള്ള ചോദ്യങ്ങൾക്കിടയുണ്ട്. ഭൂരിപക്ഷം ആളുകളേയും സംസ്കാരം സിദ്ധിച്ചിട്ടുള്ളവരായി ജനങ്ങൾ സാധാരണ ഗണിച്ചുവരുന്നില്ല. ഏതെങ്കിലും ഒരു ഗുണത്തിലോ, മററൊന്നിലോ, ഇനിയും വേറൊന്നിലോ, അഥവാ രണ്ടിലും കൂടിയോ, അല്ലെങ്കിൽ മൂന്നിലുംകൂടിയോ ലീനമായി കിടക്കുന്ന ഒന്നു

KRISHNAVILASAM

ല്ലാ യഥാൎത്ഥമനഃപരിഷ്കാരം. അതു സമസ്തഗുണങ്ങളിൽനിന്നും ഉൽഭൂതമാകുന്ന ഒരു സ്വഭാവവൈശിഷ്ട്യമത്രെ. ഓരോന്നും തനിച്ചു മതിയാവുന്നതല്ല. വിശിഷ്ടസാഹിത്യപാരായണത്തിലുള്ള ആസക്തിയും, തജ്ജന്യമായ ജ്ഞാനലബ്ധിയും, തന്മൂലം ഉളവാകുന്ന അന്തഃകരണശുദ്ധിയും, സ്വഭാവസംസ്കരണവുമാണു യഥാൎത്ഥസംസ്കരണമെന്നാകുന്നു സാധാരണക്കാരുടെ ബോധം. ജനങ്ങളുടെ ബുദ്ധിവികാസത്തിനും, മാനസികസംസ്കരണത്തിനും ഉൽകൃഷ്ടവിദ്യാഭ്യാസം കഴിച്ചുകൂടാൻ പാടില്ല എന്നതിൽ പക്ഷാന്തരമില്ല. ഇന്ത്യാസാമ്രാജ്യത്തിൽ ബ്രിട്ടീഷ് ആധിപത്യം സ്ഥാപിച്ചതിന്റെ സുസ്ഥിരമായ സ്മാരകം ഇംഗ്ലീഷഭ്യസനംകൊണ്ടു് ഇന്ത്യക്കാൎക്കു സിദ്ധിച്ചിട്ടുള്ള മനഃപരിഷ്കാരമാണ്. ഇന്ത്യയിൽ ഇപ്പോൾ നടപ്പിലിരിക്കുന്ന ഉൽകൃഷ്ടവിദ്യാഭ്യാസത്തെ ദൂഷിച്ചുംകൊണ്ടുള്ള പ്രക്ഷോഭം നാൾക്കുനാൾ കാട്ടുതീപോലെ നാടൊട്ടുക്കു പരന്നുവരുന്നു. ഇന്ത്യയെ സംബന്ധിച്ചിടത്തോളം ഇത്തരം വിദ്യാഭ്യാസം അതിരുകവിഞ്ഞു പ്രവൃത്തിക്കുന്നുവെന്നും, തജ്ജന്യമായി ഇന്ത്യയ്ക്കു് ഒരു ഗുണവും ലഭിച്ചിട്ടില്ലെന്നുമാണ് ഇക്കൂട്ടരുടെ വാദം. ഇന്ത്യയിൽ ഇപ്പോൾ നടപ്പിലിരിക്കുന്ന വിദ്യാഭ്യാസം കേവലം പുസ്തകജ്ഞാനം മാത്രമുള്ള പണ്ഡിതന്മാരെ വാൎത്തെടുക്കുന്നതിന് ഉപകരിച്ചിട്ടുണ്ടെന്നല്ലാതെ, യഥാൎത്ഥമനഃസംസ്കരണം ലഭിച്ചിട്ടുള്ള വിദ്വാന്മാരെ സൃഷ്ടിക്കുന്നതിൽ ഫലശൂന്യമായിത്തന്നെ പരിണമിച്ചിരിക്കുന്നുവെന്നു സമ്മതിക്കാതെ ഗത്യന്തരമില്ല. നേരെമറിച്ച് ഇന്ത്യയിൽ

പാശ്ചാത്യവിദ്യാഭ്യാസം പ്രചാരത്തിൽ വരുത്തിയിട്ട് ഒരു ശതാബ്ദത്തിൻെറ പകുതിയെ ആയിട്ടുള്ളു എന്ന സ്ഥിതിക്ക്, ഈ ഘട്ടത്തിൽ ഇന്ത്യക്കാരിൽനിന്ന് ഉയൎന്നതരം മാനസികസംസ്കരണത്തെ പ്രതീക്ഷിക്കുന്നതു് അനുചിതമായിരിക്കും. പൌരസ്ത്യരുടെ ബുദ്ധികൂൎമ്മയും, പാശ്ചാത്യരുടെ സ്വാശ്രയശക്തിയും സമ്മേളിച്ചു മൂൎത്തിഭവിച്ചിട്ടുള്ള അപൂൎവ്വം ചില മഹാന്മാരെ ഇന്ത്യയിൽ കണ്ടെത്തുവാൻ സാധിക്കുന്നതിൽ നമുക്ക് അതീവ ചാരിതാൎത്ഥ്യത്തിനവകാശമുണ്ട്. എങ്കിലും ഇന്ത്യക്കാരെ സംബന്ധിച്ചു പൊതുവെ പറയുന്നപക്ഷം, നാം നമ്മുടെ പുതിയ പരിതഃസ്ഥിതികൾക്കനുസരിച്ചു പെരുമാറുന്നതിന് ഇനിയും പഠിക്കണം. ഇംഗ്ലീഷുകാരും, ഇന്ത്യക്കാരുമായി ഒരുപോലെ സഹവാസത്തിനു ഭാഗ്യം ലഭിച്ചിട്ടുള്ള, സൂക്ഷ്മദൃക്കുകളായ ഇന്ത്യക്കാർ ഈ ഉഭയകക്ഷികളിൽ ആദ്യത്തെ കൂട്ടരെ, രണ്ടാമത്തെവൎഗ്ഗത്തിൽനിന്നു വ്യത്യാസപ്പെടുത്തുന്ന ഒരു ഗുണം ഉള്ളതായി പ്രസ്താവിച്ചിരിക്കുന്നു. ഒരു സാമാന്യനായ ഇംഗ്ലീഷുകാരൻെറ കഥ ആലോചിച്ചുനോക്കാം. സാധാരണക്കാർ ധരിച്ചുവെച്ചിട്ടുള്ള വിദ്യാഭ്യാസംപോലും അയാൾക്കു ലഭിച്ചിട്ടില്ല എന്നിരുന്നാൽതന്നെ പൊതുകാൎയ്യപ്രസക്തിദ്യോതകങ്ങളായ വിഷയങ്ങളെക്കുറിച്ചുള്ള സംഭാഷണത്തിൽ അയാളുടെ ചാതുൎയ്യം ഒന്നു വേറെതന്നെ; എന്നുമാത്രമല്ല, ശ്രോതാക്കൾക്കു യഥാൎത്ഥത്തിൽ രസപ്രദവും ജ്ഞാനസമ്പാദനത്തിനുതകുന്നതും ആയിരിക്കും. ഇത്തരത്തിലുള്ള അരഡസൻ ആളുകളെ നൂറുപേരടങ്ങീട്ടുള്ള

ഇന്ത്യക്കാരുടെ ഒരു സമൂഹത്തിൽ കണ്ടുകിട്ടിയാൽ ഹാ, എത്ര ഭാഗ്യം!

വിജ്ഞാനസമ്പാദനത്തിനുള്ള ആസക്തി, നവംനവങ്ങളായ ആശയങ്ങളെ ഗ്രഹിക്കുന്നതിനുള്ള ജിജ്ഞാസ, അവയെ നമ്മുടെ 'സൃഷ്ടിപരമായ' ബുദ്ധിയുടെ സന്താനങ്ങളാക്കുന്നതിനുള്ള ശ്രമം, അവയെ നിമിഷംപ്രതി വളൎന്നുകൊണ്ടിരിക്കുന്ന ചിന്താവിഷയങ്ങൾക്കു യോജിച്ചനിലയിൽ വളൎത്തുന്നതിനുള്ള പരിശീലനം എന്നിസംഗതികളിലാണു യഥാൎത്ഥമനഃപരിഷ്കാരം സ്ഥിതിചെയ്യുന്നതെന്നു് ഒരു വിഖ്യാതനായ ഗ്രന്ഥകാരനും, വിദ്യാഭ്യാസവിദഗ്ദ്ധനുമായ മാത്യു ആർനോൾഡ് അഭിപ്രായപ്പെട്ടിരിക്കുന്നു. പ്രസ്തുത മനഃസംസ്കാരം പണ്ഡിതശിരോമണിയായ അദ്ദേഹത്തിൻെറ മതമനുസരിച്ചു, വിദ്യാലങ്ങളിൽനിന്നു ലബ്ധമാകുന്ന ഒന്നല്ലെന്നും, സ്വപ്രയത്നത്താലും; ബുദ്ധിപൂൎവ്വകമായ സൂക്ഷ്മാവലോകനശക്തി, പരിഷ്കൃതപരിതഃസ്ഥിതികൾ എന്നിവയിൽനിന്നും ലബ്ധമാകുന്ന ഒരു മഹൽഗുണമാണെന്നും സിദ്ധാന്തിക്കപ്പെട്ടിരിക്കുന്നു. ബുദ്ധിവികാസം മിക്കവാറും തന്നെത്താനുള്ള വിദ്യാഭ്യാസത്തിൻെറ ഫലമാണെന്നു ധരിക്കണം. യഥാൎത്ഥസംസ്കാരം സിദ്ധിച്ചിട്ടുള്ള ഒരുവൻെറ വിദ്യാലയം നാം സാധാരണ കണ്ടുവരാറുള്ള ഒന്നല്ല. അയാൾ എവിടെ വാസം ഉറപ്പിച്ചിരിക്കുന്നുവോ അതുതന്നെയാണു് അയാളുടെ വിദ്യാലയം. അയാളുടെ ഗുരുനാഥന്മാർ, ചുറ്റുമുള്ള ജനങ്ങൾ, പുസ്തകങ്ങൾ, മൃഗങ്ങൾ, ചെടികൾ, എന്നിവയാകുന്നു. ഇപ്രകാരമുള്ള

സംസ്കാരം ഒന്നോ രണ്ടോ വഷത്തെ പരിശീലനം കൊണ്ടു ലഭ്യമാകുന്ന ഒന്നല്ല. അതു ചിരകാലത്തെ നിരന്തരപ്രയത്നത്തിന്റെ ഫലം മാത്രമാണ്. ആംഗലകവികൂടസ്ഥനായ ഷേക്സ്പിയർ പറയുമ്പോലെ, സംസ്കാരം സിദ്ധിച്ചവൻ, പരമാത്ഥത്തിൽ, "വൃക്ഷങ്ങളിൽ മനുഷ്യജിഹ്വകളേയും, ഒഴുകുന്ന കൈത്തോടുകളിൽ ഗ്രന്ഥങ്ങളേയും, ശിലകളിൽ മതപ്രസംഗങ്ങളേയും, സകലത്തിലും നന്മയേയും ദശിക്കുന്നു."

സംസ്കാരത്തിന്റെ കൂടുതൽ വ്യാപ്തിയെപ്പററി നമുക്കിവിടെ അല്പം വിചിന്തനം ചെയ്യാം. ബുദ്ധിവികാസം മാത്രമല്ല അതു നിർദ്ദേശിക്കുന്നത്. യഥാത്ഥമായ സംസ്കാരം കേവലം ബുദ്ധിവികാസത്തേക്കാൾ കൂടുതലായ ചില സംഗതികളെ ദ്യോതിപ്പിക്കുന്നു. മനുഷ്യസ്വഭാവത്തെ നിലയും, വിലയും, അഴകും ഉള്ളതാക്കിത്തീക്കുന്നവ ഏതോ അവയെല്ലാം സംയോജിച്ചുണ്ടാകുന്ന ആദ്ധ്യാത്മികവും, മാനുഷികവുമായ സ്വഭാവത്തിന്റെ പരിപക്വതയെ ഈ പദം നിർദ്ദേശിക്കുന്നു. മനുഷ്യരുടെ ഹൃദയം, സ്വഭാവം, പ്രകൃതി എന്നിവയുടെ ശിക്ഷണമാണു മാനസികസംസ്കാരം. അതുതന്നെയാണു ജീവിതക്രമവും, ജീവിക്കേണ്ട മാതിരിയും, മനസ്സിന്റെ നിലയും. അവനവന്റെ വിശ്വാസങ്ങൾക്കനുസരിച്ചു പ്രവൃത്തിക്കേണ്ട ധൈര്യം, സ്വധമ്മാനുഷ്ഠാനത്തിൽനിന്നു വ്യതിചലിക്കാതെ, അചഞ്ചലമനസ്കനായി, ന്യായമെന്നു തോന്നുന്നതിന്നനുസരിച്ചുള്ള നടത്ത, മററുള്ളവരെ ആശ്രയിച്ചുള്ള ജീവിതത്തിൽ അതിരററ വെറുപ്പ് എ

ന്നി ഗുണങ്ങളുടെ കേളീരംഗമായ ഒരുവനെ യഥാൎത്ഥമ നഃപരിഷ്ക്കാരം ലഭിച്ചിട്ടുള്ളവനായി കരുതാവുന്നതാണ്. വെറും ബുദ്ധിവികാസമല്ല, അന്തഃകരണത്തിന്റെയും, അതിനെ നിയന്ത്രിക്കുന്ന വികാരങ്ങളുടേയും പരിപക്വാവസ്ഥയാണു മാനസിക സംസ്കാരം. വിവേചനശക്തിയുള്ള ഏതൊരുവന്റെയും ജീവിതോദ്ദേശം മേൽ പ്രസ്താവിച്ചതുപോലുള്ള ആത്മസംസ്കരണമായിരിക്കണം. ഇതൊന്നാണു ജീവിതത്തിന്റെ പരമോദ്ദേശം; ഇതുതന്നെയാണു ജീവിതത്തിന്റെ പരമാനന്ദനില. ഒരുവനെ മനഃസംസ്കാരമുള്ളവനാക്കിത്തീക്കുന്നതിനു നിർദ്ദേശിച്ചിട്ടുള്ള ഗുണഗണങ്ങളെല്ലാം അവന്റെ ജീവിതദശയിൽ അപ്രാപ്യമെന്നു തോന്നത്തക്കവണ്ണം അത്ര വിപുലവും, നിസ്സീമവും, തന്നിമിത്തം മനുഷ്യജാലം ആകമാനം ആശാഭഗ്നരായിത്തീരേണമോ എന്നുള്ള ആശങ്കയ്ക്കു പഴുതുമായേക്കാം. എന്നാൽ യാഥാൎത്ഥ്യം അതിനു വിപരീതമാകുന്നു. ഒരുവൻ സംസ്കാരം സിദ്ധിച്ചിട്ടുള്ളവൻ എന്ന അഭിധാനത്തിന് അൎഹനാകണമെങ്കിൽ, അവനിൽ പല ഗുണങ്ങളുമുണ്ടായിരിക്കണം. ആധുനിക സൎവ്വകലാശാലാപദ്ധതിയുടെ പൂൎണ്ണഫലം സിദ്ധിച്ചിട്ടുള്ള ബിരുദധാരിയും, ഏതു കലയിലും അനിതരസാധാരണമായ പാണ്ഡിത്യം സമ്പാദിച്ചിട്ടുള്ളവനും എന്നുമാത്രമല്ല, പുരാണേതിഹാസങ്ങളിലെന്നപോലെ സമസ്തവിദ്യകളിലും ഒരുപോലെ നൈപുണ്യം ലഭിച്ചിട്ടുള്ളവനും, ഒരുപക്ഷേ, ലോകത്തെ ആസകലം ബാധിച്ചിരിക്കുന്ന അടിമത്തനത്തിൽനിന്നു അതിനെ പുനരുദ്ധാരണം

ചെയ്തു, സ്വാതന്ത്ര്യപതാക ലോകമെങ്ങും നാട്ടുന്നതിനായി അവതരിച്ചിരിക്കുകയാണെന്നുപോലും വിശ്വസിക്കപ്പെട്ടുന്നേയാളും ആയ ഒരു പുരുഷകേസരിക്കു മാനസികസംസ്കരണത്തിന് അവശ്യം വേണ്ട ഗുണഗണങ്ങളില്ലാതിരുന്നേക്കാം. തൽഫലമായി ജാതിമതഭേദമെന്യേ, പക്ഷപാതരഹിതനായി, ചുറ്റും നടക്കുന്ന സംഗതികളെ സൂക്ഷ്മാവലോകനം ചെയ്യുന്നതിനോ, അന്യരുടെ സ്വഭാവത്തെപ്പററി ദോഷാരോപണം ചെയ്യുന്നതിൽനിന്നു വിരമിക്കുന്നതിനോ അയാൾ അപ്രാപ്തനായി ഭവിക്കുന്നു. മനോവിശാലത, അന്യരുടെ മനോഗതിയിലുള്ള ആദരവ്, സത്യവും, ന്യായവും എവിടെ ആരു പ്രദശിപ്പിച്ചിരുന്നാലും അവ സ്വീകരിക്കുന്നതിനുള്ള സന്നദ്ധത എന്നിവയാകുന്നു യഥാത്ഥമനഃപരിഷ്ക്കാരം സിദ്ധിച്ചിട്ടുള്ള ഒരുവൻെറ ചില പ്രത്യേക ഗുണങ്ങൾ.

മനഃസംസ്കാരമുള്ള ഒരുവൻ ലോകത്തിൽ യാതൊന്നിനേയും തുച്ഛമായും, നിസ്സാരമായും ഗണിക്കുകയില്ല. ഏതു സംഗതിയും അവൻെറ ശ്രദ്ധയ്ക്കു വിഷയീഭവിക്കുന്നു. ജ്ഞാനസംഭരണത്തിനുള്ള ഏതു വിഷയത്തിലും അവൻ നീരസം പ്രകടിപ്പിക്കുന്നില്ല. തമിഴിലെ ഒരു പഴഞ്ചൊല്ലിൽ പറയുമ്പോലെ, മോഷണംപോലും അവൻെറ ശ്രദ്ധയ്ക്കു പാത്രീഭവിക്കുകയും, ആ വിദ്യയെപ്പററി വേണ്ട നൈപുണ്യം സമ്പാദിക്കുവാൻ ശ്രമിച്ചതിനുശേഷം, പ്രവൃത്തിയിൽ കൊണ്ടുവരാൻ യത്നിക്കാതെ വിസ്മരിക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ മ

നുഷ്യരിൽ ദുർല്ലഭം കണ്ടുവരാറുള്ള മഹാമനസ്കത തുടങ്ങിയുള്ള മഹനീയഗുണനശൃംഗങ്ങളുടെ പൊക്കം എത്രയാണെന്നു് ആരാഞ്ഞറിയുന്നതിന്നു് ഒരുവൻ ഉൽസുകനായിരിക്കുന്നപോലെ, അവരിൽ ചുരുക്കം ചിലരിൽ കണ്ടുവരാറുള്ള പൈശാചികസ്വഭാവത്തിൻെറ അഗാധതയും എത്രയുണ്ടെന്നു് അവൻ അറിഞ്ഞിരിക്കേണ്ട ആവശ്യകതയും പ്രസ്പഷ്ടമാകുന്നു. ജീവിതത്തിലെ ജയാപജയങ്ങൾ മുഴുവൻ ഒരുവൻെറ സ്വഭാവത്തെ ആശ്രയിച്ചിരിക്കുന്നു. മനഃസംസ്കാരം സിദ്ധിച്ചിട്ടുള്ളവൻെറ സ്വഭാവം കുററമററതും, മററുള്ളവക്കു് അനുകരണീയമായിരിക്കത്തക്കവണ്ണം സ്പൃഹണീയവുമായിരിക്കണം. അവൻ ആരേയും വെറുക്കരുതു്. അവൻെറ പ്രവൃത്തി നിഷ്കാമമായിരിക്കണം. ഒരുവൻ എത്രതന്നെ യത്നിച്ചാലും, അവൻെറ ഭാവി രൂപവൽകരിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും ഒരു പരാശക്തിയുണ്ടെന്നുള്ള ബോധം മനഃപരിഷ്കാരം സിദ്ധിച്ചിട്ടുള്ള ഒരുവനു മുഖ്യമായുണ്ടായിരിക്കണം. പ്രാചീനകാലംമുതൽക്കേ നിലനിന്നുപോരുന്ന സ്ഥാപനങ്ങളേയും, ആചാരങ്ങളേയും ഉന്മൂലനം ചെയ്യുന്നതിനു മുമ്പായി, അവൻ അതു നല്ലവണ്ണം പര്യാലോചിക്കണം. കേവലം മാമൂലിനെപ്പോലും അനാദരിക്കരുതു്. അമിതമായ അഭിപ്രായപ്രകടനങ്ങൾക്കു് അവൻ വശംവദനാകാതെ സൂക്ഷിക്കണം. ഉൽപതിഷ്ണുക്കളുടെ എന്നപോലെ യാഥാസ്ഥിതികരുടേയും അതിരുകവിഞ്ഞ അഭിപ്രായപ്രകടനങ്ങളെ ത്യജിക്കുന്നതിൽ അവൻ ബദ്ധശ്രദ്ധനായിരിക്കണം. ഇരുകക്ഷികളിൽ ഒരു

ഭാഗത്തും ചേരാതെ ഒരു നിഷ്പക്ഷനില അനുഷ്ഠിക്കുന്ന
തു് ഉത്തമം. ഏതാദൃശമനുഷ്യന്റെ പ്രവൃത്തികൾ ആ
ചന്ദ്രാർക്കം തഴച്ചു പുഷ്പിക്കുന്നതും, തജ്ജന്യമായ സൌര
ഭ്യം ലോകമാസകലം പ്രചരിക്കുന്നതുമാണു് എന്നുള്ള
തിൽ രണ്ടുപക്ഷത്തിനു വകയില്ലല്ലോ.

1. സംസ്കാരമെന്നാലെന്തു്? 2. അതെങ്ങിനെ കരസ്ഥമാക്കാം?
3, ബ്രിട്ടീഷുഭരണംകൊണ്ടു ഇന്ത്യയ്ക്കുണ്ടായിട്ടുള്ള നന്മകളെന്തെല്ലാം?
3, എങ്ങിനെയുള്ളവനെ സംസ്കാരം സിദ്ധിച്ചവനായി കരുതാം? 4.
ഷെയിക്ക്സ്പീയർ ആരാണു്? അദ്ദേഹത്തെപ്പററി നിങ്ങൾക്കെ
ന്തെല്ലാമറിയാം?

2 സംസ്കാരം സിദ്ധിച്ചവന്റെ അവസ്ഥയെപ്പററി ഷെയി
ക്ക്സ്പീയർ പറഞ്ഞതായി ഈ പാഠത്തിൽ കാണുന്നതിലെ ആശ
യം വിശദമാക്കുക.

3. തന്നെപ്പററി അറിയുന്നതു സംസ്കാരസമ്പാദനത്തിനു് എ
ത്രത്തോളം ആവശ്യമാണു്? വിവരിക്കുക.

4. പശ്ചാത്താപം, ആചന്ദ്രാർക്കം, ഉൽപതിഷ്ണു, യാഥാസ്ഥിതിക
ന്മാർ, ത്രുപവൽകരിക്കുക, സ്പൃഹണീയം, സന്നദ്ധത, കേളീരം
ഗം—ഓരോന്നുമുപയോഗിച്ചു് ഓരോ വാക്യം രചിക്കുക.

5. അധഃകൃതോദ്ധാരണത്തിന്റെ ആവശ്യകതയെ വിവരി
ച്ചു് ഒരുപന്യാസമെഴുതുക. അധഃകൃതരുടെ അവസ്ഥ, തൽപരിഹാ
രത്തിനുള്ള നിങ്ങളുടെ നിർദ്ദേശങ്ങൾ എന്നിവ അതിൽ അടങ്ങിയി
രിക്കണം. പ്രസ്തുതോദ്ദേശത്തെ മുൻനിറുത്തി ചെയ്തുപോരുന്ന പരി
ശ്രമങ്ങളെ വിമശിക്കാവുന്നതാണു്.

6. "ഒരു വേദാന്തിയോ, യതിയോ, ഉൽകൃഷ്ടപരീക്ഷാവിജ
യിയോ സംസ്കാരം സിദ്ധിച്ചവനായെന്നു വരുന്നതല്ല." ഈ അഭി
പ്രായത്തെ പരിശോധിക്കുക.

## ൫൮. ശ്രീരാമകോപം.

അൎക്കാദികളെസ്സേവിച്ചംബുധിനാഥനോടു
ചിക്കനെവഴിയിരന്നീടുവാൻ നിനന്നുടൻ
തൃക്കൈയ്യുംനീട്ടി മെല്ലെദ്ദൎഭമേൽപള്ളികൊണ്ടി-
ട്ടുൾ ചന്ദ്രനു പെരികത്തലേകിടുംതിരു-
നെററിഭ്രുതലംതന്നിലമിഴേവരുണനോ-
ടുത്തമന്നൃപകുലതിലകൻ പെരുവഴി
ചിത്തതാരഴിവിനോടിരന്നുതൊഴുതിട്ടും
കഴിഞ്ഞുമൂന്നുദിനം; താമരനയനനും
താർശരവൈരിതന്റെ ചെങ്കനൽമിഴിപോലെ
ചെങ്ങിനമിഴികളോടെഴുനേററരുൾചെയ്തു
മംഗലജയമലർമാനിനീമണിരംഗം
മന്മഥാരാതിപണ്ടു മുപ്പുരമെരിചെയ്വാ-
നെന്നപോലൊരുകോപംപൂണ്ടു തന്നനുജനോ-
"ടെങ്ങുവെൻവില്ലുമമ്പും? കൊണ്ടുവാവിരവിനോ"-
ടെന്നുടനരതിരുമുടിയും, മുറുക്കീട്ടു
മന്നിടമുലയുമാറിട്ടഞാണൊലിയോടും
മിന്നൽചേരിടിക്കിടർചേരിനമൊഴികൊണ്ടു:—
"പൊങ്ങിനതിരമാല ചേരുംവാരിധിനാഥ-
നെന്നെയെള്ളോളം ബഹുമാനിയാഞ്ഞതിനിന്നു
പൊഴിഞ്ഞു ചെങ്കകകൾ കുറുക്കീടുവൻ വെള്ളം
പൊലിമചേരും ചളിയാക്കുവനിന്നുതന്നെ;
പൊരിഞ്ഞു ചത്തുനിളെക്കിടക്കും ജലജന്തു-
പറവജാതികളെക്കൊണ്ടുടൻപെറുക്കിപ്പൻ;

പൊല്ലാതെമരുഭൂമിയാക്കുവനിന്നുതന്നെ
പൊടിപൊങ്ങുന്നപെരുമുററമാക്കുവൻപിന്നെ.
പൊങ്ങിനകപികളെക്കാൽനടനടത്തിപ്പൻ
പൊങ്ങിപ്പൻപൊടിയാകാശത്തോളമതിൽനിന്നു;
പുത്തനായിച്ചമച്ചുള്ളയെന്നുടെമുത്തച്ഛന്മാർ:
പുത്തിയില്ലാതവനെയിന്നുഞാനൊടുക്കുവൻ.”
പറഞ്ഞീവണ്ണംമന്നൻ പകഴിരത്നമെടു-
ത്തഭിമന്ത്രിച്ചുമെല്ലെയെടുത്തുവലിച്ചപ്പോൾ
അനലജ്വാലാജാലംചൊരിഞ്ഞുകടലില-
ങ്ങഴച്ചുതിരമാല; കുറുകിജലമേററം;
തിളച്ചുജലജന്തുമരിച്ചുതുടങ്ങീതു;
മറിഞ്ഞുകടൽപ്പന്നിമകരച്ചിറാകളും,
കടൽവാരണം നാഗം കഴുനാമനുഷ്യരും,
കരുത്തേറിനതിമി മുതലാം മീനങ്ങളും,
കടിയമുതലശംഖുകളുമോരോതരം
കടലിലുള്ളജന്തു മരിച്ചുജലമേററം
മറിഞ്ഞുതിളച്ചുടൻ കുഴഞ്ഞുകുറുകിയും
കുഴഞ്ഞു ചമഞ്ഞിതു വരുണാലയത്തോളം
കുഴപ്പുകണ്ടറിഞ്ഞു വരുണദേവനപ്പോൾ
കൊടിയനിശിചരപടലിമുടിവിനും
ഇടർവാനവക്കൂപ്പതിനുമാദിനാഥ-
നിതത്തിൽ മനുകുലനാഥനായ്പുറപ്പെട്ടു
ഇവിടെവരികയെന്നറിഞ്ഞുപുറപ്പെട്ടു
കുറുകിവന്നുടനെ രാമചന്ദ്രനെക്കണ്ടു
മറവിവന്നതെല്ലാം പൊറുത്തിടണമെന്നും,

പരവതന്നിൽ വഴിജലംനീങ്ങിടുമെന്നും,
പകയർനാട്ടിലെഴുനള്ളിവെല്ലുകയെന്നും,
പലനാളായിക്കൊണ്ടായിരുന്നീടുകയെന്നും
പലവുമരുൾചെയ്തു മറഞ്ഞുവഴിപോലെ.

1. ഈ കവിതയിൽ ഇന്നു നടപ്പില്ലാത്ത പദങ്ങളും, രൂപങ്ങളും ധാരാളം കാണാം. അവയിൽ ചിലതുദ്ധരിച്ച് ആ അർത്ഥത്തെ കുറിക്കുന്ന ആധുനികപദങ്ങളും രൂപങ്ങളും എഴുതുക.

2. ശ്രീരാമന്റെ കോപഭാവത്തെ വിവരിക്കുക.

3. "പുത്തനായിച്ചമച്ചുള്ളയെന്നുടെ മുത്തഛന്മാർ" എന്നതിനാൽ സൂചിപ്പിക്കുന്ന സംഗതിയെ വിവരിച്ചെഴുതുക.

4. ബാണപ്രയോഗത്താൽ സമുദ്രത്തിലുണ്ടായ കോലാഹലങ്ങളെ വർണ്ണിക്കുക.

5. യാചകന്മാർ എന്നതിനെ അധികരിച്ച് ഒരു ഉപന്യാസമെഴുതുക.

6. "ദേശസഞ്ചാരം ധനവ്യയത്തിനുള്ള ഒരു മാർഗ്ഗം മാത്രമാകുന്നു." നിങ്ങളുടെ അഭിപ്രായം സ്ഥാപിക്കുക.

കേരളോദയം പ്രസ്സ്, തൃശ്ശിവപേരൂർ.

SRI KR[illegible] READING ROOM [illegible]

Indic Digital Archive Foundation
gpura.org